www.malankaralibrary.com

# സഭാപിതാക്കന്മാർ



സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഒ.ഐ.സി.

www.malankaralibrary.com

www.malankaralibrary.com

# സഭാപിതാക്കന്മാർ

www.malankaralibrary.com

www.malankaralibrary.com

# സഭാപിതാക്കന്മാർ

**ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഒ.ഐ.സി.**

BP No. 193

ബഥനി പബ്ലിക്കേഷൻസ്
കോട്ടയം 686 010
2021

www.malankaralibrary.com

(Malayalam)
**SABHAPITHAKANMAR**
(The Fathers of the Church)

Author : **Fr. Sylvester Kanjiramukalil OIC, M.Th.**

First Published : June 2021

Published by : Bethany Publications
Kottayam 686 010
Ph: 0481-2578494
Email: bethanyktm@gmail.com

Printed at : Bethany Offset Printers
Kottayam 686010
Ph: 0481-2571355
Email: bethanyktm@gmail.com

Cover : Mr. Thomas, Fingraph, TVM

Price : Rs. 150/-

www.malankaralibrary.com

# മുഖവുര

പ്രസിദ്ധമായ രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം സഭാപിതാക്കന്മാരെപ്പറ്റിയുള്ള പഠനങ്ങൾക്ക് പ്രത്യേക പ്രാധാന്യം സിദ്ധിച്ചിട്ടുണ്ട്. സഭയുടെ ആദ്യകാല ഉറവിടങ്ങളിലേക്ക് കടന്ന് അവിടെനിന്നും ചൈതന്യം സ്വീകരിക്കുവാൻ കൗൺസിൽ ആവർത്തിച്ച് ഉത്ബോധിപ്പിക്കുകയുണ്ടായി. മിശിഹായുടെ മഹനീയ മാതൃകകളും, അപ്പസ്തോലന്മാരുടെ സാക്ഷ്യങ്ങളും കുറേയൊക്കെ അടുത്തറിഞ്ഞിട്ടുള്ളവരാണ് സഭാപിതാക്കന്മാർ. അവരുടെ വിജ്ഞാനം മാനുഷിക ഭാഷയിൽ പകർത്തിയിരിക്കുന്നത് സഭാമക്കൾക്ക് നിരന്തരം പ്രചോദനമരുളുന്നു. അതുകൊണ്ട്, "...പാശ്ചാത്യരും പൗരസ്ത്യരുമായ വി.പിതാക്കന്മാരുടെ കൃതികളേയും പൂജ്യമായ ആരാധനക്രമത്തേയും പഠിച്ചറിയുവാൻ സഭ എല്ലാവരെയും പ്രോത്സാഹിപ്പിക്കുന്നു" (ദൈവാവിഷ്കരണം, നമ്പർ 23). ഉറവിടങ്ങൾ തേടിയുള്ള ദൈവശാസ്ത്ര അന്വേഷണം ആദ്യകാലസഭാപിതാക്കന്മാരുടെ പൈതൃകങ്ങളും ദൈവശാസ്ത്രാഭിമുഖ്യങ്ങളും കണ്ടെത്തുവാനുള്ള ശ്രമങ്ങൾക്ക് വീണ്ടും ആക്കം കൂട്ടി. ഇപ്രകാരമുള്ള ഒരു പഠനാന്വേഷണമാണ് ഈ ഗ്രന്ഥത്തിലൂടെ നിർവ്വഹിച്ചിരിക്കുന്നത്.

ഈ പഠനം അതിൽതന്നെ പൂർണ്ണമെന്നോ, കുറ്റമറ്റതെന്നോ അവകാശപ്പെടുന്നില്ല. എങ്കിലും ലഭ്യമായ ഏതാനും ഗ്രന്ഥങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കഴിയുംവിധം ഈ പഠനം നിർവ്വഹിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. 'സഹായക ഗ്രന്ഥങ്ങൾ' എന്ന പേരിൽ കൊടുത്തിട്ടുള്ള ഗ്രന്ഥങ്ങളോടുള്ള കടപ്പാടും ഗ്രന്ഥകർത്താക്കളോടുള്ള നന്ദിയും അറിയിക്കുന്നു.

www.malankaralibrary.com

ഈ പുസ്തക പ്രസിദ്ധീകരണത്തിനുവേണ്ട പ്രോത്സാഹന ങ്ങൾ നൽകി ഒരു അവതാരിക എഴുതി തന്ന് അനുഗ്രഹിച്ച മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവായോടുള്ള എന്റെ നിസ്സീമമായ കടപ്പാട് ഇവിടെ രേഖപ്പെടു ത്തിക്കൊള്ളട്ടെ. ഈ ഗ്രന്ഥരചനയ്ക്കുവേണ്ട പ്രചോദനം നൽകു കയും ഒരു ആശംസാസന്ദേശം നൽകി പ്രോത്സാഹി പ്പിക്കുകയും ചെയ്ത ബഥനി സന്യാസിസമൂഹാദ്ധ്യക്ഷൻ ഡോ. മത്തായി കടവിലച്ചനോടുള്ള കടപ്പാട് വലുതാണ്. കയ്യെഴുത്തുപ്രതി പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിയ പട്രോളജി പ്രൊഫ. ഫാ. ഡോ. ടൈറ്റസ് ജോൺ ചേരാവള്ളിൽ ഒ.ഐ.സി.ക്കും പ്രത്യേകം നന്ദി. ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിന് സന്ദർഭോ ചിതമായ സഹായസഹകരണങ്ങൾ നൽകിയ എന്റെ ഇളയ സഹോദരൻ ഫാ. ഡോ. തോമസ് കാഞ്ഞിരമുകളിൽ, ഫാ. ഡോ. ജെയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി., ഫാ. ഡാനിയേൽ ജീവൻ ഒ.ഐ.സി എന്നിവരേയും നന്ദിപൂർവ്വം ഓർക്കുന്നു. ഈ ഗ്രന്ഥ ത്തിന്റെ പ്രസിദ്ധീകരണ ചുമതല ഏറ്റെടുത്ത ബഥനി പബ്ലിക്കേഷൻ സിനും അച്ചടി ഭംഗിയായി നിർവ്വഹിച്ച ബഥനി പ്രസ്സിലെ അധികാരി കൾക്കും എല്ലാ പ്രവർത്തകർക്കും ആത്മാർത്ഥമായ നന്ദി. പരിശുദ്ധ പിതാക്കന്മാരുടെ ക്രിസ്ത്വാനുഭവത്തിലേക്കും ആദ്ധ്യാത്മിക ചൈതന്യത്തിലേക്കും അൽപ്പമെങ്കിലും കടന്നുചെല്ലുവാൻ ഈ കൃതി അനുവാചകരെ സഹായിക്കട്ടെ.

നാലാഞ്ചിറ ഫാ.സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഒ.ഐ.സി

20.06.2021

www.malankaralibrary.com

# അവതാരിക

ലോകരക്ഷകനായ യേശുക്രിസ്തുവിൽ പൂർത്തിയായ രക്ഷാകര ദൗത്യം, ആദ്യ എട്ട് ശതകങ്ങളിൽ ക്രൈസ്തവർ എങ്ങനെ മനസ്സിലാക്കുകയും അതിനു സാക്ഷികളാവുകയും ചെയ്തുവെന്ന യാഥാർത്ഥ്യം പരിചയപ്പെടുത്തുന്ന ഗ്രന്ഥമാണ് ആദരണീയനായ ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഒ.ഐ.സി. തയ്യാറാക്കിയിരിക്കുന്ന 'സഭാപിതാക്കന്മാർ' എന്ന ഗ്രന്ഥം. സവിശേഷ പ്രാധാന്യമർഹിക്കുന്ന രേഖകളായ ഡിഡാക്കേ, ബർണ്ണബാസിന്റെ ലേഖനം, ഡയഗ്നേറ്റസിനുള്ള ലേഖനം, ഹെർമസിലെ ഇടയൻ എന്നിവ തിരുവചന വ്യാഖ്യാനത്തിനും, ദൈവശാസ്ത്ര പഠനത്തിനും, ആദ്ധ്യാത്മിക ജീവിതത്തിനും ആദിമ ക്രൈസ്തവർ നൽകിയിരുന്ന പ്രാധാന്യത്തെപ്പറ്റി സൂചിപ്പിക്കുന്നു. ഈ നാല് അപ്പസ്തോലിക രേഖകളെക്കുറിച്ച് കൂടാതെ, നാൽപ്പത്തിയഞ്ച് പ്രമുഖരായ സഭാപിതാക്കന്മാരുടെ ഹ്രസ്വചരിത്രം, മുഖ്യകൃതികൾ, പ്രധാന പ്രബോധനങ്ങൾ എന്നിവ ഉൾക്കൊള്ളുന്നവയാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ആദിമ സഭയിലെയും നൂറ്റാണ്ടുകളിലേയും ധന്യരായ പിതാക്കന്മാരെക്കുറിച്ചുള്ള പഠനം ഒരു ഗ്രന്ഥത്തിൽ ഒന്നിച്ചുകൊണ്ടുവരുവാൻ സാധിച്ചു എന്നത് എടുത്തു പറയത്തക്ക ഒരു നേട്ടമാണ്. ദൈവശാസ്ത്ര വിഷയങ്ങൾ ആഴമായി പഠിക്കുന്നതിന് സാഹചര്യം ലഭിക്കാത്തവർക്ക്, ദൈവശാസ്ത്രവും ക്രൈസ്തവ ആദ്ധ്യാത്മികതയും വിപുലീകരിക്കപ്പെട്ട വഴികൾ മനസ്സിലാക്കുന്നതിന് ഈ ഗ്രന്ഥം സഹായകമാണ്.

അപ്പസ്തോല പിതാക്കന്മാർ, വിശ്വാസ സംരക്ഷകർ, സഭാപിതാക്കന്മാർ എന്നീ പേരുകളിൽ അറിയപ്പെടുന്ന മൽപ്പാന്മാരെക്കുറിച്ചുള്ള ആമുഖം, അലക്സാൻഡ്രിയൻ, അന്തിയോക്യൻ,

www.malankaralibrary.com

ലത്തീൻ, ഗ്രീക്ക്, സുറിയാനി പാരമ്പര്യങ്ങളിൽ ക്രിസ്താനുഭവം എപ്രകാരം വൈവിധ്യത്തോടുകൂടി മനുഷ്യന്റെ ദൈവാനുഭവത്തെ ധന്യമാക്കിയെന്ന അറിവ് പകരുന്നതാണ്. ക്രിസ്തുരഹസ്യത്തെ നിർവചിക്കുന്നതിലുണ്ടായ ഭാഷാപരിമിതി, ചിന്തകരുടെ ലോകവീക്ഷണമനുസരിച്ച് (Weltanschaung) ദൈവികരഹസ്യങ്ങൾ വിശദീകരിച്ചപ്പോൾ കടന്നുകൂടിയ പാഷണ്ഡതകൾ എന്നിവ സഭാനൗകയെ വലിച്ചുലച്ചപ്പോൾ, വീരോചിതമായ ജീവിതസാക്ഷ്യത്താലും സംശുദ്ധമായ പ്രബോധനങ്ങളാലും അവളെ ശരിയായ മാർഗ്ഗത്തിൽ നയിച്ചവരാണ് സഭാപിതാക്കന്മാർ. വിശുദ്ധഗ്രന്ഥം, ആരാധനാ, ദൈവശാസ്ത്രം, കൂദാശകൾ, ക്രൈസ്തവ ആദ്ധ്യാത്മികത എന്നിങ്ങനെ വിശ്വാസസംബന്ധിയായ കാര്യങ്ങളുടെ സ്ഥിരീകരണത്തിന് ഈ പിതാക്കന്മാർ ചെയ്തിട്ടുള്ള സംഭാവനകൾ കാലാതീതപ്രസക്തിയുള്ളവയാണ്. “ക്രിസ്തുവിനെ കർത്താവായി ഹൃദയത്തിൽ പൂജിച്ചവരും” (1 പത്രോസ് 3:15) ഋഷിതുല്യമായ ജീവിതം നയിച്ചവരുമായ ഈ പിതാക്കന്മാരുടെ ജീവിത മാതൃകയും, ധീരമായ അവരുടെ ജീവിത സാക്ഷ്യവും പ്രതിസന്ധിഘട്ടങ്ങളിൽ സ്ഥിരതയോടെ നിന്നുകൊണ്ട് ക്രിസ്തുവിന് സാക്ഷ്യം നൽകുന്നതിൽ നമുക്ക് വലിയ പ്രചോദനമേകും. “നിങ്ങളോട് ദൈവവചനം പ്രസംഗിച്ച നിങ്ങളുടെ നേതാക്കന്മാരെ ഓർക്കുവിൻ. അവരുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്ത് അവരുടെ വിശ്വാസം അനുകരിക്കുവിൻ” (ഹെബ്രാ 13:7) എന്നാണല്ലോ ശ്ലീഹായുടെ ഉദ്ബോധനം. ക്രൈസ്തവ വിശ്വാസത്തിന്റെ ഉത്തമ കാവൽക്കാരായിരുന്ന പിതാക്കന്മാർ ജീവിത സാക്ഷ്യത്തിലൂടെയും, പ്രബോധനങ്ങളിലൂടെയും, സഭയെ പണിതുയർത്തിയ യാഥാർത്ഥ്യത്തിന്റെ ഓർമ്മപ്പെടുത്തലാണ് ഈ ഗ്രന്ഥം.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സ്വത്വബോധം തിരിച്ചറിയുന്നതിനും അതിനെ പ്രചോദനാത്മകമായി അവതരിപ്പിക്കുന്നതിനും ബഹു. സിൽവെസ്റ്റർ അച്ചൻ കാട്ടുന്ന മികവും സമർപ്പണവും ഏറെ പ്രശംസനീയമാണ്. മലങ്കര സഭയോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത അനേകർക്ക് മാതൃകയാകട്ടെ. മുദ്രാലയ പ്രേഷിതത്വത്തിലൂടെ സന്ന്യാസ - പൗരോഹിത്യ വിളിയിലുള്ള തന്റെ ഉൾവിളി നിർവഹിച്ചുക്കൊണ്ടിരിക്കുന്ന അനുഗ്രഹീത എഴുത്തുകാ

www.malankaralibrary.com

രനാണ് ബഹു. സിൽവെസ്റ്ററച്ചൻ. സഭാചരിത്ര പഠന മേഖലയിൽ ഈടുറ്റ ക്രൃതികൾ പ്രസിദ്ധീകരിച്ചിട്ടുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. സ്വർഗ്ഗരാജ്യ പ്രാപ്തിക്കുവേണ്ടിയുള്ള തീർത്ഥാടനത്തിലായിരിക്കുന്ന ഏവർക്കും പ്രചോദനം നൽകുന്ന ഈ ഗ്രന്ഥം വായനക്കാരുടെ ജീവിതത്തെ ധന്യമാക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

✠കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാബാവാ.

തിരുവനന്തപുരം
7-6-2021

www.malankaralibrary.com

# ആശംസ

യേശുവിന്റെ പ്രബോധനങ്ങളുടെ സമാഹരണവും വ്യാഖ്യാനവുമായ സുവിശേഷങ്ങളാണ് ക്രൈസ്തവ വിശ്വാസജീവിതത്തിന്റെ അടിത്തറ. സുവിശേഷാധിഷ്ഠിത ജീവിതത്തിന്റെ പ്രഥമ വിവരണങ്ങൾ അപ്പസ്തോല പ്രവർത്തനങ്ങളിലൂടെ സംലഭ്യമാണ്. സഭയുടെ ആരംഭനാളുകളിൽ തന്നെ സുവിശേഷാധിഷ്ഠിത ജീവിതത്തെ വിശദീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി അപ്പസ്തോലന്മാർ എഴുതിയ ലേഖനങ്ങളും സഭയുടെ ഭാവിയെ സംബന്ധിച്ച വി. യോഹന്നാന്റെ ദർശനമായ വെളിപാടും ചേർന്ന പുതിയനിയമം ആദിമസഭയുടെ വിശ്വാസജീവിതത്തെ ദീപ്തമാക്കി.

സഭയുടെ ആദർശമായ സുവിശേഷവും, സുവിശേഷത്തിന് നല്കപ്പെട്ട വ്യാഖ്യാനങ്ങളും പഴയനിയമ പശ്ചാത്തലത്തിലാണ് രൂപപ്പെട്ടിട്ടുള്ളത്. "നിയമത്തെയോ, പ്രവാചകന്മാരെയോ ഇല്ലാതാക്കാനല്ല...പൂർത്തിയാക്കാനാണ് ഞാൻ വന്നത്" (മത്താ. 5:17) എന്ന് പറഞ്ഞ യേശുതമ്പുരാൻ പഴയനിയമത്തിന്റെ പൂർത്തിയായിട്ടാണ് ലോകത്തിലേക്ക് കടന്നുവന്നതും ദൈവരാജ്യത്തിന്റെ സന്ദേശം പങ്കുവച്ചതും. അക്കാരണത്താൽ തന്നെ പഴയനിയമവും, പുതിയനിയമവും ചേരുന്ന വി.ഗ്രന്ഥമാണ് ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനം.

യേശുവിന്റെ സുവിശേഷം ജീവിക്കുന്നതിന് ആദിമസഭയെ സഹായിച്ച അപ്പസ്തോലന്മാരുടെ കാലശേഷം വേദപുസ്തകാടിസ്ഥാനത്തിലുള്ള ക്രിസ്തുജീവിതത്തിന് പുതിയ ഭാഷ്യങ്ങൾ അനിവാര്യമായി. ഈ ദൗത്യനിർവ്വഹണം സധൈര്യം ഏറ്റെടുത്തവരെയാണ് സഭാപിതാക്കന്മാർ എന്ന് നാം വിശേഷിപ്പിക്കുക. സുവിശേഷത്തെ യഹൂദമതപരിസരത്ത് നിന്നും യഹൂദർ പ്രവാസികളായി കഴിഞ്ഞിരുന്ന ഇടങ്ങളിലേക്കും, യഹൂദേതര വിശ്വാസികൾ

www.malankaralibrary.com

ക്കും സ്വീകാര്യമായവിധത്തിൽ പുനരവതരിപ്പിക്കുവാൻ നേതൃത്വം വഹിച്ചവരാണ് സഭാപിതാക്കന്മാർ. വിശ്വാസത്തെ സംബന്ധിച്ച അഭിപ്രായവ്യത്യാസങ്ങളും നിശിതവിമർശനങ്ങളും സൃഷ്ടിച്ച വിഭാഗീയതകളെക്കുറിച്ചും പ്രബോധനങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നതിനും പഠിക്കുന്നതിനുമായി ഇവർ ഒരുമിച്ചുകൂടി. സഭാനേതൃത്വവും വിശ്വാസസംബന്ധമായ കാര്യങ്ങളിൽ അവഗാഹം നേടിയവരും നടത്തിയ കൂടിവരവുകളിലും സൂന്നഹദോസുകളിലും നടന്ന ചർച്ചകളുടേയും തീരുമാനത്തിന്റെയും ഭാഗമായി സഭയുടെ വിശ്വാസപ്രമാണങ്ങൾ ക്രോഡീകരിക്കപ്പെട്ടു. അതോടൊപ്പം വിശ്വാസജീവിതത്തിന് മാർഗ്ഗദർശനങ്ങളായി കാനോനുകളും രചിക്കപ്പെട്ടു. അങ്ങനെ സഭാപിതാക്കന്മാരുടെ നേതൃത്വത്തിൽ നടന്ന വിശ്വാസപ്രമാണങ്ങളുടെ ക്രോഡീകരണവും മാർഗ്ഗനിർദ്ദേശങ്ങളും അവയ്ക്ക് നല്കപ്പെട്ട വ്യാഖ്യാനങ്ങളും ക്രൈസ്തവവിശ്വാസത്തിന്റെ അടിത്തറയെ ബലപ്പെടുത്തി.

സുവിശേഷത്തോടൊപ്പം സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളുടെയും അടിസ്ഥാനത്തിലാണ് സഭ ശക്തി പ്രാപിച്ചത്. മദ്ധ്യകാലഘട്ടത്തിൽ വൈജ്ഞാനിക മേഖലയിലുണ്ടായ പുത്തനറിവുകളുടെ പശ്ചാത്തലത്തിൽ സഭാപിതാക്കന്മാരെയും അവരുടെ കൃതികളെക്കുറിച്ചും പഠിക്കുന്നതിനുള്ള ശ്രമങ്ങൾ കൂടുതൽ ശക്തി പ്രാപിച്ചു. സഭാപിതാക്കന്മാരെ സംബന്ധിച്ച ശാസ്ത്രീയമായ പഠനങ്ങളെ പട്രോളജി (Patrology) എന്ന് വിശേഷിപ്പിച്ച ജർമ്മൻകാരനായ പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞൻ ജോൺ ഗെയർഹാർഡിന്റെ പട്രോളജിയ (1953) എന്ന ഗ്രന്ഥം വളരെ താല്പര്യപൂർവ്വം പണ്ഡിതലോകം സ്വീകരിച്ചു. ഇക്കാലയളവിൽ തന്നെ സഭാപിതാക്കന്മാരെ സംബന്ധിച്ച പൊതുപഠനത്തോടൊപ്പം അവരുടെ ദൈവശാസ്ത്രചിന്തകളെ കുറിച്ചുള്ള വിശദമായ ശാസ്ത്രപഠനത്തെ പട്രിസ്റ്റിക്സ് (Patristics) എന്ന പേരിലും പഠനവിഷയമാക്കി. ഇന്ന് Patrology, Patristics എന്നീ പേരുകളിൽ സഭാപിതാക്കന്മാരെ സംബന്ധിച്ചും അവരുടെ ദൈവ ശാസ്ത്രചിന്തകളെക്കുറിച്ചുമുള്ള ധാരാളം പഠനങ്ങൾ ദൈവശാസ്ത്ര മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നു. ഇത്തരം പഠനങ്ങളുടെ പശ്ചാത്തലത്തിൽ സഭാപിതാക്കന്മാരെക്കുറിച്ചും അവരുടെ പ്രബോധനങ്ങളെക്കുറിച്ചുമുള്ള

www.malankaralibrary.com

അടിസ്ഥാനവിവരങ്ങൾ അറിയുന്നതിന് സഹായകമായവിധത്തിൽ സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ അച്ചൻ തയ്യാറാക്കിയ സഭാപിതാക്കന്മാർ എന്ന കൈപുസ്തകം ഏറെ പ്രസക്തമാണ്. മലങ്കരസഭയുടെ ചരിത്രം, ദർശനം, സ്വത്വസംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ നിരവധി രചനകൾ മലങ്കരക്ക് സംഭാവന ചെയ്തിട്ടുള്ള സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ അച്ചൻ സഭാപഠനത്തിൽ സഭാപിതാക്കന്മാർക്കും അവരുടെ പ്രബോധനങ്ങൾക്കുമുള്ള പ്രാധാന്യത്തെക്കുറിച്ച് രചിച്ച 'സഭാപിതാക്കന്മാർ' എന്ന ഗ്രന്ഥം മലങ്കര മക്കൾക്ക് ഏറെ പ്രയോജനപ്പെടുന്ന ഒരു അക്ഷയഖനിയാണ്. സഭാപിതാക്കന്മാരെ സംബന്ധിച്ച് ഏതാനും നല്ല കൃതികൾ മലയാളത്തിലുണ്ടെങ്കിലും സഭാപിതാക്കന്മാരെ വിശ്വാസപാരമ്പര്യത്തിന്റെയും ഭാഷയുടെയും അടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തിയിട്ടുള്ള ഈ ഗ്രന്ഥം സാധാരണക്കാരുടെ വിശ്വാസ പഠനത്തിന് ഏറെ സഹായകമാണ്. സഭാപിതാക്കന്മാരെ സംബന്ധിച്ച പഠനം മലങ്കര മക്കൾക്ക് പ്രയോജനപ്പെടുന്നവിധത്തിൽ ലളിതമായി തയ്യാറാക്കിയ സിൽവസ്റ്ററച്ചനെ പ്രത്യേകം അഭിനന്ദിക്കുന്നു.

കോട്ടയം
15-06-2021

ഫാ. ഡോ. മത്തായി കടവിൽ ഒ.ഐ.സി.
സുപ്പീര്യർ ജനറൽ, ബഥനി സന്യാസിസമൂഹം

www.malankaralibrary.com

# ഉള്ളടക്കം


മുഖവുര 05

അവതാരിക 07

ആശംസ 10

ഉള്ളടക്കം 13

അദ്ധ്യായം - 1

**സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിന് ഒരു ആമുഖം** 17

അദ്ധ്യായം 2

**അപ്പസ്തോലിക രേഖകളും അപ്പസ്തോല പിതാക്കന്മാരും**

**A. അപ്പസ്തോലിക രേഖകൾ** 21

1. ഡിഡാക്കെ 21
2. ബർണബാസിന്റെ ലേഖനം 22
3. ഡയഗ്നേറ്റസിനുള്ള ലേഖനം 22
4. ഹെർമസിലെ ഇടയൻ 23

**B. അപ്പസ്തോല പിതാക്കന്മാർ** 24

1. റോമിലെ വി. ക്ലമന്റ് (+101) 25
2. അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് (+110) 27
3. ഹിയെരാപ്പൊളിസിലെ പപ്പിയാസ് (+125) 29
4. സ്മിർണായിലെ വിശുദ്ധ പോളിക്കാർപ്പ് (+155) 30

അദ്ധ്യായം 3

**രണ്ടാം നൂറ്റാണ്ടിലെ വിശ്വാസ സംരക്ഷകർ** (Apologists)

1. രക്തസാക്ഷിയായ ജസ്റ്റിൻ (c. +165) 33
2. ആതൻസിലെ അത്തനാഗോറസ് (c. +190) 34
3. അന്ത്യോക്യായിലെ തെയോഫിലസ് (+180) 35
4. സാർദിസിലെ മെലിറ്റോ 36
5. ലിയോൺസിലെ വി. ഇരെണെയൂസ് (c. 140-202) 37

www.malankaralibrary.com

അദ്ധ്യായം 4

## അലക്സാണ്ഡ്രിയായിലെ മതാദ്ധ്യാപനാലയം


| | | |
|---|---|---|
| 1. | പന്തേനുസ് (c. +200) | 40 |
| 2. | അലക്സാണ്ഡ്രിയായിലെ വിശുദ്ധ ക്ലെമന്റ് (c. 150-215) | 40 |
| 3. | അലക്സാണ്ഡ്രിയായിലെ ഒരിജൻ (185-254) | 41 |
| 4. | ജൂലിയസ് ആഫ്റിക്കാനുസ് (c. +241) | 45 |
| 5. | കേസറിയായിലെ പാംഫീലിയൂസ് (+310) | 46 |
| 6. | ഗ്രിഗറി തൗമാതുർഗുസ് (c. +270) | 47 |


അദ്ധ്യായം 5

## അന്ത്യോക്യായിലെ മതാദ്ധ്യാപനാലയം


| | | |
|---|---|---|
| 1. | സാമോസാട്ടായിലെ ലൂസിയൻ (+312) | 50 |
| 2. | അന്ത്യോക്യായിലെ എവുസ്താത്തിയൂസ് (+377) | 50 |
| 3. | താർസൂസിലെ ദിയദോർ (c. +394) | 51 |
| 4. | വി. ജോൺ ക്രിസോസ്തോം (344-407) | 52 |
| 5. | മൊപ്സുവെസ്തായായിലെ തെയദോർ (350-428) | 59 |


അദ്ധ്യായം 6

## ലത്തീൻ സഭാ പിതാക്കന്മാർ


| | | |
|---|---|---|
| 1. | തെർത്തുല്യൻ (160-240) | 64 |
| 2. | കാർത്തേജിലെ വി. സിപ്രിയാൻ (210-258) | 69 |
| 3. | റോമിലെ വി. ഹിപ്പോളിറ്റസ് (170-235) | 74 |
| 4. | നൊവാസിയാൻ (200-258) | 76 |
| 5. | പൊയ്റ്റിയേയിലെ വി. ഹിലരി (315-367) | 77 |
| 6. | മിലാനിലെ വി. അംബ്രോസ് (337/9-397) | 80 |
| 7. | വി. ജറോം (342/5-420) | 85 |
| 8. | വി. അഗസ്തീനോസ് (354-430) | 90 |
| 9. | മഹാനായ വി. ഗ്രിഗറി (540-604) | 98 |
| 10. | സെവില്ലിലെ വി. ഇസിദോർ (560-636) | 102 |

www.malankaralibrary.com

അദ്ധ്യായം 7

## ഗ്രീക്ക് സഭാപിതാക്കന്മാർ


1. കേസറിയായിലെ എവുസേബിയൂസ് (260-339) 106
2. വി. അത്തനേഷ്യസ് (295-373) 108
3. ജറുസലേമിലെ വി. സിറിൾ (313-386) 112
4. മഹാനായ വി. ബസ്സേലിയോസ് (329-379) 116
5. നസിയാൻസൂസിലെ വി. ഗ്രിഗോറിയോസ് (330-390) 120
6. നീസ്സായിലെ വി. ഗ്രിഗോറിയോസ് (335-394) 124
7. അലക്സാൻഡ്രിയായിലെ വി. സിറിൾ (378-444) 128
8. വിശുദ്ധ ജോൺ ഡമഷീൻ (c.675-c.749) 133


അദ്ധ്യായം 8

## സുറിയാനി സഭാപിതാക്കന്മാർ


1. അഫ്റാത്തസ് (275-345) 140
2. മാർ അപ്രേം (306-373) 142
3. എദേസായിലെ റാബുള (350-436) 148
4. മാർ ബാലായ് (4-5 നൂറ്റാണ്ട്) 149
5. നിസിബിസിലെ നർസായി (399-502) 150
6. സാറൂഗിലെ വി. യാക്കോബ് (451-521) 151
7. മാബൂഗിലെ ഫീലേക്സീനുസ് (435-523) 153
8. നിനിവെയിലെ ഇസഹാക്ക് (7-ാം നൂറ്റാണ്ട്) 154

സഹായക ഗ്രന്ഥങ്ങൾ 157

www.malankaralibrary.com

www.malankaralibrary.com

അദ്ധ്യായം 1

# സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിന് ഒരു ആമുഖം

ഇസ്രായേലിന്റെ പ്രതീക്ഷയായ ക്രിസ്തു കാലത്തികവിൽ രക്ഷയുടെ സന്ദേശവുമായി ലോകത്തിൽ അവതരിച്ചു. പാപം മൂലം ദൈവത്തിൽ നിന്നും അകന്നുപോയ മനുഷ്യനെ ദൈവവുമായി രമ്യപ്പെടുത്തുക എന്ന രക്ഷാകര ദൗത്യമായിരുന്നു അവിടുത്തേക്കു ണ്ടായിരുന്നത്. അതിനായി പുതിയ ഒരു ജീവിതവും സന്ദേശവും അവിടുന്നു ലോകത്തിനു നൽകി; സ്വജീവിതത്തിൽ ആ ജീവിത മാർഗ്ഗം പ്രായോഗികമായി കാണിച്ചു തരികയും ചെയ്തു. രക്ഷയുടെ ഈ സന്ദേശവും ജീവിതമാതൃകയും ലോകത്തിൽ തുടരുന്നതിനു വേണ്ടി അവിടുന്ന് സഭ സ്ഥാപിച്ചു. കാലാകാലങ്ങളിൽ സഭയ്ക്കെ തിരെ പല ശക്തികളും അണിനിരന്നുവെങ്കിലും അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് സഭ ആധുനിക നൂറ്റാണ്ടിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുന്നു. ഈ സഭയുടെ ആദ്യകാല ചരിത്രത്തിലെ നിർണ്ണായക സംഭവങ്ങളും ദൈവശാസ്ത്ര വളർച്ചയും മനസ്സിലാ ക്കുവാൻ സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനം സഹായകമാകും.

അങ്ങനെ സഭാചരിത്രത്തിൽ നിർണ്ണായകമായ പങ്കുവഹിച്ച വരാണ് സഭാപിതാക്കന്മാർ. ആദ്യനൂറ്റാണ്ടുകളിലെ സഭയുടെ വിശ്വാസജീവിതത്തിനും വളർച്ചയ്ക്കും അവർ രൂപവും ഭാവവും നൽകി. സഭയുടെ സത്യവിശ്വാസം ഉയർത്തിക്കാട്ടുവാനായി മർദ്ദകരുടെയും തെറ്റായ സിദ്ധാന്തങ്ങൾ പഠിപ്പിച്ചവരുടെയും

www.malankaralibrary.com

ഇടയിൽ നിന്നു സഭാശിശുവിനെ രക്ഷിക്കുന്നതിന് അക്ഷീണം യത്നം ചെയ്ത ധീരസേനാനികളാണ് സഭാപിതാക്കന്മാർ. അവരുടെ കൃതികളും പ്രവർത്തനങ്ങളും കുറെ തത്വസംഹിതകൾ മാത്രമല്ല ക്രൈസ്തവജീവിതമെന്നും അതു സവിശേഷമായ ഒരു ജീവിത ശൈലിയാണെന്നും നമുക്കു കാണിച്ചു തരുന്നു. അധുനാധുനീ കരണത്തിന്റെ പേരിൽ ഇന്നവതരിപ്പിക്കുന്ന പല കാര്യങ്ങളും നൂറ്റാണ്ടുകൾക്കു മുമ്പേ സഭാപിതാക്കന്മാരുടെ തൂലികയിലൂടെ വെളിച്ചം കണ്ടവയാണെന്ന് അവരുടെ ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. അതിനാൽ, ഇന്നു ജീവിച്ചിരിക്കുന്ന ക്രൈസ്തവ വിശ്വാസികളുടെ സജീവ പരിഗണനയും പഠനവും സഭാപിതാക്ക ന്മാരെ സംബന്ധിച്ചുണ്ടാകേണ്ടിയിരിക്കുന്നു.

ആദ്ധ്യാത്മിക ജീവിതത്തിലേക്ക് ജനിപ്പിക്കുന്നവരെയാണ് 'പിതാവ്' എന്നു വിളിക്കുന്നത്. ഈശോമിശിഹായിൽ ജനിപ്പിക്കുക എന്നാണു വിവക്ഷ (1 കൊരി. 4:13-16; ഗലാ. 4:19). ആദിമ നൂറ്റാണ്ടു മുതൽ തന്നെ ഈ സംജ്ഞ ആദിമ ക്രൈസ്തവ സമൂഹങ്ങൾ ഉപയോഗിച്ചിരുന്നു. വിശ്വാസത്തിന്റെ സംരക്ഷകരും ഔദ്യോഗിക പ്രബോധകരുമെന്ന നിലയിൽ മെത്രാന്മാരെ സൂചിപ്പിക്കുവാനാണ് ഈ പേര് പ്രധാനമായും ഉപയോഗിച്ചിരുന്നത്. തുടർന്നുള്ള നൂറ്റാണ്ടുകളിൽ സത്യവിശ്വാസം പഠിപ്പിച്ച ആദിമസഭയിലെ ചിന്ത കരായ പിതാക്കന്മാരെയെല്ലാം ഉൾക്കൊള്ളുന്ന ഒരു പദമായി മാറി. അങ്ങനെ ക്രൈസ്തവതത്വസംഹിതകളേയും വി. രഹസ്യങ്ങളെയും പറ്റി എഴുതുകയും പഠിപ്പിക്കുകയും ചെയ്തിട്ടുള്ള പണ്ഡിതരായ സഭാദ്ധ്യക്ഷന്മാരെയാണ് വ്യാപകാർത്ഥത്തിൽ 'സഭാപിതാക്കന്മാർ' എന്ന സംജ്ഞ കൊണ്ട് മനസ്സിലാക്കുന്നത്. ഒന്നു മുതൽ ഏഴു വരെ നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്നവരെ മാത്രമേ ഇക്കൂട്ടത്തിൽ ഉൾപ്പെടു ത്തുന്നുള്ളൂ.

നാലു സവിശേഷതകളാണ് പ്രധാനമായും സഭാപിതാക്കന്മാ രായി ബഹുമാനിക്കുന്നവരിൽ നിന്നും സഭ പ്രതീക്ഷിക്കുന്നത്.

1) **സത്യവിശ്വാസം**: സഭാപിതാവായി ഗണിക്കപ്പെടേണ്ട വ്യക്തി, ക്രിസ്തുവിലും അവിടുത്തെ പ്രബോധനങ്ങളിലും അവിടുന്നു സ്ഥാപിച്ച സഭയുടെ ഔദ്യോഗിക പഠനങ്ങളിലും

www.malankaralibrary.com

യഥാർത്ഥ വിശ്വാസവും ബോദ്ധ്യവും നിലനിർത്തുന്ന ആളായിരിക്കണം.

2) **വിശുദ്ധി:** പരിശുദ്ധമായ ജീവിതത്തിലൂടെ മറ്റുള്ളവർക്കു മാതൃക നൽകി ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നവരായിരിക്കണം സഭാപിതാക്കന്മാർ. ചുരുക്കത്തിൽ സഭാപിതാവ് ഒരു വിശുദ്ധനായിരിക്കണം.

3) **പ്രാചീനത (Antiquity):** സഭയുടെ ആദ്യകാലഘട്ടങ്ങളിൽ ജീവിക്കുകയും തങ്ങളുടെ പ്രബോധനങ്ങളിലൂടെയും, ഗ്രന്ഥങ്ങളിലൂടെയും സഭയെ സമ്പന്നമാക്കിത്തീർക്കുകയും ചെയ്തവർ മാത്രമേ സഭാപിതാക്കന്മാർ എന്ന പേരിൽ അറിയപ്പെടുകയുള്ളൂ. പ്രാചീനതയുടെ കാര്യത്തിൽ അഭിപ്രായവ്യത്യാസങ്ങൾ ഇല്ലാതില്ല. പൗരസ്ത്യൻ എ.ഡി. 750–ൽ മരിച്ച ജോൺ ഡമഷീൻ വരെയുള്ള വരെ സഭാപിതാക്കന്മാരുടെ പട്ടികയിൽ ചേർക്കുമ്പോൾ, പാശ്ചാത്യർ എ.ഡി. 636–ൽ മരിച്ച സെവില്ലിലെ ഇസിദോർ വരെയുള്ളവരെ മാത്രമേ സഭാപിതാക്കന്മാരായി പരിഗണിക്കുന്നുള്ളൂ.

**4) സഭയുടെ ഔദ്യോഗിക അംഗീകാരവും സ്ഥിരീകരണവും:** മേല്പറഞ്ഞ സവിശേഷതകളുടെ അടിസ്ഥാനത്തിൽ സഭയുടെ ഔദ്യോഗിക അംഗീകാരവും സ്ഥിരീകരണവും ലഭിച്ചവരെയാണ് സഭാപിതാക്കന്മാർ എന്ന് വിശേഷിപ്പിക്കുന്നത്.

എന്നാൽ മേല്പറഞ്ഞ സവിശേഷതകളില്ലാത്ത ചിലരെയും സഭാപിതാക്കന്മാർ എന്നു വിളിക്കാറുണ്ട്. അങ്ങനെയുള്ളവരാണ് ഒരിജൻ, തെർത്തുല്യൻ, എവുസേബിയോസ് തുടങ്ങിയവർ. പക്ഷേ, ഇവരെ സഭയുടെ ഔദ്യോഗിക പട്ടികയിൽ പെടുത്തുന്നില്ല. വിശ്വാസരഹസ്യങ്ങളുടെയും തത്വങ്ങളുടെയും സംരക്ഷകരായ സഭാപിതാക്കന്മാർ സഭയുടെ ഔദ്യോഗിക പ്രബോധനത്തിനു സാക്ഷ്യം വഹിച്ചവരാണ്. ഇവരെപ്പറ്റിയുള്ള ദൈവശാസ്ത്ര പഠനത്തിനാണ് 'പട്രോളജി' (Patrology) എന്നു പറയുന്നത്.

ആദ്യത്തെ രണ്ടു നൂറ്റാണ്ടുകളിൽ ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ രചിച്ചത് ഗ്രീക്കുഭാഷയിലായിരുന്നു. മൂന്നാം നൂറ്റാണ്ടു മുതൽ ഗ്രീക്കു ഭാഷയ്ക്കു പുറമേ, ലത്തീൻ, സുറിയാനി എന്നീ ഭാഷകളിലും

www.malankaralibrary.com

കൃതികൾ രചിച്ചു തുടങ്ങി. ഭാഷയുടെ അടിസ്ഥാനത്തിൽ ഗ്രീക്ക്, ലത്തീൻ, സുറിയാനി എന്നീ മൂന്നു പ്രമുഖ വിഭാഗങ്ങളിലായിട്ടാണ് 'പട്രോളജി'യെ തരം തിരിച്ചിരിക്കുന്നത്. സഭാപിതാക്കന്മാരുടെ സുവർണകാലഘട്ടം എന്നു പൊതുവിൽ വിശേഷിപ്പിക്കപ്പെടുന്നത് നാലും അഞ്ചും നൂറ്റാണ്ടുകളിലാണ്. ഈ മൂന്നു വിഭാഗത്തിലും പെട്ട പല എഴുത്തുകാരും ഇക്കാലത്താണു ജീവിച്ചിരുന്നത്.

സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനം വിശ്വാസത്തെ ബലപ്പെടുത്തുന്നു.

1) സഭാപിതാക്കന്മാർ സത്യവചനത്തിന്റെയും വിശുദ്ധ പാരമ്പര്യങ്ങളുടെയും സജീവസാക്ഷികളാണ്. സത്യവചനത്തെയും അപ്പസ്തോലിക പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിലാണ് അവർ തങ്ങളുടെ ചിന്തകൾ ക്രമപ്പെടുത്തിയത്.

2) വിശുദ്ധ ഗ്രന്ഥത്തിൽ അധിഷ്ഠിതമായിരുന്ന അവരുടെ ആദ്ധ്യാത്മിക ജീവിതം തന്നെ ഒരു മാതൃകയായി നമ്മുടെ മുമ്പിലേക്ക് കടന്നുവരുന്നു.

3) സഭാപിതാക്കന്മാരുടെ വി. ഗ്രന്ഥവ്യാഖ്യാനശൈലി വിശ്വാസത്തിൽ അധിഷ്ഠിതവും അനുകരണീയവുമാണ്. സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിലുള്ള അറിവ് ഉത്തമ 'ക്രൈസ്തവവിശ്വാസം' എന്താണെന്നു മനസ്സിലാക്കുന്നതിനുപ യുക്തമാണ്.

4) ഇതു സഭാപിതാക്കന്മാരെ സംബന്ധിച്ച പഠനം ക്രൈസ്തവ ഐക്യത്തിന് (Ecumenism) സഹായകമാണ്. എങ്കിൽ ക്രൈസ്തവ ഐക്യത്തിനായി സജീവശ്രമങ്ങൾ വിവിധ മേഖലകളിൽ നടന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സഭാപിതാക്ക ന്മാരെപ്പറ്റി ശരിയായി പഠിക്കുവാൻ നാം അതീവശ്രദ്ധാലുക്കളാ കേണ്ടിയിരിക്കുന്നു.

***

www.malankaralibrary.com

അദ്ധ്യായം 2

# അപ്പസ്തോലിക രേഖകളും അപ്പസ്തോല പിതാക്കന്മാരും

## A. അപ്പസ്തോലിക രേഖകൾ

ആദിമ സഭയിൽ ദൈവശാസ്ത്രവികസനത്തിനു സഹായമായിത്തീർന്ന ചുരുക്കം ചില ഗ്രന്ഥങ്ങളാണ് 'അപ്പസ്തോലിക രേഖകൾ' എന്ന പേരിൽ അറിയപ്പെടുന്നത്. ചരിത്രപരമായി ഈ കൃതികൾക്ക് വളരെയധികം പ്രാധാന്യമുണ്ട്; കാരണം വിശ്വാസികളെ പ്രബുദ്ധരാക്കുവാൻ അവയ്ക്കു കഴിഞ്ഞിരുന്നു. ഇവയിൽ പ്രാധാന്യമർഹിക്കുന്നവയാണ് ഡിഡാക്കെ, ബർണബാസിന്റെ ലേഖനം, ഡയനീറ്റസിനുള്ള ലേഖനം, ഹെർമസിലെ ഇടയൻ എന്നിവ.

### 1. ഡിഡാക്കെ

ക്രൈസ്തവരെ കൂടുതൽ പ്രബുദ്ധരാക്കുവാൻ വേണ്ടി രചിക്കപ്പെട്ട ആദ്യകാല കൃതികളിൽ ചരിത്രപരമായി വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ഡിഡാക്കെ. 'ഡിഡാക്കെ' എന്ന പദത്തിന്റെ അർത്ഥം പ്രബോധനം എന്നാണ്. ഈ അർത്ഥത്തിൽ 'പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പ്രബോധനം' എന്നും ഈ കൃതി അറിയപ്പെടുന്നു. ഒന്നാം നൂറ്റാണ്ടിന്റെ അവസാന കാലത്തോ രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ (90/120) സിറിയായിൽ (അന്ത്യോക്യാ) വിരചിതമായ ഈ രേഖയുടെ കർത്താവ് ആരാണെന്ന് അറിവില്ല.

www.malankaralibrary.com

ആദിമ സഭ ഈ കൃതിയെ വിശുദ്ധ ഗ്രന്ഥത്തെ പോലെ തന്നെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. പതിനാറ് അദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥത്തെ രണ്ടു ഭാഗങ്ങളായി ട്ടാണ് തിരിച്ചിരിക്കുന്നത്. ഒന്നുമുതൽ ആറുവരെയുള്ള അദ്ധ്യായ ങ്ങൾ ഉൾക്കൊള്ളുന്ന ആദ്യഭാഗത്തിൽ 'ജീവിതവും മരണവും' എന്ന രണ്ടു മാർഗ്ഗങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. ഏഴു മുതൽ പതിനാറുവരെയുള്ള രണ്ടാം ഭാഗത്തിൽ മാമോദീസാ, ഉപവാസം, പ്രാർത്ഥന, വിശുദ്ധ കുർബ്ബാന, ഞായറാഴ്ച ആചരണം, ഡീക്ക ന്മാരേയും മെത്രാന്മാരെയും തിരഞ്ഞെടുക്കുന്നതിനുള്ള നിയമങ്ങൾ, യുഗാന്ത്യം മുതലായവയെപ്പറ്റിയെല്ലാം വിവരിക്കുന്നു. പിതാക്കന്മാർ ഡിഡാക്കെയെ ഒരു അപ്രമാണിക ഗ്രന്ഥമായി കരുതുന്നു.

## 2. ബർണബാസിന്റെ ലേഖനം

ക്രിസ്തുവർഷം 130-നും 132-നുമിടയിൽ എഴുതപ്പെട്ട ലേഖന രൂപത്തിലുള്ള ഒരു ഭക്തഗ്രന്ഥമാണിത്. ഇതിന്റെ കൈയ്യെഴുത്തു പ്രതിയിൽനിന്നും, ആദ്യകാല സഭാപിതാക്കന്മാരിൽ നിന്നും നമുക്കു കിട്ടുന്ന വിവരണങ്ങൾ കൊണ്ടും രചയിതാവ് ബർണബാസ് ആണെന്നു കരുതാം. വി. പൗലോസിന്റെ സുഹൃത്തായ ബർണ ബാസ് തന്നെയാണിത്. എന്നാൽ പഴയനിയമത്തോട് ഇദ്ദേഹത്തിനു ണ്ടായിരുന്ന നിലപാട് അപ്പസ്തോലന്മാരിൽ നിന്നു വ്യത്യസ്തമായി രുന്നുവെന്ന് ലേഖനത്തിന്റെ ഒന്നാം ഭാഗത്തുനിന്നും മനസ്സിലാക്കാം. മറ്റൊരു മതത്തിൽ നിന്ന് ക്രിസ്തുമതത്തിലേക്കു വന്ന ഇദ്ദേഹ ത്തിന്റെ ചിന്താഗതി യഹൂദ ചിന്താഗതയിൽ നിന്നു വളരെ വ്യത്യസ്ത മാണ്. ക്രൈസ്തവമതം മറ്റുള്ളവർ മനസ്സിലാക്കുന്നതിനുവേണ്ടി എഴുതിയതായിരിക്കാം ഇത്. ലേഖനത്തിന്റെ രണ്ടാം ഭാഗത്താകട്ടെ, ഡിഡാക്കെയിലെതുപോലെ തന്നെ ജീവിതത്തിന്റെ രണ്ടു മാർഗ്ഗങ്ങളെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്; പ്രകാശത്തിന്റെയും അന്ധകാരത്തിന്റേതുമായ മാർഗ്ഗങ്ങൾ. ഇതിൽ ആദ്യമാർഗ്ഗം സ്വീകരിക്കുവാനും രണ്ടാമത്തെ മാർഗ്ഗം തള്ളിക്കളയാനും ഇദ്ദേഹം തന്റെ ലേഖനത്തിലൂടെ ആദിമസഭയെ ഉപദേശിക്കുന്നു.

## 3. ഡയഗ്നേറ്റസിനുള്ള ലേഖനം

അക്രൈസ്തവനായ ഡയഗ്നേറ്റസിന് ക്രൈസ്തവ വിശ്വാസ

www.malankaralibrary.com

രഹസ്യങ്ങളെ സംബന്ധിച്ച്, രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടുകൂടെ എഴുതപ്പെട്ട ഒരു ലേഖനമാണിത്. ഇതിന്റെ രചയിതാവിനെക്കുറിച്ച് നമുക്കു കൃത്യമായ വിവരമൊന്നുമില്ല. 'അപ്പസ്തോലന്മാരുടെ ശിഷ്യൻ' എന്ന് ലേഖന കർത്താവ് സ്വയം സംബോധന ചെയ്തിരിക്കുന്നതുകൊണ്ടാണ് അപ്പസ്തോലിക ലേഖനങ്ങളുടെ കൂട്ടത്തിൽ ഇത് ഉൾപ്പെടുത്തിയിട്ടുള്ളത്.

പത്ത് അദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്നതാണ് ബർണബാസിന്റെ ലേഖനം. അതിന്റെ ആദ്യഭാഗത്ത് ലേഖനകർത്താവ്, ഡയഗ്നേറ്റസിന്റെ സംശയങ്ങൾ മനസ്സിലാക്കതക്കവിധത്തിൽ ചില ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയാണ്. തുടർന്ന് ഇതര മതങ്ങളിലെ വിഗ്രഹാരാധനയുടെ അപര്യാപ്തത, യഹൂദാരാധനയുടെ പോരായ്മ, ക്രിസ്തുമതത്തിന്റെ മേന്മ, ക്രൈസ്തവനു ലോകവുമായുള്ള ബന്ധം, ക്രൈസ്തവ വിശ്വാസത്തിന്റെ ദൈവിക സ്രോതസ്സ്, ദൈവരാജ്യം വൈകാനുള്ള കാരണം തുടങ്ങിയവയെപ്പറ്റിയും വിവരിക്കുന്നു. ലോകവുമായി ക്രൈസ്തവനുള്ള ബന്ധത്തെപ്പറ്റി പറയുന്ന ഭാഗം വളരെ ശ്രദ്ധാർഹമാണ്. ആത്മശരീരങ്ങളുടെ ബന്ധത്തോടാണ് ഇതിനെ ഉപമിച്ചിരിക്കുന്നത്. ആത്മാവു ശരീരാവയവങ്ങളിലെല്ലാം വ്യാപരിച്ചിരിക്കുന്നതുപോലെ ക്രൈസ്തവർ ലോകത്തിൽ ജീവിക്കുന്നെങ്കിലും ലോകത്തിന്റേതല്ലാതായി തീരണം. മനുഷ്യവർഗ്ഗത്തിന്റെ നിസ്സഹായത വ്യക്തമാക്കാനുള്ള ദൈവിക പദ്ധതിയായിട്ടാണ് ദൈവരാജ്യം വൈകുവാനുള്ള കാരണത്തെ അദ്ദേഹം കാണുന്നത്. അവിശ്വാസിയായ ഡയഗ്നേറ്റനെ ക്രിസ്തുമതത്തിലേക്ക് ആഹ്വാനം ചെയ്തുകൊണ്ട് ലേഖന കർത്താവ് ലേഖനം അവസാനിപ്പിക്കുന്നു.

## 4. ഹെർമസിലെ ഇടയൻ

ഒന്നും രണ്ടും നൂറ്റാണ്ടുകളിലെ സഭാ സാമൂഹ്യ ജീവിതത്തിന്റെ വ്യക്തമായ ചിത്രം നൽകുന്ന 'ഹെർമസിലെ ഇടയൻ' എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് ഒന്നാം പീയൂസ് പാപ്പായുടെ (140–145) സഹോദരനും, ക്ലമന്റ് മാർപാപ്പായുടെ സമകാലികനുമായ ഹെർമസ് ആണെന്നു കരുതപ്പെടുന്നു. ഗ്രന്ഥകാരനുണ്ടായ വെളിപാടിൽ ഒന്നിനെ ആസ്പദമാക്കിയാണ് ഗ്രന്ഥത്തിന് ഈ പേരു ലഭിച്ചത്.

www.malankaralibrary.com

മറ്റു രീതിയിൽ പറഞ്ഞാൽ അപ്പോക്കാലിപ്റ്റിക് സാഹിത്യശൈലി യിൽ എഴുതപ്പെട്ട ഒന്നാണ് ഹെർമസിന്റെ 'ഇടയൻ'.

മൂന്നു ഭാഗങ്ങളായി തിരിച്ചിട്ടുള്ള ഈ പുസ്തകത്തിൽ അഞ്ചു വെളിപാടുകൾ, പന്ത്രണ്ടു കല്പനകൾ, പത്ത് ഉപമകൾ എന്നിവ അടങ്ങിയിരിക്കുന്നു. ഹെർമസിന്റെ അഭിപ്രായത്തിൽ രക്ഷയെ സംബന്ധിച്ചിടത്തോളം മാമോദീസാ അത്യന്താപേക്ഷിതമാണ്. വിശ്വാസം, ദൈവഭയം, എളിമ, സത്യം, വൈവാഹിക വിശുദ്ധി, ആത്മനിയന്ത്രണം, വിവേകം, പ്രായശ്ചിത്തം തുടങ്ങി പ്രായോഗിക ജീവിതത്തിൽ അനുവർത്തിക്കുവാനുള്ള സാന്മാർഗ്ഗിക നിയമങ്ങളെ പ്പറ്റിയും ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്. 'ഇടയൻ' എന്നീ ഗ്രന്ഥത്തിൽ നിന്നും രണ്ടു കാര്യങ്ങൾ വ്യക്തമാണ്. ഹെർമസ് ഒരു അഭ്യസ്ഥവിദ്യൻ ആയിരുന്നില്ലെങ്കിലും ദൈവപരിപാലനയിൽ അടിയുറച്ചു വിശ്വസിച്ചിരുന്ന ഒരു ശുഭാപ്തി വിശ്വാസിയായിരുന്നു. അതോടൊപ്പം തന്നെ അദ്ദേഹത്തിന്റെ സമർത്ഥമായ നിരീക്ഷണ പാടവവും എടുത്തു പറയേണ്ടതാണ്.

## B. അപ്പസ്തോല പിതാക്കന്മാർ

ആദിമ ക്രൈസ്തവസഭയുടെ വളർച്ചയ്ക്കും വിശ്വാസസ്ഥിര തയ്ക്കും ശ്ലീഹന്മാരുടെ അടുത്ത പിൻഗാമികൾ എന്ന നിലയിൽ അപ്പസ്തോല പിതാക്കന്മാർ വഹിച്ച പങ്ക് നിർണ്ണായകമാണ്. അപ്പസ്തോലന്മാരെ നേരിട്ട് അറിഞ്ഞിരുന്നതുകൊണ്ടോ, അവരുടെ പഠനങ്ങളെ ആധാരമാക്കി കൃതികൾ രചിച്ചതുകൊണ്ടോ ആവാം, ഈ പേരിൽ അവർ അറിയപ്പെടുന്നത്. ഒന്നാം നൂറ്റാണ്ടിന്റെ അവസാനം മുതൽ ഏകദേശം രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യകാലം വരെയാണ് ഈ പിതാക്കന്മാരുടെ കാലഘട്ടം.

ഒരു ഏകരൂപ വിഭാഗത്തിൽ ഉൾപ്പെട്ടവരായിരുന്നില്ല അപ്പസ്തോല പിതാക്കന്മാർ. വിവിധ കാലദേശ സംസ്ക്കാരങ്ങ ളുടെ ചുറ്റുപാടിൽ രൂപപ്പെട്ടവരാണവർ. യഹൂദ പശ്ചാത്തലത്തിൽ നിന്നും - ക്രിസ്തീയ ദൈവശാസ്ത്രം ചിട്ടപ്പെടുത്തുന്നതിൽ ഇവർ പ്രധാന പങ്കു വഹിച്ചു. ഉള്ളടക്കത്തിലും സാഹിത്യശൈലിയിലും പുതിയനിയമ ഗ്രന്ഥങ്ങളോടുള്ള സമാനത അവരുടെ കൃതികളിൽ കാണാം. കത്തുകളുടെയും ലേഖനങ്ങളുടെയും രൂപത്തിലാണ് പല

www.malankaralibrary.com

കൃതികളും രചിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ സൈദ്ധാന്തിക പ്രബോധനങ്ങളുടെ ഗണത്തിൽപ്പെടുന്ന ഏതാനും കൃതികൾ മറ്റു കാനോനിക കൃതികൾക്കുള്ളിടത്തോളം വ്യക്തതയോ മിഴിവോ ദൈവശാസ്ത്രപരമായ പരിപൂർണ്ണതയോ ഇവരുടെ കൃതികൾക്കു കാണുന്നില്ലെങ്കിലും പൗരാണികത്വത്തിൽ (antiquity) ഈ കൃതികൾ മുന്നിട്ട് നില്ക്കുന്നു. സഭയുടെ പ്രാരംഭകാലത്തേ വിശ്വാസ ജീവിതം മനസ്സിലാക്കാനുള്ള പ്രധാന സ്രോതസ്സുകളാണ് അപ്പസ്തോല പിതാക്കന്മാരുടെ കൃതികൾ. ദൈവത്തിന്റെ ഏകത്വവും ത്രിത്വവും, ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും, ക്രിസ്തു സ്ഥാപിച്ച സഭ, സഭയുടെ അധികാരം, വിശുദ്ധീകരണത്തിനുള്ള മാർഗ്ഗങ്ങൾ, എന്നീ വിവിധ വിഷയങ്ങൾ അപ്പസ്തോല പിതാക്കന്മാരുടെ ഗ്രന്ഥങ്ങളിൽ ഇടം പിടിച്ചിട്ടുണ്ട്. ഇവയിലെല്ലാം ധാരാളം വി. ഗ്രന്ഥവാക്യങ്ങൾ സന്ദർഭോചിതമായി ഉൾച്ചേർത്തിട്ടുണ്ട്. ആദിമ ക്രിസ്ത്യാനികൾ ഇത്തരം കൃതികൾ വിശുദ്ധ ഗ്രന്ഥത്തിന്റെ കൈയ്യെഴുത്തു പ്രതികളോടൊപ്പം ചേർക്കുകയും ആരാധനാ സമൂഹത്തിൽ വായിക്കുകയും ചെയ്തിരുന്നു.

പ്രധാന അപ്പസ്തോല പിതാക്കന്മാർ റോമിലെ വി. ക്ലമന്റ്, അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ്, പോളിക്കാർപ്പ്, പപ്പിയാസ് തുടങ്ങിയവരാണ്.

## 1. റോമിലെ വി. ക്ലമന്റ് (+101)

യഹൂദ മാതാപിതാക്കളിൽ നിന്നു ജനിച്ച്, റോമിലുണ്ടായിരുന്ന അപ്പസ്തോലന്മാരുടെ സ്വാധീനത്തിൽ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന വ്യക്തിയാണ് വി. ക്ലമന്റ്. അദ്ദേഹത്തിന്റെ ജീവചരിത്രത്തെക്കുറിച്ച് വ്യക്തമായ രേഖകളില്ല. വി. ക്ലമന്റ് വി. പത്രോസിന്റെ മൂന്നാമത്തെ പിൻഗാമിയും റോമിന്റെ നാലാമത്തെ മെത്രാനുമായിരുന്നെന്നാണ് രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വി. ഇറനേവൂസ് രേഖപ്പെടുത്തിയിരിക്കുന്നത്. ചരിത്രകാരനായ എവുസേബിയൂസ് നൽകുന്ന സൂചനയനുസരിച്ച് വി. ക്ലമന്റ് എ.ഡി. 92 മുതൽ 101 വരെ മാർപാപ്പ ആയിരുന്നു.

വി. ക്ലമന്റിന്റെ കൃതിയായി പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്ന കൃതി അദ്ദേഹം കൊരിന്ത്യർക്ക് എഴുതിയ ലേഖനമാണ്

www.malankaralibrary.com

(96/97). ക്ലമന്റിന്റെ ഒന്നാം ലേഖനം എന്ന പേരിൽ ഇത് അറിയപ്പെടുന്നു. ഈ ലേഖനത്തിന്റെ ആദ്യഭാഗത്ത് ക്രിസ്തീയ വിശ്വാസത്തെപ്പറ്റിയും ഉപവി, പരിഹാരം, അനുസരണം, എളിമ എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നു. അതോടൊപ്പം കൊരിന്ത്യൻ സഭയോട് അവരുടെ ആഭ്യന്തര കലഹത്തിൽ നിന്നും പിന്മാറി സഭാധികാരികൾക്ക് കീഴടങ്ങുവാൻ അദ്ദേഹം പ്രത്യേകമായി ഉദ്ബോധിപ്പിക്കുന്നു. സഭയിലെ കലഹങ്ങളിൽ പശ്ചാത്തപിച്ച് സഭയുടെ കൂട്ടായ്മയിൽ വന്നുചേരാനുള്ള അദ്ദേഹത്തിന്റെ അനുശാസനം ഏറെ പ്രസക്തമാണ്.

കോറിന്തോസിലെ സഭയുടെ നേതൃത്വ ശുശ്രൂഷയുമായി ബന്ധപ്പെട്ട ഒരു പ്രതിസന്ധി ഘട്ടത്തിൽ റോമാസഭ ഇടപെട്ട് പരിഹരിക്കുന്നുവെന്ന അർത്ഥത്തിൽ റോമായുടെയും അതുവഴി പത്രോസിന്റെ പിൻഗാമി എന്ന നിലയിലുള്ള റോമാ ബിഷപ്പിനുള്ള അംഗീകാരമായും ഇത് വ്യാഖ്യാനിക്കപ്പെടുന്നു.

സഭയുടെ പൗരോഹിത്യ സംവിധാനം, ഭരണം തുടങ്ങിയവ യെപ്പറ്റി 42 മുതൽ 44 വരെയുള്ള അദ്ധ്യായങ്ങളിൽ വിശദീകരി ക്കുന്നു. ഇതിൽ പ്രധാനമായും മൂന്നു കാര്യങ്ങൾ ഉൾക്കൊള്ളുന്നു: അപ്പസ്തോലന്മാരാണ് ഒരോ സ്ഥലത്തും ആദിമസഭയിൽ മെത്രാന്മാരേയും വൈദീകരെയും അവരുടെ സഹായികളായ ഡീക്കന്മാരേയും ഒരോ സ്ഥലത്തും നിയോഗിച്ചത്. സ്ഥലത്തെ ഒരു മെത്രാന്റെ കാലശേഷം അടുത്തു വരുന്ന മെത്രാന് അതേ ഭരണാധികാരം തന്നെ കൈമാറുന്നു; ഒരു മെത്രാനെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ അദ്ദേഹത്തെ മാറ്റുന്നതിന് ജനങ്ങൾക്ക് അധികാരമില്ല.

ആരാധനക്രമ സംബന്ധമായ ചില സൂചനകൾ ഈ കൃതി നൽകുന്നുണ്ട്. ഏശയ്യാ 6:3-ൽ വിവരിക്കുന്ന മാലാഖഗണങ്ങളുടെ പരിശുദ്ധൻ എന്ന കീർത്തനത്തെ സഭയുടെ കൂട്ടായ്മയുടെ മാതൃകയായി ക്ലമന്റ് ചിത്രീകരിക്കുന്നു. ക്രൈസ്തവസമൂഹം ഒരേ മനസ്സോടെ ദൈവസ്തുതിയിൽ പങ്കുചേരണമെന്ന ചിന്തയാണ് ഇവിടെ അദ്ദേഹം അവതരിപ്പിക്കുന്നത്. ആരാധനാ സമൂഹം ആലപിച്ചിരുന്ന മറ്റു സ്തുതിപ്പുകളും കീർത്തനങ്ങളും ഈ കൃതിയിൽ കാണാം. ഇത്തരം കീർത്തനങ്ങളിലൂടെ മിശിഹായുടെ

www.malankaralibrary.com

ദൈവത്വത്തിലുള്ള സഭയുടെ വിശ്വാസത്തെയാണ് പ്രകടിപ്പിക്കുന്നത്.

വി. ക്ലമന്റ് എഴുതിയ ഈ ലേഖനം, ചരിത്രപരമായും പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. നീറോ ചക്രവർത്തിയുടെ കാലത്തെ മതമർദ്ദനങ്ങളെക്കുറിച്ചും അന്നത്തെ രക്തസാക്ഷികളുടെ ജീവിത മാതൃകകളെക്കുറിച്ചും ഇതിൽ പ്രതിപാദിക്കുന്നുണ്ട്. കൂടാതെ മതമർദ്ദനങ്ങളുടെ നടുവിൽ രക്തസാക്ഷിത്വം സ്വീകരിച്ചവരെക്കുറിച്ച് ഇതിൽ വിശദമായി പ്രതിപാദിക്കുന്നു. മരിച്ചവരുടെ ഉയിർപ്പിനെക്കുറിച്ചുള്ള പ്രബോധനം, ദൈവശാസ്ത്രപരമായ മറ്റൊരു സവിശേഷതയാണ്.

## 2. അന്ത്യോകൃായിലെ വി. ഇഗ്നേഷ്യസ് (+110)

അപ്പസ്തോലപിതാക്കന്മാരിൽ പ്രധാനിയാണ് അന്ത്യോകൃായിലെ മൂന്നാമത്തെ മെത്രാനായിരുന്ന (98-110) ഇഗ്നേഷ്യസ്. ഇദ്ദേഹത്തിന്റെ ജീവചരിത്രം സംബന്ധിച്ച് വ്യക്തമായ രേഖകളില്ല. അക്രൈസ്തവനായി ജനിച്ച അദ്ദേഹം പിന്നീട് ക്രൈസ്തവവിശ്വാസം സ്വീകരിക്കുകയും, പത്രോസ്, പൗലോസ് എന്നീ അപ്പസ്തോലന്മാരുടെ ശിഷ്യനായിത്തീരുകയും ചെയ്തുവെന്ന് വിശ്വസിക്കപ്പെടുന്നു. റോമൻ ചക്രവർത്തി ഡോമീഷ്യൻ (ഏ.ഡി.81-96) നടത്തിക്കൊണ്ടിരുന്ന ക്രൂരമായ മതമർദ്ദനങ്ങളിൽ നിന്നും തന്റെ ജനത്തെ സംരക്ഷിക്കുവാൻ പ്രാർത്ഥന, ഉപവാസം, ദൈവവചന പ്രസംഗം എന്നിവയിലൂടെ പരിശ്രമിക്കുകയുണ്ടായി. പിന്നീടു ചക്രവർത്തിയായി വന്ന ട്രാജന്റെ (98-117) കാലത്ത് മതമർദ്ദനം രൂക്ഷമാവുകയും വി. ഇഗ്നേഷ്യസിനെ മരണത്തിന് വിധിക്കുകയും ചെയ്തു. അന്ത്യോകൃായിൽ നിന്നും അദ്ദേഹത്തെ റോമിലേക്കു കൊണ്ടുപോകുകയും എ.ഡി. 110-ൽ വന്യമൃഗങ്ങൾക്ക് ഇരയാക്കുകയും ചെയ്തു.

ട്രാജൻ ചക്രവർത്തിയുടെ ആജ്ഞാനുസരണം വന്യമൃഗങ്ങൾക്ക് എറിഞ്ഞുകൊടുക്കുവാനായി സിറിയായിൽ നിന്നും റോമിലേക്ക് ഇഗ്നേഷ്യസിനെ കൊണ്ടുപോകുന്നയവസരത്തിൽ യാത്ര മദ്ധ്യേ രചിച്ച ഏഴു കത്തുകളാണ് അദ്ദേഹത്തിന്റെ കൃതികളായി അറിയപ്പെടുന്നത്. ഇതിൽ 5 കത്തുകൾ ഏഷ്യാ മൈനറിലെ

www.malankaralibrary.com

എഫേസൂസ്, മാഗ്നേഷ്യാ, ത്രാള്ളെസ്, ഫിലാഡെൽഫിയാ, സ്മിർണാ എന്നീ അഞ്ചു സഭകൾക്കും ഒരെണ്ണം സ്മിർണായിലെ മെത്രാനായ പോളിക്കാർപ്പിനും മറ്റൊന്ന് റോമാസഭയ്ക്കുമാണ് എഴുതിയിരിക്കുന്നത്. ക്രിസ്തുവിലുള്ള വിശ്വാസവും സ്നേഹവും, ഇവ രണ്ടുമായിരുന്നു ഈ ലേഖനങ്ങളിലെ മുഖ്യപ്രതിപാദ്യ വിഷയം. ആദ്ധ്യാത്മിക ചൈതന്യം ഉൾക്കൊള്ളുന്നതും എളിമ, സഹനം, സ്നേഹം തുടങ്ങിയ സുകൃതങ്ങളെക്കുറിച്ച് വിശദീകരിക്കുന്നതുമായ ഈ ലേഖനങ്ങൾ യഥാർത്ഥത്തിൽ ജീവിത നവീകരണത്തിന് ഉത്തേജനം നൽകുന്നവയാണ്. ലേഖനങ്ങളിൽ പ്രകടമായിരിക്കുന്ന വിശുദ്ധന്റെ തീഷ്ണമായ ദൈവസ്നേഹം, ലൗകിക വസ്തുക്കളോടുള്ള വിരക്തി, രക്തസാക്ഷിത്വം വരിക്കുവാനുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥമായ അഭിലാഷം ഇവ ആദിമ ക്രൈസ്തവർക്ക് വിശ്വാസസംരക്ഷണത്തിന് ഉത്തേജനം പ്രദാനം ചെയ്തു.

റോമിലേക്കുള്ള യാത്രാമദ്ധ്യേ, വിശുദ്ധന് ഭാവുകങ്ങൾ നേരുന്നതിന് എല്ലാ സഭകളും പ്രതിനിധികളെ അയച്ചു. അവരുടെ സ്നേഹത്തിനും അനുകമ്പയ്ക്കും അദ്ദേഹം ഒരോ സഭയ്ക്കും നന്ദി പറയുന്നതോടൊപ്പം ദൈവസ്നേഹത്തിലും വിശുദ്ധിയിലും വളരുന്നതിനും, സഭാധികാരികളെ അനുസരിക്കുന്നതിനും, പാഷണ്ഡതകളിൽ നിന്നകന്ന് ക്രിസ്തീയ വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നതിനും അദ്ദേഹം അവരെ ഉപദേശിക്കുന്നു.

മാമോദീസാ, വിവാഹം, പരി. മാതാവിന്റെ കന്യാത്വം തുടങ്ങിയ ദൈവശാസ്ത്ര വിഷയങ്ങളെപ്പറ്റിയെല്ലാം ഇഗ്നേഷ്യസ് തന്റെ കത്തുകളിൽ ചർച്ച ചെയ്യുന്നുണ്ട്. മെത്രാന്റെ നേതൃത്വത്തിലുള്ള സഭയുടെ നടത്തിപ്പിനെക്കുറിച്ച് അദ്ദേഹം വിശദമായി പ്രതിപാദിക്കുന്നുണ്ട്. “മെത്രാൻ എവിടെയോ, അവിടെയായിരിക്കട്ടെ ആളുകളും. എന്തെന്നാൽ അവിടെയാണു വിശുദ്ധ സഭ” എന്ന അദ്ദേഹത്തിന്റെ പ്രയോഗം ശ്രദ്ധേയമാണ്. അതുപോലെ, സഭയെ ‘കാതോലികം’ എന്ന് ആദ്യമായി വിശേഷിപ്പിച്ചത് ഇഗ്നേഷ്യസാണ്.

ക്രൈസ്തവജീവിതം, അനുദിന ജീവിത വിശുദ്ധീകരണത്തിലൂടെ ധന്യമാക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും വി. ഇഗ്നേഷ്യസ്

www.malankaralibrary.com

വിശദമായി പഠിപ്പിക്കുന്നുണ്ട്. ഐഹിക ജീവിതത്തിന്റെ നശ്വര തയും നിത്യ ജീവിതത്തിന്റെ ശാശ്വത സ്വഭാവത്തേയും അദ്ദേഹം വ്യക്തമാക്കുന്നു. ക്രിസ്തുവിനെ അനുകരിക്കുക, ക്രിസ്തുവിലാ യിരിക്കുക ഇവയാണ് പ്രതീക്ഷാനിർഭരമായി ജീവിക്കുവാൻ ഉപയുക്തങ്ങളായ മാർഗ്ഗങ്ങളായി വിശുദ്ധൻ നിർദ്ദേശിക്കുന്നത്. അങ്ങനെ ക്രൈസ്തവവിശ്വാസം സംരക്ഷിച്ചുകൊണ്ട്, ആദിമ ക്രൈസ്തവസമൂഹത്തിന് ആദ്ധ്യാത്മിക ചൈതന്യം പകർന്നു കൊണ്ട് രക്തസാക്ഷിത്വം വരിച്ച വി. ഇഗ്നേഷ്യസിന്റെ ജീവിത മാതൃക ആധുനിക മനുഷ്യന് വിശ്വാസാധിഷ്ഠിതമായ ഒരു ജീവിതം നയിക്കുവാൻ പ്രചോദനം നൽകുന്നു.

12-ാം നൂറ്റാണ്ട് മുതൽ 1969 വരെ പാശ്ചാത്യസഭ അന്ത്യോക്യാ യിലെ വി.ഇഗ്നേഷ്യസിന്റെ തിരുന്നാൾ ഫെബ്രുവരി മാസം 1-ാം തീയതിയാണ് ആചരിച്ചിരുന്നത്. എന്നാൽ 1969 മുതൽ വിശുദ്ധന്റെ തിരുന്നാൾ ഒക്ടോബർ 17-ാം തീയതിയാണ് ആചരിക്കുന്നത്. സുറി യാനി സഭകളും ഈ ദിവസം തന്നെയാണ് വിശുദ്ധന്റെ തിരുന്നാൾ ആഘോഷിക്കുന്നത്. എന്നാൽ ഗ്രീക്കുസഭകൾ വിശുദ്ധന്റെ തിരുന്നാൾ ഡിസംബർ 20-ാം തീയതി ആചരിച്ചുവരുന്നു.

## 3. ഹിയെരാപ്പൊളിസിലെ പപ്പിയാസ് (+125)

ഏഷ്യാമൈനറിലെ ഹിയെരാപ്പൊളിസ് എന്ന സ്ഥലത്തെ മെത്രാനായിരുന്നു പപ്പിയാസ്. പോളിക്കാർപ്പിന്റെ സുഹൃത്താകുന്ന ഇദ്ദേഹം വിശുദ്ധ യോഹന്നാൻ ശ്ലീഹായുടെ ശിഷ്യനായിരുന്നു വെന്ന് അഭിപ്രായമുണ്ട്. പപ്പിയാസിന്റെ കൃതികളെ സംബന്ധിച്ച് ഹ്രസ്വമായ സാക്ഷ്യങ്ങൾ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളൂ. ഇദ്ദേഹ ത്തിന്റെ കൃതികളിൽ പ്രാധാന്യമർഹിക്കുന്നത്, 'നാഥന്റെ പ്രബോധ നങ്ങളുടെ വിവരണം' എന്ന പേരിൽ എഴുതിയിട്ടുള്ള അഞ്ചു കൃതി കളാണ്. കർത്താവിന്റെ ഉപദേശങ്ങളെയും പ്രവർത്തനങ്ങളെയും കുറിച്ച് സമഗ്രമായി പ്രതിപാദിക്കുക എന്നതായിരുന്നു അദ്ദേഹ ത്തിന്റെ ഉദ്ദേശ്യം. സുവിശേഷങ്ങൾക്കപ്പുറമേ, വാമൊഴിയായി കൈ മാറിയിട്ടുള്ള കാര്യങ്ങൾകൂടി കൂട്ടിച്ചേർത്താണ് പപ്പിയാസ് തന്റെ കൃതി രചിച്ചത്.

പപ്പിയാസിന്റെ അഭിപ്രായം സുവിശേഷകനായ മർക്കോസ് പത്രോസിന്റെ ശിഷ്യൻ മാത്രമാണെന്നും അദ്ദേഹം ഒരിക്കലും

www.malankaralibrary.com

ഈശോയെ ശ്രവിച്ചിട്ടില്ലെന്നുമാണ്. വി. പത്രോസിൽ നിന്നു കേട്ട വിവരങ്ങൾ മാത്രമേ വി. മർക്കോസ് രേഖപ്പെടുത്തിയിട്ടുള്ളൂ. ക്രിസ്തുവിന്റെ പ്രബോധനങ്ങളേയും പ്രവർത്തനങ്ങളെയും പറ്റി മത്തായിശ്ലീഹാ ഹെബ്രായ ഭാഷയിൽ എഴുതിയത് ഒരോരുത്തരും അവരവരാൽ കഴിയുംവിധം വിശദീകരിക്കുക മാത്രമാണ് ചെയ്തതെന്നും അദ്ദേഹം കരുതുന്നു.

## 4. സ്മിർണായിലെ വിശുദ്ധ പോളിക്കാർപ്പ് (+155)

ഏഷ്യാമൈനറിലെ സ്മിർണാ എന്ന സ്ഥലത്തെ മെത്രാനായിരുന്നു പോളിക്കാർപ്പ്. അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസിന്റെ സ്നേഹിതനും, വിശുദ്ധ യോഹന്നാന്റെ ശിഷ്യനുമായിരുന്നു ഇദ്ദേഹം. ചെറുപ്പത്തിലെ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട പോളിക്കാർപ്പ് ഇടയനടുത്ത തന്റെ ചുമതലകൾ വിശ്വസ്തതയോടെ നിർവ്വഹിച്ചിരുന്നതായി ചരിത്രം സാക്ഷിക്കുന്നു. പാരമ്പര്യങ്ങൾ അഭംഗുരം കാത്തുസൂക്ഷിക്കുന്നതിൽ അതിരറ്റ താല്പര്യമാണ് വിശുദ്ധൻ പ്രദർശിപ്പിച്ചിരുന്നത്.

പാശ്ചാത്യ, പൗരസ്ത്യസഭകൾ വ്യത്യസ്ത ദിവസങ്ങളിലായിരുന്നു ഉയിർപ്പു തിരുനാൾ ആഘോഷിച്ചുകൊണ്ടിരുന്നത്. ഇതിനെപ്പറ്റി ഒരു തീരുമാനമെടുക്കുന്നതിനും സഭയിൽ ഐക്യം ഉണ്ടാകുന്നതിനും വേണ്ടി 154-ൽ പോളിക്കാർപ്പ് റോമിലേക്ക് യാത്രയാകുകയും അനിസെറ്റസ് പാപ്പായുമായി ചർച്ച നടത്തുകയും ചെയ്തു. എന്നാൽ, ഇരുവർക്കും ഒരു ആശയസമന്വയത്തിൽ എത്തിച്ചേരുവാൻ കഴിഞ്ഞില്ല.

പല ലേഖനങ്ങൾ പോളിക്കാർപ്പ് എഴുതിയിട്ടുണ്ടെങ്കിലും 'ഫിലിപ്പിയർക്കെഴുതിയ ലേഖന'ത്തെക്കുറിച്ചു മാത്രമേ നമുക്കറിവുള്ളൂ. ഫിലിപ്പിയിലെ സഭ വിശുദ്ധ ഇഗ്നേഷ്യൽ നിന്നും ലഭിച്ചിട്ടുള്ള ലേഖനത്തിന്റെ ഒരു പകർപ്പ് ആവശ്യപ്പെട്ടു. പോളിക്കാർപ്പ് തന്റെ ഒരു ചെറിയ ലേഖനം കൂടി അതോടൊപ്പം ആമുഖമായി ചേർത്ത് അവർക്ക് അയച്ചുകൊടുത്തു. സുകൃതജീവിതത്തിലും ക്രൈസ്തവവിശ്വാസത്തിലും വളരുവാൻ ഫിലിപ്പിയരെ ആഹ്വാനം ചെയ്യുകയാണ് പ്രസ്തുത ലേഖനത്തിലൂടെ. വിവാഹിതർ, വിധവകൾ, യുവാക്കൾ, ഡീക്കന്മാർ, സന്യാസികൾ, കന്യകകൾ തുടങ്ങിയ

www.malankaralibrary.com

വർക്കു വേണ്ട സന്മാർഗ്ഗോപദേശങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. വി. പൗലോസിന്റെയും മറ്റും ലേഖനഭാഗങ്ങൾ ധാരാളം ഉൾക്കൊള്ളിച്ചിട്ടുള്ള പോളിക്കാർപ്പിന്റെ ലേഖനം ഏഷ്യാമൈനറിലുള്ള ദേവാലയങ്ങളിൽ വായിക്കുക സാധാരണമായിരുന്നു. കൂടാതെ, വിശുദ്ധ ഇഗ്നേഷ്യസിന്റെ ലേഖനങ്ങളുടെ വാസ്തവികതയെ സ്ഥാപിക്കുന്നതിനുള്ള ഒരു തെളിവായിട്ടും ഈ കൃതി ആദികാലം മുതൽ തന്നെ ഉപയോഗിച്ചു പോരുന്നുണ്ട്.

അപ്പസ്തോലന്മാർക്കുശേഷമുള്ള പ്രധാന പ്രബോധകരിൽ ഒരാളായ അദ്ദേഹം എൺപത്തിയാറാമത്തെ വയസിൽ രക്തസാക്ഷിത്വം വരിച്ചു. അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ചുള്ള വ്യക്തമായ വിവരണം 'പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വം' എന്ന രേഖയിൽ നിന്നു നമുക്കു ലഭിക്കുന്നുണ്ട്.

✸✸✸

www.malankaralibrary.com

അദ്ധ്യായം 3

# രണ്ടാം നൂറ്റാണ്ടിലെ വിശ്വാസ സംരക്ഷകർ (Apologists)

രണ്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ, മെഡിറ്ററേനിയൻ ലോകത്തിന്റെ രാഷ്ട്രീയവും സാമൂഹ്യവും സാംസ്ക്കാരികവും വൈജ്ഞാനികവുമായ പശ്ചാത്തലത്തിൽ, വിശ്വാസത്തെ വിശദീകരിക്കുവാൻ ശ്രമിച്ച പ്രബോധകരായ പിതാക്കന്മാരെയാണ് വിശ്വാസസംരക്ഷകർ എന്നു വിളിക്കുന്നത്. 'അപ്പോളജിയ' എന്ന ഗ്രീക്കു പദത്തിന്റെ വാച്യാർത്ഥം പ്രതിരോധിക്കുക എന്നാണ്. വിശ്വാസത്തിനെതിരെയുള്ള വെല്ലുവിളികൾ സഭയ്ക്കു നേരിടേണ്ടി വന്നപ്പോൾ, താത്ത്വികമായി വിശ്വാസത്തെ സമർത്ഥിച്ചതിനാലാണ് അപ്പോളജിസ്റ്റുകൾ എന്ന പേരിൽ അവർ അറിയപ്പെടുന്നത്. വിജാതീയ മതങ്ങൾ, റോമാ സാമ്രാജ്യം, യഹൂദമതം എന്നീ മൂന്നു തലങ്ങളിൽ നിന്നാണ് വിശ്വാസത്തിനെതിരെയുള്ള വെല്ലുവിളികൾ സഭയ്ക്കു നേരിടേണ്ടിവന്നത്. സഭയുടെ ആരംഭകാലത്ത് വിശ്വാസ സംരക്ഷകരായി പ്രവർത്തിച്ചവർ പ്രധാനമായും ഗ്രീക്കുകാരായിരുന്നു. അക്കാരണത്താൽ, വിശ്വാസത്തെ വിശദീകരിക്കുവാൻ ഗ്രീക്കുതത്ത്വചിന്തയെ വേണ്ടവിധം അവർ ഉപയോഗപ്പെടുത്തി. ഇത് ദൈവശാസ്ത്രത്തിന്റെ വളർച്ചയിലെ പുതിയൊരു കാൽവയ്പായിരുന്നു.

ജസ്റ്റിൻ, അത്തനാഗോറസ്, അന്ത്യോക്യായിലെ തെയോഫിലസ്, സാർദിസിലെ മെലീറ്റോ, ഇരണേയൂസ് തുടങ്ങിയവരാണ് ഈ ഗണത്തിൽ പ്രധാനമായും അറിയപ്പെടുന്നത്.

www.malankaralibrary.com

## 1. രക്തസാക്ഷിയായ ജസ്റ്റിൻ (c. + 165)

രണ്ടാം നൂറ്റാണ്ടിലെ വിശ്വാസസംരക്ഷകരിൽ പ്രമുഖനാണ് രക്തസാക്ഷിയായ ജസ്റ്റിൻ. വിജാതിയരായ മാതാപിതാക്കളിൽ നിന്നും പലസ്തീനായിലെ ഫ്ളാവിയാനെയാപോളീസ് എന്ന സ്ഥലത്ത് അദ്ദേഹം ജനിച്ചു. ക്രൈസ്തവേതര ദർശനങ്ങളിലൊന്നും സംതൃപ്തനാകാതെ, അവസാനം ഏ. ഡി. 130-ൽ ക്രിസ്തുമതാവലംബിയായി. ദാർശനികനെന്ന നിലയിൽ അനേക സ്ഥലങ്ങൾ ചുറ്റി സഞ്ചരിച്ചശേഷം റോമിലെത്തുകയും അവിടെ ഒരു വിദ്യാകേന്ദ്രം സ്ഥാപിക്കുകയും ചെയ്തു. അവിടെ വച്ച് ഏ. ഡി. 165-ൽ രക്തസാക്ഷി മകുടം ചൂടി.

ജസ്റ്റിൻ അനുഗൃഹീതനായ ഒരു എഴുത്തുകാരനായിരുന്നു. ആധികാരികമായി ആരോപിക്കാവുന്ന മൂന്നു ഗ്രന്ഥങ്ങൾ മാത്രമേ ജസ്റ്റിന്റെ പേരിലുള്ളൂ; രണ്ടു വിശ്വാസ സമർത്ഥനങ്ങളും ഒരു സംവാദവും. കൂടാതെ 'ഗ്രീക്കുകാർക്കെതിരായ സംവാദം', 'സങ്കീർത്തനഗ്രന്ഥം', 'വിജാതീയരോടുള്ള ഉപദേശം', 'ഉയിർപ്പിനെപ്പറ്റി' തുടങ്ങിയ മറ്റനേകം ഗ്രന്ഥങ്ങളും ജസ്റ്റിന്റെ പേരിൽ അറിയപ്പെടുന്നുണ്ട്. മേല്പറഞ്ഞ വിശ്വാസസമർത്ഥനങ്ങൾ രണ്ടും ചക്രവർത്തിയേയും രാജസദസ്സിനേയും അഭിസംബോധന ചെയ്തുകൊണ്ട് വിജാതിയർക്കെതിരെ എഴുതിയിട്ടുള്ളവയാണ്. ക്രൈസ്തവർക്കെതിരെ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ ഖണ്ഡിച്ചശേഷം, ക്രിസ്തുമതത്തിന്റെ യഥാർത്ഥ ചിത്രം വരച്ചുകാട്ടുകയാണ് ആദ്യത്തേതിൽ. ആദ്യത്തേതിന്റെ സമാപനമാണ് രണ്ടാമത്തെ വിശ്വാസ സമർത്ഥനം. യഹൂദരെ ഉദ്ദേശിച്ചെഴുതിയതാണ് അദ്ദേഹത്തിന്റെ മൂന്നാമത്തെ ഗ്രന്ഥമായ 'ട്രീഫോയുമായുള്ള സംവാദം'. പ്രസ്തുത ഗ്രന്ഥത്തിൽ ക്രൈസ്തവർ നിയമധ്വംസകരാണെന്ന ആരോപണത്തെ ജസ്റ്റിൻ നിഷേധിക്കുന്നു.

ആദിമസഭയുടെ ദൈവശാസ്ത്രം, സഭാവിജ്ഞാനീയം, ആരാധനക്രമം മുതലായവയെക്കുറിച്ച് ഏറ്റവും കൂടുതൽ അറിവു ലഭിക്കുന്നത് ജസ്റ്റിന്റെ പ്രബോധനങ്ങളിൽ നിന്നാണ്. ഇദ്ദേഹത്തിന്റെ കൃതികളിൽ കാണുന്ന പ്രധാന ആശയങ്ങൾ താഴെ ചേർക്കുന്നു.

തത്വശാസ്ത്രം അതിൽ തന്നെ അപൂർണ്ണമാണെന്നും, എന്നാൽ

www.malankaralibrary.com

വെളിപാട് അതിൽ തന്നെ പൂർണ്ണമാണെന്നും, പൂർണ്ണമായ വെളിപാട് ക്രിസ്തുമതത്തിൽ മാത്രമേയുള്ളുവെന്നും ജസ്റ്റിൻ പഠിപ്പിച്ചു. ദൈവം മാനുഷിക ഇന്ദ്രിയങ്ങൾക്ക് അതീതനാണെന്നും ദൈവ ത്തേയും മനുഷ്യനേയും യോജിപ്പിക്കുന്ന കണ്ണിയാണ് 'വചന' മെന്നും ഇദ്ദേഹം എഴുതിയിരിക്കുന്നു. മറിയം രണ്ടാമത്തെ ഹവ്വയാണ് എന്ന ആശയം ആദ്യമായി ക്രിസ്തീയസാഹിത്യത്തിൽ അവതരിപ്പിച്ചതും ജസ്റ്റിനാണ്. അതുപോലെ, സഭ യഥാർത്ഥ ഇസ്രായേലാണെന്ന് ജസ്റ്റിൻ സമർത്ഥിക്കുകയും സഭയുടെ ഐക്യവും സാർവ്വത്രികതയും ഊന്നിപ്പറയുകയും ചെയ്തിട്ടുണ്ട്. മാമോദീസാ, വിശുദ്ധ കുർബ്ബാന എന്നിവ പരികർമ്മം ചെയ്തിരുന്ന രീതിയെക്കുറിച്ചു ലഭിച്ചിട്ടുള്ള ഏറ്റവും പുരാതന രേഖകൾ ജസ്റ്റിന്റേതത്രേ. ഇദ്ദേഹത്തിന്റെ വീക്ഷണത്തിൽ മാമോദീസാ സൂചിപ്പിക്കുന്നത് പാപമോചനം, പുനർജ്ജന്മം, പ്രകാശിപ്പിക്കൽ (Illumination), സ്വാതന്ത്ര്യലബ്ധി എന്നിവയാണ്. സൃഷ്ടി, മനുഷ്യരക്ഷ എന്നിവയ്ക്കുള്ള കൃതജ്ഞതാപ്രകാശനമായാണ് വി. കുർബ്ബാനയെ ജസ്റ്റിൻ പരിഗണിച്ചിട്ടുള്ളത്.

## 2. ആതൻസിലെ അത്തനാഗോറസ് (c. + 190)

ആതൻസിലെ ഒരു ക്രൈസ്തവചിന്തകനായിരുന്നു എന്ന തൊഴിച്ചാൽ രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അത്തനാഗോറസിനെ ക്കുറിച്ച് കൂടുതൽ അറിവുകളൊന്നും ലഭിച്ചിട്ടില്ല. ജസ്റ്റിന്റെ സമകാലി കനായിരുന്നു അദ്ദേഹം.

'ക്രിസ്ത്യാനികൾക്കുവേണ്ടിയുള്ള അഭ്യർത്ഥന', 'മരിച്ചവരുടെ ഉയിർപ്പ്' എന്നിവയാണ് അത്തനാഗോറസിന്റെ കൃതികൾ. മികച്ച ഭാഷാശൈലി, അവതരണം എന്നിവ അദ്ദേഹത്തിന്റെ കൃതികളുടെ പൊതുവിലുള്ള സവിശേഷതകളാണ്. ഗ്രീക്കു ദർശനങ്ങൾ, സംസ്ക്കാരം എന്നിവയെക്കുറിച്ച് വ്യക്തമായ അറിവ് അദ്ദേഹത്തി നുണ്ടായിരുന്നു. ഇതിൽ ആദ്യത്തെ കൃതി, മാർക്കുസ് ഔറേലിയൂ സിന്റെയും (161-180) തുടർന്നു സാമ്രാജ്യം ഭരിച്ച അദ്ദേഹത്തിന്റെ പുത്രൻ കൊമ്മോദൂസിന്റെയും (181-192) പക്കൽ ക്രിസ്തുവർഷം 177-ൽ സമർപ്പിച്ച ഒരപേക്ഷയാണ്. ഇതിന്റെ കൈയെഴുത്തുപ്രതി യിൽ 'ആതൻസിലെ ക്രൈസ്തവ തത്വചിന്തകൻ' എന്ന നാമമാണ് തലക്കെട്ടായി കൊടുത്തിരിക്കുന്നത്.

www.malankaralibrary.com

ക്രൈസ്തവർക്കെതിരെയുള്ള ആരോപണങ്ങളെ അത്തനാഗോറസ് ഇതിൽ നിശിതമായി വിമർശിച്ചിട്ടുണ്ട്. പരിശുദ്ധ ത്രിത്വത്തിലെ ഏകത്വം, സുവിശേഷങ്ങളുടെ ദൈവനിവേശിതസ്വഭാവം, ക്രൈസ്തവവിവാഹം, കന്യാത്വം എന്നിവയും അദ്ദേഹത്തിന്റെ പരാമർശങ്ങളിൽ പെടുന്നു.

'മരിച്ചവരുടെ ഉയിർപ്പിനെ'ക്കുറിച്ചുള്ള ഗ്രന്ഥത്തിൽ ഉയിർപ്പിന്റെ അനിവാര്യതയെ തെളിയിക്കാൻ മൂന്നു കാരണങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട് : 1) ബുദ്ധിജീവി എന്ന നിലയ്ക്ക് മനുഷ്യൻ അമർത്ത്യനത്രേ. ആകയാൽ ആത്മാവുമായി യോജിക്കുവാൻ ശരീരം ഉയിർത്തെഴുന്നേൽക്കണം. 2) മരണാനന്തര ജീവിതത്തിൽ ശരീരവും പങ്കുവഹിക്കേണ്ടതുണ്ട്. 3) മനുഷ്യനിലുള്ള ആനന്ദ തൃഷ്ണ ഈ ലോകജീവിതംകൊണ്ട് പൂർണ്ണമായി സംതൃപ്തിപ്പെടുത്താവുന്നതല്ല. ആകയാൽ ഈ തൃഷ്ണയുടെ പൂർത്തീകരണത്തിന് മരണാനന്തര ജീവിതം ആവശ്യമാണ്.

## 3. അന്ത്യോക്യായിലെ തെയോഫിലസ് (+ 180)

അന്ത്യോക്യായിലെ ആറാമത്തെ മെത്രാനായിരുന്നു തെയോഫിലസെന്ന്, എവുസേബിയൂസ് വ്യക്തമാക്കുന്നു. യൂഫ്രട്ടീസ് പ്രദേശത്താണ് അദ്ദേഹം ജനിച്ചത്. ഗ്രീക്കു ദർശനങ്ങളിൽ പ്രാവീണ്യം നേടിയ അദ്ദേഹം നിരന്തരമായ അന്വേഷണത്തിന്റെയും വി. ഗ്രന്ഥപഠനത്തിന്റെയും ഫലമായിട്ടാണ് വിശ്വാസത്തിലേക്കു കടന്നുവന്നത്.

ക്രൈസ്തവവിശ്വാസത്തെ സമർത്ഥിച്ചുകൊണ്ട് വിവിധ കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. എന്നാൽ, വിജാതിയനായ ഔതോലിക്കസിനു എഴുതിയ ഒരു കൃതി (മൂന്നു പുസ്തകങ്ങൾ) മാത്രമേ ഇന്നു നമുക്കു ലഭിച്ചിട്ടുള്ളൂ. ഔതോലിക്കസിന്റെ ആരോപണങ്ങളെ ചെറുക്കുകയും ദൈവം, ദൈവപരിപാലന, ഉയിർപ്പ് എന്നീ വിഷയങ്ങൾ വിവരിക്കുകയാണ് പ്രഥമ ഗ്രന്ഥത്തിൽ. പ്രസ്തുത പുസ്തകത്തിലെ ആശയങ്ങൾ വിപുലീകരിക്കാനും വി. ഗ്രന്ഥമുപയോഗിച്ച് വിജാതീയരുടെ അന്ധവിശ്വാസങ്ങളെയും ഗ്രീക്കു ദാർശനീകരിലുള്ള വിരോധാഭാസങ്ങളെയും എതിർക്കുവാനുള്ള ശ്രമമാണ് രണ്ടാമത്തെ ഗ്രന്ഥത്തിൽ നടത്തിയിരിക്കുന്നത്.

www.malankaralibrary.com

മൂന്നാമത്തെ പുസ്തകത്തിലാകട്ടെ, വിജാതീയരുടെയും ക്രിസ്ത്യാനിയുടെയും ജീവിതം തമ്മിലുള്ള വൈരുദ്ധ്യം വ്യക്തമാക്കുകയും, ക്രിസ്തുമതത്തിന്റെ പൗരാണികത്വത്തേയും അതിന്റെ ലിഖിതങ്ങളേയും പ്രകീർത്തിക്കുകയുമാണു ചെയ്യുന്നത്.

## 4. സാർദിസിലെ മെലിറ്റോ

ഏഷ്യാമൈനറിലെ സാർദിസ് എന്ന സ്ഥലത്തെ മെത്രാനായിരുന്നു മെലിറ്റോ. അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ചു വളരെക്കുറിച്ചു കാര്യങ്ങൾ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളൂ. ഏഷ്യാമൈനറിലെ സഭയുടെ ആദ്യകാല ചരിത്രത്തിൽ പ്രമുഖസ്ഥാനം അലങ്കരിച്ചിരുന്ന ഒരാളായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ച് എവുസേബിയൂസ് തന്റെ സഭാചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മെലിറ്റോ ഒരു വിശ്വാസസമർത്ഥന കൃതി ക്രിസ്തുവർഷം 170–ൽ തയ്യാറാക്കി മാർക്കൂസ് ഔറേലിയൂസ് ചക്രവർത്തിയുടെ പക്കൽ സമർപ്പിച്ചു. ക്രിസ്തുമതം സാമ്രാജ്യത്തിന് ഒരു ഭീഷണിയല്ലെന്നും ഇതു രാജ്യത്തിന് വലിയ ഒരു അനുഗ്രഹമാണെന്നും ഇതിൽ സമർത്ഥിക്കുന്നു. ക്രിസ്തുമതത്തിനും സാമ്രാജ്യത്തിനും തമ്മിൽ സൗഹൃദത്തിൽ കഴിയുവാൻ സാധിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.

മെലിറ്റോയുടെ കൃതികളിൽ ഏതാണ്ട് പൂർണ്ണരൂപത്തിൽ നമുക്കു ലഭിച്ചിട്ടുള്ള ഏകകൃതി പെസഹായെക്കുറിച്ചുള്ള പ്രഭാഷണങ്ങളാണ്. മറ്റു കൃതികൾ എല്ലാം തന്നെ പിൽക്കാലത്തു നഷ്ടപ്പെട്ടു. പ്രസ്തുത പ്രഭാഷണങ്ങൾ ദൈവശാസ്ത്രപരമായി വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. അതിൽ പെസഹായുടെ ദൈവശാസ്ത്രപരവും ആരാധനാക്രമപരവുമായ പ്രാധാന്യം എടുത്തു കാട്ടുന്നു. പഴയനിയമ പെസഹാ ഒരു സാദൃശ്യമാണ് (type). മിശിഹായുടെ പീഡാസഹനത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയുമാണ് ഇതു പൂർത്തിയായത്. പുറപ്പാടു സംഭവവും പഴയനിയമ പെസഹാ ആചരണവും (പുറപ്പാട് 12) മിശിഹായുടെ രക്ഷാകര പ്രവർത്തനങ്ങളുടെ സാദൃശ്യമാണ്. ഈശോയെ യഥാർത്ഥ പെസഹാ കുഞ്ഞാടായും അവിടുത്തെ മരണത്തെ പുതിയ പെസഹാബലിയായും ഇതിൽ അവതരിപ്പിക്കുന്നു.

www.malankaralibrary.com

ഇപ്രകാരം, മിശിഹായുടെ രക്ഷാകര പ്രവർത്തനങ്ങളെ മുഴുവൻ പഴയനിയമ പെസഹായോടു ബന്ധപ്പെടുത്തി മെലിറ്റോ അവതരിപ്പിക്കുന്നു.

## 5. ലിയോൺസിലെ വി. ഇരെണെയൂസ് (c. 140-202)

രണ്ടാം നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട ദൈവശാസ്ത്രജ്ഞനും, സാർവ്വത്രികസഭയുടെ വിശ്വാസ സംരക്ഷകനുമായിരുന്നു ഇരെണെയൂസ്. ഏഷ്യാമൈനറിലെ സ്മിർണായായിൽ ഏ.ഡി.140-ൽ അദ്ദേഹം ജനിച്ചുവെന്ന് കരുതപ്പെടുന്നു. സ്മിർണായിലെ വി. പോളിക്കാർപ്പിന്റെ ശിഷ്യനായിരുന്നു ഇരണെയൂസ്. റോമൻ ചക്രവർത്തിയായിരുന്ന മാർക്കൂസ് ഔറേലിയൂസിന്റെ (161-180) കാലത്ത് ലിയോൺസിലെ ദേവാലയത്തിന്റെ ഭരണഭാരം ഇദ്ദേഹത്തിൽ നിഷിപ്തമായി. മോൺടാനിസം (Montanism) എന്ന പാഷണ്ഡത പ്രബലമായിരുന്ന അവസരത്തിൽ ഒരു ദൗത്യവാഹകനായി 177-ൽ ഇരണെയൂസ് റോമിലേക്ക് അയയ്ക്കപ്പെട്ടു. പിന്നീട് രക്തസാക്ഷിത്വം വരിച്ച ഫൊത്തീനുസിന്റെ പിൻഗാമിയായി ഗാൾ പ്രവിശ്യയിൽപ്പെട്ട (ഫ്രാൻസ്) ലിയോൺസിന്റെ മെത്രാനായി. ജ്ഞാനവാദത്തെ ഉന്മൂലനം ചെയ്യുവാൻ തന്റെ ഔദ്യോഗികസ്ഥാനവും കഴിവും അദ്ദേഹം വിനിയോഗിച്ചു. ഉയിർപ്പു തിരുനാളിനെക്കുറിച്ചുണ്ടായ വിവാദത്തെ തുടർന്ന് ഏഷ്യയിലെ ഏതാനും മെത്രാന്മാരെ വിക്ടർ ഒന്നാമൻ മാർപാപ്പ (189-199) സഭാഭ്രഷ്ടരാക്കി. ഇത് സഭയിൽ വമ്പിച്ച കോളിളക്കം സൃഷ്ടിച്ചു. ഇരണെയൂസ് ഇവരെയെല്ലാം രമ്യപ്പെടുത്തുവാനും, സഭാന്തരീക്ഷം സമാധാനപരമാക്കുവാനും അക്ഷീണം പരിശ്രമിച്ചു. അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ച് വ്യക്തമായ രേഖകൾ ഒന്നും തന്നെ നമുക്കു ലഭിച്ചിട്ടില്ല. എ. ഡി. 202-ൽ അദ്ദേഹം രക്ഷസാക്ഷിയായി നിര്യാതനായെന്നു വിശ്വസിക്കപ്പെടുന്നു.

ഇരണെയൂസ് രചിച്ച മുഖ്യകൃതികൾ രണ്ടെണ്ണം മാത്രമേ ഇന്ന് പൂർണ്ണമായി സൂക്ഷിക്കപ്പെടുന്നുള്ളൂ. 'പാഷണ്ഡതകൾക്ക് എതിരെ' (Against Heresies) എന്നാണ് അദ്ദേഹത്തിന്റെ മുഖ്യകൃതിക്കു കൊടുത്തിരിക്കുന്ന തലക്കെട്ട്. അഞ്ചു പുസ്തകങ്ങളിലായിട്ടാണ് ഇത് എഴുതിയിരിക്കുന്നത്. ഉദ്ദേശം 180-ലാണ് ഇതു വിരചിതമായത്. ആദ്യത്തെ രണ്ടു പുസ്തകങ്ങൾ ജ്ഞാനവാദത്തിന്റെ ഉത്ഭവത്തെ

www.malankaralibrary.com

ക്കുറിച്ച് വിവരിക്കുന്നു. വിവിധ ജ്ഞാനവാദ വിഭാഗങ്ങളുടെ പ്രബോധനങ്ങൾ ഈ ഭാഗത്ത് അപഗ്രഥിക്കുന്നുണ്ട്. മറ്റു മൂന്നു പുസ്തകങ്ങളിൽ സത്യവിശ്വാസം എന്താണെന്ന് വിശദീകരിക്കുന്നു. സഭയുടെ പ്രാരംഭകാല വിശ്വാസം മനസ്സിലാക്കുവാനുള്ള ഒരു പ്രധാന സ്രോതസാണ് പ്രസ്തുത കൃതി.

'ശ്ളൈഹിക പ്രബോധനത്തിന്റെ വിശദീകരണം' (The Demonstration of the Apostolic Teachings) എന്ന രണ്ടാമത്തെ ഗ്രന്ഥം ക്രിസ്തീയ വിശ്വാസസംഹിതയാണ്. ഇതിലെ ആദ്യത്തെ മൂന്നദ്ധ്യായങ്ങളിൽ, എഴുതുന്നതിനുള്ള കാരണവും, 4 മുതൽ 42 വരെ അദ്ധ്യായങ്ങളിൽ പരിശുദ്ധ ത്രിത്വം, സൃഷ്ടി, മനുഷ്യാവതാരം എന്നിവ സംബന്ധിച്ച ക്രൈസ്തവാശയങ്ങളും 42 മുതൽ 97 വരെയുള്ള അദ്ധ്യായങ്ങളിൽ ക്രിസ്തുമതത്തിന്റെ വാസ്തവികതയ്ക്കുള്ള തെളിവുകളാണ് ഇരണെയൂസ് ചർച്ച ചെയ്തിട്ടുള്ളത്. ക്രൈസ്തവോചിതമായി ജീവിക്കുവാനുള്ള ആഹ്വാനത്തോടെ അദ്ദേഹം ഈ കൃതി ഉപസംഹരിക്കുന്നു.

പാഷണ്ഡതകളുടെ നശീകരണത്തിനും, സഭയുടെ സത്യവിശ്വാസം സംരക്ഷിക്കുന്നതിനും ഇരണെയൂസിന്റെ കൃതികൾ സഹായകമായി. കൂടാതെ ദൈവശാസ്ത്രത്തെ വ്യവസ്ഥാപിതമായി അവതരിപ്പിക്കുന്ന രീതി സമാരംഭിച്ചതും പ്രചരിപ്പിച്ചതും ഇരണെയൂസ് ആണെന്നു പറയേണ്ടിയിരിക്കുന്നു.

✸✸✸

www.malankaralibrary.com

അദ്ധ്യായം 4

# അലക്സാണ്ഡ്രിയായിലെ മതാദ്ധ്യാപനാലയം

ബി. സി. 331-ൽ മഹാനായ അലക്സാണ്ടർ ചക്രവർത്തി സ്ഥാപിച്ചതാണ് അലക്സാണ്ഡ്രിയാ എന്ന നഗരം. സംസ്ക്കാരത്തിന്റെയും വിജ്ഞാനത്തിന്റെയും വ്യാപാരബന്ധങ്ങളുടെയും കാര്യത്തിൽ മറ്റെതൊരു നഗരത്തെക്കാളും മുൻപന്തിയിലായിരുന്നു അലക്സാണ്ഡ്രിയാ. കാലക്രമേണ അലക്സാണ്ഡ്രിയാ ഈജിപ്റ്റിന്റെ തലസ്ഥാനനഗരിയായിതീർന്നു. ക്രിസ്തുമതത്തിന്റെ ആരംഭദശയിൽ തന്നെ അലക്സാണ്ഡ്രിയായിലും സഭ രൂപംകൊണ്ടു. ശാസ്ത്രസാഹിത്യ വിഷയങ്ങളിൽ നിപുണരായിരുന്ന അനേകർ ക്രിസ്തുമതത്തെ ആശ്ലേഷിച്ചു. കാലക്രമേണ വിശുദ്ധരും വിജ്ഞാനികളുമായ സഭാംഗങ്ങളുടെ ശ്രമഫലമായി ഒരു മതാദ്ധ്യാപനാലയം അലക്സാണ്ഡ്രിയായിൽ ഉയർന്നുവന്നു. അങ്ങനെ ക്രൈസ്തവ സഭാചരിത്രത്തിലെ ആദ്യത്തെ പ്രമുഖ ബൗദ്ധിക കേന്ദ്രമാണ് രണ്ടാം നൂറ്റാണ്ടിൽ (c. 185 എ. ഡി.) സ്ഥാപിതമായ ഈ മതാദ്ധ്യാപനാലയം. ക്രൈസ്തവവിശ്വാസം സ്വീകരിച്ച വിജാതിയരെ വിശ്വാസ സംബന്ധമായ കാര്യങ്ങൾ പഠിപ്പിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തിയാണിത് സ്ഥാപിച്ചത്.

പ്രഗത്ഭരായ ധാരാളം സഭാപിതാക്കന്മാരെ അലക്സാണ്ഡ്രിയായിലെ മതാദ്ധ്യാപനാലയം സഭയ്ക്ക് സംഭാവന ചെയ്തിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ഏതാനുംപേരെ മാത്രമേ ഇവിടെ അവതരിപ്പിക്കുന്നുള്ളു.

www.malankaralibrary.com

## 1. പന്തേനുസ് (c. +200)

എവുസേബിയൂസിന്റെ സാക്ഷ്യപ്രകാരം പന്തേനുസാണ് അലക്സാണ്ഡ്രിയായിൽ മതാദ്ധ്യാപനാലയത്തിന്റെ സ്ഥാപകൻ. ഇദ്ദേഹം ആതൻസുകാരനാണെന്നും ഒരു മിഷനറിയായി ഇൻഡ്യയിൽ വന്നിട്ടുണ്ടെന്നും പാരമ്പര്യമുണ്ട്. വിശുദ്ധഗ്രന്ഥം ആലങ്കാരികമായി (allegorical) വ്യാഖ്യാനിക്കുവാൻ ഇദ്ദേഹം ശ്രമിച്ചു. രചനകളിൽ നല്ലൊരു ഭാഗം ചോദ്യോത്തര രൂപത്തിലാണ്. രചനകളുടെ ലക്ഷ്യം സാഹിത്യപരമെന്നതിനേക്കാൾ മതബോധനമായിരുന്നു. പന്തേനുസിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

## 2. അലക്സാണ്ഡ്രിയായിലെ വിശുദ്ധ ക്ലെമന്റ് (c. 150-215)

ഏ. ഡി. 150-ാമാണ്ടിൽ ക്ലെമന്റ് ആതൻസിൽ ജനിച്ചുവെന്നു കരുതപ്പെടുന്നു. ഇറ്റലി, പലസ്തീനാ, ഗ്രീസ് എന്നിവിടങ്ങളിൽ ചുറ്റി സഞ്ചരിച്ചതിനുശേഷം 200-ൽ അലക്സാണ്ഡ്രിയായിലെത്തി പന്തേനുസിന്റെ ശിഷ്യത്വം സ്വീകരിച്ചു. പിന്നീട് അലക്സാണ്ഡ്രിയൻ മതപഠനശാലയുടെ അദ്ധ്യക്ഷനായിതീർന്നു. ഇതോടുകൂടി, അറിയപ്പെടുന്ന ഒരു ബൗദ്ധികകേന്ദ്രമായി അതു വളർന്നു തുടങ്ങി. റോമൻ ചക്രവർത്തിയായ സെപ്തിമിയൂസ് സെവേരൂസിന്റെ (193-210) മതമർദ്ദനകാലത്ത്, അദ്ദേഹം കപ്പദോച്ചിയായിൽ അഭയം പ്രാപിച്ചു. അതിനുശേഷം അലക്സാണ്ഡ്രിയായിലേക്ക് അദ്ദേഹം മടങ്ങിയെത്തിയില്ല. എ. ഡി. 215-ൽ അദ്ദേഹം നിര്യാതനായി എന്നു കരുതപ്പെടുന്നു.

ഗ്രീക്കു തത്വശാസ്ത്രത്തിൽ പ്രാവീണ്യം സിദ്ധിച്ച പണ്ഡിതൻ, ക്രൈസ്തവ വിശ്വാസ സംരക്ഷകൻ, ദൈവശാസ്ത്രജ്ഞൻ, മിസ്റ്റിക് എന്നീ നിലകളിൽ അനേകം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ഇതിൽ പ്രധാനമാണ് 'ട്രിലോഗി' എന്ന കൃതി. പ്രസ്തുത കൃതിക്ക് മൂന്നു ഭാഗങ്ങളുണ്ട്. 1) പ്രൊട്രേപ്ത്തിക്കസ്: ഇതിൽ വിദ്യാസമ്പന്നരെ ക്രിസ്തുമതത്തിലേക്ക് ആകർഷിക്കുന്നതിന് അദ്ദേഹം ശ്രമിക്കുന്നു. പ്ലേറ്റോയെപ്പോലുള്ള ചിന്തകർ സത്യത്തിന്റെ പാതയിലാണെന്നും പൂർണ്ണമായ ജ്ഞാനം 'ലോഗോസി' (ക്രിസ്തുവി)ന്റെ ആഗമനത്തോടുകൂടിയാണ് പ്രാപ്യമായതെന്നും

www.malankaralibrary.com

അദ്ദേഹം പഠിപ്പിക്കുന്നു. 2) പെഡഗോഗുസ്: ഈ ഭാഗത്ത് ക്രൈസ്തവപ്രബോധനങ്ങളെപ്പറ്റി കൂടുതൽ അറിവു നൽകുന്നു. ലോഗോസ് നമുക്കു നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശം ജീവിതത്തിൽ പകർത്തുകയാണ് നമ്മുടെ കർത്തവ്യം. 3) സ്ട്രോമാത്ത: അക്രൈസ്തവർക്കുവേണ്ടി എഴുതിയിരിക്കുന്ന ഒന്നാണീ ഭാഗം. ഇവ കൂടാതെ വേറെ ചില ചെറിയ ഗ്രന്ഥങ്ങളും അദ്ദേഹത്തിന്റേതായുണ്ട്.

ക്ലെമന്റിന്റെ വീക്ഷണത്തിൽ പരിപൂർണ്ണതയ്ക്ക് ത്രിവിധ ഘടകങ്ങളുണ്ട്. (എ) പരിശുദ്ധമായ നിസംഗത (Holy Indifference) (ബി) പരസ്നേഹം (Charity) (സി) യഥാർത്ഥ ജ്ഞാനം (Gnosis). യഥാർത്ഥ ജ്ഞാനസമ്പാദനത്തിന്റെയും ധ്യാനത്തിന്റെയും പ്രാധാന്യം അദ്ദേഹം വളരെയധികം ഊന്നിപ്പറയുന്നുണ്ട്. അലക്സാണ്ഡ്രിയായുടെ ബൗദ്ധിക നിലവാരം ഉയരുന്നതിന് ഇതു കാരണമായി.

പഴയനിയമത്തിലൂടെ യഹൂദർ ക്രിസ്തുമതത്തിലേക്ക് ആനയിക്കപ്പെട്ടതുപോലെ, വിജാതീയർ തത്വശാസ്ത്രത്തിലൂടെ ക്രിസ്ത്വനുയായികളായി തീരണമെന്നായിരുന്നു ക്ലെമന്റിന്റെ വാദം. ആദ്ധ്യാത്മിക സോപാനത്തിന്റെ അടിസ്ഥാനം വിശ്വാസമാണെന്നും, തത്വശാസ്ത്രത്തിന്റെ സഹായംകൊണ്ടു മാത്രമേ പ്രസ്തുത വിശ്വാസം യഥാർത്ഥ ജ്ഞാനത്തിന്റെ വിലയിലേക്കുയരുകയുള്ളുവെന്നും അദ്ദേഹം കരുതിയിരുന്നു.

## 3. അലക്സാണ്ഡ്രിയായിലെ ഒരിജൻ (185–254)

ഗ്രീക്കു ഭാഷയിൽ ദൈവശാസ്ത്രകൃതികൾ രചിച്ച ആദിമ സഭയിലെ ചിന്തകരിൽ വച്ച് ഏറ്റവും പ്രമുഖനാണ് അലക്സാണ്ഡ്രിയായിലെ ഒരിജൻ. അലക്സാണ്ഡ്രിയായിലെ മതാദ്ധ്യാപനാലയം കീർത്തിയുടെ പാരമ്യത്തിൽ എത്തിച്ചേർന്നത് അദ്ദേഹത്തിന്റെ കാലത്താണ്. ക്രൈസ്തവ മാതാപിതാക്കളിൽ നിന്നു എ. ഡി. 185–ൽ ജനിച്ച ഒരിജൻ, ചെറുപ്പം മുതലേ വി. ഗ്രന്ഥവും സഭാപാരമ്പര്യങ്ങളും മനസ്സിലാക്കിയിരുന്നു. മാത്രമല്ല, ഗ്രീക്കു തത്ത്വചിന്തകളിലും ശാസ്ത്രവിഷയങ്ങളിലും അദ്ദേഹം അവഗാഹം നേടിയിരുന്നു. പതിനെട്ടു വയസ്സു മാത്രമുള്ളപ്പോഴാണ് പ്രസ്തുത വിദ്യാപീഠത്തിന്റെ നേതൃസ്ഥാനത്തേക്ക് അദ്ദേഹം നിയോഗിക്കപ്പെട്ടത്. അന്നത്തെ

www.malankaralibrary.com

അലക്സാണ്ഡ്രിയായിലെ മെത്രാനായ ദെമത്രിയൂസാണ് ഈ ഉത്തരവാദിത്വം അദ്ദേഹത്തെ ഏല്പിച്ചത്. ഇതോടുകൂടി സഭയുടെ നിയന്ത്രണത്തിലുള്ള ഒരു ഔദ്യോഗിക വിദ്യാപീഠമായി ഇത് ഉയർത്തപ്പെട്ടു. ക്രൈസ്തവവിശ്വാസം കൂടുതലായി മനസ്സിലാക്കുന്നതിനും പഠിപ്പിക്കുന്നതിനുമായി റോമാ, അറേബ്യ തുടങ്ങിയ ദൂരെ സ്ഥലങ്ങളിൽ ഒരിജൻ യാത്ര ചെയ്തിട്ടുണ്ട്.

215-ൽ ഒരിജൻ ചെയ്ത ഒരു പ്രസംഗവും, 230-ൽ ജറുസലേമിലേയും കേസറിയായിലും മെത്രാന്മാരിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചതും, സ്വന്തം മെത്രാനായ ദെമത്രിയൂസിന്റെ അപ്രീതിക്ക് കാരണമായി. അതിനാൽ, കേസറിയാ കേന്ദ്രമാക്കി വേറൊരു വിദ്യാകേന്ദ്രം ഒരിജൻ സമാരംഭിക്കുകയും 231 മുതൽ 254 വരെ അദ്ദേഹം അവിടെ പഠിപ്പിക്കുകയും ചെയ്തു. റോമൻ ചക്രവർത്തിയായ ദേച്ചിയൂസിന്റെ മതപീഡനകാലത്ത് (എ.ഡി. 251) ഇദ്ദേഹം മർദ്ദിതനും ബന്ധനസ്ഥനുമായി. 69-ാമത്തെ വയസ്സിൽ ഫൊനീഷ്യായിലെ ടയറിൽ വച്ച് ഒരിജൻ മരിച്ചു. അദ്ദേഹം പൂർണ്ണമായും ഒരു താപസജീവിതമാണു നയിച്ചിരുന്നത്.

## മുഖ്യകൃതികൾ

ആദ്യകാല സഭാപിതാക്കന്മാരിൽ വച്ച് ഏറ്റവും കൂടുതൽ കൃതികൾ രചിച്ചിട്ടുള്ളത് ഒരിജനാണ്. ലിഖിതങ്ങളിൽ ചെറിയൊരു ഭാഗം മാത്രമേ ഇന്നു ലഭിച്ചിട്ടുള്ളൂ. അവയിൽ പകുതിയും ഗ്രീക്കുഭാഷയിലാണ്; ബാക്കിയുള്ളവ ലത്തീൻ ഭാഷയിലും. ജസ്റ്റീനിയന്റെ വിളംബരം (എ.ഡി. 543) അഞ്ചാം സാർവ്വത്രിക സൂനഹദോസിന്റെ തീരുമാനം (553) എന്നിവ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ നശിപ്പിക്കുന്നതിന് പ്രേരകമായി. ഒരിജന്റെ ഗ്രന്ഥങ്ങൾ വളരെയധികം വിശമർശനങ്ങൾക്കും തെറ്റിദ്ധാരണകൾക്കും ഹേതുവായിട്ടുണ്ട്. ആദ്യമായി ഒരു ക്രൈസ്തവ ദൈവശാസ്ത്ര സംഗ്രഹം സഭയ്ക്കു പ്രദാനം ചെയ്ത വ്യക്തി എന്ന നിലയിൽ ഒരിജൻ അഗ്രഗണ്യനാണ്. കൃതികൾ കൊണ്ടും പ്രബോധനങ്ങൾ കൊണ്ടും സഭാചരിത്രത്തെ വളരെയധികം സ്വാധീനിച്ച സഭാപിതാവാണ് ഒരിജൻ. അദ്ദേഹത്തോടുള്ള ആദരവും വിധേയത്വവും കൂടുതൽ നാൾ നിലനിന്നത് പാശ്ചാത്യരുടെ ഇടയിലാണ്.

www.malankaralibrary.com

**വിശുദ്ധ ഗ്രന്ഥപരം:**

ഈ ഗണത്തിൽപ്പെട്ട കൃതികളിൽ ഏറ്റവും പ്രസിദ്ധിയാർജിച്ച താണ് 'ഹെക്സപ്ല' (Hexapla). ആറു സമാന്തര കോളങ്ങളിലായി വിശുദ്ധ ഗ്രന്ഥത്തിന്റെ വിവിധ പരിഭാഷകൾ ക്രമീകരിച്ചിരിക്കുക യാണിതിൽ. ഒന്നാമത്തെ കോളത്തിൽ ഹെബ്രായ ബൈബിൾ (പഴയനിയമം) ഹെബ്രായ ഭാഷയിലും രണ്ടാമത്തെ കോളത്തിൽ അതിന്റെ ഗ്രീക്കു പരിഭാഷയുമാണുള്ളത്. തുടർന്നു വരുന്ന നാലു കോളങ്ങളിൽ 'അക്വീല', 'സിമാക്കുസ്', 'സെപ്ത്വജിന്ത്', 'തെയോ ഡോസിയൻ' എന്നിവയുടെ ഗ്രീക്കു പരിഭാഷകൾ യഥാക്രമം ചേർത്തിരിക്കുന്നു.

ഒരിജന്റെ വിശുദ്ധ ഗ്രന്ഥത്തിലതിഷ്ഠിതമായ ഇതര കൃതികളെ മൂന്നായി തരംതിരിക്കാം: (എ) 'സ്ക്കോളിയ' (Scholia): വിശുദ്ധ ഗ്രന്ഥത്തിലെ വിഷയപ്രശ്നങ്ങൾ ഇതിൽ ചർച്ച ചെയ്യപ്പെടുന്നു; (ബി) മതപ്രസംഗങ്ങൾ (Homilies); (സി) ഭാഷ്യങ്ങൾ (Commentaries). വിശുദ്ധ ഗ്രന്ഥത്തിന്റെ വാച്യാർത്ഥപരവും ചരിത്രപരവുമായ അർത്ഥത്തേക്കാൾ ആലങ്കാരികമായ അർത്ഥത്തിനാണ് അദ്ദേഹം പ്രാധാന്യം നൽകിയത്.

**വിശ്വാസസംരക്ഷണാർത്ഥമുള്ളവ:**

ക്രിസ്തുമതത്തെ അധിക്ഷേപിച്ചുകൊണ്ട് ചെൽസുസ് (2nd c) 'അലെതെസ് ലോഗോസ്' എന്ന പേരിൽ ഒരു ഗ്രന്ഥമെഴുതി. അതിലെ ആരോപണങ്ങളെയെല്ലാം നിശതമായി എതിർത്തുകൊണ്ട് ഒരിജനെഴുതിയ ഗ്രന്ഥമാണ് 'ചെൽസുസിനെതിരെ' (Contra Celsus). ഒരിജൻ വിശ്വാസസംരക്ഷണാർത്ഥം എഴുതിയിട്ടുള്ള കൃതികളിൽ വച്ച് ഏറ്റവും പ്രധാനപ്പെട്ടതാണ് പ്രസ്തുത ഗ്രന്ഥം.

**സൈദ്ധാന്തിക സ്വഭാവമുള്ളവ:**

ഈ കൃതികളിൽ വച്ച് ഏറ്റവും പ്രധാനപ്പെട്ടത് 'ആദ്യപ്രമാണ ങ്ങളെക്കുറിച്ച്' എന്ന ഗ്രന്ഥമാണ്. എ. ഡി. 230–ൽ അലക്സാണ്ഡ്രി യായിൽ വച്ച് ഇതെഴുതപ്പെട്ടതായി കരുതപ്പെടുന്നു. ഇതിലെ പുരോഗമനാശയങ്ങൾ വിമർശനപരമാണെങ്കിലും പ്രസ്തുത ഗ്രന്ഥമാണ് ഒരിജന് അംഗീകാരം നേടിക്കൊടുത്തത്.

www.malankaralibrary.com

ഇതിന് നാലു ഭാഗങ്ങളുണ്ട്: അവ യഥാക്രമം (എ) 'ദൈവവും അരൂപികളുടെ ലോകവും'; (ബി) 'ലോകവും മനുഷ്യനും', 'മനുഷ്യന്റെ രക്ഷ', അവന്റെ അന്ത്യം; (സി) മനുഷ്യന്റെ സ്വാതന്ത്ര വും നന്മയുടെ അന്തിമ വിജയവും; (ഡി) വിശുദ്ധ ഗ്രന്ഥവ്യാഖ്യാനം എന്നിവയാണ്.

**ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ:**

'പ്രാർത്ഥന', 'കർത്തൃപ്രാർത്ഥന' എന്നിവ സംബന്ധിച്ച പഠനങ്ങളും, 'രക്തസാക്ഷിത്വത്തിനുള്ള ആഹ്വാന'വും ആണ് ഈ വിഭാഗത്തിൽപ്പെട്ട കൃതികൾ.

## മുഖ്യപ്രബോധനങ്ങൾ

**വി. ഗ്രന്ഥം:** ഒരിജന്റെ കൃതികളിൽ വി.ഗ്രന്ഥം മഹനീയ സ്ഥാനമലങ്കരിക്കുന്നു. സുവിശേഷങ്ങളുടെ ചരിത്രപരതയെക്കുറിച്ച് ചെൽസൂസിനുണ്ടായിരുന്ന വികല ധാരണകൾ ഒരിജൻ തിരുത്തി. വിശുദ്ധ ഗ്രന്ഥത്തിലെ ഒരോ വാകൃത്തിനും വാച്യാർത്ഥത്തിനു പുറമേ, ധാർമ്മികവും ആദ്ധ്യാത്മികവുമായ അർത്ഥവും കൂടിയുണ്ട്. പരിശുദ്ധാത്മാവിന്റെ സഹായം കൂടാതെ, മാനുഷിക വിജ്ഞാനം കൊണ്ടു മാത്രം വിശുദ്ധ ഗ്രന്ഥ വ്യാഖ്യാനം സാദ്ധ്യമല്ല. ചരിത്ര ത്തിന്റെ കേന്ദ്രബിന്ദു ക്രിസ്തുവത്രേ. പഴയനിയമത്തിന്റെ പ്രാധാന്യം ക്രിസ്തുവിനോടുള്ള അതിന്റെ ബന്ധത്തിലാണ് അധിഷ്ഠിതമായിരി ക്കുന്നത്. പാരമ്പര്യത്തിന്റെ മൂല്യം ഒരിജൻ ഊന്നിപ്പറഞ്ഞു.

**ദൈവവിജ്ഞാനിയം:** 'അരൂപി', 'പ്രകാശം', 'മനസ്സുകളുടെ ഉറവിടം' എന്നിങ്ങനെയാണ് ഒരിജൻ ദൈവത്തെ വിഭാവനം ചെയ്യുന്നത്. ദൈവത്തെക്കുറിച്ചുള്ള സ്റ്റോയിക്ക് ചിന്തകൾ അദ്ദേഹം നിരസിച്ചു. ഒരിജന്റെ വാക്കുകളിൽ സ്ഥലകാല പരിമിതികൾക്ക് അതീതനാണ് ദൈവം; അവിടുന്ന് എല്ലായിടത്തുമുണ്ട്; എന്നാൽ ഒരിടത്തുമില്ല. അവിടുന്ന് അചഞ്ചലനാണ്, സ്വിതപ്രജ്ഞനാണ്. ദൈവം കാരുണ്യവാനും സ്നേഹനിധിയുമാണ്. ക്രിസ്തുവാണ് ഒരിജന്റെ ദൈവശാസ്ത്രത്തിലെ കേന്ദ്രബിന്ദു. ത്രിത്വത്തിലെ രണ്ടാ മാളായ പുത്രൻ പിതാവിനോടു തുല്യനും നിത്യനുമാണ്; പുത്ര നോടും പരിശുദ്ധാത്മാവിനോടും ഒരുവന് പ്രാർത്ഥിക്കാമെങ്കിലും

www.malankaralibrary.com

ക്രിസ്തുവിന്റെ നാമത്തിൽ പിതാവിനോടു പ്രാർത്ഥിക്കുന്നതാണ് ശ്രേഷ്ഠമായ പ്രാർത്ഥന.

**സഭാവിജ്ഞാനീയം:** ക്രിസ്തുമതമാണ് മനുഷ്യനു സ്വീകരിക്കാവുന്നതിൽ ഏറ്റവും നല്ല മതം. സഭയിൽ 'വചനം' (logos) ഒരോ വ്യക്തിയേയും അവനവന്റെ കഴിവുകളനുസരിച്ച് പ്രകാശിപ്പിക്കുന്നു. മനുഷ്യന്റെ പ്രവൃത്തികൾക്കനുസരണമാണ് സമ്മാനമോ ശിക്ഷയോ ലഭിക്കുന്നത്. രക്ഷിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്ന എല്ലാ മനുഷ്യരും സ്വീകരിക്കേണ്ടത് ക്രിസ്തു സ്ഥാപിതമായ സഭയെയാണ്. സഭയിൽ ദൈവസുതനെ സംബന്ധിച്ച എല്ലാ അറിവുകളും ഒരോരുത്തർക്കും ലഭിക്കുന്നത് സുവിശേഷങ്ങളിൽ കൂടിയാണ്. ഭൂമിയിലെ ദൈവനഗരമാണ് സഭയെന്ന് ആദ്യമായി പഠിപ്പിച്ചത് ഒരിജനാണ്.

**യുഗാന്ത്യോന്മുഖത:** വ്യക്തികളുടെ ഈ ലോകജീവിതത്തിലെ നിലവാരമനുസരിച്ച് ഭാവി ജീവിതത്തിലും അവർ തരംതിരിക്കപ്പെടുമെന്നും സ്വന്തം തെറ്റുകളുടെ ഉത്തരവാദിത്വവും ഹീനതയും ബോദ്ധ്യപ്പെടുന്നതുവരെ ദുഷ്ടന്മാർ ശിക്ഷിക്കപ്പെടുമെന്നും മറ്റുമുള്ള വി. ക്ലെമന്റിന്റെ ആശയങ്ങൾ വിശദീകരിക്കുവാനാണ് ഒരിജൻ പരിശ്രമിച്ചത്. എന്നാൽ, ദൈവത്തിന് ഒന്നിനേയും വെറുക്കുവാൻ സാദ്ധ്യമല്ലാത്തതുകൊണ്ടും തിന്മയ്ക്കു പകരം തിന്മ ചെയ്യുക ദൈവസ്വഭാവത്തിനെതിരായതുകൊണ്ടും അക്ഷയമായ അരൂപികളെ നശിപ്പിക്കുക അസാദ്ധ്യമായതുകൊണ്ടും ശിക്ഷ ശാശ്വതമായിരിക്കുകയില്ലെന്നു ഒരിജൻ പഠിപ്പിച്ചു. ഈ പ്രബോധനത്തെ (Apokatastasis) സഭ ഔദ്യോഗികമായി നിഷേധിച്ചിട്ടുള്ളതാണ്.

## 4. ജൂലിയസ് ആഫ്റിക്കാനുസ് (+c. 241)

ജറുസലേമിലാണ് ജൂലിയസ് ജനിച്ചത്. റോമൻ ചക്രവർത്തിയായ സെപ്തിമൂസ് സെവരുസിന്റെ (193–211) സൈന്യത്തിലെ ഒരു ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹമെന്നു കരുതപ്പെടുന്നു. 211-ൽ അലക്സാണ്ഡ്രിയാ സന്ദർശിച്ച ഇദ്ദേഹം അവിടുത്തെ മതാദ്ധ്യാപകനായിരുന്ന ഹെറാക്ലസിന്റെ പ്രബോധനങ്ങൾ ശ്രവിക്കുകയും താമസിയാതെ ഒരിജന്റെ സ്നേഹിതനായി തീരുകയും ചെയ്തു. ഒരിജന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് ജൂലിയസ് വളരെ

www.malankaralibrary.com

യധികം പ്രവർത്തിച്ചിട്ടുണ്ട്. ലൗകീക വിഷയങ്ങളായിരുന്നു കൂടുതൽ ആഭിമുഖ്യം. ജൂലിയസിന്റെ മരണം എ. ഡി. 240-നുശേഷമത്രേ.

## കൃതികൾ

പ്രധാനമായും രണ്ടു കൃതികളാണ് ജൂലിയസിന്റെ പേരിലുള്ളത്: 1) 'കാലാനുസൃതവിവരണം' (Chronographia). പ്രസ്തുത ഗ്രന്ഥത്തിന് അഞ്ചു ഭാഗങ്ങളുണ്ട്. യഹൂദ ക്രൈസ്തവ ചരിത്രങ്ങളെ വിജാതിയ ലോകചരിത്രവുമായി പൊരുത്തപ്പെടുത്താനുള്ള ഒരു ശ്രമമാണിതിൽ കാണുന്നത്. ഇത്തരമൊരു സംരംഭം ക്രൈസ്തവ ചരിത്രത്തിൽ ആദ്യത്തേതായിരുന്നു. വിശുദ്ധ ഗ്രന്ഥത്തിലെ ചില തീയതികളുടെ അടിസ്ഥാനത്തിൽ ചരിത്രസംഭവങ്ങൾ ക്രമീകരിച്ചിരിക്കുകയാണ് ഇതിൽ. 2) 'എംബ്രോയ്ഡേഡ് ഗേർഡിൽസ' (Embroidered Girdles) 24 ഗ്രന്ഥങ്ങളുടെ ഒരു സമാഹാരമാണിത്. റോമൻ ചക്രവർത്തിയായ അലക്സാണ്ടർ സെവരൂസിന് ഇത് സമർപ്പിക്കപ്പെട്ടിരിക്കുന്നു. ഭൗതിക ശാസ്ത്രങ്ങൾ, വൈദ്യ ശാസ്ത്രം, കൃഷി, യുദ്ധതന്ത്രങ്ങൾ മുതലായവയുടെ ഒരു വിശ്വവിജ്ഞാന കോശമാണിത്. ജൂലിയസ് ഒരിജനെഴുതിയതായ ഒരു കത്ത് ഇപ്പോഴും സൂക്ഷിക്കപ്പെടുന്നുണ്ട്. അതുപോലെ തന്നെ അരിസ്തീദസിനും ജൂലിയസ് ഒരു കത്ത് എഴുതിയിട്ടുണ്ട്. അതിൽ ചർച്ച ചെയ്യുന്നത് വി. മത്തായിയുടെയും വി. ലൂക്കായുടെയും സുവിശേഷങ്ങളിലുള്ള ക്രിസ്തുവിന്റെ വംശാവലി വിവരണങ്ങൾ തമ്മിലുള്ള വൈരുദ്ധ്യമാണ്.

## 5. കേസറിയായിലെ പാംഫീലിയൂസ് (+310)

ഫിനീഷ്യായിലെ ബെറിതൂസിലാണ് ഇദ്ദേഹത്തിന്റെ ജനനം. ഒരിജന്റെ പിൻഗാമിയായ പിയെരിയൂസിന്റെ നേതൃത്വത്തിൽ അലക്സാണ്ഡ്രിയായിലെ മതാദ്ധ്യാപനാലയത്തിൽ നിന്ന് ഇദ്ദേഹം ദൈവശാസ്ത്രം പഠിച്ചു. പിന്നീട് കേസറിയായിലേക്കു പോകുകയും അവിടെവച്ച് വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു. അധികം താമസിയാതെ അവിടെ ഒരു ദൈവശാസ്ത്രപഠനകേന്ദ്രം സമാരംഭിച്ചു. ഡയക്ലിഷന്റെ മതമർദ്ദനകാലത്ത് (284-305) പലസ്തീനായിലെ ഗവർണ്ണർ ഇദ്ദേഹത്തെ ബന്ധനസ്ഥനാക്കി. സഭാചരിത്രകാരനായ എവുസേബിയൂസുമായി സുഹൃത്‌വലയത്തിലായത് ഇത്തരുണത്തി

www.malankaralibrary.com

ലത്രേ. ഒരിജന്റെ തീഷ്ണനായ അനുകൂലിയും എവുസേബിയൂസിന്റെ ഗുരുഭൂതനുമായിരുന്നു പാംഫീലിയൂസ്. 307-ൽ റോമൻ ചക്രവർത്തിയായ മാക്സിയൂസിന്റെ കല്പനപ്രകാരം ഇദ്ദേഹത്തെ വീണ്ടും ജയിലിലടക്കുകയും, പിന്നീട് എ. ഡി. 310-ൽ രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു.

## കൃതികൾ

ഒരിജനെതിരായ ആരോപണങ്ങളെ ഖണ്ഡിച്ചുകൊണ്ട് സ്വശിഷ്യന്മാരുടെ സഹായത്തോടെ പാംഫീലിയൂസ് ഒരു 'ഒരിജന് വിശ്വാസ സമർത്ഥനം' (Apology for Origen) രചിച്ചു. അഞ്ചു ഗ്രന്ഥങ്ങളുടെ സമാഹാരമാണിത്. മതമർദ്ദന വിധേയരായ ക്രിസ്ത്യാനികൾക്കാണ് പ്രസ്തുത ഗ്രന്ഥം സമർപ്പിച്ചിരിക്കുന്നത്. വിശുദ്ധ ഗ്രന്ഥപ്രചരണാർത്ഥം തന്റെ പ്രഭാഷണചതുരിയും തൂലികാവൈഭവവും അദ്ദേഹം സദാ വിനിയോഗിച്ചു. ഒരിജന്റെ കൃതികളിൽ ഭൂരിഭാഗവും പാംഫീലിയൂസ് സ്വന്തം കൈകൾ കൊണ്ട് പകർത്തിയെഴുതിയെന്ന് വി. ജറോം (347-420) സാക്ഷിക്കുന്നു. അത്തരം ഇരുപത്തിയഞ്ചു പുസ്തകങ്ങൾ ജറോം തന്നെ സൂക്ഷിക്കുകയും ചെയ്തിരുന്നു. പാവപ്പെട്ടവരും വിജ്ഞാന തൃഷ്ണരുമായവർക്ക് വിശുദ്ധ ഗ്രന്ഥത്തിന്റെ പ്രതികൾ സൗജന്യമായി വിതരണം ചെയ്തു. നേരായ ക്രിസ്തീയ വിശ്വാസത്തിൽ ഉറപ്പിക്കുകയും തദനുസാരം ജീവിക്കുന്നതിന് പ്രേരിപ്പിക്കുകയും ചെയ്തു. പണ്ഡിതനും വിനീതനുമായ പാംഫീലിയൂസിന്റെ സംഭാവനകൾ ക്രൈസ്തവ ലോകത്തിന് ഒരു നാളും മറക്കുക സാദ്ധ്യമല്ല.

## 6. ഗ്രിഗറി തൗമാതുർഗുസ് (c. +270)

ഉന്നതകുലരായ മാതാപിതാക്കളിൽ നിന്നും എ.ഡി. 213-നോടുകൂടി നെയോ കേസറിയായിൽ ഇദ്ദേഹം ജനിച്ചു. സ്വന്തം നാട്ടിൽ നിയമവും ലത്തീൻഭാഷയും പ്രസംഗകലയും പഠിച്ചതിനു ശേഷം ഉപരിപഠനത്തിനായി ബെറിതുസിലേക്ക് പോകാനായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. എന്നാൽ സ്വസഹോദരിയുടെ അഭ്യർത്ഥന പ്രകാരം കേസറിയായിലേക്കു പോകുവാൻ നിർബന്ധിതനായി. അവിടെ അഞ്ചുവർഷക്കാലം (233-238) ഒരിജന്റെ പ്രഭാഷണങ്ങൾ ശ്രവിച്ചു. ഇത് അദ്ദേഹത്തിന്റെ മാനസാന്തരത്തിനു കാരണമായി.

www.malankaralibrary.com

ഗ്രിഗറിയാണ് നെയോ കേസറിയായിലെ പ്രഥമ മെത്രാൻ. ഇദ്ദേഹം ഒരു വലിയ അത്ഭുത പ്രവർത്തകനായിരുന്നുവെന്ന് നീസായിലെ ഗ്രിഗറി സാക്ഷീകരിക്കുന്നു. 'തൗമാതുർഗുസ്' എന്ന വാക്കിന്റെ അർത്ഥം തന്നെ, 'അത്ഭുതപ്രവർത്തകൻ' എന്നത്രേ. സ്വന്തം നാട്ടിലെ വിജാതിയരിൽ ഭൂരിഭാഗത്തേയും മാനസാന്തരപ്പെടുത്തിയതിനു ശേഷം എ.ഡി. 270-ൽ ഇദ്ദേഹം നിര്യാതനായി.

## കൃതികൾ

ഗ്രിഗറി ഒരു ദൈവശാസ്ത്രജ്ഞനോ ഒരു ദാർശിനികനോ അല്ലായിരുന്നു. എഴുതുന്നതിനേക്കാൾ പ്രവർത്തിക്കുന്നതിനാണ് അദ്ദേഹം ജീവിതം ചെലവഴിച്ചത്. എന്തെങ്കിലും എഴുതിയത് പ്രായോഗിക ആവശ്യങ്ങൾ മുൻനിർത്തി മാത്രമായിരുന്നു. പ്രധാന മായും മൂന്നു ഗ്രന്ഥങ്ങളാണ് ഗ്രിഗറിയുടെ പേരിൽ അറിയപ്പെടുന്നത്. 1) 'ഒരിജനെക്കുറിച്ചുള്ള പ്രസംഗം', 2) 'ഗ്രിഗറിയുടെ വിശ്വാസ പ്രമാണം', 3) 'കാനോനിക ലേഖനം'. ഒരിജന്റെ വിദ്യാകേന്ദ്രത്തിൽ നിന്ന് വിടപറയുന്നതാണ് പ്രഥമ ഗ്രന്ഥ പശ്ചാത്തലം. ഒരിജന്റെ ബുദ്ധിവൈഭവവും പ്രബോധനരീതികളും ഇതിൽ വിശദീകരിക്കുന്നുണ്ട്. രണ്ടാം പുസ്തകമാകട്ടെ, ത്രിത്വൈക സിദ്ധാന്തത്തിന്റെ വ്യാഖ്യാനമാണ്. വിശ്വാസതത്വങ്ങളും ധാർമ്മിക നിയമങ്ങളും കൈവെടിഞ്ഞ ക്രൈസ്തവരോട് എങ്ങനെ വർത്തിക്കണമെന്ന പ്രശ്നത്തിന് പരിഹാരം നിർദ്ദേശിക്കുകയാണ് ഗ്രിഗറി തന്റെ തൃതീയ ഗ്രന്ഥത്തിൽ.

കൂടാതെ ഗ്രിഗറിയുടെ പേരിൽ അറിയപ്പെടുന്ന ഏതാനും ഗ്രന്ഥങ്ങൾ വേറെയുമുണ്ട്; 'വിശ്വാസത്തെക്കുറിച്ച്' (On the Faith), 'വിശ്വാസവിവരണം' (The Explanation of Faith), 'പതിനൊന്നുമത പ്രസംഗങ്ങൾ' (11 Homilies) എന്നിവ ഇതിന് ഉദാഹരണങ്ങളത്രേ.

***

www.malankaralibrary.com

അദ്ധ്യായം 5

# അന്ത്യോക്യായിലെ മതാദ്ധ്യാപനാലയം

പുരാതനമായ സിറിയായുടെ തലസ്ഥാനമായിരുന്നു അന്ത്യോക്യാ. ബി.സി. 301-ൽ സെലെവുക്കൂസ് ആണ് ഈ നഗരം സ്ഥാപിച്ചതെന്ന് പറയപ്പെടുന്നു. വിവിധ കലകൾക്കും തത്വ ശാസ്ത്ര ത്തിനും പ്രസിദ്ധമായിരുന്ന അന്ത്യോക്യാ ആദ്യകാല ക്രൈസ്തവ പുരോഗതിയിൽ സ്തുത്യർഹമായ സ്ഥാനമാണ് വഹിച്ചിട്ടുള്ളത്. ക്രിസ്തുവിൽ വിശ്വാസമർപ്പിച്ചവർക്ക് 'ക്രിസ്ത്യാനികൾ' എന്ന പേരു ലഭിച്ചതും അന്ത്യോക്യായിൽ വച്ചാണ് (നട. 11:26).

അലക്സാണ്ഡ്രിയായിലെ മതാദ്ധ്യാപനാലയത്തിന്റെ പ്രബോധനരീതിക്കു പകരം മറ്റൊരു ചിന്താഗതിയുമായി രംഗ പ്രവേശനം ചെയ്യുകയും അവയെ പ്രചരിപ്പിക്കുന്നതിന് ആദ്യന്തം പരിശ്രമിക്കുകയും ചെയ്തിട്ടുള്ള മറ്റൊരു കലാലയമാണ് അന്ത്യോക്യായിലെ മതാദ്ധ്യാപനാലയം. അക്കാലത്തെ ദൈവ വിജ്ഞാനീയത്തിന് കൂടുതൽ പൂർണ്ണത ലഭിക്കുവാൻ ഈ മതാദ്ധ്യാ പനാലയത്തിന്റെ ആവിർഭാവം വളരെയധികം സഹായിച്ചിട്ടുണ്ട്.

അന്ത്യോക്യൻ ചിന്താഗതിക്ക് അതിന്റേതായ ചില സ്വഭാവ വിശേഷങ്ങളുണ്ട്. വി. ഗ്രന്ഥത്തിന് പദാനുപദവും ചരിത്രപരവുമായ ഒരു വ്യാഖ്യാനമാണ് അവർ സ്വീകരിച്ചത്. അലക്സാണ്ഡ്രിയായിലെ മതാദ്ധ്യാപകർ വിശുദ്ധ ഗ്രന്ഥത്തിനു നൽകിയ ആലങ്കാരിക ഭാഷ്യത്തിനു പകരമായിരുന്നു ഈ ചരിത്രപരമായ വ്യാഖ്യാനം.

www.malankaralibrary.com

അതുപോലെ ക്രിസ്തുവിന്റെ രണ്ടു സ്വഭാവങ്ങളിൽ മനുഷ്യസ്വഭാവത്തിനാണ് അന്ത്യോക്യൻ മതാദ്ധ്യാപനാലയത്തിലെ പണ്ഡിതന്മാർ പ്രാധാന്യം നൽകിയിരുന്നത്. ഈ വിദ്യാപീഠത്തിന്റെ ദൈവശാസ്ത്ര ചിന്തക്ക് ആധാരമായിരുന്നത് അരിസ്റ്റോട്ടലിന്റെ തത്വചിന്തയായിരുന്നതിനാൽ പ്രായോഗിതയ്ക്കും വാസ്തവികതയ്ക്കും കൂടുതൽ സ്ഥാനം ലഭിച്ചു. എന്നാൽ പ്ലേറ്റോണിയൻ സ്വാധീനമുള്ള അലക്സാണ്ഡ്രിയൻ ചിന്തയിൽ മുന്നിട്ടുനിന്നിരുന്നത് മിസ്റ്റിസിസവും ധ്യാനാത്മകതയുമാണ്.

അന്ത്യോക്യൻ മതാദ്ധ്യാപനാലയത്തിലെ പ്രധാനപ്പെട്ട പിതാക്കന്മാരെപ്പറ്റി തുടർന്ന് പ്രതിപാദിക്കുന്നു.

## 1. സാമോസാട്ടായിലെ ലൂസിയൻ (+312)

അന്ത്യോക്യായിലെ മതാദ്ധ്യാപനാലയത്തിന്റെ സ്ഥാപകൻ ലൂസിയനാണ്. സാമോസാട്ടായിൽ ജനിച്ച ഇദ്ദേഹം അന്ത്യോക്യായിലെ ലൂസിയൻ എന്ന പേരിലും അറിയപ്പെടുന്നുണ്ട്. ആരിയൂസിനോടൊപ്പം സഭാഭ്രഷ്ടനാക്കപ്പെട്ട ലൂസിയാൻ 225-ൽ സഭയിലേക്കു തിരിച്ചുവന്നതായും പിന്നീട് 312-ൽ നിക്കോമേഡിയായിൽ വച്ച് രക്തസാക്ഷിത്വം വരിച്ചതായും പറയപ്പെടുന്നു.

ഒരിജനിൽ നിന്നു കിട്ടിയതാവണം ഇദ്ദേഹത്തിന്റെ വേദപുസ്തക പഠനത്തിനുള്ള താല്പര്യം. വിശുദ്ധ ഗ്രന്ഥത്തിന്റെ പദാനുപദവും ചരിത്രപരവുമായ ഭാഷ്യമാണ് ലൂസിയൻ സ്വീകരിച്ചത്. ആലങ്കാരിക രീതിയിലുള്ള അലക്സാണ്ഡ്രിയൻ രീതി അദ്ദേഹത്തിനു സ്വീകാര്യമല്ലായിരുന്നു. അതുപോലെ തന്നെ, ലൂസിയന്റെ ഭാഷാജ്ഞാനം പഞ്ചഗ്രന്ഥിയും സുവിശേഷഭാഗങ്ങളും തിരുത്തുവാൻ വളരെപ്പേരേ സഹായിച്ചിട്ടുണ്ട്.

## 2. അന്ത്യോക്യായിലെ എവുസ്താത്തിയൂസ് (+377)

ബറോയിയാ (Beroea) യിലെ പാംഫീലിയ ആയിരുന്നു ഇദ്ദേഹത്തിന്റെ ജന്മസ്ഥലം. ബറോയിയായിൽ മെത്രാനായിരുന്നു എവുസ്താത്തിയൂസ്. പിന്നീട് അന്ത്യോക്യായിലെ മെത്രാനായി (324). നിഖ്യാസൂനഹദോലെ (325) അദ്ധ്യക്ഷൻ ഇദ്ദേഹമായിരുന്നുവെന്ന് കരുതപ്പെടുന്നു. ആര്യനിസത്തെ ശക്തമായി ഇദ്ദേഹം

www.malankaralibrary.com

എതിർത്തതിനാൽ ഇദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയും ട്രാജനോപോളിസിലേക്ക് നാടുകടത്തുകയും ചെയ്തു. 377-ൽ ഇദ്ദേഹം മരണമടഞ്ഞുവെന്നാണ് പണ്ഡിതമതം.

### കൃതികൾ

എവുസ്താത്തിയൂസിന്റെ ഇരുപതു ഗ്രന്ഥങ്ങളെക്കുറിച്ചു മാത്രമേ ഇന്നറിവുള്ളൂ. ഒരു ദൈവശാസ്ത്രജ്ഞനായിരുന്ന അദ്ദേഹം വാസ്തവത്തിൽ നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണ്. കുറഞ്ഞത് എട്ടു പുസ്തകങ്ങളുടെയെങ്കിലും സമാഹാരമായ 'ആര്യൻ പക്ഷക്കാർക്കെതിരെ' (Against Arians) എന്ന ഗ്രന്ഥമാണ് ഏറ്റവും പ്രധാനപ്പെട്ടതെന്നു പറയാം.

### പ്രധാന പ്രബോധനങ്ങൾ

എവുസ്താത്തിയൂസിന്റെ ദൈവശാസ്ത്ര പ്രബോധനങ്ങളുടെയെല്ലാം ഉദ്ദേശ്യം ആര്യനിസം, ഒരിജിനിസം എന്നിവയെ എതിർക്കുകയായിരുന്നു. ക്രിസ്തുവിന്റെ ഇരുസ്വഭാവങ്ങളുടെ വ്യതിരിക്തതയും സംയോജ്യതയും അദ്ദേഹം ഊന്നിപ്പറഞ്ഞു. എവുസ്താത്തിയൂസിന്റെ പഠനങ്ങൾ ക്രിസ്തു വിജ്ഞാനീയത്തിന് വലിയ ഒരു മുതൽക്കൂട്ടാണ്. ക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെ ഏകത്വം അദ്ദേഹം സദാ ഉയർത്തിപ്പിടിച്ചു. അദ്ദേഹത്തിന്റെ വിശുദ്ധ ഗ്രന്ഥപരമായ കൃതികളിൽ പഞ്ചഗ്രന്ഥിയിൽ നിന്നും സുവിശേഷങ്ങളിൽ നിന്നുമുള്ള ഉദ്ധരണികൾ കാണാം. ആലങ്കാരികതയ്ക്കു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വ്യാഖ്യാനത്തിന്റെ ദുരുപയോഗങ്ങൾ എവുസ്താത്തിയൂസ് ഉപേക്ഷിച്ചു. യുക്തിസഹജവും വസ്തുനിഷ്ഠവുമായ വ്യാഖ്യാനരീതിയാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്. സിദ്ധാന്തങ്ങളിലും താത്വികാപഗ്രഥനങ്ങളിലും തികഞ്ഞ അന്ത്യോക്യാക്കാരനായിരുന്നു എവുസ്താത്തിയൂസ്.

## 3. താർസൂസിലെ ദിയദോർ (c. + 394)

ദിയദോർ 330-തോടുകൂടി അന്ത്യോക്യായിൽ ജനിച്ചു. ആഥൻസിലെത്തി ഗ്രീക്കു സാഹിത്യത്തിലും തത്വചിന്തയിലും ഉപരിപഠനം നടത്തിയ ദിയദോർ, സ്വദേശമായ അന്ത്യോക്യായിൽ തിരിച്ചെത്തിയശേഷം ദൈവശാസ്ത്രവിഷയങ്ങളിൽ അവഗാഹം

www.malankaralibrary.com

നേടി. തുടർന്ന്, അദ്ദേഹം അന്ത്യോക്യായിലെ ഒരു സന്യാസാശ്രമത്തിന്റെ അധിപനായിത്തീർന്നു. ഈ ആശ്രമത്തോടനുബന്ധിച്ചാണ് അന്ത്യോക്യായിലെ ദൈവശാസ്ത്രവിദ്യാകേന്ദ്രം പ്രവർത്തിച്ചിരുന്നത്. അവിടെ, അദ്ദേഹത്തിന്റെ കീഴിൽ ദൈവശാസ്ത്രപഠനം നിർവ്വഹിച്ച രണ്ടു പ്രമുഖ വ്യക്തികളാണ് ജോൺ ക്രിസോസ്തോമും മൊപ്സുവെസ്തായിലെ തിയഡോറും. 378-ൽ ദിയദോർ താർസൂസിലെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു.

പണ്ഡിതനായ ഒരു അദ്ധ്യാപകനെന്ന നിലയിൽ വിജാതിയർക്കും അബദ്ധപ്രബോധകർക്കുമെതിരെ ദിയദോർ നിരന്തരം പോരാടി. വിജാതിയരുടെ അനാചാരങ്ങളെ തന്റെ കൃതികളിലുടനീളം തുറന്നുകാട്ടി. മാനിക്കേയർക്കെതിരായി ഇരുപത്തിയഞ്ചു പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ആരിയനിസം, മാസിഡോണിയനിസം, അപ്പോളിനാരിസം എന്നീ മൂന്നു പ്രമുഖ പാഷണ്ഡതകളുടെ പശ്ചാത്തലത്തിലാണ് അദ്ദേഹം തന്റെ ദൈവശാസ്ത്രദർശനങ്ങൾ വികസിപ്പിച്ചെടുത്തത്. അറുപതു ദൈവശാസ്ത്രകൃതികൾ ദിയദോർ രചിച്ചിട്ടുണ്ടെന്നാണ് സുറിയാനിസഭയിലെ എഴുത്തുകാരനായ അബ്ദീശോ (+1318) രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മിക്കവാറും കൃതികൾ കാലക്രമേണ നഷ്ടപ്പെട്ടു. ശാസ്ത്രസംബന്ധമായ വിഷയങ്ങളും അദ്ദേഹം കൈകാര്യം ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ചുരുക്കം ചില കൃതികളുടെ ഏതാനും ഭാഗങ്ങൾ മാത്രമേ നമുക്കിന്നു ലഭ്യമായിട്ടുള്ളൂ. ആരിയനിസത്തിനെതിരെ ശക്തമായി പോരാടിയതിനാൽ, അദ്ദേഹത്തിന്റെ ചില കൃതികൾ അക്കാലഘട്ടത്തിൽ തന്നെ എതിരാളികൾ നശിപ്പിച്ചുകളഞ്ഞു. താർസൂസിൽ വച്ച് 394-ൽ ദിയദോർ നിര്യാതനായി.

## 4. വി. ജോൺ ക്രിസോസ്തോം (344-407)

കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാനായിരുന്ന വി. ജോൺ ക്രിസോസ്തോം ഗ്രീക്കു സഭാപിതാക്കന്മാരിലും പൗരസ്ത്യസഭാപിതാക്കന്മാരിൽ തന്നെയും അഗ്രഗണ്യനാണ്. അദ്ദേഹം അന്ത്യോക്യൻ ദൈവശാസ്ത്ര വിദ്യാകേന്ദ്രത്തിന്റെ ആരംഭകരിൽ ഒരാളായ ദിയദോറിന്റെ ശിഷ്യനും പ്രമുഖ അന്ത്യോക്യൻ ദൈവശാസ്ത്രജ്ഞനായ തിയദോറിന്റെ ആത്മസുഹൃത്തുമായിരുന്നു. നലം

www.malankaralibrary.com

തികഞ്ഞ ഒരു പ്രസംഗകൻ, ദൈവികവിജ്ഞാനം പകർന്നുതരുന്ന ഒരു വേദപാരംഗതൻ, ഉത്തമനായ ഒരു ആത്മപാലകൻ എന്നീ നിലകളിൽ ഇദ്ദേഹം ശോഭിക്കുന്നു. ഇദ്ദേഹത്തിന്റെ പ്രസംഗ പാടവത്തിന് അംഗീകാരമായി ലഭിച്ച പേരാണ് 'സ്വർണനാവുള്ള വൻ' എന്നർത്ഥമുള്ള 'ക്രിസോസ്തോം'. ആധുനിക പ്രാസംഗികരും വ്യാഖ്യാതാക്കളും ഇത്രമാത്രം സ്തുതിക്കുന്ന മറ്റൊരു പൗരസ്ത്യ സഭാപിതാവുണ്ടെന്നു തോന്നുന്നില്ല. പ്രാസംഗികൻ മാത്രമായി രുന്നില്ല ക്രിസോസ്തോം; പ്രത്യുത സന്മാർഗ്ഗശാസ്ത്രജ്ഞനും, മനശാസ്ത്രജ്ഞനും, വിശുദ്ധ ഗ്രന്ഥവ്യാഖ്യാതാവും കൂടിയായി രുന്നു. കൂടാതെ, ആദ്ധ്യാത്മിക ജീവിതത്തിന്റെ എല്ലാ തലങ്ങളേയും പ്രതിപാദിക്കതക്കവിധം ധാരാളം കൃതികൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്.

ഗ്രീക്കു തത്വചിന്തയുടെയും സെമിറ്റിക് സംസ്ക്കാരത്തിന്റെ യും പ്രധാന കേന്ദ്രമായിരുന്ന അന്ത്യോക്യാ പട്ടണത്തിലെ ഒരു കുലീന ക്രൈസ്തവ കുടുംബത്തിലാണ് ജോൺ ജനിച്ചത്. അദ്ദേഹ ത്തിന്റെ ബാല്യകാലത്ത് പിതാവ് മരിച്ചു. മാതാവായ അൻതൂസാ യിൽ നിന്നും ക്രൈസ്തവ വിശ്വാസത്തിന്റെ ബാലപാഠങ്ങൾ ചെറുപ്പത്തിൽ തന്നെ ജോൺ അഭ്യസിച്ചു. പിന്നീട് വിജാതിയനായ ലിബാനിയൂസിന്റെ കീഴിൽ ഗ്രീക്കു സാഹിത്യം പഠിച്ചു. തുടർന്ന് അന്ത്യോക്യായിലെ മതാദ്ധ്യാപനാലയത്തിൽ ദിയദോറിന്റെ കീഴിൽ ബൈബിളും ദൈവശാസ്ത്രവിഷയങ്ങളും പഠിച്ചു.

പിന്നീട്, സഭയിലെ 'വായനക്കാരൻ' (Lecter) എന്ന പദവിയി ലേക്ക് ജോൺ ഉയർത്തപ്പെട്ടു. എന്നാൽ, തീവ്രമായ താപസജീവിതം ലക്ഷ്യംവച്ച് സമീപപ്രദേശത്തുള്ള മലകളിലേക്ക് അദ്ദേഹം പിൻവാങ്ങി. അവിടെ ആദ്യത്തെ നാലു വർഷം ഒരു സന്യാസിയുടെ കീഴിൽ താപസജീവിതം നയിച്ചു. അതിനുശേഷം രണ്ടു വർഷം അവിടെയുള്ള ഒരു ഗുഹയിൽ ഏകാന്തവാസിയായി കഴിച്ചുകൂട്ടി. അക്കാലത്ത് വി.ഗ്രന്ഥം കൂടുതൽ ആഴത്തിൽ അദ്ദേഹം വായിച്ചു മനസ്സിലാക്കി. എന്നാൽ കഠിനമായ തപശ്ചര്യകൾ അദ്ദേഹത്തിന്റെ ആരോഗ്യനിലയെ പ്രതികൂലമായി ബാധിച്ചു. നഗരത്തിൽ തിരിച്ചെ ത്തിയ ജോൺ 381-ൽ മെലേസ്യൂസ് മെത്രാനിൽ നിന്നും ഡീക്കൻ പട്ടം സ്വീകരിച്ചു. 386-ൽ അദ്ദേഹത്തിന് വൈദികപട്ടം നൽകുകയും നഗരത്തിലെ പ്രധാന ദേവാലയത്തിൽ പ്രഭാഷകനായി നിയമിക്കു

www.malankaralibrary.com

കയും ചെയ്തു. ഒരു പ്രഭാഷകൻ എന്ന നിലയിൽ അക്കാലത്ത് പൗരസ്ത്യദേശത്ത് അദ്ദേഹം പ്രസിദ്ധനായിതീർന്നു.

397-ൽ തിയഡോഷ്യസ് ഒന്നാമൻ ചക്രവർത്തി അദ്ദേഹത്തെ കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാനായി നിയമിച്ചു. അലക്സാണ്ഡ്രിയായിലെ മെത്രാനായിരുന്ന തെയോഫിലോസാണ് ജോണിനു മെത്രാൻപട്ടം നൽകിയത്. കോൺസ്റ്റാന്റിനോപ്പിളിൽ ആരിയൻ പക്ഷക്കാരുടെ സ്വാധീനം അക്കാലത്തും ശക്തമായിരുന്നു. കുറ്റക്കാരായ ചില മെത്രാന്മാരെ എഫേസൂസിൽ കൂടിയ സിനഡിൽ വച്ച് (401) ജോൺ സ്ഥാനഭ്രഷ്ടനാക്കിയതോടുകൂടി ചിലർ അദ്ദേഹത്തിനെതിരെ തിരിഞ്ഞു. കോൺസ്റ്റാന്റിനോപ്പിളിലെ എവുഡോക്സ്യാ രാജ്ഞിയുടെ ചില നടപടികളെ ജോൺ കുറ്റപ്പെടുത്തിയതിനാൽ രാജ്ഞിയും അദ്ദേഹത്തിനെതിരെ തിരിഞ്ഞു. 403-ൽ ഓക് എന്ന സ്ഥലത്ത് അലക്സാണ്ഡ്രിയായിലെ മെത്രാന്റെ നേതൃത്വത്തിൽ 36 മെത്രാന്മാർ ചേർന്ന് ജോണിനെ സ്ഥാനഭ്രഷ്ടനാക്കിയെങ്കിലും ജനങ്ങളെ ഭയപ്പെട്ടു പ്രസ്തുത തീരുമാനം നടപ്പിലാക്കുവാൻ ചക്രവർത്തി വിസമ്മതിച്ചു. എന്നാൽ രാജ്ഞിയുടെ ഒരു വെള്ളിപ്രതിമ കത്തീഡ്രൽ ദേവാലയത്തിനു സമീപം സ്ഥാപിച്ച നടപടിയെ കുറ്റപ്പെടുത്തിക്കൊണ്ട് ജോൺ പ്രസംഗിക്കുകയാൽ, രാഷ്ട്രീയാധികാരികൾ സഭാശുശ്രൂഷകൾ നിർവ്വഹിക്കുന്നതിൽ നിന്നും അദ്ദേഹത്തെ വിലക്കി. അതു കൂട്ടാക്കാതിരുന്ന ജോൺ പിടിക്കപ്പെടുകയും 404 ജൂൺ 9-ാം തീയതി അർമേനിയായിലെ കുക്കൂസോ എന്ന സ്ഥലത്തേക്ക് നാടുകടത്തപ്പെടുകയും ചെയ്തു. അവിടെ മൂന്നുവർഷം അദ്ദേഹം കഴിച്ചുകൂട്ടി. കോൺസ്റ്റാന്റിനോപ്പിലെ തന്റെ ആളുകളോടുള്ള ആത്മീയബന്ധം അക്കാലത്തും അദ്ദേഹം തുടർന്നുപോന്നു. ആളുകൾ അവിടെയെത്തി അദ്ദേഹത്തെ സന്ദർശിച്ചിരുന്നതിനാൽ കരിങ്കടലിന്റെ കിഴക്കേ തീരത്തുള്ള വനപ്രദേശത്തേക്ക് അദ്ദേഹത്തെ മാറ്റി പാർപ്പിക്കുവാൻ അധികാരികൾ ആജ്ഞാപിച്ചു. അനാരോഗ്യവാനായിരുന്ന ജോൺ, അവിടേക്കുള്ള യാത്രാമദ്ധ്യേ 407 സെപ്റ്റംബർ 14-ാം തീയതി കാലം ചെയ്തു.

## പ്രധാന കൃതികൾ

ഗ്രീക്കുസഭാപിതാക്കന്മാരിൽ ക്രിസോസ്തോമിനെ പോലെ

www.malankaralibrary.com

ഇത്രയധികം വിശാലവും വൈവിദ്ധ്യവുമാർന്ന ആദ്ധ്യാത്മിക സാഹിത്യപൈതൃകം നൽകിയിട്ടുള്ള മറ്റാരുമില്ല. ഇദ്ദേഹത്തിന്റെ കൃതികൾ സന്മാർഗം, ആദ്ധ്യാത്മികത, പൗരോഹിത്യം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പുസ്തകരൂപത്തിലും പ്രസംഗങ്ങൾ, എഴുത്തുകൾ, വ്യാഖ്യാനങ്ങൾ എന്നീ രൂപത്തിലുമുണ്ട്. ഇവയിൽ നിന്നും അന്നത്തെ സഭാപരവും സാമൂഹ്യവും സാംസ്ക്കാരികവും രാഷ്ട്രീയവുമായ കാര്യങ്ങൾ മനസ്സിലാക്കുവാൻ സാധിക്കും. ഇദ്ദേഹത്തിന്റെ കൃതികൾ സാഹിത്യപരമായി ഉന്നതനിലവാരം പുലർത്തുന്നു.

**പ്രസംഗങ്ങൾ**

പഴയനിയമത്തേയും പുതിയനിയമത്തേയും കുറിച്ച് വ്യാഖ്യാന രൂപത്തിലുള്ള പ്രസംഗങ്ങളാണ് ഇതിൽ അധികവും. വേദപുസ്തകഭാഗങ്ങൾ അവയുടെ ആദ്ധ്യാത്മിക മൂല്യം, വാച്യാർത്ഥത്തിൽ തന്നെ മനസ്സിലാകതക്കവിധം പ്രായോഗിക നിർദ്ദേശങ്ങളോടുകൂടി അവതരിപ്പിച്ചിരിക്കുന്നു. പഴയനിയമത്തിലും പുതിയ നിയമത്തിലും അദ്ദേഹത്തിനുണ്ടായിരുന്ന അഗാധപാണ്ഡിത്യത്തെ ഇവ വിളിച്ചറിയിക്കുന്നു. ഇദ്ദേഹത്തിന്റെ അവതരണരീതി ഏതൊരു പ്രാസംഗികനെയും ആകർഷിക്കതക്കതാണ്.

**പഴയനിയമ വ്യാഖ്യാനങ്ങൾ**

സൃഷ്ടിയുടെ പുസ്തകത്തെക്കുറിച്ച് രണ്ടു പരമ്പരകളിലായി വ്യാഖ്യാനങ്ങൾ ലഭിച്ചിട്ടുണ്ട്. ആദ്യത്തെ പരമ്പരയിൽ 9 പ്രസംഗങ്ങൾ ഉള്ളതിൽ 8 എണ്ണവും ആദ്യത്തെ 3 അദ്ധ്യായങ്ങളെക്കുറിച്ചുള്ളവയാണ്. രണ്ടാമത്തെ പരമ്പരയിലെ അറുപത്തിയേഴു പ്രസംഗങ്ങൾ സൃഷ്ടിയുടെ പുസ്തകത്തിന്റെ പൂർണ്ണ വ്യാഖ്യാനം നൽകുന്നുണ്ട്.

പഴയനിയമത്തെക്കുറിച്ചുള്ള വ്യാഖ്യാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് 58 സങ്കീർത്തനങ്ങളെക്കുറിച്ചുള്ള വ്യാഖ്യാനമാണ്. പാപം, പുണ്യം, പ്രാർത്ഥന, സ്തുതികളും സങ്കീർത്തനങ്ങളും വീടുകളിൽ പാടേണ്ട ആവശ്യകത എന്നിവയെക്കുറിച്ച് പ്രധാനമായും പ്രതിപാദിക്കുന്നു. ആര്യനിസം, മാനിക്കേയനിസം തുടങ്ങിയ പാഷണ്ഡതകൾക്കെതിരെയുള്ള സംവാദവും ഇവയിൽ കാണാം.

www.malankaralibrary.com

ഏശയ്യാ, ദാനിയേൽ, ജെറമിയ തുടങ്ങിയവരുടെ പ്രവചന ങ്ങളെക്കുറിച്ചും ജോബ്, വിജ്ഞാനം, രാജാക്കന്മാർ തുടങ്ങിയ പുസ്തകങ്ങളിലെ പ്രമുഖഭാഗങ്ങളെക്കുറിച്ചും വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ട്.

**പുതിയനിയമ വ്യാഖ്യാനങ്ങൾ**

നാലു സുവിശേഷങ്ങളെക്കുറിച്ചും ക്രിസോസ്തോം വ്യാഖ്യാ നങ്ങൾ എഴുതിയിട്ടുണ്ട് എന്ന് പലരും അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും വി. മത്തായിയുടെയും വി. യോഹന്നാന്റെയും സുവിശേഷങ്ങ ളെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. മത്തായിയുടെ സുവിശേഷത്തെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ 90 പ്രസംഗങ്ങളി ലായി ലഭിക്കുന്നു. 7-ാമത്തെ പ്രസംഗത്തിൽ, ഇത് അന്ത്യോക്യായിൽ വച്ചാണ് എഴുതിയതെന്ന് സൂചനയുണ്ട്. വി. യോഹന്നാന്റെ സുവിശേഷത്തെക്കുറിച്ചുള്ള 88 പ്രസംഗങ്ങൾ, താരതമ്യേന ചെറുതും പിന്നീട് എഴുതപ്പെട്ടവയും വിവാദാത്മകങ്ങളുമാണ്.

റോമർക്കുള്ള ലേഖനത്തെക്കുറിച്ച് പിതാക്കന്മാരുടെ വ്യാഖ്യാ നങ്ങളിൽ ഏറ്റവും മെച്ചപ്പെട്ട ഭാഷ്യം വി. ക്രിസോസ്തോമിന്റേതാണ്. അദ്ദേഹത്തിന്റെ 32 പ്രസംഗങ്ങളിൽ ഇതടങ്ങിയിരിക്കുന്നു. കൂടാതെ കൊരിന്ത്യർക്കുള്ള ലേഖനങ്ങൾ, ഗലാത്യർക്കുള്ള ലേഖനം, ഫിലി പ്പിയർക്കുള്ള ലേഖനം, എഫേസ്യർക്കുള്ള ലേഖനം, കൊളോസ്യർ ക്കുള്ള ലേഖനം, തെസലോണിക്കാക്കാർക്കുള്ള ലേഖനം, ഹെബ്രാ യർക്കുള്ള ലേഖനം, തിമോത്തിക്കുള്ള ലേഖനം, ഫിലമോനുള്ള ലേഖനം എന്നിവയ്ക്കും ക്രിസോസ്തോം വ്യാഖ്യാനങ്ങൾ എഴുതി യിട്ടുണ്ട്.

**ഇതര കൃതികൾ**

ക്രിസോസ്തോമിന്റെ ഇതര കൃതികളിൽ ഏറ്റവും പ്രധാനപ്പെട്ട താണ് 'പൗരോഹിത്യത്തെക്കുറിച്ച്' (On Priesthood) എന്ന കൃതി. ഇത് ആറു പുസ്തകങ്ങളുടെ ഒരു സമാഹാരമാണ്. അജപാലന ധർമ്മത്തിന്റെ മാഹാത്മ്യം, അതു ശരിയായി നിർവ്വഹിക്കുന്നവർക്കു ലഭിക്കുന്ന സമ്മാനം, വിശുദ്ധ രഹസ്യങ്ങൾ, തിരുസഭ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഇതിൽ പ്രതിപാദിക്കുന്നു.

www.malankaralibrary.com

സന്യാസ ജീവിതത്തെക്കുറിച്ച് പല ഗ്രന്ഥങ്ങൾ ക്രിസോസ്തോം രചിച്ചിട്ടുണ്ട്. അവയിൽ ഏറിയ കൂറും സന്യാസ ജീവിതത്തെക്കുറിച്ച് അവിശ്വാസികൾക്കുള്ള അബദ്ധ ധാരണകൾ തീർക്കാൻ വേണ്ടി രചിച്ചിട്ടുള്ളവയാണ്. സന്യാസ ജീവിതത്തെക്കുറിച്ച് അദ്ദേഹം എഴുതിയുണ്ടാക്കിയ നിയമഗ്രന്ഥങ്ങളും ഈ വിഭാഗത്തിൽപ്പെടുന്നു.

കന്യാകത്വവും വൈധവ്യവും എന്ന പുസ്തകം പ്രധാനമായും 1 കൊറി. 7:38-ന്റെ ദീർഘമായ വ്യാഖ്യാനമാണ്. കന്യകകളുടെ സഹന ജീവിതത്തെക്കുറിച്ചും അവരുടെ പ്രാർത്ഥനാജീവിതം, ജീവകാരുണ്യപ്രവർത്തനം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചും ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. തങ്ങളുടെ ജീവിതത്തിൽ പാലിക്കേണ്ട ജാഗ്രത, ആത്മസംയമനം, പ്രാർത്ഥനാജീവിതം ഇവയെക്കുറിച്ചും ധാരാളം എഴുതിയിട്ടുണ്ട്.

### എഴുത്തുകൾ

പലർക്കായി എഴുതിയിട്ടുള്ളതും ആദ്ധ്യാത്മിക മൂല്യങ്ങളുള്ളതുമായ 236-ൽപരം എഴുത്തുകൾ ഇദ്ദേഹത്തിന്റേതായി ലഭിച്ചിട്ടുണ്ട്. ഇവയെല്ലാം രണ്ടാമത്തെ നാടുകടത്തലിനുശേഷം എഴുതപ്പെട്ടവയാണ് എന്നു കരുതപ്പെടുന്നു. സിറിയായിലും കോൺസ്റ്റാന്റിനോപ്പിളിലുമുള്ള തന്റെ ആപ്തമിത്രങ്ങളുടെ സർവ്വതോന്മുഖമായ ഉന്നമനത്തെ ലക്ഷ്യമാക്കി എഴുതപ്പെട്ടവയാണ് ഇവ. ക്രിസോസ്തോമിന്റെ പേരിൽ അറിയപ്പെടുന്ന അനാഫുറ അദ്ദേഹം എഴുതിയതല്ലെന്നും, അദ്ദേഹത്തിന്റെ കാലശേഷം എഴുതപ്പെട്ടിട്ടുള്ളതുമാണെന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം.

## പ്രബോധനങ്ങൾ

### ക്രിസ്തുവിജ്ഞാനിയം

അന്ത്യോക്യായിലെ മതാദ്ധ്യാപനാലയത്തിന്റെ ഏറ്റവും ഉന്നതമായ വക്താവാണ് ക്രിസോസ്തോം. ഇദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങളിലും ക്രിസ്തുവിജ്ഞാനിയത്തിലും പ്രസ്തുത മതാദ്ധ്യാപനാലയത്തിന്റെ സവിശേഷതകൾ പ്രകടമാണ്. പിതാവിനും പുത്രനും ഒരേ സത്തയാണെന്ന് ക്രിസോസ്തോം പഠിപ്പിക്കുന്നു. പിതൃപുത്ര

www.malankaralibrary.com

ഏകസത്താബന്ധത്തെ കാണിക്കുവാൻ ഇദ്ദേഹം നിഖ്യാ വിശ്വാസ പ്രമാണമാണ് ഉപയോഗിക്കുന്നത്. പിതാവിൽ നിന്നു പുറപ്പെടുന്ന പുത്രനും പിതാവിനെപ്പോലെ നിത്യനാണ്. പിതാവിനോടു തുല്യൻ (Equal to the Father), സത്തയിൽ സമത്വം (Equality in Essence) തുടങ്ങിയ പ്രയോഗങ്ങൾ ക്രിസോസ്തോം ഇഷ്ടപ്പെടുന്നു. ആര്യനിസത്തിനെതിരായി ക്രിസ്തുവിന്റെ പൂർണ്ണ ദൈവത്വവും അപ്പോളിനാരിസത്തിനെതിരായി ക്രിസ്തുവിന്റെ പൂർണ്ണ മനുഷ്യ ത്വവും അദ്ദേഹം അപഗ്രഥിച്ചു സ്ഥാപിക്കുന്നു. ക്രിസ്തുവിന് പിതാവിന്റെ അതേ സ്വഭാവം തന്നെയാണുള്ളത്. അതേസമയം മനുഷ്യരുടെ സ്വഭാവവും ശരീരവും ക്രിസ്തുവിനുണ്ട്. എന്നാൽ തിന്മയിലേക്കുള്ള പാച്ചിൽ ഇല്ലതാനും.

**മരിയശാസ്ത്രം**

അന്ത്യോക്യായിലെ ദൈവശാസ്ത്ര വിദ്യാപീഠത്തിന്റെ ചിന്ത കളാണ് ക്രിസോസ്തോമിനെ സ്വാധീനിച്ചതെങ്കിലും 'ദൈവമാതാവ്' (Theotokos), 'ക്രിസ്തുമാതാവ്' (Christotokos) എന്നീ പ്രയോഗങ്ങൾ ഇദ്ദേഹം ഉപയോഗിക്കുന്നില്ല. മാതാവ് നിത്യകന്യകയാണെന്ന് ഇദ്ദേഹം ദൃഢമായി വിശ്വസിച്ചു പോന്നു. മാതാവിന്റെ ഉദരത്തിൽ ക്രിസ്തുവിന്റെ അത്ഭുതകരമായ ജനനം, ക്രിസ്തുവിന്റെ ജനന ശേഷവും മറിയം കന്യകയായിരിക്കുക തുടങ്ങിയവ പ്രതിപാദിച്ച ശേഷം അവ മനുഷ്യബുദ്ധിക്ക് അതീതമായ ദൈവിക പ്രവൃത്തി കളാണെന്ന് ക്രിസോസ്തോം സമർത്ഥിക്കുന്നു.

**വിശുദ്ധ കുർബ്ബാന**

ആധുനിക കാലത്ത്, വിശുദ്ധ കുർബ്ബാനയുടെ ദൈവശാസ്ത്ര ജ്ഞനെന്ന പേരിലാണ് ജോൺ അറിയപ്പെടുന്നത്. കുർബ്ബാനയുടെ ബലിപരമായ സ്വഭാവം, കുർബ്ബാനയിലെ ദൈവസാന്നിദ്ധ്യം എന്നിവ വിവിധ പദപ്രയോഗങ്ങളിലൂടെ അദ്ദേഹം വിശദീകരിക്കുന്നുണ്ട്. കുർബ്ബാനയെ സൂചിപ്പിക്കുവാൻ 'രഹസ്യങ്ങൾ' (Mysteries) എന്ന പദമാണ് അദ്ദേഹം ഉപയോഗിക്കുന്നത്. 'ഭയജന്യവും ഭയങ്കരവുമായ ബലി', 'ഭീതികരവും പാവനവുമായ ബലി', 'മിശിഹാ കൊല്ലപ്പെട്ട വനായി അവിടെ കിടന്നു', 'കാസായിലുള്ളത് കർത്താവിന്റെ പാർശ്വ ത്തിൽ നിന്ന് ഒഴുകിയത് തന്നെയാണ്' തുടങ്ങിയ പ്രയോഗങ്ങൾ

www.malankaralibrary.com

അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിലുടനീളം കാണുവാൻ കഴിയും. കുർബ്ബാനയിൽ ഉച്ചരിക്കപ്പെടുന്ന സ്ഥാപനവാക്യങ്ങളെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "ഇതെന്റെ ശരീരമാകുന്നു എന്ന് ഒരിക്കൽ ഉച്ചരിച്ചത് അന്നു മുതൽ മിശിഹായുടെ രണ്ടാമത്തെ ആഗമനംവരെ ബലിപൂർത്തിയാക്കിക്കൊണ്ട് ദേവാലയങ്ങളിലെ എല്ലാ ബലിപീഠങ്ങളിലും പ്രവർത്തിക്കുന്നു" (പ്രസംഗം: പെസഹാ വ്യാഴം).

ഉത്ഭവപാപം, പ്രായശ്ചിത്തം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചും ദൈവശാസ്ത്രപരമായ പ്രതിപാദനങ്ങൾ ക്രിസോസ്തോം നടത്തുന്നുണ്ട്.

## 5. മൊപ്സുവെസ്തായായിലെ തെയദോർ (350–428)

അന്ത്യോക്യൻ മതാദ്ധ്യാപനാലയത്തിന്റെ ചരിത്രത്തിലെ ഏറ്റവും പ്രമുഖ ദൈവശാസ്ത്രജ്ഞനാണ് തെയദോർ. കുലീനരും ധനികരുമായ മാതാപിതാക്കന്മാരിൽ നിന്ന് ഏ. ഡി. 350–ൽ അന്ത്യോക്യായിൽ തെയദോർ ജനിച്ചു. ലിബാനിയുസിന്റെ വിദ്യാപീഠത്തിൽ ചേർന്ന് സാഹിത്യം, തത്വശാസ്ത്രം, പ്രസംഗകല മുതലായവയിൽ നൈപുണ്യം നേടി. ജോൺ ക്രിസോസ്തോം, മാക്സിമൂസ് എന്നിവരുമായുള്ള സുഹൃദ്ബന്ധം സന്യാസജീവിതത്തിനു പ്രേരിപ്പിച്ചു. നിർഭാഗ്യവശാൽ അദ്ദേഹം ആശ്രമജീവിതം പരിത്യജിച്ചെങ്കിലും വീണ്ടും തിരിച്ചുവന്നു. ശേഷിച്ച കാലം ദൈവശാസ്ത്രപഠനത്തിനും പ്രബോധനത്തിനും വി. ഗ്രന്ഥ വ്യാഖ്യാനത്തിനും ഗ്രന്ഥരചനയ്ക്കുമായി ചെലവഴിച്ചു. ഒരിജൻ, ആരിയുസ്, എവുണോമിയുസ്, അപ്പളനാരിയുസ് തുടങ്ങിയവരുടെ അബദ്ധ പ്രബോധനങ്ങൾക്കെതിരെ ഇദ്ദേഹം പോരാടി. എ. ഡി. 384–നോടുകൂടി ഫ്ളാവിയൻ എന്ന മെത്രാൻ തെയദോറിനെ വൈദിക പദവിയിലേക്കുയർത്തി. പിന്നീട് ഇദ്ദേഹം മൊപ്സുവെസ്തായായിലെ മെത്രാനായി തീർന്നു. പൗരസ്ത്യ സുറിയാനി സഭയുടെ പാരമ്പര്യത്തിൽ തെയദോറിന്റെ അനേകം രചനകൾ ഇദ്ദേഹത്തിന് 'വ്യാഖ്യാതാവ്' (The interpreter) എന്ന നാമം നേടിക്കൊടുത്തു. 'സാർവ്വത്രിക സഭയുടെ പ്രബോധനൻ' എന്നാണ് സൈറസിലെ (അന്ത്യോക്യാ) തിയഡോറെറ്റ് (d. 466) അദ്ദേഹത്തെ വിളിക്കുന്നത്. കർമ്മോത്സുകനായ മെത്രാൻ,

www.malankaralibrary.com

അനുഗൃഹീതനായ ഗ്രന്ഥകാരൻ എന്നീ നിലകളിൽ സ്തുത്യർഹ മായി സഭാസേവനം അനുഷ്ഠിച്ചശേഷം 428-ൽ തെയദോർ നിര്യാതനായി.

സഭയുടെ പരമ്പരാഗതമായ സിദ്ധാന്തങ്ങളുടെ സംരക്ഷകൻ എന്നാണ് ജീവിതകാലത്ത് തെയദോർ അറിയപ്പെട്ടിരുന്നത്. എന്നാൽ കാറ്റു തിരിഞ്ഞു വീശുവാൻ കാലതാമസമുണ്ടായില്ല. ചിലർ ഇദ്ദേഹം പെലാജിയൂസുമായി ബന്ധപ്പെട്ട ആളാണെന്നും വേറെ ചിലർ ഇദ്ദേഹം നെസ്തോറിയൻ ആണെന്നും ആരോപണങ്ങൾ ഉന്നയിച്ചു. എഡേസായിലെ റാബുള, അലക്സാണ്ഡ്രിയായിലെ സിറിൽ തുടങ്ങിയവർ തെയദോറിന്റെ പഠനങ്ങളിൽ പാഷണ്ഡതയുണ്ടെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. 553-ലെ സാർവ്വത്രിക സൂനഹദോസിൽ (Constantinople II) ജസ്റ്റീനിയൻ രണ്ടാമന്റെ നേതൃത്വത്തിൽ തെയ ദോറിന്റെ സിദ്ധാന്തങ്ങളെ ശപിച്ചുതള്ളി. എന്നാൽ വിജീലിയൂസ് മാർപാപ്പ ഇദ്ദേഹത്തെ അനുകൂലിച്ചവരുടെ കൂട്ടത്തിൽപ്പെടുന്നു. അതുപോലെ പൗരസ്ത്യ സുറിയാനിസഭ അദ്ദേഹത്തോടുള്ള ആദരവ് തുടർന്നുപോന്നു.

## മുഖ്യകൃതികൾ

20-ാമത്തെ വയസിൽ തന്നെ ദൈവശാസ്ത്ര വിഷയങ്ങൾ ആസ്പദമാക്കി തെയദോർ ഗ്രന്ഥരചന ആരംഭിച്ചു. ആദ്യത്തെ കൃതി 'സങ്കീർത്തനങ്ങളെക്കുറിച്ച്' (On Psalms) ഉള്ളതാണ്. ഇദ്ദേഹം അനേകം കൃതികളുടെ കർത്താവാണ്. എന്നാൽ 553-ലെ രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് തീരുമാനങ്ങളെ തുടർന്ന് മൂല ഗ്രന്ഥങ്ങളെല്ലാം നശിപ്പിക്കപ്പെടുകയുണ്ടായി. എങ്കിലും സുറിയാനിയിലും ഗ്രീക്കിലുമായി, ചില കൃതികളുടെ കൈയെഴുത്തു പ്രതികൾ നമുക്കു ലഭിച്ചിട്ടുണ്ട്. വി. ഗ്രന്ഥം മുഴുവനും ഇദ്ദേഹം വ്യാഖ്യാന വിധേയമാക്കിയെന്നു പറയപ്പെടുന്നു. 'പന്ത്രണ്ട് ചെറിയ പ്രവാചകന്മാരുടെ ഭാഷ്യം' (Commentary on the 12 Minor Prophets), ഒന്നു മുതൽ 80 വരെയുള്ള സങ്കീർത്തനങ്ങളുടെ വ്യാഖ്യാനം, 16 മതാദ്ധ്യാപനപ്രസംഗങ്ങൾ, 'യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ്യം', പരിശുദ്ധാത്മാവ്, മനുഷ്യാവതാരം മുതലായവയാണ് തെയദോറിന്റെ പ്രധാന കൃതികൾ. ഇദ്ദേഹത്തിന്റെ

www.malankaralibrary.com

പേരിൽ അറിയപ്പെടുന്ന ഒരു അനാഫുറ ഇന്നു കൽദായ സുറിയാനി സഭയിൽ നിലവിലുണ്ട്.

## പ്രധാന പ്രബോധനങ്ങൾ

രക്ഷാകരചരിത്രമാണ് തെയദോറിന്റെ ദൈവശാസ്ത്രത്തിന് അടിസ്ഥാനമായി നിലകൊള്ളുന്നത്. സൃഷ്ടി മുതൽ മിശിഹായുടെ രണ്ടാമത്തെ ആഗമനം വരെയുള്ള സംഭവങ്ങളെ പരസ്പരം കോർത്തിണക്കിയാണ് അദ്ദേഹം ഇതവതരിപ്പിക്കുന്നത്. തെയദോറിന്റെ ഈ ചരിത്രവീക്ഷണം അദ്ദേഹത്തിന്റെ കൃതികളിലുടനീളം പ്രതിഫലിക്കുന്നുണ്ട്. ഇക്കാരണത്താൽ, വ്യക്തമായ ഒരു ഐക്യം അദ്ദേഹത്തിന്റെ ചിന്തകളിലുടനീളം കാണുവാൻ കഴിയും.

## രക്ഷയെക്കുറിച്ചുള്ള വീക്ഷണം

രക്ഷ (Salvation) എന്നത് മർത്ത്യതയിൽ നിന്നും (Mortal State) അമർത്ത്യതയിലേക്കുള്ള (Immortal State) കടന്നുവരവായിട്ടാണ് തെയദോർ അവതരിപ്പിക്കുന്നത്. മനുഷ്യന്റെ മർത്ത്യമായ ശരീരവും ആത്മാവും ഒരുപോലെ അമർത്യമാക്കപ്പെടുന്നുവെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. ആത്മാവും ശരീരവുമുള്ള സമ്പൂർണ്ണ മനുഷ്യന്റെ വിമോചനമായിട്ടാണ് രക്ഷയെ അന്ത്യോക്യൻ പിതാക്കന്മാർ അവതരിപ്പിക്കുന്നത്.

രക്ഷാകരചരിത്രത്തെ തന്നെ അടിസ്ഥാനമാക്കിയാണ് തെയദോർ ഇതു സമർത്ഥിക്കുന്നത്. രക്ഷാകരചരിത്രത്തെ മർത്ത്യതയുടെ യുഗമെന്നും (age of mortality) അമർത്ത്യതയുടെ യുഗമെന്നും (age of immortality) രണ്ടായി അദ്ദേഹം വേർതിരിക്കുന്നു. രണ്ടാം ആദമായ ക്രിസ്തുവിന്റെ വരവോടുകൂടിയാണ് അമർത്ത്യതയുടെ യുഗം ഉദയം ചെയ്തത്. ഒന്നാം ആദം (പഴയനിയമ കാലഘട്ടം) മർത്ത്യതയുടെ യുഗത്തേയും, രണ്ടാം ആദം (പുതിയ നിയമ കാലഘട്ടം) അമർത്ത്യതയുടെ യുഗത്തേയും പ്രതിനിധീകരിക്കുന്നു. ഒന്നാം ആദത്തെ, രണ്ടാം ആദത്തിന്റെ പ്രതീകമായിട്ടാണ് (type) തെയദോർ അവതരിപ്പിക്കുന്നത്. ഉത്ഥാനത്തിലൂടെ അമർത്യനായി തീർന്ന ക്രിസ്തുവാണ് (റോമ. 8:11) നമ്മുടെ അമർത്ത്യതയുടെ അടിസ്ഥാനമായി നിലകൊള്ളുന്നത്. ക്രിസ്തുവിലൂടെ ഉദയംചെയ്ത

www.malankaralibrary.com

അമർത്ത്യതയുടെ യുഗം സ്വർഗ്ഗീയ ജീവിതത്തിലാണു പൂർത്തീകരിക്കപ്പെടുന്നത്. ഈ സ്വർഗ്ഗീയ ജീവിതത്തെ ലക്ഷ്യം വച്ചുകൊണ്ടാണു സഭ പ്രയാണം ചെയ്യുന്നത്.

**മാമോദീസാ**

മാമോദീസായിലൂടെയാണ് ഒരുവൻ അമർത്ത്യതയുടെ ജീവിതത്തിലേക്കു കടന്നുവരുന്നത്. രക്ഷയെക്കുറിച്ചുള്ള തന്റെ ദർശനങ്ങളെ ആധാരമാക്കിയാണ് മാമോദീസായുടെ ദൈവശാസ്ത്രം തെയദോർ വികസിപ്പിച്ചെടുത്തത്. മാമോദീസായിലൂടെ ഒരുവൻ കർത്താവിന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കുകാരായിത്തീരുന്നു (റോമാ 6:3-5). അതായത്, മാമോദീസായിലൂടെ പാപമോചനം പ്രാപിച്ച് (മരണം) നവസൃഷ്ടികളായി (ഉത്ഥാനം) നമ്മൾ രൂപാന്തരപ്പെടുന്നു. അതു സംഭവിക്കുന്നത് മാമോദീസാ ജലത്തിൽ ആവസിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായിട്ടാണ്. എന്നാൽ, മാമോദീസായിൽ ആരംഭിക്കുന്ന അമർത്ത്യതയുടെ ജീവിതം (Potentially Immortal) അതിന്റെ പൂർണ്ണതയിൽ എത്തിച്ചേരുന്നത് (actually Immortal) മിശിഹായുടെ രണ്ടാമത്തെ വരവോടുകൂടി മാത്രമാണ് (സ്വർഗ്ഗീയ ജീവിതം).

**വി. കുർബ്ബാന**

മാമോദീസായിൽ ആരംഭിച്ച അമർത്ത്യതയുടെ ജീവിതം പരിപോഷിപ്പിക്കപ്പെടുന്നതു വി. കുർബ്ബാനയിലൂടെയാണ്. അതുകൊണ്ട്, 'അമർത്ത്യതയുടെ അപ്പം' എന്നാണ് തെയദോർ കുർബ്ബാനയെ വിശേഷിപ്പിക്കുന്നത്. ക്രൈസ്തവന്റെ ഈലോക ജീവിതം മുഴുവൻ കേന്ദ്രീകരിച്ചിരിക്കുന്നത് കുർബ്ബാനയിലാണ്. വരാനിരിക്കുന്ന സ്വർഗ്ഗീയ ജീവിതത്തിന്റെ മുന്നാസ്വാദനമാണു കുർബ്ബാന. ഈശോയുടെ മരണോത്ഥാന രഹസ്യങ്ങളുടെ പുനരാവിഷ്ക്കരണമാണിതെന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. അതായത്, കുർബ്ബാനയിലൂടെ ഒരുവൻ പെസഹാ രഹസ്യങ്ങളിൽ പങ്കുചേരുന്നു.

രക്ഷാകര പ്രവർത്തനങ്ങളുടെ മുഴുവൻ കേന്ദ്രമായി കുർബ്ബാനയെ തെയദോർ ആവിഷ്ക്കരിക്കുന്നു. അൾത്താരയിൽ സമർപ്പിക്കുന്ന അപ്പവും വീഞ്ഞും കുരിശിൽ അർപ്പിച്ച അവിടുത്തെ

www.malankaralibrary.com

മർത്ത്യശരീരത്തിന്റെ പ്രതീകങ്ങളാണ് (type). പരിശുദ്ധാത്മാവിന്റെ ആവാസത്താൽ (റൂഹാക്ഷണ പ്രാർത്ഥന) അത് ഉത്ഥിതനായ മിശിഹായുടെ അമർത്ത്യശരീരത്തിന്റെ പ്രതീകങ്ങളായി രൂപാന്തര പ്പെടുന്നു (റോമാ. 8:11). ഉത്ഥിതനായ മിശിഹായുടെ (Immortal Christ) ജീവദായകമായ ശരീരരക്തങ്ങളാണു നമ്മൾ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നത്. അതായത്, സ്വർഗ്ഗത്തിൽ സജീവമായിരി ക്കുന്ന ക്രിസ്തുവിന്റെ ഉത്ഥിതശരീരമാണ് കുർബ്ബാനയിലെ അവിടുത്തെ സാന്നിദ്ധ്യത്തിന്റെ അടിസ്ഥാനം. ഏശയ്യാ പ്രവാച കനെ വിശുദ്ധീകരിച്ച 'തീക്കനലി'നെ (ഏശയ്യാ 6:6) കുർബ്ബാനയുടെ പ്രതീകമായി അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്.

***

www.malankaralibrary.com

അദ്ധ്യായം 6

# ലത്തീൻ സഭാ പിതാക്കന്മാർ

രണ്ടാം നൂറ്റാണ്ടിന്റെ അവസാനം വരെ പൗരസ്ത്യ-പാശ്ചാത്യ സഭാപിതാക്കന്മാരുടെ ചിന്താഗതികൾ, വ്യത്യസ്തമായിരുന്നെങ്കിലും അത്ര വ്യക്തമായി രണ്ടു ചേരിയിലായിരുന്നില്ല. രണ്ടു ഘടകങ്ങളാണ് പൗരസ്ത്യരുടെയും പാശ്ചാത്യരുടെയും ചിന്താഗതിയിൽ മാറ്റം വരുത്തുവാൻ ഇടയാക്കിയത്: 1. ക്ലെമന്റിന്റെയും ഒരിജന്റെയും നേതൃത്വത്തിൽ ആവിർഭവിച്ച പുതിയ ദൈവശാസ്ത്രചിന്താധാര. 2. പാശ്ചാത്യസഭയുടെ ഔദ്യോഗിക ഭാഷയായി ലത്തീൻ അംഗീകരിച്ചത്. ക്രമേണ കിഴക്കിന്റെയും പടിഞ്ഞാറിന്റെയും ദൈവശാസ്ത്ര സമീപനങ്ങൾ തികച്ചും വ്യത്യസ്തങ്ങളായി പരിണമിച്ചു.

പ്രായോഗിക ദൈവശാസ്ത്രചിന്ത പാശ്ചാത്യസഭാ പിതാക്കന്മാരുടെ ഒരു സവിശേഷതയാണ്. പൗരസ്ത്യർ ക്രിസ്തുമതത്തിന്റെ താത്ത്വികവും ആദ്ധ്യാത്മികവും അസ്തിത്വാത്മകവുമായ വശങ്ങളെപ്പറ്റി കൂടുതൽ ചിന്തിക്കുമ്പോൾ പാശ്ചാത്യർ ക്രിസ്തീയ ധാർമ്മികതയ്ക്കും സഭാഘടനയ്ക്കുമാണ് മുൻതൂക്കം നൽകുക. ലത്തീൻ സഭയിലെ (പാശ്ചാത്യ) പ്രഗത്ഭരായ സഭാപിതാക്കന്മാരെക്കുറിച്ച് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

## 1. തെർത്തുല്യൻ (160–240)

ഏ. ഡി. നൂറ്റിഅറുപതിനോടടുത്ത് റോമാസാമ്രാജ്യത്തിന്റെ ആഫ്രിക്കൻ പ്രവിശ്യയിലെ ഏറ്റവും പ്രധാന നഗരമായ കാർത്തേ

www.malankaralibrary.com

ജിൽ തെർത്തുല്യൻ ജനിച്ചു. അക്രൈസ്തവനായ ഒരു റോമൻ ഓഫീസറായിരുന്നു പിതാവ്. റോമൻ നിയമത്തിൽ അഗാധ പാണ്ഡിത്യം നേടിയ അദ്ദേഹം കാർത്തേജിൽ അഭിഭാഷകവൃത്തി നടത്തിപ്പോന്നു. ക്രൈസ്തവരുടെ ജീവിതമാതൃകയും ധീരസാക്ഷ്യ ങ്ങളും അദ്ദേഹത്തിന്റെ ജീവിതത്തെ ആഴമായി സ്വാധീനിച്ചിരുന്നു. 193-മാണ്ടിൽ അദ്ദേഹം ക്രൈസ്തവ വിശ്വാസം സ്വീകരിച്ചു. അതിനുശേഷം കാർത്തേജിൽ വാസമുറപ്പിച്ചുകൊണ്ട് അദ്ദേഹ ത്തിന്റെ നിയമം, സാഹിത്യം, തത്വശാസ്ത്രം എന്നിവയിലുള്ള പരിജ്ഞാനം വിശ്വാസസമർത്ഥനത്തിനായി ഉപയോഗിച്ചു. തന്റെ പൗരോഹിത്യപദവിയെപ്പറ്റി തെർത്തുല്യൻ ഒന്നും സൂചിപ്പിക്കു ന്നില്ലെങ്കിലും 200-ൽ അദ്ദേഹം പൗരോഹിത്യം സ്വീകരിച്ചതായി കരുതപ്പെടുന്നു. 195-നും 220-നുമിടയിലാണ് അദ്ദേഹം തന്റെ ദൈവ ശാസ്ത്ര കൃതികൾ രചിച്ചത്. എന്നാൽ 207-നുശേഷം രചിക്കപ്പെട്ട കൃതികളിൽ 'മോന്തനിസം' എന്ന പാഷണ്ഡതയുടെ സ്വാധീനം വ്യക്തമാണ്. അഗസ്തീനോസിന്റെ കാലംവരെ, തെർത്തുല്യന്റെ അനുയായികൾ എന്ന പേരിൽ അറിയപ്പെട്ടിരുന്ന കുറെ ആളുകൾ (Tertullianists) ആഫ്രിക്കയിൽ ഉണ്ടായിരുന്നു. ഏ. ഡി. 240-നും 250-നും ഇടയ്ക്ക് തെർത്തുല്യൻ മരണമടഞ്ഞതായി കരുതപ്പെടുന്നു.

## കൃതികളും ദൈവശാസ്ത്രവീക്ഷണവും

ആദിമസഭയിൽ, അഗസ്തീനോസു കഴിഞ്ഞാൽ ലത്തീൻ ഭാഷയിലെ പ്രമുഖ എഴുത്തുകാരനാണ് തെർത്തുല്യൻ. ലത്തീൻ ദൈവശാസ്ത്രപദങ്ങൾ മെനഞ്ഞെടുത്ത് അതിനെ ദൈവശാസ്ത്ര ഭാഷയാക്കി രൂപപ്പെടുത്തിയത് അദ്ദേഹമാണ്. ഗ്രീക്കിൽ മാത്രം ഒതുങ്ങി നിന്ന ദൈവശാസ്ത്രത്തിന് ഇതോടെ പുതിയൊരു പാത തുറക്കപ്പെട്ടു. അദ്ദേഹം ഉപയോഗിച്ച നിരവധി വാക്കുകളും പദ പ്രയോഗങ്ങളും സഭ ഇന്നും ഉപയോഗിച്ചു പോരുന്നു. 31 ആധികാ രിക ഗ്രന്ഥങ്ങൾ തെർത്തുല്യനിൽ നിന്നും നമുക്കു ലഭിച്ചിട്ടുണ്ട്.

സത്യത്തെ മനസ്സിലാക്കുവാനുള്ള ശക്തമായ ആഗ്രഹം തെർത്തുല്യനുണ്ടായിരുന്നു. പല പ്രാവശ്യം സത്യം എന്ന പദം അദ്ദേഹം ഉപയോഗിക്കുന്നുണ്ട്. ക്രിസ്ത്യാനികൾ ആരാധിക്കുന്ന ദൈവത്തെ സത്യദൈവം എന്നാണ് അദ്ദേഹം വിളിക്കുന്നത്.

www.malankaralibrary.com

സത്യത്തിന്റെ പൂർണ്ണത കണ്ടെത്തിയതുകൊണ്ടാണ് ക്രിസ്ത്യാനി കൾ അതിനുവേണ്ടി സഹിക്കുവാനും മരിക്കുവാനും സന്നദ്ധരാ കുന്നതെന്ന് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. സത്യത്തിനുവേണ്ടി മരിക്കുവാനുള്ള തീവ്രമായ ആഗ്രഹം അദ്ദേഹത്തിന്റെ കൃതികളിൽ പ്രകടമാണ്.

ആറു പ്രധാന വിഷയങ്ങൾ, തെർത്തുല്യന്റെ ദൈവശാസ്ത്രം വിശകലനം ചെയ്യുമ്പോൾ കണ്ടെത്തുവാൻ കഴിയും. ത്രിത്വം, സൃഷ്ടി, ആത്മാവ്, മനുഷ്യാവതാരം, മരണാനന്തരമുള്ള ആത്മാ വിന്റെ അവസ്ഥ, മരിച്ചവരുടെ ഉയിർപ്പ് എന്നിവയാണ് പ്രസ്തുത വിഷയങ്ങൾ.

197-ൽ രചിക്കപ്പെട്ട തെർത്തുല്യന്റെ 'വിശ്വാസസമർത്ഥനം' (Apology), റോമൻ പ്രവിശ്യകളിൽ അക്കാലത്തു ഭരണം നടത്തി യിരുന്ന ക്രൈസ്തവ വിരുദ്ധരായ ഭരണാധിപന്മാർക്കെതിരെ ഉന്നത മായ ചിന്തകളും സാഹിത്യശൈലികളും കോർത്തിണക്കിക്കൊണ്ടു ള്ളതാണ്. അജ്ഞത നിമിത്തമാണ് അവർ ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതെന്ന് അതിൽ വ്യക്തമാക്കുന്നു. അതിലുടനീളം ക്രൈസ്തവവിശ്വാസം തികച്ചും അർത്ഥവത്താണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. സത്യത്തിന്റെ വെളിപ്പെടുത്തലായതിനാൽ ക്രൈസ്തവ വിശ്വാസത്തെ ഇല്ലാതാക്കുവാൻ ആർക്കും കഴിയു കയില്ല. ഈ കൃതിയിൽ വ്യക്തമാക്കുന്ന മറ്റൊരു കാര്യം, വിജാതിയ ദൈവങ്ങൾക്കു നൽകുന്ന ആരാധന പിശാചുക്കൾക്കു നൽകുന്ന ആരാധനയായി ക്രിസ്ത്യാനികൾ തിരിച്ചറിയുന്നതിനാലാണ് അവർ ആരാധിക്കാത്തതെന്നതാണ്. ഭരണാധികാരികൾക്കുവേണ്ടി സത്യദൈവത്തോടു പ്രാർത്ഥിക്കുന്നവരാണ് ക്രിസ്ത്യാനികളെന്ന് പ്രസ്തുത കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സഭയുടെ ആദ്യകാല രേഖകളിൽ ഒന്നാണ്, മാമോദീസായെ ക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന തെർത്തുല്യന്റെ 'മാമോദീസാ' (On Baptism) എന്ന കൃതി. അക്കാലത്ത് മാമോദീസായ്ക്ക് എതിരെ കാർത്തേജിൽ പഠിപ്പിച്ചിരുന്ന ക്വിന്റില എന്ന സ്ത്രീയുടെ പ്രബോ ധനങ്ങൾക്കെതിരായിട്ടാണ് ഇരുപത് അദ്ധ്യായങ്ങളുള്ള ഈ കൃതി രചിച്ചത്. മാമോദീസാ കൂടാതെ ക്രൈസ്തവജീവിതമില്ലെന്ന്

www.malankaralibrary.com

അദ്ദേഹം പഠിപ്പിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോടു ബന്ധപ്പെടുത്തിയാണ് മാമോദീസായെക്കുറിച്ച് പ്രസ്തുത കൃതിയിൽ വിശദീകരിക്കുന്നത്. മാമോദീസാ ജലത്തിലൂടെയും, തുടർന്നുള്ള കൈവയ്പിലൂടെയും ഒരുവൻ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നു വെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. സഭയിലുള്ള ഈ നവജനനം ഒരിക്കൽ മാത്രമാണ് നടക്കുന്നത്. എന്നാൽ രക്തസാക്ഷിത്വത്തെ സൂചിപ്പിക്കുവാൻ 'രണ്ടാം മാമോദീസാ', 'രക്തത്താലുള്ള മാമോദീസാ' എന്നീ പദങ്ങൾ അദ്ദേഹം ഉപയോഗിക്കുന്നുണ്ട്.

പഴയനിയമ ദൈവവും പുതിയ നിയമ ദൈവവും തമ്മിൽ വ്യത്യാസമുണ്ടെന്നു പഠിപ്പിച്ച മാർസിയന്റെ അബദ്ധ സിദ്ധാന്തത്തെ ഖണ്ഡിച്ചുകൊണ്ട് അഞ്ചു പുസ്തകങ്ങളിലായി ഒരു കൃതി തെർത്തുല്യൻ തയ്യാറാക്കി (Against Marcion). അദ്ദേഹത്തിന്റെ ഏറ്റവും വലിയ കൃതിയും ഇതാണ്. പഴയനിയമത്തിലെ സ്രഷ്ടാവായ ദൈവത്തെ തിന്മയായിട്ടാണ് മാർസിയൻ അവതരിപ്പിച്ചത്. പഴയനിയമവും പുതിയ നിയമവും തമ്മിൽ വൈരുദ്ധ്യങ്ങളില്ലെന്നും സ്രഷ്ടാവ് അയയ്ക്കുകയും പ്രവാചകന്മാർ ഘോഷിക്കുകയും ചെയ്ത രക്ഷകനാണു മിശിഹായെന്നും തെർത്തുല്യൻ ഈ കൃതിയിൽ സമർത്ഥിക്കുന്നു. ദൈവം സ്രഷ്ടാവാകുന്നുവെന്ന വസ്തുത യുക്തിക്കു നിരക്കുന്നതാണെന്നും പ്രപഞ്ചം മുഴുവനും ഈ സത്യത്തിനു സാക്ഷ്യം വഹിക്കുന്നുവെന്നും ഇതിൽ വ്യക്തമാക്കുന്നു. വൈരുദ്ധ്യങ്ങൾ നിറഞ്ഞ ഈ ലോകത്തിൽ ഒരു നിയന്താവ് ആവശ്യമാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. ഇക്കാരണത്താൽ, രണ്ടു ദൈവങ്ങൾ എന്ന മാർസിയന്റെ സങ്കല്പം പൂർണ്ണമായും യുക്തിക്കു നിരക്കാത്തതുമാണ്.

ത്രിത്വം, ക്രിസ്തുവിജ്ഞാനീയം എന്നീ തലങ്ങളിലുള്ള തെർത്തുല്യന്റെ സംഭാവനകൾ വളരെ വിലപ്പെട്ടവയാണ്. അവയുമായി ബന്ധപ്പെട്ട അദ്ദേഹത്തിന്റെ നിർവ്വചനങ്ങളും പദപ്രയോഗങ്ങളുമാണ് പാശ്ചാത്യദൈവശാസ്ത്രത്തിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നത്. പ്രാക്സെയാസിന്റെ അബദ്ധപ്രബോധനങ്ങളുടെ പശ്ചാത്തലത്തിൽ, ദൈവത്തിന്റെ ഏകത്വവും ത്രിത്വവും തെർത്തുല്യൻ സ്പഷ്ടമായി വിശദീകരിച്ചു (Against Prazeas).

www.malankaralibrary.com

ത്രിത്വത്തിലെ മൂന്നാളുകളുടെ ഐക്യം സത്താപരമാണ് (Substance) എന്നാണ് അദ്ദേഹം പഠിപ്പിക്കുന്നത്. 'സത്ത' എന്ന പദം ദൈവത്വത്തെ തന്നെയാണു സൂചിപ്പിക്കുന്നത്. വ്യതിരക്തതയെ സൂചിപ്പിക്കാൻ 'ആളത്വം' (Person) എന്ന പദമാണ് പൊതുവിൽ ഉപയോഗിക്കുന്നത്. മൂന്നു ദൈവിക ആളുകളെ സൂചിപ്പിക്കുവാൻ ലത്തീൻ ഭാഷയിലെ 'ത്രിനിത്താസ്' (Trinity) എന്ന പദം ആദ്യമായി ഉപയോഗിച്ചത് അദ്ദേഹമാണ്.

ക്രിസ്തുവിജ്ഞാനിയം വിശദീകരിക്കുമ്പോൾ, മിശിഹായുടെ ദൈവത്വം, മനുഷ്യത്വം എന്നീ ഇരുസ്വഭാവങ്ങളെക്കുറിച്ച് അദ്ദേഹം വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. അരൂപി (ദൈവത്വം) അരൂപിയായി തന്നെയും ശരീരം (മനുഷ്യത്വം) ശരീരമായി തന്നെയും നിലനിൽക്കുന്നു. അവ വ്യക്തിയിൽ (Person) ചേർക്കപ്പെട്ടിരിക്കുന്നു (Against Praxeas 27). രണ്ടു സ്വഭാവങ്ങൾ (Nature) തമ്മിൽ കൂടിച്ചേരാതെ ഒരോന്നിന്റെയും സ്വഭാവവിശേഷതകൾ അതിന്റെ പൂർണ്ണതയിൽ സംരക്ഷിക്കപ്പെടുന്നു. ജ്ഞാനവാദികളുടെ ക്രിസ്തുവിജ്ഞാനിയത്തെ തെർത്തുല്യൻ ഇപ്രകാരം ഖണ്ഡിക്കുന്നു. കാൽസിഡൻ ക്രിസ്തുഭാഷ്യത്തിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നത് തെർത്തുല്യന്റെ പ്രബോധനങ്ങളാണ്.

ക്രിസ്തുവിജ്ഞാനീയത്തോടു ബന്ധപ്പെടുത്തി മരിയവിജ്ഞാനീയവും തെർത്തുല്യൻ വികസിപ്പിച്ചെടുത്തു. കന്യകയായ ഹവ്വായിലൂടെ മരണം നിലവിൽ വന്നുവെങ്കിൽ, കന്യകയായ മറിയം പ്രദാനം ചെയ്ത മിശിഹായിലൂടെ ലോകത്തിനു രക്ഷ കൈവന്നുവെന്ന് അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു.

സഭയോടുള്ള ഭക്തി തെർത്തുല്യന്റെ കൃതികളിലുടനീളം പ്രതിഫലിക്കുന്നുണ്ട്. സഭയെ 'മാതാവ്' എന്ന് ആദ്യമായി വിളിച്ചത് അദ്ദേഹമാണ്. കർത്തൃപ്രാർത്ഥന വ്യാഖ്യാനിക്കുമ്പോൾ ദൈവത്തിന്റെ പിതൃത്വവും സഭയുടെ മാതൃത്വവും പരസ്പരം ബന്ധപ്പെടുത്തിയാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. ഹവ്വായെ സഭയുടെ പ്രതീകമായി അദ്ദേഹം ചിത്രീകരിക്കുന്നുണ്ട്. ആദത്തിന്റെ വാരിയെല്ലിൽ നിന്നും ഹവ്വായെ സൃഷ്ടിച്ചതുപോലെ ക്രിസ്തുവിന്റെ പാർശ്വത്തിൽ നിന്നും സഭ ഉത്ഭവിച്ചുവെന്ന് അദ്ദേഹം പഠിപ്പിക്കുന്നു.

www.malankaralibrary.com

ധാർമ്മിക വീക്ഷണങ്ങൾ തെർത്തുല്യന്റെ ദൈവശാസ്ത്ര ത്തിന്റെ ഒരു സവിശേഷതയാണ്. ക്രൈസ്തവർ രക്തസാക്ഷിത്വ ത്തിന്റെ ചൈതന്യമാണ് തന്റെ ജീവിതത്തിലുടനീളം തുടരേണ്ടതെന്ന് അദ്ദേഹം ഉപദേശിക്കുന്നു. ഏറ്റവും വലിയ വൈരുദ്ധ്യമായിട്ടാണ് (paradox) അദ്ദേഹം പാപത്തെ കണക്കാക്കുന്നത്. ഇതു സൃഷ്ടിയെ വ്യതിചലിപ്പിക്കുകയും യുക്തിയെ (reason) നശിപ്പിക്കുകയും മനുഷ്യപ്രകൃതിയെ ഇല്ലായ്മ ചെയ്യുകയും ചെയ്യുന്നു. ആദിമാതാ പിതാക്കളുടെ പാപത്തെയാണ് എല്ലാ പാപത്തിന്റെയും സ്രോത സ്സായി തെർതുല്യൻ അവതരിപ്പിക്കുന്നത്. വ്യഭിചാരം, വിഗ്രഹാ രാധന, കൊലപാതകം എന്നീ മൂന്നു പാപങ്ങൾ വഴി സഭയോടുള്ള ഒരുവന്റെ കൂട്ടായ്മ നഷ്ടമാകുന്നുവെന്ന് അദ്ദേഹം പഠിപ്പിക്കുന്നു.

'പ്രാർത്ഥനയെക്കുറിച്ച്' (On Prayer) തെർത്തുല്യൻ ഒരു കൃതി രചിച്ചിട്ടുണ്ട്. എങ്ങനെ പ്രാർത്ഥിക്കണമെന്ന് ഉപദേശിച്ചുകൊണ്ടുള്ള ചില പ്രായോഗിക നിർദ്ദേശങ്ങൾ ഇതിലുണ്ട്. പ്രാർത്ഥനയെ ആത്മീയബലി എന്നാണ് ഇതിൽ വിശേഷിപ്പിച്ചിരിക്കുന്നത്. കർത്തൃ പ്രാർത്ഥനയെക്കുറിച്ചു ലഭ്യമായിട്ടുള്ള ഏറ്റവും പുരാതനമായ വ്യാഖ്യാനമാണിത് (2 മുതൽ 9 വരെ അദ്ധ്യായങ്ങൾ). സുവിശേഷ ത്തിന്റെ മുഴുവനും സംഗ്രഹമായിട്ടാണ് കർത്തൃപ്രാർത്ഥനയെ അദ്ദേഹം കണക്കാക്കുന്നത്.

ചുരുക്കത്തിൽ ഈടുറ്റ ഗ്രന്ഥങ്ങളാലും ദൈവശാസ്ത്ര പ്രബോധനങ്ങളാലും ആദിമസഭയെ ധീരമായി നയിച്ച പ്രഥമ പാശ്ചാത്യസഭാപിതാവത്രേ തെർത്തുല്യൻ. എന്നാൽ അവസാന കാലത്ത് അദ്ദേഹം രചിച്ച കൃതികളിൽ മോന്തനിസത്തിന്റെ സ്വാധീനം വളരെയധികം പ്രകടമാണ്.

## 2. കാർത്തേജിലെ വി. സിപ്രിയാൻ (210–258)

തെർത്തുല്യനുശേഷം ലത്തീൻ ഭാഷയിൽ ദൈവശാസ്ത്ര കൃതികൾ രചിച്ച പ്രമുഖ ചിന്തകനാണ് കാർത്തേജിലെ മെത്രാനായി രുന്ന വി. സിപ്രിയാൻ. സുന്ദരമായ സാഹിത്യശൈലി, ആത്മീയത നിറഞ്ഞ പ്രബോധനം, സഭാമാതാവിനോടുള്ള വിധേയത്വം എന്നിവ അദ്ദേഹത്തിന്റെ സവിശേഷതകളാണ്. പാശ്ചാത്യസഭയിൽ എക്കാലത്തും അദ്ദേഹം സർവ്വാദരണീയനായിരുന്നു.

www.malankaralibrary.com

അക്രൈസ്തവ മാതാപിതാക്കന്മാരിൽ നിന്നു എ. ഡി. 210-ൽ കാർത്തേജിൽ ജനിച്ച സിപ്രിയാൻ നിയമവും തർക്കശാസ്ത്രവും പഠിച്ച് അഭിഭാഷകനായി. എന്നാൽ ലൗകിക സമൃദ്ധി അദ്ദേഹത്തെ സന്തുഷ്ടനാക്കിയില്ല. ക്രിസ്തുവർഷം 246-ൽ അദ്ദേഹം ക്രൈസ്തവ വിശ്വാസം സ്വീകരിച്ചു. വിശ്വാസത്തിലേക്കു കടന്നുവന്നതിനു ശേഷം തന്റെ സമ്പത്ത് മുഴുവൻ പാവപ്പെട്ടവർക്കു ദാനം ചെയ്തു. മൂന്നു വർഷത്തിനുശേഷം 249-ൽ അദ്ദേഹം റോമൻ ആഫ്രിക്കയിലെ മുഖ്യക്രൈസ്തവകേന്ദ്രമായ കാർത്തേജിന്റെ മെത്രാനായി. തുടർന്ന് തന്റെ മരണംവരെയുള്ള പത്തുവർഷം ആഫ്രിക്കയിലെ സഭയ്ക്ക് ധീരമായ നേതൃത്വം നൽകി.

മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം അദ്ദേഹത്തിന് പല വൈധരണികളും തരണം ചെയ്യേണ്ടതായി വന്നു. അതിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു തന്റെ പുരോഹിതഗണത്തിൽ ഒരു കൂട്ടർ തനിക്കെതിരെ പ്രവർത്തനമാരംഭിച്ചത്. ഇതിനു നേതൃത്വം നൽകിയ പ്രധാനപ്പെട്ട ഒരു വ്യക്തിയായിരുന്നു നൊവാത്തൂസ്. സിപ്രിയാൻ മെത്രാനായി അധികനാൾ കഴിയുന്നതിനുമുമ്പ് ദേസിയൂസ് ചക്രവർത്തി മതമർദ്ദനം ആരംഭിച്ചു (250-251). തന്റെ കർത്തവ്യബോധം മൂലം ഒളിവിൽ താമസിച്ചുകൊണ്ട് തന്റെ രൂപതയ്ക്ക് ധീരമായ നേതൃത്വം നൽകിയിരുന്നു. നീരസത്തോടെയാണ് ഒളിവിൽ പാർത്ത സംഗതിയെ ചില ആളുകൾ എതിർത്തത്. എന്നാൽ തന്റെ വിശ്വാസ സമൂഹവുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ട് അവരെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചുകൊണ്ടിരുന്നു. മതമർദ്ദനകാലത്ത് ധാരാളം പേർ വിശ്വാസം ഉപേക്ഷിക്കുവാനിടയായി (lapsi). വിജാതീയ ദേവന്മാർക്ക് ബലിയർപ്പിച്ചവരും (sacrificati), ധൂപം അർപ്പിച്ചവരും (thurificati) അധികാരികളിൽനിന്ന് വിശ്വാസം ത്യജിച്ചതിനുള്ള രേഖകൾ സമ്പാദിച്ചവരും (libellatici) അക്കൂട്ടത്തിൽ ഉണ്ടായിരുന്നു.

വിശ്വാസം ത്യജിച്ച പലയാളുകളും മതമർദ്ദനം അവസാനിച്ചപ്പോൾ സഭയിലേക്ക് തിരിച്ചുവരുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. അവരെ സഭയിലേക്ക് സ്വീകരിക്കുന്നതിനെക്കുറിച്ച് ചില ഭിന്ന അഭിപ്രായങ്ങൾ ഉടലെടുത്തു. ഇതിൽ സിപ്രിയാൻ സ്വീകരിച്ച നിലപാട്, വിശ്വാസം ത്യജിച്ചവർ അനുതപിച്ച് പ്രായശ്ചിത്തം ചെയ്തു സഭയിലേക്കു വരണമെന്നതായിരുന്നു. എന്നാൽ പ്രായശ്ചിത്തം

www.malankaralibrary.com

കൂടാതെ ഉടനെ തന്നെ അവരെ സഭയിലേക്കു സ്വീകരിക്കണമെന്ന് ഒരു കൂട്ടർ വാദിച്ചു. നേരത്തെ മുതലെ സിപ്രിയാനെ എതിർത്തിരുന്ന നൊവാത്തൂസ് ഈ പക്ഷത്തിന്റെ പ്രധാന വ്യക്താവായിരുന്നു. പിന്നീട് നൊവാത്തൂസ് റോമിലെത്തി നൊവേഷ്യനോടൊപ്പം ചേർന്നു. ഇതേ തുടർന്ന് അദ്ദേഹം നൊവേഷ്യൻ ശീശ്മയുടെ വ്യക്താവായിത്തീർന്നു. ഈ ശീശ്മ ക്രമേണ ആഫ്രിക്കയിലും പ്രചരിച്ചു. ഇക്കൂട്ടർ സിപ്രിയാന്റെ നിലപാടുകളെ ശക്തമായി എതിർത്തുകൊണ്ടിരുന്നു.

അബദ്ധപ്രബോധകരുടെ മാമോദീസായെ സംബന്ധിച്ചും തകർക്കങ്ങളുണ്ടായി. ആഫ്രിക്കയിലെ സഭ അവരുടെ മാമോദീസാ വാസ്തവമായി അംഗീകരിച്ചിരുന്നില്ല. അതുകൊണ്ട് പാഷണ്ഡത യിൽ ഉൾപ്പെട്ടവർക്ക് സിപ്രിയാൻ യഥാർത്ഥ മാമോദീസാ നൽകിപ്പോന്നു. 255-ലും 256-ലും കാർത്തേജിൽ കൂടിയ പ്രാദേശിക കൗൺസിലുകൾ പുനർ മാമോദീസാ എന്ന ആശയം അംഗീകരിച്ചി രുന്നു. സ്റ്റീഫൻ ഒന്നാമൻ പാപ്പ (254-256) ഈ നിലപാടിനെ എതിർത്തു. അദ്ദേഹത്തിന്റെ നിർദ്ദേശം അബദ്ധോപദേശകരുടെ തലയിൽ കൈകൾ വച്ച് അവരെ സഭയിലേക്ക് സ്വീകരിക്കാം എന്നതായിരുന്നു. ആഫ്രിക്കയിലെ പ്രാദേശികമായ പാരമ്പര്യങ്ങൾ സംരക്ഷിക്കപ്പെടണമെന്നായിരുന്നു സിപ്രിയാന്റെ വാദം. ഈ തർക്കം നിലവിലിരുന്ന കാലത്താണ് 257-ൽ വലേറിയൻ ചക്ര വർത്തി മതമർദ്ദനം ആരംഭിച്ചത്. തുടർന്ന് സിപ്രിയാനെ കുറൂബിസി ലേക്ക് നാടുകടത്തി. പിറ്റേ വർഷം (258) അദ്ദേഹത്തെ തിരിച്ചു വിളിച്ചെങ്കിലും ദൈവങ്ങൾക്ക് ബലിയർപ്പിക്കുവാൻ വിസമ്മ തിച്ചതുകൊണ്ട് ഗളച്ഛേദം ചെയ്യുകയാണുണ്ടായത്. അങ്ങനെ കാർത്തേജിൽ വച്ച് അദ്ദേഹം രക്തസാക്ഷിയായി മരിച്ചു.

## പ്രധാന കൃതികൾ

വി. സിപ്രിയാന്റേതായി 13 കൃതികൾ ലഭിച്ചിട്ടുണ്ട്. അവയെ ല്ലാം പ്രത്യേക സന്ദർഭത്തെയും പ്രായോഗിക ആവശ്യങ്ങളെയും പരിഗണിച്ച് എഴുതിയിട്ടുള്ളതാണ്. അത് വെറും ബൗദ്ധിക വ്യാപാരങ്ങളായിരുന്നില്ല. പ്രത്യേകിച്ച് അബദ്ധ പ്രബോധനങ്ങളു ടെയും ഭിന്നതകളുടെയും പശ്ചാത്തലത്തിൽ രൂപപ്പെടുത്തിയതാണ്.

www.malankaralibrary.com

ദേസിയൂസ് ചക്രവർത്തിയുടെ മതമർദ്ദനം അവസാനിച്ചയുടെനേ 'വിശ്വാസ ത്യാഗികളെക്കുറിച്ച്' (Concerning the Lapsed) എന്ന ഗ്രന്ഥം അദ്ദേഹം തയ്യാറാക്കി. ഇതിൽ പ്രധാനമായും വിവരിക്കുന്നത് സഭയിലേക്കു വരുന്നവരുടെ പുനർപ്രവേശനം സംബന്ധിച്ച നടപടികളാണ്. 'സഭയുടെ ഐക്യം' (The Unity of the Church) എന്ന സിപ്രിയാന്റെ കൃതി അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലേക്ക് വെളിച്ചം വീശുന്ന ഒന്നാണ്. ഈ ഗ്രന്ഥം പ്രധാനമായും എഴുതിയത് നൊവേഷ്യൻ ഇളക്കിവിട്ട ഭിന്നതയെ നേരിടാനാണ്. ഈ ശീശ്മയെ നേരിടാനായി അദ്ദേഹം അത് റോമിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തു. ഈ കൃതി സഭയുടെ പിൽക്കാല ചരിത്രത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

വി. സിപ്രിയാനിൽ നിന്നും ലഭിച്ച സുപ്രധാന കത്തുകൾ വലിയൊരു സംഭാവനയാണ്. അവയിൽ നമുക്കു ലഭിച്ചിട്ടുള്ള 81 കത്തുകളിൽ 65 എണ്ണം സ്വന്തമായെഴുതിയതും ബാക്കി 16 എണ്ണം മറ്റുള്ളവർ അദ്ദേഹത്തിനയച്ചിട്ടുള്ളതുമാണ്. ഈ കത്തുകൾ, സഭാചരിത്രത്തിനും കാനൻ നിയമത്തിനും നിർണ്ണായക സ്രോതസ്സു കൾ മാത്രമല്ല; ലത്തീൻ ക്രൈസ്തവികതയ്ക്കുള്ള (Christian Latim) പ്രധാന സ്മാരകവുമാണ്.

### പ്രബോധനങ്ങൾ

സഭാവിജ്ഞാനിയത്തിന്റെ തലത്തിൽ നിർണ്ണായക സംഭാവന കൾ നൽകിയ ഒരു വ്യക്തിയാണ് സിപ്രിയാൻ. സഭയുടെ അടിസ്ഥാന സ്വഭാവമാണ് ഐക്യം എന്ന് അദ്ദേഹം വ്യക്തമാക്കുന്നു. കർത്താവിന്റെ ഭാഗിക്കപ്പെടാത്ത മേലങ്കിയെ സഭയുടെ ഐക്യ ത്തിന്റെ പ്രതീകമായി അദ്ദേഹം അവതരിപ്പിക്കുന്നു (സഭൈക്യം 7). ഐക്യമില്ലെങ്കിൽ ഒരുവന് രക്ഷയുടെ അനുഭവത്തിലേക്കു കടന്നുവരുവാൻ കഴിയുകയില്ല. അതുകൊണ്ടാണ് സിപ്രിയാൻ പറയുന്നത്: "സഭയ്ക്കു പുറത്തു രക്ഷയില്ല" (കത്ത് 73). നോഹിന്റെ പെട്ടകത്തോടാണ് അദ്ദേഹം സഭയെ ഉപമിക്കുന്നത്. അതായത്, നോഹിന്റെ പെട്ടകത്തിനു പുറത്തുള്ളവരാരും രക്ഷപെട്ടില്ല (സഭൈക്യം 6). താഴെപ്പറയുന്ന വാക്കുകളിൽ സഭയോടുള്ള ആദരവ് അദ്ദേഹം വ്യക്തമാക്കുന്നു: "സഭയെ മാതാവായി കാണാത്തവന്

www.malankaralibrary.com

ദൈവത്തെ പിതാവായി കാണുവാൻ കഴിയുകയില്ല" (സഭൈക്യം 6). സ്വർഗ്ഗമാണ് സഭയുടെ മാതൃകയെന്നും, പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള ഐക്യമാണ് സഭയുടെ ഐക്യത്തിന്റെ അടിസ്ഥാനമെന്നും അദ്ദേഹം പറയുന്നു (സഭൈക്യം 6). സഭയുമായി കൂട്ടായ്മ പുലർത്താത്തവനു രക്തസാക്ഷിയാകുവാൻ സാധിക്കുകയില്ലെന്നും (സഭൈക്യം 14) ഒരു ദൈവവും ഒരു മിശിഹായും ഒരു സഭയും ഒരു വിശ്വാസമാണുള്ളതെന്നും (സഭൈക്യം 23) സിപ്രിയാൻ പഠിപ്പിക്കുന്നു. മെത്രാനോടു ചേർന്നു നിന്ന് ഈ ഐക്യം സംരക്ഷിക്കുവാൻ അദ്ദേഹം ഉപദേശിക്കുന്നു. ശ്ലീഹന്മാരുടെ പിൻഗാമികളാണ് മെത്രാന്മാരെന്നും (കത്ത് 3), മെത്രാന്മാരോടു കൂട്ടായ്മയില്ലാത്തവൻ സഭയിലല്ലെന്നും (കത്ത് 66) അദ്ദേഹം വ്യക്തമാക്കുന്നു. അതുപോലെ ഐക്യത്തിന്റെ കണ്ണിയായി സിപ്രിയാൻ റോമാസഭയെ അവതരിപ്പിക്കുന്നു (സഭൈക്യം 6-ാം അദ്ധ്യായം).

വി. കുർബ്ബാനയുടെ ദൈവശാസ്ത്രം അദ്ദേഹം 63-ാമത്തെ കത്തിൽ വിശദീകരിക്കുന്നു. അപ്പത്തെയും വീഞ്ഞിനെയും ഐക്യത്തിന്റെ പ്രതീകങ്ങളായിട്ടാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. ധാന്യമണികൾ ചേർത്തുണ്ടാക്കുന്ന അപ്പം (Eucharistic bread) ആരാധനാസമൂഹത്തിന്റെ പ്രതീകമാണ്. കാസായിലെ വീഞ്ഞിനോടു വെള്ളം ചേർക്കുന്നത്, ആരാധനാസമൂഹം കർത്താവിനോട് ഐക്യപ്പെടുന്നുവെന്നു കാണിക്കുവാനാണ്. വീഞ്ഞു കർത്താവിന്റെയും വെള്ളം ആരാധനാസമൂഹത്തിന്റെയും പ്രതീകമാണ്. കുർബ്ബാന ബലിയാണെന്ന യാഥാർത്ഥ്യം ഈ കത്തിൽ അദ്ദേഹം സമർത്ഥിക്കുന്നു. സഭയ്ക്കു പുറമെയുള്ള കുർബ്ബാനയർപ്പണം വാസ്തവമല്ലെന്നും ഇതിൽ പറഞ്ഞിട്ടുണ്ട്.

കർത്തൃപ്രാർത്ഥനയ്ക്ക് സിപ്രിയാൻ എഴുതിയ വ്യാഖ്യാനം സവിശേഷ പ്രാധാന്യമുള്ള ഒന്നാണ്. ക്രൈസ്തവ വിശ്വാസത്തിന്റെ മുഴുവൻ സംഗ്രഹമായിട്ടാണ് കർത്തൃപ്രാർത്ഥനയെ അവതരിപ്പിക്കുന്നത്. ഇതു വ്യക്തിപരമായ പ്രാർത്ഥനയല്ല; സഭയുടെ പ്രാർത്ഥനയാണ്. മാമോദീസായിലൂടെ ദൈവമക്കളായ എല്ലാവരും ചേർന്ന് ഞങ്ങളുടെ പിതാവേ എന്നു വിളിച്ചു പ്രാർത്ഥിക്കുന്നു. എനിക്ക്

www.malankaralibrary.com

ആവശ്യമായ അപ്പം തരണമെന്നല്ല, ഞങ്ങൾക്ക് ആവശ്യമായ അപ്പം തരണമെയെന്നാണ് പ്രാർത്ഥിക്കുന്നത്. എന്റെ കടങ്ങൾ ക്ഷമിക്കണ മെന്നല്ല, ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കണമെന്നാണ് പ്രാർത്ഥിക്കു ന്നത്. അതായത് എല്ലാവർക്കും വേണ്ടിയുള്ള പ്രാർത്ഥനയാണിത്. അതുകൊണ്ട്, കർത്തൃപ്രാർത്ഥന മുഴുവനും സഭയുടെ ഐക്യത്തെ യാണ് വെളിപ്പെടുത്തുന്നത്.

## 3. റോമിലെ വി. ഹിപ്പോളിറ്റസ് (170–235)

170-നും 175-നുമിടക്കാണ് ഹിപ്പോളിറ്റസിന്റെ ജനനം. വി. ഇരണേയൂസിന്റെ ശിഷ്യനെന്ന് സ്വയം അവകാശപ്പെടുന്നുണ്ടെ ങ്കിലും, ആ ശിഷ്യത്വം പുസ്തകങ്ങളിലൂടെയും ആകാം. എ. ഡി. 212-ൽ റോമിലെ ഒരു വികാരിയായിരുന്ന ഹിപ്പോളിറ്റസിന്റെ പ്രഭാഷണം ഒരിജൻ കേൾക്കാനിടയായതായി രേഖപ്പെടുത്തിയിരി ക്കുന്നു. അന്നത്തെ പോപ്പായിരുന്ന സെഫറിനൂസും (199–217) ഹിപ്പോളിറ്റസും തമ്മിൽ സൈദ്ധാന്തികമായി ചില അഭിപ്രായ ഭിന്നതകളുണ്ടായി. പോപ്പിന്റെ ഉപദേശകനായിരുന്ന കലിക്സ്റ്റസ് (217–222) അടുത്ത പോപ്പായതോടെ ഈ അഭിപ്രായാന്തരം കൂടുതൽ പ്രകടമാകുകയും അങ്ങനെ പുതിയൊരു ശീശ്മയ്ക്കു വഴി തുറക്കു കയും ചെയ്തു. 235-ലെ മതപീഡനകാലത്ത് ഹിപ്പോളിറ്റസിനേയും അന്നത്തെ മാർപ്പാപ്പായായിരുന്ന പെന്തിയാനസിനേയും (230–235) സർദീനിയായിലേയ്ക്കു നാടുകടത്തി; അവിടെവച്ച് രണ്ടുപേരും മരണമടഞ്ഞു. നാടുകടത്തപ്പെടുന്നതിനുമുമ്പ് ഹിപ്പോളിറ്റസ് മനസ്താപിച്ച് സഭയുമായി രമ്യതയിലായി. തന്റെ അനുയായികളോട് സഭയുമായി അനുരഞ്ജനപ്പെടാൻ ആവശ്യപ്പെടുകയും ചെയ്തു. ഹിപ്പോളിറ്റസ് വിശുദ്ധനും രക്തസാക്ഷിയും സഭാപിതാവുമാണ്.

### കൃതികൾ

ഹിപ്പോളിറ്റസിന്റെ കൃതികളെല്ലാം അഗാധപാണ്ഡിത്യം വ്യക്തമാക്കുന്നവയാണ്. വേദപുസ്തകം, വിശ്വാസസത്യങ്ങൾ, സന്മാർഗ്ഗശാസ്ത്രം, ചരിത്രം, ഭൂമിശാസ്ത്രം തുടങ്ങി വിവിധ വിഷയ ങ്ങളെ പുരസ്ക്കരിച്ച് മുപ്പത്തഞ്ചോളം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ഗ്രീക്കുഭാഷയിൽ കൃതികൾ രചിച്ച അവസാനത്തെ സഭാപിതാവാണ് അദ്ദേഹം. അദ്ദേഹത്തിന്റെ കൃതികളിൽ മൂലഭാഷ

www.malankaralibrary.com

യിൽ ഏറിയ പങ്കും നഷ്ടപ്പെട്ടെങ്കിലും ലത്തീൻ, സുറിയാനി, അർമേനിയൻ, കോപ്റ്റിക്, എത്യോപ്യൻ, ജോർജിയൻ, സ്ലാവിയൻ എന്നീ ഭാഷകളിലുള്ള പകർപ്പുകൾ നിലനിന്നിരുന്നു. ഈ പൗരസ്ത്യ തർജ്ജമകൾ സൂചിപ്പിക്കുന്നത് പൗരസ്ത്യ പ്രദേശങ്ങളിലും അദ്ദേഹം പ്രശസ്തിയാർജിച്ചിരുന്നുവെന്നതാണ്.

ജ്ഞാനവാദികൾക്കെതിരെ പത്തു പുസ്തകങ്ങളിലായി ഒരു കൃതി (Refutation of all heresies) ഹിപ്പോളിറ്റസ് രചിച്ചിട്ടുണ്ട്. 33 ജ്ഞാനവാദ വിഭാഗങ്ങളെക്കുറിച്ച് ഇതിൽ പരാമർശിക്കുന്നുണ്ട്. ജ്ഞാനവാദം ക്രൈസ്തവവിശ്വാസമല്ലെന്നും, അത് വിജാതിയ തത്ത്വചിന്തകളിൽ നിന്നുമാണ് രൂപപ്പെട്ടിരിക്കുന്നതെന്നും അദ്ദേഹം സമർത്ഥിക്കുന്നു. പാഷണ്ഡകതകൾക്കെതിരെ മറ്റൊരു കൃതി കൂടി അദ്ദേഹം രചിച്ചിട്ടുണ്ട് (Against all heresies). അതിൽ 32 പാഷണ്ഡതകളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. അതിന്റെ അവസാനഭാഗത്ത് നൊയെത്തൂസിന്റെ പാഷണ്ഡതയെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്.

ബൈബിളിലെ വിവിധ പുസ്തകങ്ങൾക്ക് ഹിപ്പോളിറ്റസ് വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ട്. ദാനിയേലിന്റെ പുസ്തകം, ഉത്തമഗീതം എന്നിവയ്ക്കു നൽകിയിരിക്കുന്ന ഭാഷ്യങ്ങൾ സവിശേഷ ശ്രദ്ധയാകർഷിക്കുന്നവയാണ്. അലക്സാണ്ഡ്രിയൻ വിദ്യാപീഠത്തിന്റെ 'അലഗോറിക്കൽ' വ്യാഖ്യാനശൈലി ഈ ഭാഷ്യങ്ങളിലും നിഴലിക്കുന്നുണ്ട്. വി. ഗ്രന്ഥത്തിലെ വിവിധ പുസ്തകങ്ങൾക്ക് വ്യാഖ്യാനങ്ങൾ നൽകുന്ന ആദ്യ അവസരം എന്ന നിലയിൽ ഹിപ്പോളിറ്റസിന്റെ ഭാഷ്യങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. ലോകചരിത്രത്തിലേയും രക്ഷാകരചരിത്രത്തിലേയും പ്രധാന സംഭവങ്ങളെ കോർത്തിണക്കി ഒരു 'ക്രോണിക്കിളും' അദ്ദേഹം തയ്യാറാക്കിയിട്ടുണ്ട്.

'അപ്പസ്തോലിക പാരമ്പര്യം' (The Apostolic Tradition) എന്ന കൃതിയിൽ, സഭയിൽ പരമ്പരാഗതമായി നിലനിന്നിരുന്ന ആരാധനാക്രമങ്ങളും ക്രൈസ്തവസമൂഹത്തിലെ നടപടിക്രമങ്ങളും എന്തൊക്കെയാണെന്നു വിവരിക്കുന്നു. ഇതിന് മൂന്നു ഭാഗങ്ങളാണുള്ളത്. ഒന്നാം ഭാഗത്ത് മെത്രാന്റെ തെരഞ്ഞെടുപ്പ്, അഭിഷേകം, തുടർന്നുള്ള വി. കുർബ്ബാനയർപ്പണം, വൈദികന്റെയും ഡീക്കന്റെയും പട്ടക്രമം,

www.malankaralibrary.com

സഭയിലെ പരമ്പരാഗതമായ മറ്റു ശുശ്രൂഷകൾ എന്നീ കാര്യങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മെത്രാഭിഷേക പ്രാർത്ഥനയിൽ ശ്ലൈഹിക പിൻതുടർച്ചയെപ്പറ്റി വ്യക്തമായി പറയുന്നുണ്ട്. തുടർന്നു കൊടുത്തിരിക്കുന്ന കൃതജ്ഞതാസ്തോത്ര പ്രാർത്ഥന (Eucharistic Prayer) സഭയിലെ അതിപ്രാചീനമായ ഒരു കുർബ്ബാനാക്രമമാണ്. പ്രസ്തുത കൃതജ്ഞതാ സ്തോത്ര പ്രാർത്ഥനയാണ് നിലവിലുള്ള ലത്തീൻ കുർബ്ബാനാക്രമത്തിൽ രണ്ടാമത്തെ കൃതജ്ഞതാ സ്തോത്ര പ്രാർത്ഥനയായി ചേർത്തിരിക്കുന്നത്. ഈ കൃതിയുടെ രണ്ടാം ഭാഗത്ത് അത്മായരുമായി ബന്ധപ്പെട്ട നിയമങ്ങളാണ് കൊടുത്തിരിക്കുന്നത്. സ്നാനാർത്ഥികൾ, മാമോദീസാ, സ്ഥൈര്യലേപനം, കുർബ്ബാന എന്നീ കാര്യങ്ങളെക്കുറിച്ച് ഇതിൽ പ്രതിപാദിക്കുന്നു. ഞായറാഴ്ച ബലിയർപ്പണം, ഉപവാസസംബന്ധമായ നിയമങ്ങൾ, സ്നേഹവിരുന്ന്, പ്രായോഗിക ജീവിതത്തിലെ മറ്റ് അനുഷ്ഠാനങ്ങൾ എന്നിവയെക്കുറിച്ചാണ് മൂന്നാം ഭാഗത്തു വിവരിക്കുന്നത്. അബദ്ധോപദേശങ്ങളുടെ നടുവിൽ സഭയുടെ ശ്ലൈഹിക പാരമ്പര്യങ്ങൾക്ക് കോട്ടം സംഭവിക്കാതിരിക്കുന്നതിനുവേണ്ടിയാണ് ഹിപ്പോളിറ്റസ് ഇക്കാര്യങ്ങളെല്ലാം രേഖപ്പെടുത്തിയിരിക്കുന്നത്.

## 4. നൊവാസിയാൻ (200–258)

റോമിലെ പുരോഹിതഗണത്തിൽ പ്രമുഖസ്ഥാനം അലങ്കരിച്ചിരുന്ന ഒരു വ്യക്തിയാണ് നൊവാസിയാൻ. ഫാബിയാൻ മാർപാപ്പ (236–250) അദ്ദേഹത്തിന് പൗരോഹിത്യപദവി നൽകി. റോമിൽ വളരെയധികം പ്രസിദ്ധനായിരുന്നു അദ്ദേഹം. ഫാബിയാനുശേഷം മാർപാപ്പായാകുമെന്ന പ്രതീക്ഷ അദ്ദേഹത്തിനുണ്ടായിരുന്നു; പക്ഷേ പ്രതീക്ഷയ്ക്കു വിപരീതമായി കൊർണേലിയൂസ് പാപ്പാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു. അതോടുകൂടി അദ്ദേഹത്തിന്റെ എതിരാളിയായി നൊവാസിയൻ വർത്തിച്ചുതുടങ്ങി. ദേസിയൂസ് ചക്രവർത്തിയുടെ മതമർദ്ദനകാലത്ത് വിശ്വാസത്യാഗം ചെയ്ത ക്രൈസ്തവരെ കൊർണേലിയൂസ് പാപ്പാ സഭയിലേക്കു തിരിച്ചു സ്വീകരിച്ച നടപടിയെ നൊവാസിയാൻ ശക്തിയായി എതിർത്തു. നോവാസിയനിലൂടെ റോമാസഭയിൽ ഒരു ശീശ്മയ്ക്കുതന്നെ തുടക്കം കുറിച്ചു. അതിനുശേഷം അദ്ദേഹത്തെപ്പറ്റി വളരെയൊന്നും അറിവുനമുക്കില്ല. വലേറിയൻ ചക്രവർത്തിയുടെ മതമർദ്ദനകാലത്ത്

www.malankaralibrary.com

(257-258) നോവാസിയാൻ രക്തസാക്ഷിയായി മരിച്ചുവെന്നാണ് പാരമ്പര്യം.

ലത്തീൻ ഭാഷയിൽ കൃതികൾ രചിച്ച റോമിലെ ആദ്യത്തെ ചിന്തകനാണ് നോവാസിയാൻ. 250-നുമുമ്പായി എഴുതിയ 'നിത്യത്വത്തെപ്പറ്റി' എന്ന ഗ്രന്ഥമാണ് അദ്ദേഹത്തിന്റെ പ്രശസ്ത കൃതി. ഒരു ദൈവശാസ്ത്ര വിഷയത്തെപ്പറ്റി റോമിൽവച്ച് ലത്തീനിലെഴുതിയ ആദ്യത്തെ ഗ്രന്ഥം എന്ന സവിശേഷത ഇതിനുണ്ട്. ത്രിത്വരഹസ്യത്തെ സംബന്ധിച്ചുള്ളതാണ് മറ്റൊരു ഗ്രന്ഥം. എന്നാൽ ത്രിത്വം എന്ന പദം തന്റെ കൃതികളിൽ ഒരിടത്തും ഉപയോഗിച്ചിട്ടില്ല. മാമോദീസായിൽ ഏറ്റുപറയുന്ന വിശ്വാസപ്രമാണത്തിന്റെ ഒരു വിശദീകരണമാണീ കൃതി. 'പിതാവായ ദൈവത്തിൽ വിശ്വസിക്കുന്നു', 'രക്ഷകനായ പുത്രനിൽ വിശ്വസിക്കുന്നു', 'പരിശുദ്ധാത്മാവിൽ വിശ്വസിക്കുന്നു' എന്നീ അടിസ്ഥാന സത്യങ്ങളെ ഇതിൽ വിശദീകരിക്കുന്നു. വിശ്വാസത്തിന്റെ നിയമം (Rule of faith) വിശദീകരിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഇക്കാര്യത്തിൽ നൊവാസിയാൻ പ്രധാനമായും കടപ്പെട്ടിരിക്കുന്നത് തെർത്തുല്യനോടാണ്.

## 5. പൊയ്റ്റിയേയിലെ വി. ഹിലരി (315-367)

പാശ്ചാത്യസഭയിൽ ആരിയൻ പാഷണ്ഡതക്കെതിരെ പോരാടിയ പ്രമുഖ സഭാപിതാവാണ് അത്തനാസ്യോസിന്റെ സമകാലികനായ ഹിലരി. 'പാശ്ചാത്യസഭയിലെ അത്തനാസ്യോസ്' എന്ന പേരിലാണ് അദ്ദേഹം അറിയപ്പെടുന്നത്. റോമാ സാമ്രാജ്യത്തിലെ ഗൗൾ (ഫ്രാൻസ്) പ്രവിശ്യയിൽപ്പെട്ട പൊയ്റ്റയേ എന്ന സ്ഥലത്ത് ഒരു വിജാതീയ കുടുംബത്തിൽ 315-ൽ അദ്ദേഹം ജനിച്ചു. തത്ത്വചിന്ത, സാഹിത്യം എന്നീ വിഷയങ്ങളിൽ ഉപരിപഠനം നിർവ്വഹിച്ച ഹിലരി, നിരന്തരമായ വി. ഗ്രന്ഥപാരായണത്തിലൂടെ വിശ്വാസജീവിതത്തിലേക്കു കടന്നുവന്നു. ഉദ്ദേശം 345-ലാണ് അദ്ദേഹം മാമോദീസാ സ്വീകരിച്ചത്. വിശ്വാസജീവിതത്തിലേക്കു വരുന്നതിനു മുമ്പുതന്നെ അദ്ദേഹം വിവാഹിതനായിരുന്നു. 350-ൽ, പൊയ്റ്റിയേയിലെ വൈദികരും വിശ്വാസികളും അദ്ദേഹത്തെ തങ്ങളുടെ മെത്രാനായി തെരഞ്ഞെടുത്തു.

www.malankaralibrary.com

ആരിയനിസത്തിനെതിരായി ഉറച്ച നിലപാടുകൾ സ്വീകരിച്ച തിനാൽ പലവിധ എതിർപ്പുകൾ അദ്ദേഹത്തിനു നേരിടേണ്ടി വന്നു. 356-ൽ ആരിയൻ പക്ഷത്തിന്റെ സംരക്ഷകനായിരുന്ന കോൺസ്റ്റാൻ സ്യൂസ് ചക്രവർത്തി ഏഷ്യാമൈനറിലെ ഫ്രിജിയായിലേക്ക് അദ്ദേഹത്തെ നാടുകടത്തി. നാലുവർഷക്കാലം ഹിലരി വിപ്രവാസി യായി കഴിച്ചുകൂട്ടി. അക്കാലത്ത്, ഗ്രീക്കു ദൈവശാസ്ത്രചിന്തകൾ, പ്രത്യേകിച്ച് ഒരിജന്റെ ദൈവശാസ്ത്രം ശ്രദ്ധാപൂർവ്വം പഠിച്ചു. 360-ൽ അദ്ദേഹം സ്വന്തരൂപതയിൽ തിരിച്ചെത്തി മെത്രാനെന്ന നിലയിലുള്ള തന്റെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്തു. 367-ൽ ഹിലരി മരിച്ചുവെന്ന് വി. ജറോം സാക്ഷ്യപ്പെടുത്തുന്നു.

## കൃതികൾ

'ത്രിത്വത്തെപ്പറ്റി': ഹിലരിയുടെ ഏറ്റവും പ്രധാനപ്പെട്ട ദൈവ ശാസ്ത്ര കൃതിയാണിത്. ഏഷ്യാമൈനറിലെ ഫ്രിജിയായിൽ വിപ്രവാ സത്തിലിരിക്കവെയാണ് ഹിലരി 12 പുസ്തകങ്ങളിലായി ലത്തീൻ ഭാഷയിൽ ഈ കൃതി രചിച്ചത്. ലത്തീനിലും ഗ്രീക്കിലുമുള്ള ത്രിത്വ സംബന്ധമായ ദർശനങ്ങളുടെ സമന്വയം ഇതിൽ അവതരിപ്പി ക്കുന്നു.

നാടുകടത്തപ്പെടുന്നതിനു മുമ്പ് അദ്ദേഹം രചിച്ച ഒരു കൃതി യാണ് 'മത്തായിയുടെ സുവിശേഷത്തിന്റെ ഭാഷ്യം'. അതിന് 33 അദ്ധ്യായങ്ങളാണുള്ളത്. ആദ്ധ്യാത്മികാർത്ഥത്തിന് ഊന്നൽ കൊടു ത്തുകൊണ്ടുള്ള ഒരു വ്യാഖ്യാനശൈലിയാണ് (അലഗോറിക്കൽ ശൈലി) അതിൽ അവലംബിച്ചിരിക്കുന്നത്. പക്ഷേ, പൂർണ്ണമായി ചരിത്രപരമായ ശൈലി ഉപേക്ഷിക്കുന്നുമില്ല. മത്തായിയുടെ സുവി ശേഷത്തിന്റെ ആത്മീയാർത്ഥം വെളിച്ചത്തുകൊണ്ടുവരികയാണ് ഈ ഭാഷ്യത്തിന്റെ ലക്ഷ്യം. 'സങ്കീർത്തനഭാഷ്യം', 'രഹസ്യങ്ങൾ' എന്നിങ്ങനെ രണ്ടു കൃതികൾ വിപ്രവാസത്തിനുശേഷം അദ്ദേഹം രചിച്ചു. ഈ രണ്ടു ഭാഷ്യങ്ങളിലും ഒരിജന്റെ വ്യാഖ്യാനശൈലി തന്നെയാണ് സ്വീകരിച്ചിരിക്കുന്നത്. 'രഹസ്യങ്ങൾ' എന്ന കൃതിയിൽ മിശിഹാ സംഭവത്തെ കേന്ദ്രീകരിച്ച് പഴയനിയമത്തിന് പുതിയൊരു വ്യാഖ്യാനം ഹിലരി നൽകുന്നുണ്ട്.

www.malankaralibrary.com

പാശ്ചാത്യരായ എഴുത്തുകാരിൽ ആദ്യമായി ഗീതങ്ങൾ രചിച്ചത് ഹിലരിയാണെന്നു പറയാം. പൗരസ്ത്യദേശങ്ങളിൽ ആരിയൻ ചിന്തകരും, നിഖ്യാവിശ്വാസികളും തങ്ങളുടെ പ്രബോധനങ്ങൾ പ്രചരിപ്പിക്കുവാൻ പദ്യരീതി അവലംബിച്ചു. ഹിലരി പൗരസ്ത്യദേശത്തിലായിരുന്നപ്പോൾ ഈ സംഗതി മനസ്സിലാക്കി അദ്ദേഹം അതു സ്വീകരിച്ചു. പാട്ടുകളിൽ ത്രിത്വപ്രശ്നം മുന്തി നിൽക്കുന്നതായി കാണാം.

## പ്രബോധനങ്ങൾ

ഗ്രീക്കു ദൈവശാസ്ത്രജ്ഞന്മാരായ ഒരിജൻ, അത്തനാസ്യോസ് എന്നിവരുടെയും ലത്തീൻ ദൈവശാസ്ത്രജ്ഞന്മാരായ നോവേഷ്യൻ, തെർത്തുല്യൻ എന്നിവരുടെയും ത്രിത്വസംബന്ധമായ ദർശനങ്ങൾ ഹിലരിയെ സ്വാധീനിച്ചിട്ടുണ്ട്. ആരിയനിസം, സബല്ലിയനിസം എന്നീ പാഷണ്ഡതകളെ ഖണ്ഡിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ മുഖ്യലക്ഷ്യം. ത്രിത്വത്തിലെ മൂന്നാളുകൾ തമ്മിലുള്ള ഐക്യം വ്യക്തമാക്കുവാൻ 'സമസത്ത' (Homoousios) എന്ന പദം ഇവിടെ ഉപയോഗിക്കുന്നില്ല. അതു സബല്ലിയനിസമായി വ്യാഖ്യാനിക്കപ്പെടുമോ എന്ന ആശങ്ക അദ്ദേഹത്തിനുണ്ടായിരുന്നു. മാത്രമല്ല, അത് വി. ഗ്രന്ഥത്തിൽ നിന്നു സ്വീകരിച്ചിരിക്കുന്ന ഒരു പദമല്ലെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. ദൈവം മനുഷ്യനു നൽകിയിരിക്കുന്ന സമ്മാനം എന്നാണ് പരിശുദ്ധാത്മാവിനെ ഹിലരി വിശേഷിപ്പിക്കുന്നത്. പിതാവിന്റെയും പുത്രന്റെയും 'സ്വഭാവം' തന്നെയാണ് പരിശുദ്ധാത്മാവിന്റേതുമെന്ന് അദ്ദേഹം പഠിപ്പിച്ചു.

നിത്യജീവിതത്തെ ദൈവമഹത്വത്തിലുള്ള പങ്കുചേരലായിട്ടാണ് ഹിലരി അവതരിപ്പിക്കുന്നത്. ദൈവപുത്രന്റെ ശൂന്യവത്ക്കരണം മനുഷ്യവംശത്തെ മുഴുവൻ ദൈവമഹത്വത്തിൽ പങ്കുചേരുന്നതിനുവേണ്ടിയായിരുന്നു. അതോടു ബന്ധപ്പെടുത്തി, മിശിഹായിലെ ഇരുസ്വഭാവങ്ങളെക്കുറിച്ച് അദ്ദേഹം സ്പഷ്ടമായി പഠിപ്പിക്കുന്നു. മനുഷ്യന്റെ മഹത്വീകരണം സാദ്ധ്യമാകണമെങ്കിൽ അവിടുന്നു സമ്പൂർണ്ണ ദൈവവും സമ്പൂർണ്ണ മനുഷ്യനുമായിരിക്കണം. ഇപ്രകാരം 'മഹത്വത്തിന്റെ ദൈവശാസ്ത്രം' വികസിപ്പിച്ചെടുത്തുകൊണ്ട്, ആരിയൻ പാഷണ്ഡതയെ അദ്ദേഹം ഖണ്ഡിച്ചു.

www.malankaralibrary.com

## 6. മിലാനിലെ വി. അംബ്രോസ് (337/9–397)

ലത്തീൻ സഭാപാരമ്പര്യത്തിലെ നാലു പ്രമുഖ പിതാക്കന്മാരിൽ ഒരാളാണ് മിലാനിലെ മെത്രാനായിരുന്നു അംബ്രോസ് (മറ്റു മൂന്നുപേർ ജറോം, അഗസ്തീനോസ്, ഗ്രിഗറി എന്നിവരാണ്). അജപാലകൻ, ബൈബിൾ വ്യാഖ്യാതാവ്, പ്രബോധകൻ, ഭരണകർത്താവ്, സാമൂഹികനീതിയുടെ വക്താവ്, പ്രഭാഷകൻ എന്നീ നിലകളിൽ അദ്ദേഹം പ്രശോഭിച്ചിരുന്നു. ആരിയൻ പാഷണ്ഡതയുടെയും വിജാതീയ ആചാരങ്ങളുടെയും പശ്ചാത്തലത്തിൽ സത്യവിശ്വാസം പ്രഘോഷിക്കുവാൻ അദ്ദേഹം ഏറെ ശ്രദ്ധിച്ചു. പ്രമുഖ ഗ്രീക്കു പിതാക്കന്മാരുടെ ദർശനങ്ങൾ ലത്തീൻ ഭാഷയിൽ അവതരിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞുവെന്നതും അദ്ദേഹത്തിന്റെ പ്രത്യേകതയാണ്.

റോമാസാമ്രാജ്യത്തിലെ ഗൗൾ പ്രോവിൻസിൽപ്പെട്ട ട്രിയറിൽ കുലീന ക്രൈസ്തവ മാതാപിതാക്കളിൽ നിന്ന് 337/9–ൽ അംബ്രോസ് ജനിച്ചു. അദ്ദേഹത്തിന്റെ പിതാവ് 'ഗൗൾ പ്രീഫെക്ചർ' എന്ന റോമൻ പ്രദേശത്തിന്റെ പ്രീഫെക്ടായി ട്രിയർ കേന്ദ്രമാക്കി ഭരിച്ചുകൊണ്ടിരിക്കുമ്പോഴാണ് അംബ്രോസിന്റെ ജനനം. പിതാവ് അകാലനിര്യാണം പ്രാപിച്ചപ്പോൾ അംബ്രോസിന്റെ കുടുംബം 353–ൽ റോമിൽ താമസമാക്കി. അംബ്രോസ് അവിടെ വച്ച് നിയമം പഠിച്ചു. സിർമിയം പ്രീഫെക്ചറിലെ നിയമ പണ്ഡിതനായി 368–ൽ നിയമിതനായി. 370–ൽ ലിഗൂരിയാ, എമീലിയാ എന്നീ പ്രവിശ്യകളുടെ കോൺസുളായി നിയമിതാനായപ്പോൾ ആസ്ഥാനമായ മിലാനിലേക്ക് താമസം മാറ്റി. അവിടെ 'ഗവർണർ' ആയി ഭരിച്ചുകൊണ്ടിരിക്കെ സ്ഥലത്തെ മെത്രാൻ മരിച്ചു. ഒരു പിൻഗാമിയെ വാഴിക്കുന്നതിൽ കത്തോലിക്കരും ആരിയൻ പക്ഷക്കാരും തമ്മിൽ കലഹമായി. പ്രശ്നം തീർക്കുവാൻ അംബ്രോസ് പരിശ്രമിച്ചു. സമാധാനവും ശാന്തിയും പുനഃസ്ഥാപിക്കുവാനുള്ള പരിശ്രമത്തിൽ ഇരുകൂട്ടരും അംബ്രോസിനെ തന്നെ മെത്രാനാക്കാൻ തീരുമാനിച്ചു. മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ അദ്ദേഹം ക്രിസ്താനിയാകാൻ ഒരുങ്ങിക്കൊണ്ടിരുന്ന ഒരു സ്നാനാർത്ഥി മാത്രമായിരുന്നു. ഉടനെ സ്നാനം സ്വീകരിക്കുകയും ഒരാഴ്ചക്കകം മെത്രാനായി (373) അഭിഷിക്തനാവുകയും ചെയ്തു. തനിക്കുള്ളതെല്ലാം പാവ

www.malankaralibrary.com

ങ്ങൾക്കു വിതരണം ചെയ്തു തന്റേതായി ഒന്നുമില്ലാത്തവനായിട്ടാണ് അദ്ദേഹം സഭാശുശ്രൂഷ ആരംഭിച്ചത്. സിംപ്ലിച്ചിയാനുസ് എന്ന വൈദികന്റെ കീഴിൽ വിശുദ്ധ ഗ്രന്ഥവും ഗ്രീക്കു പിതാക്കന്മാരുടെ ദർശനങ്ങളും താല്പര്യപൂർവ്വം പഠിച്ചു. വചനമായ ദൈവത്തെ ധ്യാനിച്ചുകൊണ്ടുള്ള സുദീർഘ പ്രാർത്ഥനകൾ പഠനത്തിൽ സഹായിച്ചു.

തന്റെ ഭരണകാലത്ത്, സഭയുടെ അവകാശങ്ങൾക്കുവേണ്ടി നിരന്തരം രാഷ്ട്രീയാധികാരത്തോട് അദ്ദേഹം പൊരുതിക്കൊണ്ടിരുന്നു. റോമൻ ചക്രവർത്തിയായ ഗ്രേഷ്യനെ (375-382) ആരിയൻ വിരുദ്ധചേരിയിലേക്കു കൊണ്ടുവരുന്നതിനും നിഖ്യാവിശ്വാസികളായ മെത്രാന്മാരെയും വൈദികരേയും നിയമിക്കുന്നതിനും അംബ്രോസ് പരിശ്രമിച്ചു. അദ്ദേഹത്തിന്റെ പ്രേരണയാൽ 382-ൽ 'വിജയത്തിന്റെ ബലിപീഠം' (Altar of Victory) ഗ്രേഷ്യൻ നീക്കം ചെയ്തു. 376-7 കാലഘട്ടത്തിൽ ആര്യൻ അനുഭാവികളും കത്തോലിക്കരും തമ്മിൽ നടന്ന ലഹള ഒതുക്കുന്നതിനും സമാധാനം പുനഃസ്ഥാപിക്കുന്നതിനും അംബ്രോസ് പരിശ്രമിച്ചു. 379-ൽ ഗ്രേഷസും അംബ്രോസും മിലാനിൽ വീണ്ടും കണ്ടുമുട്ടി. പാഷണ്ഡതകൾക്കെതിരെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. ആരിയൻ ചിന്താഗതിക്കാർ കയ്യടക്കിയ ബസിലിക്കാ തിരികെ പിടിക്കാൻ അംബ്രോസ് നേതൃത്വം നൽകി.

തുടർന്നു ഭരിച്ച വാലന്റീനിയൻ ചക്രവർത്തിയുമായി (382-392) നാലു പ്രാവശ്യം ഇടഞ്ഞു. "ചക്രവർത്തി സഭക്കുള്ളിലാണ്, സഭയ്ക്കുപരിയല്ല" എന്ന തത്വം അംബ്രോസിനെ ഭരിച്ചു. റോമൻ ഭരണാധികാരികളുമായുള്ള ഏറ്റുമുട്ടലിൽ അദ്ദേഹം ഈ തത്വം മുറുകെ പിടിച്ചു. മിലാനിലെ രണ്ടു പള്ളികൾ ആരിയൻ ചിന്തകരുടെ ഉപയോഗാർത്ഥം വിട്ടുകൊടുക്കണം എന്ന നിർദ്ദേശം അദ്ദേഹം തള്ളിക്കളഞ്ഞു.

തുടർന്നു ഭരിച്ച തിയഡോഷ്യസ് ചക്രവർത്തിയെ സ്വാധീനിക്കുവാനും ക്രൈസ്തവ ധാർമ്മികത അവതരിപ്പിക്കാനും അംബ്രോസിനു സാധിച്ചു. 388-ൽ കല്ലിനിക്കം എന്ന സ്ഥലത്തെ മെത്രാന്റെ പ്രേരണയാൽ ജനകൂട്ടം സ്ഥലത്തെ ഒരു യഹൂദ

www.malankaralibrary.com

സിനഗോഗ് തകർത്തു. അതു പണിതു കൊടുക്കാൻ തെയഡോഷ്യസ് ആവശ്യപ്പെട്ടെങ്കിലും അംബ്രോസ് ഇടപെട്ട് അതു നടപ്പിലാക്കിയില്ല. ക്രൈസ്തവർ സിനഗോഗോ, വിജാതീയ ആരാധനാലയങ്ങളോ നിർമ്മിച്ചുകൊടുക്കുമ്പോൾ, മറ്റൊരു വിശ്വാസം പരസ്യമായി ഏറ്റുപറയുകയാണു ചെയ്യുന്നതെന്ന് അംബ്രോസ് ചക്രവർത്തിയെ അറിയിച്ചു. 390-ൽ തെസ്സലോണിക്കാ പട്ടണത്തിൽ 5000 പേരെ തിയഡോഷ്യസ് കൊന്നുകളഞ്ഞ സംഭവം അംബ്രോസിനെ നടുക്കി. ഇതൊഴിവാക്കുവാൻ അദ്ദേഹം നന്നേ പരിശ്രമിച്ചെങ്കിലും നടന്നില്ല. പരസ്യമായി പ്രായശ്ചിത്തം നടത്താതെ പള്ളിയിൽ കയറ്റുന്നതിനോ കുർബ്ബാന സ്വീകരിക്കുന്നതിനോ ചക്രവർത്തിയെ അംബ്രോസ് അനുവദിച്ചില്ല. ചക്രവർത്തി കീഴ്വഴങ്ങി, പള്ളിക്കു പുറത്തു നിന്നും പ്രായശ്ചിത്തം നിർവ്വഹിച്ചശേഷം 390-ലെ ക്രിസ്തുമസ് ദിനമാണ് ചക്രവർത്തിയെ അദ്ദേഹം പള്ളിയിൽ പ്രവേശിപ്പിച്ചത്. 395-ൽ തിയഡോഷ്യസ് മരിച്ചു. 397 ഏപ്രിൽ 4-ാം തീയതി മിലാനിൽ വച്ച് അംബ്രോസും മരിച്ചു.

## കൃതികൾ

തിരക്കു പിടിച്ച തന്റെ അജപാലന ധർമ്മങ്ങൾക്കിടയിലും ഗ്രന്ഥങ്ങളെഴുതുവാൻ അംബ്രോസ് സമയം കണ്ടെത്തി. വ്യാഖ്യാനകൃതികൾ, ധാർമ്മിക കൃതികൾ, ആദ്ധ്യാത്മിക കൃതികൾ, താത്വിക കൃതികൾ, മറ്റുള്ളവ എന്നിങ്ങനെ അദ്ദേഹത്തിന്റെ കൃതികളെ തരംതിരിക്കാം. അവസാനത്തെ ഗണത്തിൽ കത്തുകൾ, ഗീതങ്ങൾ എന്നിവ ഉൾപ്പെടുന്നു.

### 1. വ്യാഖ്യാന കൃതികൾ

പഴയനിയമത്തിലെ തെരഞ്ഞെടുത്ത 19 ഭാഗങ്ങളെ ആധാരമാക്കി നടത്തിയ പ്രസംഗങ്ങളാണ് വ്യാഖ്യാന കൃതികളായി നമുക്കു ലഭിച്ചിരിക്കുന്നത്. ഇവയിൽ 'Hexaemeron' (Six days of the creation) എന്ന വ്യാഖ്യാനഗ്രന്ഥം അദ്ദേഹത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ കൃതിയാണ്. ആറു ദിവസ സൃഷ്ടി ആറു പുസ്തകങ്ങളിലായി നമുക്കു ലഭിച്ചിരിക്കുന്നു. പുതിയനിയമത്തിൽ 'ലൂക്കായുടെ സുവിശേഷന്റെ ഭാഷ്യം' മാത്രമേ അംബ്രോസിൽ നിന്നും നമുക്കു ലഭിച്ചിട്ടുള്ളൂ. പത്തു പുസ്തകങ്ങളിലായിട്ടാണ് ഇത് എഴുതപ്പെട്ടിട്ടു

www.malankaralibrary.com

ള്ളത്. വി. ഗ്രന്ഥത്തിന് വാച്യാർത്ഥം, ധാർമ്മികാർത്ഥം, അലഗോറിക്കൽ- മിസ്റ്റിക്കൽ അർത്ഥം എന്നിങ്ങനെ മൂന്നു രീതിയിലുള്ള അർത്ഥം നൽകാൻ അദ്ദേഹം ശ്രദ്ധിക്കുന്നു. അലക്സാണ്ഡ്രിയൻ കലാലയത്തിലെ അലഗോറിക്കൽ ഭാഷ്യരീതിയും, അന്ത്യോക്യൻ കലാലയത്തിലെ ടിപ്പോളജിക്കൽ-മോറൽ ഭാഷ്യരീതിയും കൂടി കലർന്ന ഒന്നാണ് അംബ്രോസിന്റേത്. എന്നാൽ മുൻതൂക്കം അലക്സാണ്ഡ്രിയൻ സ്വാധീനത്തിനാണ്.

**2. ധാർമ്മിക കൃതികൾ**

ആറു വ്യത്യസ്ത ധാർമ്മിക വിഷയങ്ങളെ ആസ്പദമാക്കി അംബ്രോസ് രചിച്ചതാണീ കൃതികൾ. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് 'ശുശ്രൂഷകരുടെ കടമകൾ' (The Duties of Ministers) എന്ന പേരിൽ മൂന്നു പുസ്തകങ്ങളിലായി അദ്ദേഹം തയ്യാറാക്കിയതാണ്. തന്റെ രൂപതയിലെ പുരോഹിതഗണത്തിനാണ് ഈ കൃതി സമർപ്പിച്ചിരിക്കുന്നത്. ഈ ഗണത്തിലെ മറ്റൊരു പ്രധാന കൃതിയാണ് 'കന്യകകൾ' (On Virgins) എന്നത്. തന്റെ സഹോദരിയായ മർസെലീനായ്ക്ക് കത്തിന്റെ രൂപത്തിൽ എഴുതിയ കൃതിയാണിത്. മൂന്നു പുസ്തകങ്ങളിലായി ഇത് എഴുതപ്പെട്ടിരിക്കുന്നു.

**3. ആദ്ധ്യാത്മിക കൃതികൾ**

ഈ ഗണത്തിൽ 9 കൃതികൾ അംബ്രോസ് രചിച്ചിട്ടുണ്ട്. ജറുസലെമിലെ സിറിളിന്റെ മതാദ്ധ്യാപന പ്രസംഗങ്ങളുടെ (Mystagogical Catechesis) മാതൃകയിൽ, മാമോദീസാ, സ്ഥൈര്യലേപനം, വി. കുർബ്ബാന എന്നീ കൂദാശകളെ പ്രതിപാദിക്കുന്ന കൃതിയാണിതിൽ മുഖ്യമായത്. 'ദിവ്യരഹസ്യങ്ങൾ' എന്നാണ് അതിനു കൊടുത്തിരിക്കുന്ന തലക്കെട്ട്. അദ്ദേഹം രചിച്ച 'കൂദാശകൾ' എന്ന കൃതിയിലും അതേ വിഷയങ്ങൾ തന്നെയാണ് കൈകാര്യം ചെയ്യുന്നത്. 'ദിവ്യരഹസ്യങ്ങൾ' എന്ന കൃതിയുടെ തുടർച്ചയായിട്ടുവേണം 'കൂദാശകൾ' എന്ന കൃതിയെ മനസ്സിലാക്കുവാൻ. 'മിസ' (Mass) എന്ന ലത്തീൻ പദം ആദ്യമായി ഉപയോഗിച്ചത് വി. അംബ്രോസാണ്.

**4. മറ്റു കൃതികൾ**

1. പ്രസംഗങ്ങൾ: സുപ്രധാനമായ അഞ്ചു സന്ദർഭങ്ങളിൽ

www.malankaralibrary.com

അംബ്രോസ് നടത്തിയ പ്രസംഗങ്ങളുടെ സമാഹാരമാണീ ഗ്രന്ഥം.

2. കത്തുകൾ: പത്തു പുസ്തകങ്ങളിലായി 94 കത്തുകൾ നമുക്കു ലഭ്യമായിട്ടുണ്ട്. ഔദ്യോഗിക കത്തിടപാടുകളാണ് മിക്കവയും. ദൈവശാസ്ത്ര വിഷയങ്ങളാണ് പലതിലേയും ചർച്ചാവിഷയം.

3. കീർത്തനങ്ങൾ: സങ്കീർത്തനാലാപനത്തോടൊപ്പം കീർത്തനങ്ങൾ ഒന്നിടവിട്ടു ചെല്ലുന്ന രീതി പാശ്ചാത്യസഭയിൽ തുടങ്ങിയത് അംബ്രോസാണ്. ആര്യൻ പ്രശ്നകാലത്ത് (385/6) അംബ്രോസും വിശ്വാസികളും ആര്യർക്കു പള്ളി നൽകാതെ പള്ളിയിൽ കയറി കീർത്തനാലാപം തുടങ്ങി. അതാണ് അംബ്രോസിയൻ കീർത്തനങ്ങളുടെ ആരംഭം. ചുരുക്കത്തിൽ, പാശ്ചാത്യസഭയുടെ ആരാധനാക്രമ കീർത്തനങ്ങളുടെ ഉപജ്ഞാതാവായി അംബ്രോസിനെ കണക്കാക്കുന്നു.

## സംഭാവനകൾ

വി. അംബ്രോസ് സഭയുടെ വളർച്ചയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ വ്യക്തിത്വമാണ്. റോമൻ ചക്രവർത്തിമാരെ നിയന്ത്രിക്കാനും നയിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. വി. അഗസ്തീനോസിന്റെ മാനസാന്തരത്തിന് അംബ്രോസിന്റെ പ്രസംഗങ്ങൾ വഴിയൊരുക്കി. പേഗനിസം, ആരിയനിസം എന്നിവയ്ക്കെതിരെ പട പൊരുതി. സഭയെ രാഷ്ടീയാധികാരികളിൽ നിന്നു വിമുക്തരാക്കി. ''ആത്മീയാധികാരത്തിന് ലൗകികാധികാരത്തന്മേലുള്ള മേല് ക്കോയ്മ" എന്ന തത്വം മുന്നോട്ടു വച്ചു. അംബ്രോസ് അതിൽ വിജയിക്കുകയും ചെയ്തു.

ക്രിസ്തുവായിരുന്നു അംബ്രോസിന്റെ ജീവിതത്തിന്റെ കേന്ദ്രബിന്ദു. "എവിടെ ക്രിസ്തുവുണ്ടോ അവിടെ എല്ലാമുണ്ട്" എന്നും "എവിടെ സമാധാനമുണ്ടോ അവിടെ ക്രിസ്തുവുണ്ട്" എന്നും അദ്ദേഹം എഴുതി. ക്രിസ്തുവിനും തന്റെ ജനത്തിനും വേണ്ടി നിലകൊണ്ട യഥാർത്ഥ ക്രിസ്തുശിഷ്യനും ദൈവജനത്തിന്റെ ശുശ്രൂഷകനുമായിരുന്നു മഹാനായ അംബ്രോസ്.

മരിയ വിജ്ഞാനീയത്തിന്റെ തലത്തിലും അംബ്രോസ് ചില സംഭാവനകൾ നൽകിയിട്ടുണ്ട്. പുതിയ സംജ്ഞകളിലൂടെ മറിയ

www.malankaralibrary.com

ത്തിന്റെ മഹത്വം അദ്ദേഹം വിശദീകരിച്ചു. മറിയത്തെ 'പരിശുദ്ധ മറിയമെന്നും' 'പരിശുദ്ധ കന്യകയെന്നും' ആദ്യമായി വിളിച്ചത് അദ്ദേഹമാണ്. പിൽക്കാല ലത്തീൻ സഭാപിതാക്കന്മാരിൽ അംബ്രോസിന്റെ മരിയവിജ്ഞാനിയം സ്പഷ്ടമായി പ്രതിഫലിക്കുന്നുണ്ട്.

അംബ്രോസ് പൗരസ്ത്യ പിതാക്കന്മാരിൽ നിന്നു വളരെയധികം സ്വാധീനം സ്വീകരിച്ചിരുന്നു. പ്രസ്തുത സ്വാധീനം അദ്ദേഹത്തിന്റെ കൃതികളിൽ വ്യക്തമാണ്. അംബ്രോസിയൻ ഗീതങ്ങളിലും അംബ്രോസിയൻ ലിറ്റർജിയിലും ഇതു കാണാവുന്നതാണ്.

## 7. വി. ജറോം (342/5–420)

പാശ്ചാത്യ ലോകത്തെ നാലു വലിയ സഭാപിതാക്കന്മാരിൽ ഒരാളാണ് വി.ജറോം. വേദപുസ്തകവിവർത്തകൻ, വലിയ വ്യാഖ്യാതാവ്, ആദ്ധ്യാത്മിക നിയന്താവ്, ദൈവശാസ്ത്രജ്ഞൻ, താപസകൻ എന്നീ നിലകളിൽ വിഖ്യാതനായിരുന്നു അദ്ദേഹം. ദൽമേഷ്യായ്ക്കും പന്നോണിയായ്ക്കും ഇടയ്ക്കു കിടക്കുന്ന സ്ത്രീദോൺ എന്ന ചെറിയ പട്ടണത്തിൽ 342/5-ൽ ഭക്തരായ ക്രിസ്തീയ മാതാപിതാക്കളിൽനിന്ന് ജറോം ജനിച്ചു. ജറോമിന്റെ സഹോദരൻ പൗളീനിയനും ഒരു സഹോദരിയും സന്യാസ ജീവിതം സ്വീകരിച്ചു.

തന്റെ പ്രാരംഭപഠനങ്ങൾക്കുശേഷം ജറോം റോമിൽ പോയി ഉപരിപഠനം നടത്തി. സിസറോ, വിർജിൻ തുടങ്ങിയ പുരാതന ക്ലാസ്സിക്കൽ ഗ്രന്ഥകാരന്മാരുടെ സാഹിത്യം പഠിച്ച് വലിയ പാണ്ഡിത്യം സമ്പാദിച്ചു. റൂഫീനോസ് എന്ന സുഹൃത്തുമൊത്ത് ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും ശവകുടീരങ്ങൾ ഞായറാഴ്ച തോറും സന്ദർശിക്കുക ജറോമിന്റെ പതിവായിരുന്നു. റോമിൽ വച്ച് അദ്ദേഹം സ്നാനപ്പെട്ടു. അതിനുശേഷം ഇമ്പീര്യൽ ട്രിയറിലേക്ക് ജോലി തേടി പോകവെ പൗരസ്ത്യ സന്യാസത്തെക്കുറിച്ച് അറിയുവാൻ ഇടയായി. തിരികെ നാട്ടിൽ വന്ന് ചില സ്നേഹിതരുമൊത്ത് 370-ൽ അക്വിലെയാ മെത്രാന്റെ കീഴിൽ സമൂഹജീവിതം ആരംഭിച്ചു. അതേ തുടർന്നു ജറോമും കൂട്ടുകാരും കൂടി 373-ൽ പൗരസ്ത്യ ദേശങ്ങളിലേക്ക് ഒരു തീർത്ഥയാത്ര ആരംഭിച്ചു. അതിന്റെ അവസാനം അദ്ദേഹം കാൽചിസ് മരുഭൂമിയിലെ ഒരാശ്രമത്തിൽ (375–77) സന്യാസജീവിതം ആരംഭിച്ചു. അന്ത്യോക്യൻ സഭയിലെ പൗളീനൂസ്

www.malankaralibrary.com

മെത്രാൻ ജറോമിനെ വൈദികനായി വാഴിച്ചു. ഈയവസരത്തിൽ ഹീബ്രൂ, ഗ്രീക്ക് മുതലായ ഭാഷകൾ പഠിക്കുകയും വേദപുസ്തകം വായിച്ച് വ്യാഖ്യാനിക്കുവാൻ പരിശീലിക്കുകയും ചെയ്തു.

അക്കാലത്ത് അന്ത്യോക്യായും കോൺസ്റ്റാന്റിനോപ്പിളും തമ്മിൽ നടന്ന മതപരമായ തർക്കങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ പൗളീനൂസ് മെത്രാൻ റോമിൽ പോയപ്പോൾ ജറോം അദ്ദേഹത്തെ അനുഗമിച്ചു. റോമിൽ വച്ച് ഡമാസൂസ് പാപ്പായുടെ പിൻതുണ തേടി യാണ് പൗളീനൂസും സലാമിസിലെ എപ്പിഫാനിയൂസും ജറോമും റോമിന് തിരിച്ചത്. റോമിൽ വച്ച് ഡമാസൂസ് പാപ്പാ ജറോമിനെ തന്റെ സെക്രട്ടറിയാക്കി. അവിടെ ഒരു യഹൂദറബ്ബിയുടെ സഹായത്തോടെ ഹീബ്രുഭാഷ കൂടുതലായി പഠിക്കാനും പ്രശസ്തരായ റോമൻ പ്രഭ്വികളുമായി പരിചയപ്പെടാനും അവരുമായി വേദപുസ്തക ചർച്ചകൾ നടത്തുവാനും ജറോം ശ്രദ്ധിച്ചു. ഡമാസൂസ് മാർപ്പാപ്പാ യുടെ നിര്യാണത്തോടെ ജറോമും പൗളാ, എവുസ്തോക്കിയ എന്നീ പ്രഭ്വികളുമായി പൗരസ്ത്യദേശങ്ങളിലേക്കു തിരിച്ചു. പല സ്ഥല ങ്ങളിലേയും തീർത്ഥാടനങ്ങൾക്കുശേഷം ജറോമും കൂടെയുണ്ടായി രുന്ന സ്ത്രീകളും കൂടി ബത്‌ലഹേമിൽ പുരുഷന്മാർക്കും സ്ത്രീകൾ ക്കുമായി 386-ൽ സന്യാസഭവനങ്ങൾ ആരംഭിച്ചു.

ബദ്‌ലഹേമിലെ താമസക്കാലത്ത് ജറോം വിശുദ്ധ ഗ്രന്ഥ ത്തിന്റെ ലത്തീൻ വിവർത്തനത്തിൽ ഏർപ്പെട്ടു. പണ്ഡിതരായ റബ്ബിമാരുടെ സഹായം അദ്ദേഹത്തിനു ലഭിച്ചു. പഴയനിയമം ഹീബ്രു വിൽ നിന്നും ലത്തീനിലേക്കു വിവർത്തനം ചെയ്തു. ലത്തീനിലുള്ള പുതിയനിയമം ഗ്രീക്കു ബൈബിളിന്റെ അടിസ്ഥാനത്തിൽ പരിഷ്ക്ക രിച്ചു. കൈസറിയായിൽ ഒരിജൻ സ്ഥാപിച്ചതും എവുസേബിയസ് വിപുലീകരിച്ചതുമായ വലിയ ഗ്രന്ഥശേഖരം ജറോമിനെ വളരെ യധികം സഹായിച്ചു. അതേ സമയം പൗളായുടെ നേതൃത്വത്തിലുള്ള സന്യാസസമൂഹത്തിന് അദ്ദേഹം വേണ്ടത്ര ആദ്ധ്യാത്മിക നേതൃത്വം നൽകിക്കൊണ്ടിരുന്നു. അവസാന കാലഘട്ടം ബദ്‌ലഹേമിലെ ആശ്രമത്തിലെ ഒരു ഗ്രോട്ടോയോട് അനുബന്ധിച്ചായിരുന്നു. അവിടെ ധ്യാനത്തിനും എഴുത്തിലും മുഴുകി കഴിയവേ 420 സെപ്റ്റംബർ 30-ന് അദ്ദേഹം മരണമടഞ്ഞു.

www.malankaralibrary.com

## കൃതികൾ

നിരവധി പിതാക്കന്മാരുടെ കൃതികളും വി.ഗ്രന്ഥവും ലത്തീനിലേക്കു വി.ജറോം വിവർത്തനം ചെയ്തു. തന്റെ വിവർത്തനങ്ങളും സ്വന്തമായി എഴുതിയ കൃതികളും പ്രചരിപ്പിക്കുവാനുള്ള പരിശ്രമവും അദ്ദേഹം നടത്തി. പൗളായുടെ ഔദാര്യത്താൽ ജറോമിന് പകർത്തിയെഴുത്തുകാരുടെ സഹായം ലഭിച്ചു. റോമിലെ സ്നേഹിതന്മാരുടെ സഹകരണത്താൽ ഗ്രന്ഥങ്ങൾ പാശ്ചാത്യ ലോകത്തു പ്രചരിച്ചു. 392-ൽ തന്നെ ജറോമിന്റെ 45 കത്തുകളുടെ സമാഹാരം അനുവാചകരുടെ കൈകളിൽ എത്തിയിരുന്നു.

### 1. വേദപുസ്തക വിവർത്തനങ്ങൾ

വിശുദ്ധ ഗ്രന്ഥ വിവർത്തകനായിട്ടാണ് ജറോം പൊതുവേ അറിയപ്പെടുന്നത്. എന്നാൽ ബൈബിൾ മുഴുവൻ അദ്ദേഹം വിവർത്തനം ചെയ്തുവെന്ന് കരുതരുത്. ഒരേകീകൃത രീതിയോ പദ്ധതിയോ അനുസരിച്ച് അദ്ദേഹം വിവർത്തനം നടത്തി എന്നും പറഞ്ഞുകൂടാ. ഡമാസൂസ് പാപ്പ പ്രസാധനം ചെയ്തതും റോമാസഭ അഥവാ, പാശ്ചാത്യ കത്തോലിക്കാസഭ മുഴുവൻ സ്വീകരിച്ചതുമായ ഔദ്യോഗിക പതിപ്പായി ജറോമിന്റെ വിവർത്തനത്തെ പരിഗണിക്കുന്നവരുണ്ട്. എന്നാൽ ഇതിൽ പൊരുത്തക്കേടുകളുണ്ട്. കാരണം "ലത്തീൻ വൾഗേറ്റ്" എന്നറിയപ്പെടുന്ന വിവർത്തനം ഒരോ പുസ്തകമായിട്ടാണ് പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നത്. ജറോം അവ ഒരോന്നും ഒരോ സ്നേഹിതനു സമർപ്പിക്കുകയാണു ചെയ്തത്. സുവിശേഷങ്ങളുടെ ലത്തീൻ പതിപ്പിന്റെ പരിഷ്ക്കാരവുമായി ബന്ധപ്പെട്ടു മാത്രമേ ഡമാസൂസിന്റെ പേരു കാണുന്നുള്ളൂ. ബൈബിൾ വിവർത്തനത്തിനുള്ള പ്രേരണ ഡമാസൂസിൽ നിന്നുമായിരിക്കാം ജറോമിനു ലഭിച്ചതെന്നു കരുതാം.

### 2. മറ്റു വിവർത്തനങ്ങൾ

**a. എവുസേബിയസിന്റെ ദിനവൃത്താന്തം:** എവുസേബിയസ് 203-ൽ തയ്യാറാക്കിയ 'ദിനവൃത്താന്തം' (Chronicle) 380-ൽ കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് ജറോം കാണാനിടയായി. അത് അദ്ദേഹം പകർത്തിയെടുത്തു. ജറോം അതിന്റെ വിവർത്താനാവസരം 378

www.malankaralibrary.com

വരെയുള്ള കാര്യങ്ങൾ കൂട്ടിച്ചേർത്തു. പാശ്ചാത്യലോകത്ത് ഈ ക്രോണിക്കിളിന് വലിയ പ്രാധാന്യം ലഭിച്ചു.

**b. ഒണോമാസ്തിക്കാ (സ്ഥലനാമങ്ങൾ, പേരുകൾ)**: ഗ്രീക്കിലേക്കു വിവർത്തനം ചെയ്യാതെ ഗ്രീക്ക് സെപ്ത്വജിന്ത് ബൈബിളിൽ ഉപയോഗിച്ചിരിക്കുന്ന ഹീബ്രുനാമങ്ങളുടെ ഒരു പട്ടിക 390-ൽ ജറോം തയ്യാറാക്കി. എവുസേബിയസ് ഇപ്രകാരമെന്നു തയ്യാറാക്കിയിരുന്നു. അദ്ദേഹത്തിന്റെ കൃതികളിൽ വിട്ടുപോയത് ജറോം കൂട്ടിച്ചേർത്ത് പൂർണ്ണമാക്കി. എവുസേബിയസിന്റെ കൃതിയുടെ പരിഭാഷയായി ഇതിനെ കണക്കാക്കി.

**c. മഹത്വ്യക്തികൾ**: ക്രിസ്തീയ എഴുത്തുകാരുടെ ഒരു പട്ടികയും ചെറിയ വിവരണവും 393-ൽ ജറോം പ്രസിദ്ധപ്പെടുത്തി. എവുസേബിയസിന്റെ സഭാചരിത്രത്തെ ആധാരമാക്കിയാണ് ഇതെഴുതിയത്. ജറോമിന്റെ 393 വരെയുള്ള കൃതികളുടെ പട്ടികയും ഇതിൽ കാണാം. ലത്തീൻ ലോകത്തെപ്പറ്റിയുള്ള വിവരണങ്ങളിൽ മാത്രമേ ജറോം ചില കാര്യങ്ങൾ കൂട്ടിച്ചേർത്തിട്ടുള്ളൂ.

**d. മറ്റു വിവർത്തനങ്ങൾ**: ഒരിജന്റെ ചില ഗ്രന്ഥങ്ങളുടെ വിവർത്തനം, ദിദീമൂസിന്റെ 'പരിശുദധാത്മാവിനെപ്പറ്റി'യുള്ള ഗ്രന്ഥം എന്നിവയുടെ വിവർത്തനം ജറോം സമയോചിതമായി നിർവ്വഹിച്ചവയാണ്. ജറോമിന്റെ കത്തുകളുടെ കൂട്ടത്തിൽ തെയോഫിലസ് അയച്ച കത്തുകൾ, ജറുസലേം സിനഡിന്റെ നടപടികൾ, മറ്റു പൗരസ്ത്യരേഖകൾ എന്നിവയും കാണാം. ഈ രേഖകൾ ജറോം ലത്തീനിലേക്കു വിവർത്തനം ചെയ്തു. തന്റെ നിലപാട് ന്യായീകരിക്കാൻ അദ്ദേഹം അവ ഉപയോഗിക്കുകയുണ്ടായി. 404-ൽ പക്കോമിയോസിന്റെ സന്യാസനിയമങ്ങൾ ജറോം ലത്തീൻ ഭാഷയിലേക്കു വിവർത്തനം ചെയ്തു.

### 3. ഭാഷ്യകൃതികൾ

പൗരസ്ത്യ പിതാക്കന്മാരുടെ ഭാഷ്യങ്ങളുടെ ലത്തീനിലുള്ള പതിപ്പായിരുന്നു ജറോമിന്റെ ഭാഷ്യങ്ങൾ. പഴയനിയമത്തിലെ ചില ഗ്രന്ഥങ്ങൾക്കും, പുതിയ നിയമത്തിലെ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ, മത്തായിയുടെ സുവിശേഷം എന്നിവയ്ക്ക് ജറോം

www.malankaralibrary.com

ഭാഷ്യങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അതുപോലെ പല വേദപുസ്തക വിഷയങ്ങളും വ്യാഖ്യാനത്തിന് അദ്ദേഹം വിഷയമാക്കിയിട്ടുണ്ട്.

### 4. പ്രസംഗങ്ങൾ (Homilies)

ബദ്‌ലഹേമിൽവച്ച് ജറോം ഞായറാഴ്ചകളിലും മറ്റും നടത്തിയ പ്രസംഗങ്ങൾ, സെക്രട്ടറിമാർ കേട്ടെഴുതിയ രീതിയിൽ നമുക്കു ലഭിച്ചിട്ടുണ്ട്. ആരാധനാക്രമവത്സരവുമായി ബന്ധപ്പെട്ടവയാണവ. സങ്കീർത്തനങ്ങളെക്കുറിച്ചാണ് മിക്കവയും. മർക്കോസിന്റെ സുവിശേഷത്തെ ആസ്പദമാക്കിയും ഉണ്ട്. ഈയടുത്ത കാലത്ത് അവ പ്രസിദ്ധീകൃതമായിട്ടുണ്ട്.

### 5. കത്തുകൾ (Letters)

ജറോമിന്റെ കത്തുകൾ പലതും ദൈവശാസ്ത്രകാര്യങ്ങൾ പ്രതിപാദിക്കുന്നവയാണ്. പലതും വളരെ നീണ്ട കത്തുകളാണ്. 154 കത്തുകൾ ജറോമിന്റേതായി കരുതപ്പെടുന്നു. കന്യാത്വം, വൈധവ്യം, സന്യാസം, വൈദികജീവിതം, പെൺകുട്ടികളുടെ വിദ്യാഭ്യാസം എന്നീ കത്തുകൾ വളരെ പ്രധാനപ്പെട്ടവയാണ്.

## സംഭാവനകൾ

പൗരസ്ത്യ പിതാക്കന്മാരുടെ കൃതികൾ സ്വാംശീകരിച്ച് ചുരുക്കി ലത്തീനിലാക്കി പാശ്ചാത്യലോകത്തു പ്രസിദ്ധപ്പെടുത്തി എന്നതാണ് ജറോമിന്റെ വലിയ സംഭാവന. ഒരിജനെപ്പോലെയോ, തെയഡോറിനെപ്പോലെയോ, അഗസ്റ്റിനെപ്പോലെയോ ജറോം ഒരു പ്രതിഭാശാലിയോ ബുദ്ധിരാക്ഷസനോ ആയിരുന്നില്ല. എന്നാൽ കേസറിയായിലെ ഗ്രന്ഥശാല ഉപയോഗിച്ച് അവിടെയുണ്ടായിരുന്ന അമൂല്യനിക്ഷേപങ്ങൾ പാശ്ചാത്യലോകത്തു നിരത്തിവച്ചത് ഒരു വലിയ സംഭാവന തന്നെയാണ്. എല്ലാറ്റിനുപരി ലത്തീൻ വേദപുസ്തകം പരിഷ്ക്കരിക്കുന്നതിൽ ജറോമിന്റെ പങ്ക് അദ്വിതീയമാണ്.

ജറോം വൈദികനായിരുന്നെങ്കിലും വൈദിക ശുശ്രൂഷകൾ നടത്തിയിരുന്നതായി തെളിവില്ല. അദ്ദേഹം സന്യാസിയായി ജീവിച്ചു.

ജറോമിന് പാശ്ചാത്യസഭയിൽ വലിയ സ്ഥാനം ഉണ്ടായിരുന്നു. നിരവധി കൈയ്യെഴുത്തുപ്രതികളിൽ ജറോമിന്റെ കൃതികൾ

www.malankaralibrary.com

പ്രചരിച്ചിരുന്നു. അതുപോലെ അദ്ദേഹത്തിന്റേതായി പ്രചരിച്ചിരുന്ന കൃതികളും ഇതു തെളിയിക്കുന്നു.

## 8. വി. അഗസ്തീനോസ് (354–430)

സഭാപിതാക്കന്മാരിൽ അഗ്രഗണ്യനാണ് ഔറേലസിയൂസ് അഗസ്തീനോസ്. മനുഷ്യകുലത്തിലെ മഹാപ്രതിഭാശാലികളിൽ ഒരാൾ. തന്റെ ജീവിതകാലത്ത് മാനിക്കേയിസം, ഡോണറ്റിസം, പെലാജിയനിസം, ആരിയനിസം, പേഗനിസം എന്നീ അബദ്ധ പ്രബോധനങ്ങളെ അദ്ദേഹം നേരിട്ടു. ലത്തീൻ ദൈവശാസ്ത്രജ്ഞന്മാരായ തെർത്തുല്യൻ, സിപ്രിയാൻ, തിക്കോണിയൂസ്, ഹിലരി, അംബ്രോസ്, ജറോം എന്നിവരുടെ ചിന്തകൾ അദ്ദേഹത്തെ സ്വാധീനിച്ചിട്ടുണ്ട്.

അഗസ്തീനോസിന്റെ ജീവിതത്തെ മൂന്നായി തിരിക്കാം. (1) ജനനം മുതൽ മാനസാന്തരം വരെ (354–386); (2) മാനസാന്തരം മുതൽ മെത്രാഭിഷേകം വരെ (386–396); (3) മെത്രാഭിഷേകം മുതൽ മരണം വരെ (396–430).

**ഒന്നാം ഘട്ടം**

റോമൻ സാമ്രാജ്യത്തിലെ നുമീഡിയായിലെ തഗാസ്തേയിൽ 354 നവംബർ 13–ന് പട്രീഷ്യസിന്റെയും മോനിക്കായുടെയും മൂത്ത മകനായി അഗസ്റ്റിൻ ജനിച്ചു. മുൻസിപ്പൽ കൗൺസിലറായിരുന്ന പിതാവ് അക്രൈസ്തവനായിരുന്നു. (പിന്നീട് ക്രൈസ്തവവിശ്വാസം സ്വീകരിച്ചു.) ജന്മംകൊണ്ടും ജാതികൊണ്ടും അഗസ്തീനോസ് ആഫ്രിക്കക്കാരായിരുന്നു. എന്നാൽ ഭാഷ, സംസ്ക്കാരം എന്നിവയിൽ അദ്ദേഹം റോമാക്കാരനായിരുന്നു. ജന്മസ്ഥലമായ തഗാസ്തെ, സമീപനഗരമായ മദൗരാ, പ്രൊവിൻഷ്യൽ തലസ്ഥാനമായ കാർത്തേജ് എന്നിവിടങ്ങളിൽ അദ്ദേഹം വിദ്യാഭ്യാസം നടത്തി. അതിനുശേഷം അഗസ്തീനോസ് തഗാസ്തേയിൽ വ്യാകരണവും (374) കാർത്തേജിലും (375–83), റോമിലും (384) മിലാനിലും (384–6) പ്രഭാഷണകലയും പഠിച്ചു. ലത്തീൻഭാഷയിലും സാഹിത്യത്തിലും അദ്ദേഹത്തിന് അഗാധ പാണ്ഡിത്യം ഉണ്ടായിരുന്നു; എന്നാൽ ഗ്രീക്കിൽ അത്ര ആഴമായ അറിവില്ലായിരുന്നു.

www.malankaralibrary.com

അഗസ്തീനോസിന്റെ അമ്മയായ മോനിക്ക മകന് ചെറുപ്പം മുതൽ തന്നെ ക്രിസ്തീയ വിദ്യാഭ്യാസം നൽകിക്കൊണ്ടിരുന്നു. അക്കാരണത്താൽ അഗസ്തീനോസ് ഉള്ളിന്റെ ഉള്ളിൽ എന്നും ക്രിസ്ത്യാനിയായി ജീവിച്ചു. 19-ാം വയസ്സിൽ കത്തോലിക്കാ വിശ്വാസം തള്ളിപ്പറഞ്ഞപ്പോഴും ആന്തരികമായി അദ്ദേഹം ക്രിസ്ത്യാനിയായിരുന്നു.

ബുദ്ധിരാക്ഷസനായിരുന്ന അഗസ്തീനോസ് ഒരു വലിയ സത്യാന്വേഷിയായിരുന്നു. നിരന്തരമായ ആന്തരിക സംഘട്ടനത്തിന്റെ (373-86) അന്ത്യത്തിലാണ് അദ്ദേഹം സത്യത്തിലെത്തിചേർന്നത്. ഇതിന് സിസറോയുടെ "ഹൊർതെൻസ്യൂസ്" എന്ന കൃതി വഴിതെളിച്ചു. 373-ൽ ഈ കൃതി വായിക്കാനിടയായ അഗസ്തീനോസ് ജീവിത പരിവർത്തനത്തിന്റെ ആദ്യചവിട്ടുപടിയായി പിൽക്കാലത്ത് ഈ ഗ്രന്ഥത്തെ കരുതി. ഇത് അദ്ദേഹത്തിൽ വിജ്ഞാന ദാഹം ഇളക്കിവിട്ടു.

വിജ്ഞാനം അന്വേഷിച്ചുള്ള യാത്രയിൽ, ആദ്യം മാനിക്കേയൻ വിശ്വാസത്തിലേക്കാണ് കടന്നുവന്നത്. അവർ നൽകുന്ന യുക്തിപരമായ ചില വിശദീകരണങ്ങളിൽ അദ്ദേഹം സന്തുഷ്ടനായിരുന്നു. കത്തോലിക്കാസഭയുടെ വിശ്വാസം യുക്തിക്കു നിരക്കുന്നതല്ല എന്നാണ് അദ്ദേഹം അന്നു മനസ്സിലാക്കിയിരുന്നത്. മാത്രമല്ല, മാനിക്കേയൻ സിദ്ധാന്തമാണ് യഥാർത്ഥ ക്രൈസ്തവ വിശ്വാസമെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു. കാർത്തേജിലെ പഠനം പൂർത്തിയാക്കി സ്വദേശമായ തഗാസ്തെയിൽ തിരിച്ചെത്തിയ അഗസ്തീനോസ് അവിടെ ഒരു വ്യാകരണ പഠനശാല ആരംഭിച്ചു. ഒരു വർഷത്തിനുശേഷം കാർത്തേജിൽ തിരിച്ചെത്തി അവിടെ സാഹിത്യ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. 384-ൽ പുതിയ ജോലി സാദ്ധ്യതകൾ അന്വേഷിച്ചു റോമിലെത്തി. പിന്നീട് മാനിക്കേയരുടെ സഹായത്തോടെ മിലാനിൽ അദ്ദേഹം പുതിയ ഒരു ജോലി കണ്ടെത്തി.

സുദീർഘമായ പഠനത്തെ തുടർന്ന് എട്ടുവർഷക്കാലത്തെ മാനിക്കേയൻ ജീവിതം അർത്ഥശൂന്യമായി അഗസ്തീനോസിന് അനുഭവപ്പെട്ടു. മിലാനിലായിരിക്കവെ വി. അംബ്രോസിന്റെ

www.malankaralibrary.com

പ്രസംഗങ്ങൾ കേൾക്കാനിടയായത് ഒരു പുതിയ വഴിത്തിരിവായി. പഴയനിയമ വ്യാഖ്യാന രീതികൾ അഗസ്തീനോസ് മനസ്സിലാക്കി. അംബ്രോസിന്റെ പ്രസംഗങ്ങൾ അദ്ദേഹത്തെ ചിന്തിപ്പിച്ചു. വിജ്ഞാന സമ്പാദനത്തിന് വിശ്വാസത്തിന്റെ ആവശ്യകതയെപ്പറ്റി യുള്ള ബോദ്ധ്യം കൂടുതൽ കൂടുതൽ അദ്ദേഹത്തിന് അനുഭവപ്പെട്ടു. വിശ്വാസത്തിന്റെ ആധാരം വി.ഗ്രന്ഥമാണ് എന്ന നിഗമനത്തിലും അദ്ദേഹം എത്തിച്ചേർന്നു. സഭയിലൂടെയാണ് ക്രിസ്തുവിലേക്കടു ക്കേണ്ടത് എന്ന ബോദ്ധ്യവും അദ്ദേഹത്തിനുണ്ടായി.

താത്വിക പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടപ്പോൾ പിന്നെ അവശേ ഷിച്ചത് പ്രായോഗിക പ്രശ്നങ്ങളാണ്. അതായത്, വിജ്ഞാനത്തിന്റെ ക്രൈസ്തവമാതൃക അനുസരിച്ച് ജീവിക്കുന്നതിനു ഉതകുന്ന പാത തെരഞ്ഞെടുക്കൽ, ലൗകിക നേട്ടങ്ങളും വിവാഹ ജീവിതവും ഉപേക്ഷിക്കേണ്ടതാവശ്യമാണോ എന്ന പ്രശ്നം. (അഗസ്തീനോസ് പതിനേഴാം വയസ്സിൽ ഒരു സ്ത്രീയെ കൂടെ താമസിപ്പിച്ചിരുന്നു. അദെയോദാത്തൂസ് എന്ന ഒരു മകനും ഉണ്ടായിരുന്നു. 389-ൽ കുട്ടി മരിച്ചു പോയി). വളരെ സുദീർഘമായ പ്രാർത്ഥനയുടെയും പരിചി ന്തനത്തിന്റെയും ശേഷം, ദൈവത്തിൽ നിന്നുള്ള പ്രത്യേകമായ കൃപ യുടെ സഹായത്താൽ വിവാഹജീവിതം വേണ്ടെന്നു വയ്ക്കുവാൻ അഗസ്തീനോസ് തീരുമാനിച്ചു. ജോലിയും ഉപേക്ഷിക്കുവാൻ നിശ്ചയിച്ചു. അങ്ങനെ പൂർണ്ണമായി സഭയുമായി അദ്ദേഹം മാനസാന്തരപ്പെടുവാൻ തീരുമാനിച്ചു. മാതാവായ മോനിക്കായുടെ നിരന്തര പ്രാർത്ഥനയും ഇതിനു മുഖ്യകാരണമായി.

**രണ്ടാം ഘട്ടം**

മാനസാന്തരം മുതൽ മെത്രാഭിഷേകം വരെയുള്ള പത്തു വർഷ ക്കാലം ആഴമായ ആദ്ധ്യാത്മിക ജീവിതത്തിന്റെയും ദൈവശാസ്ത്ര പഠനത്തിന്റെയും കാലഘട്ടമായിരുന്നു. ഉദ്യോഗവും വൈവാഹിക ജീവിതവും ഉപേക്ഷിക്കുവാൻ തീരുമാനിച്ച അഗസ്തീനോസ് 386 മാർച്ചിൽ മിലാനിലെത്തി സ്നാനാർത്ഥികളുടെ കൂടെ പേര് രജിസ്റ്റർ ചെയ്തു. അവിടെ അംബ്രോസ് നൽകിക്കൊണ്ടിരുന്ന ക്ലാസ്സുകളിൽ അദ്ദേഹം സംബന്ധിച്ചു. 387 ഏപ്രിൽ 24-ന് ഉയിർപ്പുതിരുനാളിന്റെ തലേരാത്രി തന്റെ 33-ാമത്തെ വയസ്സിൽ അംബ്രോസിൽ നിന്ന്

www.malankaralibrary.com

അഗസ്തീനോസ് സ്നാനം സ്വീകരിച്ചു. അമ്മ മോനിക്കായുടെ മരണത്തെ തുടർന്ന് സന്യാസജീവിതം പരിശീലിക്കുകയും ഗ്രന്ഥ രചനയിൽ വ്യാപൃതനാവുകയും ചെയ്തു. ഒരാശ്രമം സ്ഥാപിക്കാനുള്ള ഇടംതേടി 391-ൽ ഹിപ്പോയിലെത്തിയ അഗസ്തീനോസിനെ സ്ഥലത്തെ മെത്രാൻ ഒരു വൈദികനായി വാഴിക്കുവാൻ തീരുമാനിച്ചു. മനസ്സില്ലാമനസോടെയാണ് അദ്ദേഹം വൈദികനാകുവാൻ സമ്മതിച്ചത്. വൈദികനായ ശേഷം സന്യാസാശ്രമം തുടങ്ങാനുള്ള അനുവാദം വാങ്ങി ആശ്രമജീവിതം തുടങ്ങി. താപസ കർമ്മങ്ങൾ നിറഞ്ഞ ജീവിതം നയിച്ചുകൊണ്ട് ദൈവശാസ്ത്ര ഗ്രന്ഥരചനയിലും സുവിശേഷ പ്രസംഗത്തിലും മുഴുകി. 395/6-ൽ അഗസ്തീനോസ് സഹായമെത്രാനായി വാഴിക്കപ്പെട്ടു; 397 മുതൽ അദ്ദേഹം ഹിപ്പോയിലെ മെത്രാനായി. തന്റെ സന്യാസസമൂഹം വിട്ട് മെത്രാന്റെ അരമനയിലേക്കു മാറി താമസിക്കുവാൻ അദ്ദേഹം നിർബന്ധിതനായി. എന്നാൽ മെത്രാന്റെ വസതിയിലും വൈദിക സമൂഹത്തിന്റേതായ ഒരു സന്യാസ സമൂഹം തുടങ്ങി.

**മൂന്നാം ഘട്ടം**

ഹിപ്പോ രൂപതാദ്ധ്യക്ഷൻ എന്ന നിലയിലും ആഫ്രിക്കൻ സഭയിലെ സമുന്നതനായ സഭാനേതാവ് എന്ന നിലയിലും അന്നത്തെ കത്തോലിക്കാസഭയിലെ ഏറ്റവും പ്രഗത്ഭനായ നേതാവ് എന്ന നിലയിലും തിരക്കു പിടിച്ച ഒരു ജീവിതമായിരുന്നു അഗസ്തീനോസിന്റേത്. ശനിയാഴ്ചയും ഞായറാഴ്ചയും അദ്ദേഹം പ്രസംഗിച്ചിരുന്നു; ചില കാലങ്ങളിൽ തുടർച്ചയായി എല്ലാ ദിവസവും രൂപതയിലെ ജനങ്ങളുടെ ആവലാതികളും പരാതികളും കേട്ട് പരിഹാരം നിർദ്ദേശിക്കാൻ അദ്ദേഹം സമയം കണ്ടെത്തി. പാവപ്പെട്ടവരേയും അനാഥരെയും സംരക്ഷിക്കുന്ന ചുമതല, വൈദിക പരിശീലനം, സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള സന്യാസ സമൂഹങ്ങളുടെ രൂപീകരണം, രോഗീസന്ദർശനം, വിശ്വാസികളെപ്രതി സിവിൽ അധികാരികളുടെ സമക്ഷമുള്ള നിവേദനങ്ങൾ, സഭയുടെ ഭൗതിക സ്വത്തുക്കളുടെ ഭരണം എന്നിവ സാധാരണ രൂപതാ ജോലികളിൽ പെടുന്നു.

430 ആഗസ്റ്റു മാസം 28-ാം തീയതി 76-ാമത്തെ വയസ്സിൽ,

www.malankaralibrary.com

അഗസ്തീനോസ് മരിച്ചു. മരണശേഷം അദ്ദേഹത്തിന്റെ മൃതദേഹം ഹിപ്പോയിലെ 'സമാധാനത്തിന്റെ' ബസ്ലിക്കയിലാണ് സംസ്ക്കരിച്ചത്. കിരാതവർഗ്ഗക്കാരുടെ ആക്രമണങ്ങൾ ശക്തിപ്പെട്ടപ്പോൾ, ഭൗതികാവശിഷ്ടം ആഫ്രിക്കയിൽ നിന്ന് സർദീനിയായിൽ കൊണ്ടുവന്നു സ്ഥാപിച്ചു. 725-ൽ അത് അവിടെ നിന്നും വടക്കേ ഇറ്റലിയിലെ പവിയാ എന്ന നഗരത്തിലെ ഒരു ബസ്ലിക്കായിൽ കൊണ്ടുവന്നു സ്ഥാപിച്ചു.

## കൃതികൾ

അഗസ്തീനോസ് തന്റെ കൃതികളെക്കുറിച്ച് 'പിൻവലിക്കൽ' (Retractations) എന്ന കൃതി 426-ൽ പ്രസിദ്ധീകരിച്ചു. പുസ്തകങ്ങൾ, ലേഖനങ്ങൾ, പ്രതിപാദനങ്ങൾ എന്നിങ്ങനെ മൂന്നായിട്ടാണ് അഗസ്തീനോസ് തന്റെ കൃതികളെ തിരിച്ചിരിക്കുന്നത്. പുസ്തകങ്ങൾ മാത്രം അപഗ്രഥിക്കാനേ അദ്ദേഹത്തിനു കഴിഞ്ഞുള്ളൂ. 232 എണ്ണം: 93 കൃതികൾ 232 പുസ്തകങ്ങളിലായി ഉണ്ടായിരുന്നു എന്നു സാരം. അവ എഴുതിയ കാലക്രമം അനുസരിച്ചാണ് അദ്ദേഹം അവയെ അപഗ്രഥിച്ചത്.

### 1. ആദ്ധ്യാത്മിക കൃതികൾ

പ്രധാനമായും ഇതിൽ രണ്ടെണ്ണം ഉൾക്കൊള്ളുന്നു. 'ആത്മകഥ' (Confessions) 13 പുസ്തകങ്ങളിലായി 400-ൽ എഴുതപ്പെട്ടതാണ്. 'ദൈവത്തിന്റെ നഗരം' (The City of God) 22 പുസ്തകങ്ങളുമായി 413-നും 426-നും ഇടക്ക് എഴുതപ്പെട്ട മറ്റൊരു മനോഹര ഗ്രന്ഥമാണ്.

### 2. താത്ത്വിക കൃതികൾ

സംവാദങ്ങൾ (Dialogues) അഗസ്തീനോസിന്റെ തത്ത്വശാസ്ത്രപരമായ കൃതികളാണ്. മാനസാന്തരത്തിനും വൈദികാഭിഷേകത്തിനുമിടയിൽ (386-91) കാസ്സിചിയാകം, മിലാൻ, റോം, തഗാസ്തെ എന്നിവിടങ്ങളിൽ വച്ച് എഴുതിയിട്ടുള്ളവയാണവ. തത്ത്വശാസ്ത്രത്തിലെ പ്രമുഖ പ്രശ്നങ്ങൾ അവ ചർച്ച ചെയ്യുന്നു. ഈ ഗണത്തിൽ 10 കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

www.malankaralibrary.com

### 3. അപ്പോളൊജെറ്റിക് കൃതികൾ

പുറജാതികൾക്കെതിരെ ക്രിസ്തീയ വിശ്വാസത്തെ ന്യായീകരിച്ചുകൊണ്ടും ബുദ്ധിയുടെ പേരിൽ വിശ്വാസത്തെ നിഷേധിച്ചവർക്കെതിരെയും രചിക്കപ്പെട്ട കൃതികളാണ് ഇതിൽ ഉൾപ്പെടുന്നത്. ആറു ഗ്രന്ഥങ്ങൾ ഈ ഗണത്തിൽ അദ്ദേഹം തയ്യാറാക്കിയിട്ടുണ്ട്.

### 4. ഡോഗ്മാറ്റിക് കൃതികൾ

വിശ്വാസസമർത്ഥനപരമായും ക്രൈസ്തവ സത്യ പ്രബോധനപരമായും അഗസ്തീനോസ് എഴുതിയ ഗ്രന്ഥങ്ങളാണിവ. ഈ ഗണത്തിൽ 11 പുസ്തകങ്ങൾ ഉൾക്കൊള്ളുന്നു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതും വലുതുമായ കൃതിയാണ് ത്രിത്വം (De Trinitate). പാശ്ചാത്യ ത്രിത്വശാസ്ത്ര പഠനങ്ങളിൽ ഈ മഹാകൃതി വളരെ ഗണ്യമായ സ്വാധീനം ചെലുത്തി.

### 5. സന്യാസ കൃതികൾ

രണ്ടു കൃതികളാണീ ഗണത്തിലുള്ളത്.

1. ദൈവദാസർക്കുള്ള നിയമങ്ങൾ (Regule ad servos Dei)

സന്യാസതത്ത്വങ്ങൾ ചുരുക്കി നൽകുന്ന ഈ കൃതി പാശ്ചാത്യലോകത്ത് ഇത്തരത്തിലുള്ള ആദ്യകൃതിയാണ്. ഇത് സന്യാസിനികൾക്കു നൽകുന്ന നിയമാവലിയാണോ അതോ ഹിപ്പോയിലെ ആദ്യ സന്യാസ സമൂഹത്തിനു നൽകിയ നിർദ്ദേശങ്ങളാണോ എന്നു വ്യക്തമല്ല.

2. സന്യാസികളുടെ കർത്തവ്യങ്ങൾ (De opere monachorum liber)

കാർത്തേജിലെ സന്യാസികൾക്കുവേണ്ടി 401-ൽ അഗസ്തീനോസ് എഴുതിയതാണീ കൃതി. രോഗമോ, അജപാലക ജോലികളോ, പഠനമോ തടയാത്ത അവസരങ്ങളിലെല്ലാം സന്യാസികൾ കായികാധ്വാനത്തിലും പ്രാർത്ഥനയിലും നിഷ്ഠയുള്ളവരായിരിക്കണം എന്ന് നിഷ്ക്കർഷിക്കുന്നു.

### 6. ഭാഷ്യകൃതികൾ

ബൈബിളിലെ ചില ഗ്രന്ഥങ്ങൾക്ക് (പഴയനിയമത്തിനും

www.malankaralibrary.com

പുതിയനിയമത്തിനും) അഗസ്തീനോസ് വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ട്. അതുപോലെ ബൈബിളിലെ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങൾക്കും അദ്ദേഹം ഭാഷ്യങ്ങൾ നൽകിയിട്ടുണ്ട്. ഇപ്രകാരം 14 ഗ്രന്ഥങ്ങളിലായി അദ്ദേഹം ഭാഷ്യകൃതികൾ രചിച്ചിട്ടുണ്ട്.

**7. താർക്കിക കൃതികൾ**

മാനിക്കേയൻ, ഡൊണാറ്റിസ്റ്റുകാർ, പെലാജിയൻ, ആര്യർ എന്നിവർക്കും മറ്റു പാഷാണ്ഡികൾക്കും എതിരെ അഗസ്തീനുസ് ഗ്രന്ഥരചന നടത്തി. അദ്ദേഹം തികഞ്ഞ താർക്കികനായിരുന്നു. കത്തോലിക്കാസഭയുടെ വിശ്വാസസത്യങ്ങളെ സംബന്ധിച്ച് അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപാടുണ്ടായിരുന്നു. 45 താർക്കിക കൃതികൾ അഗസ്തീനോസ് എഴുതിയിട്ടുണ്ട്.

**8. കത്തുകൾ**

അഗസ്തീനോസിന്റെ കത്തുകൾ അദ്ദേഹത്തിന്റെ വൈവിധ്യമാർന്ന ചിന്താധാരകൾ മനസ്സിലാക്കാനും അന്നത്തെ വിവിധ തർക്കങ്ങളുടെ സ്വഭാവം മനസ്സിലാക്കുവാനും വളരെയധികം സഹായിക്കും. ചരിത്രപരം, താത്ത്വികം, ദൈവശാസ്ത്രപരം, വ്യാഖ്യാനപരം, ആദ്ധ്യാത്മികം എന്നു തുടങ്ങി വിവിധ മണ്ഡലങ്ങളിൽ വെളിച്ചം വീശുന്നവയാണ് ഇവ. മൗരിസ്റ്റുകാർ 270 കത്തുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## അഗസ്തീനോസിന്റെ വ്യക്തിത്വം

വളരെ സങ്കീർണ്ണമായ വ്യക്തിത്വമായിരുന്നു അഗസ്തീനോസിന്റേത്. അദ്ദേഹം ഒരേ സമയം താത്വികനും, ദൈവശാസ്ത്രജ്ഞനും, മിസ്റ്റിക്കും, കവിയും, പ്രസംഗകനും, താർക്കികനും, എഴുത്തുകാരനും, ഇടയനും ആയിരുന്നു. ഇത്രമാത്രം വ്യത്യസ്തഗുണഗണങ്ങൾ ഒന്നിച്ചുചേർന്ന ആൾ വളരെ അപൂർവ്വമായേ മനുഷ്യചരിത്രത്തിൽ ഉണ്ടായിട്ടുള്ളു. തെർതുല്യന്റെ സർഗ്ഗശക്തിയും, ഒരിജന്റെ ആത്മാവിന്റെ കുലീനത്വവും സിപ്രിയാന്റെ സഭാത്മക വീക്ഷണവും അദ്ദേഹത്തിൽ ഒന്നിച്ചുണ്ടായിരുന്നു. അരിസ്റ്റോട്ടിലിന്റെ താർക്കിക കഴിവുകളും പ്ലേറ്റോയുടെ ഐഡിയലിസവും അദ്ദേഹത്തിനുണ്ടായിരുന്നു. ഗ്രീക്കുകാരുടെ

www.malankaralibrary.com

ആത്മീയ സൂക്ഷ്മതയും ലത്തീൻകാരുടെ പ്രായോഗികവീക്ഷണവും അദ്ദേഹത്തിന് വശമായിരുന്നു. സഭാപിതാക്കന്മാരുടെ കാലത്തെ ഏറ്റവും വലിയ താത്ത്വികനായിരുന്നു അഗസ്തീനോസ്. പിൻതലമുറയിൽ സുദീർഘവും നിർണ്ണയകവുമായ സ്വാധീനം ചെലുത്തിയ ആളായിരുന്നു അദ്ദേഹം.

അഗസ്തീനോസ് തന്റെ ക്രിസ്തീയ ചുറ്റുപാടിൽ ആദ്യത്തെ വലിയ താത്വികസംശ്ലേഷണം നടത്തി. പാശ്ചാത്യചിന്തയുടെ ഒരു സുപ്രധാനമായ ഘടകമാണ് അഗസ്തീനോസിന്റെ ചിന്ത. നിരവധി താത്ത്വിക പ്രശ്നങ്ങൾക്ക് അദ്ദേഹം പരിഹാരം നിർദ്ദേശിച്ചു. മിക്കവാറും എല്ലാ ക്രിസ്തീയ രഹസ്യങ്ങളെയും അദ്ദേഹം അപഗ്രഥിക്കുവാൻ ശ്രമിച്ചു. ത്രിത്വം, ക്രിസ്തുശാസ്ത്രം, കൃപാവരം, കൂദാശകൾ, രക്ഷ, യുഗാന്ത്യം തുടങ്ങിയ എല്ലാ ദൈവശാസ്ത്ര വിഷയങ്ങളും അദ്ദേഹം കൈകാര്യം ചെയ്തു.

അഗസ്തീനോസ് ഒരു വലിയ പ്രസംഗകനായി അറിയപ്പെടുന്നു. അത്യഗാധ തത്വങ്ങൾ പോലും സാധാരണക്കാരന്റെ ശൈലിയിൽ അദ്ദേഹം പകർത്തി. പ്രഭാഷണകലയുടെ വിവിധ വശങ്ങൾ അദ്ദേഹത്തിനു നിശ്ചയമുണ്ടായിരുന്നു. അദ്ദേഹം തന്നെ അതിന്റെ ഒരധ്യാപകനായിരുന്നു. ഈ വിവിധ രീതികൾ അദ്ദേഹം പ്രസംഗത്തിൽ പ്രയോഗിച്ചു.

ഒരു വലിയ താർക്കികനായിരുന്നു അദ്ദേഹം. അന്ന് സഭയെ അഭിമുഖീകരിച്ചുകൊണ്ടിരുന്ന പ്രശ്നങ്ങളിലൊക്കെ തന്റേതായ പ്രശ്നപരിഹാരം നിർദ്ദേശിച്ച്, സത്യവിശ്വാസം വ്യക്തമാക്കി. കത്തോലിക്കാസഭയുടെ പ്രബോധനത്തിന്റെ ആധികാരികതയിൽ അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു. എതിരാളികളെ അദ്ദേഹം എപ്പോഴും ബഹുമാനിച്ചിരുന്നു. അവരുടെ കഴിവുകൾ അംഗീകരിച്ചിരുന്നു. എന്നാൽ അവരുടെ തെറ്റുകൾ അദ്ദേഹം അംഗീകരിച്ചു കൊടുത്തില്ല. പാഷണ്ഡികൾ സത്യവിശ്വാസത്തിൽ മായം ചേർക്കാനും വെള്ളം ചേർക്കാനും വിഷം കലർത്താനും ശ്രമിച്ചപ്പോൾ സത്യസഭയുടെ വക്താവായി അദ്ദേഹം നിലകൊണ്ടു. വലിയ ബുദ്ധിരാക്ഷനായിരുന്ന അഗസ്തീനോസ് സഭയുടെ നെടും തൂണാണ്. തന്റെ ജീവിതം വലിയ സത്യാന്വേഷണമായിരുന്നു.

www.malankaralibrary.com

സത്യം കത്തോലിക്കാസഭയിൽ അദ്ദേഹം കണ്ടെത്തി. തന്റെ ആദ്യകാലജീവിതത്തോട് പാടേയുള്ള വിടപറച്ചിലായിരുന്നു മാനസാന്തരത്തിനുശേഷമുള്ള ജീവിതം. ഒരു വലിയ താപസ്സനായി, വേദപുസ്തകം നിരന്തര ഭക്ഷണമായി മാറ്റിയ ആദ്ധ്യാത്മികാചാര്യനായി, നിരന്തരപ്രാർത്ഥനയുടെ മനുഷ്യനായി, ഒരു പുതിയ മനുഷ്യനായി ഹിപ്പോയിലെ ആ സത്യാന്വേഷി.

മെത്രാനായശേഷം തന്റെ ജനത്തിനുവേണ്ടി അദ്ദേഹം സ്വയം സമർപ്പിച്ചു. "ക്രിസ്തുവിന്റെ ദാസനും, ക്രിസ്തുവിന്റെ ദാസന്മാരുടെ ദാസനുമാണ്" താൻ എന്ന് അദ്ദേഹം സ്വയം വിശേഷിപ്പിച്ചു. തന്റെ ജനങ്ങളുടെ ആവശ്യങ്ങൾക്കായി തന്റെ വാതിൽ എപ്പോഴും തുറന്നു കിടന്നു. അവരെ കൂടാതെ രക്ഷിക്കപ്പെടാൻ അദ്ദേഹം ആഗ്രഹിച്ചില്ല. അവർക്കുവേണ്ടി മരിക്കാൻ ഇടയാക്കണമെന്ന് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. വഴിതെറ്റിയവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരെ സ്നേഹിക്കുകയും ചെയ്തു.

വളരെ വ്യക്തമായിരുന്നു അഗസ്തീനോസിന്റെ ചിന്തയും കൃതികളും. എന്നാൽ വളരെ എളുപ്പം മനസ്സിലാക്കാവുന്നതുമല്ല. ആഴമായ ചിന്ത, കൃതികളുടെ ബാഹുല്യം, ചർച്ച ചെയ്ത വിഷയങ്ങളുടെ വ്യാപ്തി, അവയെ സമീപിച്ച ബഹുവിധ രീതികൾ, വിവിധ രീതിയിലുള്ള പ്രതിപാദനഭാഷ എന്നിവയൊക്കെ അഗസ്തീനോസിനെ വൈവിധ്യമാർന്ന വ്യാഖ്യാനങ്ങൾക്ക് പിൻതലമുറയിൽ വിധേയമാക്കി.

മഹാനായ അഗസ്തീനോസിനെ സഭ ബഹുമാനപൂർവ്വം പരിഗണിക്കുന്നു. മാർപാപ്പന്മാരും കൗൺസിലുകളും അഗസ്തീനോസിൽ നിന്നു സ്വാധീനം സ്വീകരിക്കുന്നു. ഇന്നും സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്ന അഗസ്തീനോസിനെ ക്രൈസ്തവ സഭയും ലോകം മുഴുവനും ബഹുമാനപൂർവ്വം നമിക്കുന്നു.

## 9. മഹാനായ വി. ഗ്രിഗറി (540–604)

ചിലരുടെ കണക്കനുസരിച്ച്, പാശ്ചാത്യസഭയിലെ അവസാനത്തെ സഭാപിതാവാണ് വി.ഗ്രിഗറി ഒന്നാമൻ മാർപാപ്പാ. 540–ൽ റോമിലെ ഒരു ഉന്നതകുടുംബത്തിൽ അദ്ദേഹം ജനിച്ചു. ലത്തീൻ

www.malankaralibrary.com

സാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന ഗ്രിഗറി, സഭാപിതാക്കന്മാരായ അംബ്രോസ്, ജറോം, അഗസ്തീനോസ് എന്നിവരുടെ ദൈവശാസ്ത്രകൃതികൾ പഠിച്ചു. 33-ാം വയസിൽ 573-ൽ ഗ്രിഗറി റോമാപട്ടണത്തിന്റെ പ്രീഫെക്ടായിത്തീർന്നു. എന്നാൽ അധികം താമസിയാതെ അദ്ദേഹം തന്റെ ലൗകികനേട്ട ങ്ങൾ ദൂരെ വലിച്ചെറിഞ്ഞ് താപസ്സജീവിതത്തിനായി ഇറങ്ങിപ്പുറ പ്പെട്ടു. തന്റെ നിരവധി സ്വത്തുക്കൾ വിറ്റ് ദരിദ്രരുടെ ഇടയിൽ വിതരണം ചെയ്തു. അദ്ദേഹം സിസിലിയിൽ ആറ് ആശ്രമങ്ങൾ തുടങ്ങി. ഏഴാമത് റോമിൽ സ്ഥാപിച്ച ആശ്രമത്തിൽ 574-ൽ അദ്ദേഹം ചേർന്നു. പ്രസ്തുത ആശ്രമത്തിൽ കടുത്ത താപസ്സ ജീവിതം നയിച്ചുവരവെ, മാർപാപ്പാ അദ്ദേഹത്തെ റോമിലെ ഏഴു ഡീക്കന്മാരിൽ ഒരാളായി നിയമിച്ചു. അതിനാൽ ഗ്രിഗറിയ്ക്ക് ആശ്രമത്തിലെ വാസം ഉപേക്ഷിക്കേണ്ടതായി വന്നു. 578-ൽ മാർപാപ്പായുടെ പ്രതിനിധിയായി (അപ്പോക്രിസാരിയുസ്) അദ്ദേഹം കോൺസ്റ്റാന്റിനോപ്പിളിലേക്ക് പോയി. പ്രസ്തുത ജോലി നിർവ്വഹിച്ചശേഷം 585-ൽ അദ്ദേഹം റോമിൽ തിരികെ വന്നു, താൻ സ്ഥാപിച്ച ആശ്രമത്തിന്റെ അദ്ധ്യക്ഷനായി.

പെലാജിയൂസ് മാർപാപ്പാ കാലം ചെയ്തപ്പോൾ 590-ൽ ഗ്രിഗറി പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടു. വളരെയേറെ പ്രയാസമേറിയ ഒരു കാലഘട്ടമായിരുന്നു അത്. പകർച്ചവ്യാധി, അപരിഷ്കൃതരുടെ ആക്രമണങ്ങൾ, വെള്ളപ്പൊക്കം, ക്ഷാമം തുടങ്ങിയവ ഇറ്റലിയെ ശ്വാസം മുട്ടിച്ചുകൊണ്ടിരുന്നു. അതോടൊപ്പം കോൺസ്റ്റാന്റിനോ പ്പിളിലെ ചക്രവർത്തിയുടെ അവകാശവാദങ്ങളും കൂടിയായപ്പോൾ ഇറ്റലിക്കാർക്ക് പൊറുതിമുട്ടി. ഈ സാഹചര്യങ്ങളിൽ ധീരനായ ആദ്ധ്യാത്മിക നേതാവെന്ന നിലയിൽ ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ട് ഗ്രിഗറി സഭയ്ക്കും പാശ്ചാത്യലോകത്തിനും നേതൃത്വം നൽകി. അങ്ങനെ തന്റെ പതിനാലുവർഷത്തെ ഭരണം കൊണ്ട് അദ്ദേഹം ഉറപ്പുള്ള അടിസ്ഥാനമിട്ടു. പ്രേഷിതചൈതന്യം നിറഞ്ഞുനിന്നിരുന്ന അദ്ദേഹം, 596-ൽ അഗസ്റ്റിൻ എന്ന സന്യാസി യുടെ നേതൃത്വത്തിൽ നാൽപത് ബനഡിക്ടയിൻ സന്യാസികളെ ഇംഗ്ലണ്ടിലേക്ക് സുവിശേഷ പ്രചരണത്തിനായി അയച്ചു. ആരാധനാ ക്രമപരമായ കാര്യങ്ങളിലും അദ്ദേഹം തല്പരനായിരുന്നു. മരിച്ച

www.malankaralibrary.com

വർക്കുവേണ്ടി തുടർച്ചയായി മുപ്പതു ദിവസം കുർബ്ബാനയർപ്പിക്കുന്ന (Gregorian Mass) നടപടിക്രമത്തിന്റെ ഉപജ്ഞാതാവാണ് ഗ്രിഗറി. ഗ്രിഗോറിയൻ സംഗീതം എന്ന പേരിൽ അറിയപ്പെടുന്ന ലത്തീൻ ആരാധനാക്രമ സംഗീതത്തിന്റെ രൂപീകരണത്തിലും അദ്ദേഹം നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

അവസാനത്തെ മൂന്നുവർഷം ഗ്രിഗറി രോഗിയായിരുന്നു. 604 മാർച്ച് 12-ന് അദ്ദേഹം കാലംചെയ്തു.

## കൃതികൾ

താത്വിക കാര്യങ്ങളെക്കാൾ പ്രായോഗിക കാര്യങ്ങൾ ചർച്ച ചെയ്യുകയായിരുന്നു ഗ്രിഗറിക്ക് താല്പര്യം. 'അജപാലകനിയമ ഗ്രന്ഥം' (Liber Regulae Pastoralis) മെത്രാന്റെ അജപാലകദൗത്യം സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നു. 591-ൽ എഴുതപ്പെട്ട ഈ ഗ്രന്ഥം മധ്യകാല മെത്രാന്മാരുടെ വഴികാട്ടിയായിരുന്നു.

'സംഭാഷണങ്ങൾ' (Dialogues) എന്ന കൃതി വി. ബനഡിക്ടിന്റെയും മറ്റു സന്യാസികളുടെയും ജീവിതകഥകളാണ്. 593-ൽ വിരചിതമായ ഈ കൃതി ഗ്രിഗറി പാപ്പായും സ്നേഹിതനായ പീറ്റർ എന്ന ഡീക്കനും തമ്മിലുള്ള സംഭാഷണത്തിന്റെ രൂപത്തിലാണ് എഴുതപ്പെട്ടിരിക്കുന്നത്. മധ്യകാല പാശ്ചാത്യജീവചരിത്ര ഗ്രന്ഥകാരന്മാർക്കൊക്കെ ഗ്രിഗറിയുടെ ഈ ഗ്രന്ഥമായിരുന്നു മാതൃക.

'ജോബിന്റെ പുസ്തകത്തിന്റെ വ്യാഖ്യാനം' (Expositio in Librum Job) ഗ്രിഗറിയുടെ ആദ്യഗ്രന്ഥമാണ്. ജോബിന്റെ പുസ്തകത്തിന്റെ വാച്യാർത്ഥം, മിസ്റ്റിക്കൽ അർത്ഥം, ധാർമ്മികാർത്ഥം (moral) എന്നിവ നൽകിക്കൊണ്ടുള്ള ഒരു സന്മാർഗ്ഗശാസ്ത്രഗ്രന്ഥമാണിത്. ആറു ഭാഗങ്ങളും ഒരോ ഭാഗത്തിനും 35 പുസ്തകങ്ങളും (അദ്ധ്യായങ്ങളും) ഉള്ള ഈ കൃതി മദ്ധ്യകാലഘട്ടത്തിൽ സന്മാർഗ്ഗശാസ്ത്ര പഠനത്തിനുള്ള ഒരു ഉത്തമഗ്രന്ഥമായിത്തീർന്നു.

'സുവിശേഷത്തെ ആസ്പദമാക്കിയുള്ള പ്രസംഗങ്ങൾ' എന്ന ഗ്രന്ഥം സവിശേഷശ്രദ്ധ അർഹിക്കുന്നു. സുവിശേഷ ഭാഗങ്ങളെ ആസ്പദമാക്കി നാല്പതോളം പ്രഭാഷണങ്ങൾ കൈവന്നിട്ടുണ്ട്. മിക്കപ്പോഴും ഗ്രിഗറി തന്നെയാണ് പ്രസംഗിച്ചിരുന്നത്. ചുരുക്കം ചില

www.malankaralibrary.com

സന്ദർഭങ്ങളിൽ അദ്ദേഹം തയ്യാറാക്കിയ പ്രസംഗങ്ങൾ, ഡീക്കന്മാർ വായിച്ചിരുന്നു.

ഗ്രിഗറിയുടെ നിരവധി കത്തുകൾ പിൻതലമുറയ്ക്കു കൈ വന്നിട്ടുണ്ട്. 854 കത്തുകളുടെ സമാഹാരം പ്രസിദ്ധീകൃതമായിട്ടുണ്ട്. ഗ്രിഗറിയുടെ വ്യക്തിത്വത്തിലേക്കും പ്രവർത്തനങ്ങളിലേക്കും അക്കാലത്തെ സഭാജീവിതത്തിലേക്കും സഭാപ്രശ്നങ്ങളിലേക്കും വെളിച്ചം വീശുന്നവയാണീ കത്തുകൾ.

## സംഭാവനകൾ

ഹിപ്പോയിലെ വിശുദ്ധ അഗസ്തീനോസിന്റെ ദൈവശാസ്ത്രം തന്നെയാണ് ഗ്രിഗറിയുടെ ദൈവശാസ്ത്രം. തന്റെ ചുറ്റുമുള്ളവർക്ക് മനസ്സിലാകുന്ന ഭാഷയിൽ അഗസ്തീനോസിനെ അവതരിപ്പിക്കുക മാത്രമാണ് അദ്ദേഹം ചെയ്തത്. ദൈവശാസ്ത്രത്തിൽ തനതായൊരു പാത അദ്ദേഹം വെട്ടിത്തുറന്നിട്ടില്ല. മരണാനന്തരമുള്ള ശുദ്ധീകരണ പ്രക്രിയ സംബന്ധിച്ചുള്ള തത്വങ്ങൾ (Purgatory) അദ്ദേഹം വികസിപ്പിച്ചു. വിശുദ്ധ കുർബ്ബാനയർപ്പണം വഴി അവരുടെ വേദന കുറയ്ക്കുവാൻ സാധിക്കും എന്ന് അദ്ദേഹം പഠിപ്പിച്ചു. അതുപോലെ സെവുഡോ-ഡയനീഷ്യസിന്റെ മിസ്റ്റിക്കൽ തത്വങ്ങൾക്ക്, പ്രത്യേ കിച്ച് മാലാഖമാരെക്കുറിച്ചുള്ള തത്വങ്ങൾക്ക്, ഗ്രിഗറി പ്രചുരപ്രചാരം നൽകി. തിരുശേഷിപ്പുകളുടെ വണക്കം പ്രോത്സാഹിപ്പിച്ചു. ആരാധനാക്രമത്തിൽ ചില മാറ്റങ്ങൾ വരുത്തി; ചില പ്രാർത്ഥനകൾ കൂട്ടിച്ചേർത്തു. "ഗ്രിഗോറിയൻ സാക്രമെന്ററി" എന്നറിയപ്പെടുന്ന പ്രാർത്ഥനാക്രമത്തിലെ ചില പ്രാർത്ഥനകൾ ഗ്രിഗറിയുടെ കാലത്തേതായിരിക്കാം.

ഗ്രിഗറി സന്യാസജീവിതം വളർത്തുവാനും പരിപുഷ്ടിപ്പെടു ത്താനും പ്രചരിപ്പിക്കാനും അശ്രാന്തപരിശ്രമം ചെയ്തു. സന്യാസ സമൂഹങ്ങളെ മെത്രാന്മാരുടെ ഭരണത്തിൽ നിന്ന് നീക്കി, മാർപാപ്പാ യുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാക്കുന്ന പതിവിന് തുടക്കം കുറിച്ചത് ഗ്രിഗറിയാണ്.

സഭയിലെ ദൃശ്യമായ ഉന്നതാധികാരി മാർപാപ്പായാണെന്ന ആശയം ജനഹൃദയങ്ങളിൽ രൂഢമൂലമാക്കുവാൻ ഗ്രിഗറിയുടെ

www.malankaralibrary.com

വ്യക്തിത്വവും പ്രവർത്തനങ്ങളും വളരെയധികം സഹായിച്ചു. എന്നാൽ ആഴമായ എളിമയുള്ള ആളായിരുന്നു ഈ ഉന്നതാധികാരി. "ദൈവദാസന്മാരുടെ ദാസൻ" (Servus Servorum Dei) എന്ന് അദ്ദേഹം സ്വയം വിശേഷിപ്പിച്ചു. പിൽക്കാലത്തുള്ള മാർപാപ്പാമാരെല്ലാം തന്നെ ഇപ്രകാരം വിശേഷിപ്പിച്ചിട്ടുണ്ട്. പൊതുസമ്മതത്തോടെ അദ്ദേഹം പരിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടു. മരണത്തിനുശേഷം 'മഹാൻ' (Great) എന്ന സ്ഥാനത്തിന് ഗ്രിഗറി അർഹനായിത്തീർന്നു. പാശ്ചാത്യസഭയിലെ നാലു വലിയ സഭാപിതാക്കന്മാരിൽ ഒരാളാണ് ഗ്രിഗറി. 'മധ്യകാല പാപ്പാസ്ഥാനത്തിന്റെ പിതാവ്' എന്ന് ചിലർ അദ്ദേഹത്തെ വിളിക്കുന്നു. പാശ്ചാത്യസഭ ഗ്രിഗറിയോടുകൂടി ഒരു പുതിയ പാതയിലൂടെ സഞ്ചരിക്കാൻ തുടങ്ങി. മധ്യകാല പാശ്ചാത്യസഭയ്ക്കും സഭാനേതൃത്വത്തിനും ആരംഭം കുറിച്ചത് അദ്ദേഹമാണ്.

## 10. സെവില്ലിലെ വി. ഇസിദോർ (560–636)

സെവില്ലിലെ ഇസിദോറാണ് അവസാനത്തെ പാശ്ചാത്യസഭാപിതാവെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. ഉദ്ദേശം 560–ൽ സ്പെയിനിലെ സെവില്ല് എന്ന സ്ഥലത്ത് ഇസിദോർ ജനിച്ചു. അവിടുത്തെ ഒരു സന്യാസാശ്രമത്തിൽ ചേർന്ന് പഠനം നിർവ്വഹിച്ചശേഷം, അദ്ദേഹം അവിടെ ഒരു അംഗമായി പ്രവേശിച്ച് താപസജീവിതം നയിച്ചുപോന്നു. 599–ൽ അദ്ദേഹം സെവില്ലിലെ മെത്രാപ്പോലീത്തായായി തെരഞ്ഞെടുക്കപ്പെട്ടു.

ആര്യൻ വിശ്വാസകരായ ഗോത്തിക് ആക്രമണകാരികൾക്കെതിരായി കത്തോലിക്കാവിശ്വാസം ഉയർത്തിപ്പിടിക്കാൻ ഇസിദോർ സർവ്വശ്രദ്ധയും കേന്ദ്രീകരിച്ചു. ആര്യൻ ക്രിസ്തുമതത്തിലേക്കാണല്ലോ ഗോത്യർ മാനസാന്തരപ്പെട്ടത്. സംസ്ക്കാരശൂന്യരായ ഗോത്യരെ സംസ്ക്കാരസമ്പന്നരാക്കേണ്ട ദൗത്യവും അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം സ്കൂളുകളും മഠങ്ങളും തുടങ്ങി. സ്പെയിനിലെ യഹൂദരുടെ മാനസാന്തരത്തിനായി പ്രയത്നിച്ചു. എല്ലാ ആശ്രമങ്ങളോടും ചേർന്ന് സ്ക്കൂളുകൾ തുടങ്ങാൻ അദ്ദേഹം നിർദ്ദേശം നൽകി. വിദ്യാഭ്യാസം വഴി മാത്രമേ ഗോത്തിക് അപരിഷ്കൃതരെ സംസ്ക്കാരമുള്ളവരാക്കാൻ സാധിക്കൂ എന്ന് അദ്ദേഹം കരുതി.

www.malankaralibrary.com

പല സ്പാനിഷ് സിനഡുകളിലും ഇസിദോർ അദ്ധ്യക്ഷനായിരുന്നു. പ്രത്യേകിച്ച് രണ്ടാം സെവിൽ സിനഡ് (619), നാലാം തൊളദോ സിനഡ് (634) എന്നിവ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്നവയാണ്. അദ്ദേഹത്തിന്റെ നേതൃത്വ കഴിവുകൾ ഈ സിനഡുകളിൽ തെളിഞ്ഞുപ്രകാശിക്കുന്നു. ഒരു വലിയ പണ്ഡിതനും വിശുദ്ധനും ദാനധർമ്മത്തിൽ തല്പരനുമായിരുന്നു അദ്ദേഹം. 636-ൽ ഇസിദോർ മരിച്ചു. എട്ടാം തൊളേദോ സിനഡ് (653) അദ്ദേഹത്തെ സഭാമല്പാനായി അംഗീകരിച്ചു.

## കൃതികൾ

വിജ്ഞാനത്തിന്റെ കലവറയായിരുന്നു ഇസിദോറിന്റെ കൃതികൾ. മധ്യകാല ക്രൈസ്തവസാഹിത്യകാരന്മാർ അവ ധാരാളമായി ഉപയോഗിച്ചു.

1. 'ശബ്ദവ്യുൽപ്പത്തി': ലോകചരിത്രത്തിൽ ഉണ്ടായ ആദ്യത്തെ 'വിജ്ഞാനകോശം' എന്ന് ഇതിനെ വിളിക്കാം. അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കൃതിയും ഇതുതന്നെ. അറിയപ്പെടുന്ന എല്ലാ വിജ്ഞാനശാഖകളും ഇതിലെ പ്രതിപാദ്യവിഷയങ്ങളാണ്.

2. 'സഭ ശുശ്രൂഷകൾ': മൊസാറബിക് ലിറ്റർജിയെപ്പറ്റിയും, സഭയിലെ വിവിധ ശുശ്രൂഷകരുടെ കടമകളെപ്പറ്റിയും അവകാശങ്ങളെപ്പറ്റിയും ഇതിൽ ചർച്ച ചെയ്യുന്നു.

3. 'പര്യായങ്ങൾ': ഭാഷാപരവും ദൈവശാസ്ത്പരവുമായ കാര്യങ്ങളുടെ ഒരു സംയുക്തമാണീ കൃതി.

4. 'വലിയ നാളാഗമം': സൃഷ്ടിമുതൽ 615 വരെയുള്ള ചരിത്രമാണ് ഇതിൽ. സ്പെയിനിലെ ചരിത്രത്തിന് ഇതിൽ അദ്ദേഹം പ്രാധാന്യം നൽകുന്നു.

5. 'മഹത്വ്യക്തികൾ': ജറോമും ജന്നാഡിയുസും ഇതേ പേരിൽ രചിച്ച കൃതികളുടെ ചുവടുപിടിച്ച് അവരുടെ തുടർച്ചയായി അദ്ദേഹം എഴുതിയ കൃതിയാണിത്. സ്പെയിനിലെ എഴുത്തുകാർക്കാണ് ഇതിൽ മുൻതൂക്കം.

www.malankaralibrary.com

## സംഭാവനകൾ

സ്പെയിനിലെ അന്നത്തെ അപരിഷ്കൃതരായ വിസിഗോത്യരെ സംസ്ക്കാര സമ്പന്നരാക്കാനായി ഇസിദോർ ചെയ്ത പരിശ്രമങ്ങൾ പ്രത്യേകം പരിഗണന അർഹിക്കുന്നു. ജനങ്ങളിൽ വിജ്ഞാനതൃഷ്ണയും സാഹിത്യാഭിരുചിയും അദ്ദേഹം കുത്തിവച്ചു. അതിനുതകുന്ന ഗ്രന്ഥങ്ങൾ രചിച്ചു. ആഴമായ ദൈവശാസ്ത്ര വിശകലനം കൃതികളിൽ കുറവാണെങ്കിലും അന്നത്തെ സ്പാനിഷ് ജനതയുടെ പുരോഗതിക്കുതകുന്ന കൃതികളാണ് അദ്ദേഹം രചിച്ചത്. അതിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു. അക്കാരണത്താലാണ് മധ്യശതകത്തിലുള്ള പല എഴുത്തുകാരും ഇസിദോറിന്റെ കൃതികളെ ആധാരമാക്കിയിട്ടുള്ളത്.

✸✸✸

www.malankaralibrary.com

അദ്ധ്യായം 7

# ഗ്രീക്ക് സഭാപിതാക്കന്മാർ

ഗ്രീക്ക് സഭാപിതാക്കന്മാരുടെ സുവർണ്ണകാലഘട്ടമാണ് 313 മുതൽ 461 വരെയുള്ള കാലഘട്ടം. പ്രഗത്ഭരായ സഭാപിതാക്കന്മാർ ജീവിച്ചിരുന്നതും സൂനഹദോസുകൾ പലതു നടന്നതും ഇക്കാല ത്താണ്. മറ്റൊരിക്കലും ക്രിസ്തീയ വിശ്വാസസത്യങ്ങൾ ഇത്രമാത്രം വ്യക്തമായും നിയതമായും വിശദമായും പ്രതിപാദിക്കപ്പെട്ടിട്ടില്ല. ഇതിന്റെ കാരണങ്ങൾ പലതാണ്. മുഖ്യമായത് പിതാക്കന്മാരുടെ അതുല്യമായ കഴിവും വ്യക്തിവൈഭവവും തന്നെ. ഇതിനെ സഹായിച്ച പ്രധാന ഘടകം 313-ൽ സഭയ്ക്കു ലഭിച്ച രാഷ്ട്രീയ സ്വാതന്ത്ര്യവും തുടർന്നുള്ള പ്രോത്സാഹനങ്ങളുമാണ്. തത്ഫലമായി സ്വതന്ത്രമായും ക്രിയാത്മകമായും എഴുതുകയും ചിന്തിക്കുകയും ചെയ്തു സഭയിലെ ധിക്ഷണാശാലികൾ. സുപ്രധാനങ്ങളായ ആദ്യത്തെ നാലു സൂനഹദോസുകൾ ഇക്കാലത്തു നടന്നു. വി. അഗസ്തീനോസൊഴിച്ചാൽ പൗരസ്ത്യ പിതാക്കന്മാരായി രുന്നു ഈ കാലഘട്ടത്തിലെ പ്രമുഖരായ എഴുത്തുകാർ. മതാദ്ധ്യാപന കേന്ദ്രങ്ങളെന്ന നിലയിൽ അലക്സാൻഡ്രിയ, അന്ത്യോക്യാ, എദേസ്സാ, നിസ്സിബിസ്, കപ്പദോസിയ എന്നീ സ്ഥലങ്ങൾ പ്രശസ്ത ങ്ങളായി. ഈ പഠന കേന്ദ്രങ്ങളിൽ നിന്നും സഭയുടെ അടിസ്ഥാന വിശ്വാസത്തെ സംരക്ഷിക്കുവാൻ പ്രഗത്ഭമതികളായ പിതാക്കന്മാരു ണ്ടായി.

www.malankaralibrary.com

## 1. കേസറിയായിലെ എവുസേബിയൂസ് (260–339)

കേസറിയായിലെ ഒരു ഉന്നത കുടുംബത്തിൽ 260–ടുകൂടി എവുസേബിയൂസ് ജനിച്ചു. ഫിനീഷ്യാക്കാരനും ഒരു ഗ്രന്ഥശാല യുടെ സ്ഥാപകനുമായ പാംഫീലിയൂസിനെ (+310) ഇദ്ദേഹം സ്നേഹിതനും ഗുരുവുമായി സ്വീകരിച്ചു. ഈ സുഹൃദ്ബന്ധ ത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം എവുസേബിയൂസ് പാംഫിലി എന്നാണ് അറിയപ്പെട്ടിരുന്നത്. വിവിധ വിജ്ഞാനശാഖകളിൽ അദ്ദേഹം അവഗാഹം നേടി. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ വലിയ ഒരു അനുഭാവിയായിരുന്നു എവുസേബിയൂസ്. 313–ൽ അദ്ദേഹം കേസറിയായിലെ മെത്രാനായി. പ്രസ്തുത വർഷം തന്നെയാണ് കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ ചരിത്ര പ്രസിദ്ധമായ മിലാൻ വിളംബരം നടന്നതും. ഇതോടുകൂടി പാശ്ചാത്യ റോമാസാമ്രാജ്യത്തിൽ സമ്പൂർണ്ണ മതസ്വാതന്ത്രം നിലവിൽ വന്നു.

325–ലെ നിഖ്യാസൂനഹദോസിൽ പങ്കെടുത്ത എവുസേബി യൂസ്, കോൺസ്റ്റന്റിയന്റെ ഹിതപ്രകാരം നിഖ്യായുടെ തീരുമാന ങ്ങളിൽ ഒപ്പുവച്ചു. അന്ത്യോക്യായുടെ മെത്രാനായിരുന്ന എവുസ്താ ത്തിയൂസിനെ സ്ഥാനഭ്രഷ്ടനാക്കിയ അന്ത്യോക്യായിലെ സൂനഹ ദോസിലും (331); അത്തനാസിയൂസിനെതിരായി കേസറിയാ, ടയർ എന്നിവിടങ്ങളിൽ കൂടിയ സൂനഹദോസുകളിലും എവുസേ ബിയൂസ് സന്നിഹിതനായിരുന്നു. കാൽവരിയിൽ പണിതീർത്ത ദേവാലയത്തിന്റെ പ്രതിഷ്ഠാകർമ്മത്തിൽ സംബന്ധിക്കുവാൻ അദ്ദേഹം പോയതായി കാണുന്നു. പാംഫീലിയൂസിന്റെ രക്തസാക്ഷി ത്വത്തിന് എവുസേബിയൂസ് സാക്ഷ്യം വഹിച്ചു. അതിനുശേഷം 339–ൽ എവുസേബിയൂസ് നിര്യാതനായതായി കരുതപ്പെടുന്നു. 'സഭാചരിത്രത്തിന്റെ പിതാവ്', 'ക്രിസ്തീയ ഹെറോദോട്ടസ്' (Christian Herodotus) എന്നീ അപരനാമങ്ങളിൽ അദ്ദേഹം അറിയപ്പെടുന്നു.

### പ്രധാന കൃതികൾ

ദിനവൃത്താന്തം (Chronicle), സഭാചരിത്രം (The Ecclesiastical History), കോൺസ്റ്റന്റയിന്റെ ജീവചരിത്രം (Life of Constantine) എന്നിവയാണ് എവുസേബിയൂസിന്റെ മൂന്നു പ്രധാന ചരിത്ര കൃതികൾ. ഇതിൽ ആദ്യഗ്രന്ഥത്തിൽ അബ്രഹാം മുതൽ ക്രിസ്തു

www.malankaralibrary.com

വർഷം 323 വരെയുള്ള ലോകചരിത്രത്തിന്റെ ലഘുവിവരണമാണ്. ആദ്യഭാഗം കൽദായചരിത്രവും രണ്ടാം ഭാഗം പൊതുവായ ചരിത്ര വസ്തുതകളുമാണ്. 'സഭാചരിത്രത്തിൽ' ക്രിസ്തുമതം സ്വാതന്ത്ര്യം പ്രാപിക്കുന്നതുവരെയുള്ള ചരിത്രമാണ് പ്രതിപാദ്യം. പത്തു വാല്യങ്ങളിലായി രചിച്ച ഈ ഗ്രന്ഥം ക്രിസ്തുമതത്തിന്റെ സ്ഥാപന വും വികാസവും സംബന്ധിച്ച് അമൂല്യമായ അറിവു നൽകുന്നു. മൂന്നാമത്തെ ഗ്രന്ഥം 337-ൽ അന്തരിച്ച കോൺസ്റ്റന്റയിൻ ചക്രവർ ത്തിയുടെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങളെല്ലാം നാലു പുസ്തകങ്ങളിലായി എവുസേബിയൂസ് സംഗ്രഹിച്ചിരിക്കുന്നു. സഭയ്ക്കു സ്വാതന്ത്ര്യം നൽകുകയും അനേകം ദേവാലയങ്ങൾ സ്ഥാപിക്കുകയും ചെയ്ത ചക്രവർത്തിയെ അദ്ദേഹം പ്രകീർത്തി ച്ചിരിക്കുകയാണ് ഈ ഗ്രന്ഥത്തിൽ. ആര്യൻ പാഷാണ്ഡത, നിഖ്യാസൂനഹദോസ് എന്നിവയെക്കുറിച്ചും ഇതിൽ പ്രതിപാദിക്കു ന്നുണ്ട്.

വിശുദ്ധ ഗ്രന്ഥത്തെ അധികരിച്ച് വളരെയധികം കൃതികൾ എവുസേബിയൂസ് രചിച്ചിട്ടുണ്ട്. അവയിൽ ഏറ്റവും പ്രസിദ്ധമായ ഗ്രന്ഥമാണ് 'ഒനോമസ്റ്റികോൺ' (Onomasticon). തന്റെ സ്നേഹിത നായ പൗളോനൂസിന്റെ അഭീഷ്ടപ്രകാരം 324-നോടുകൂടി എവുസേ ബിയോസ് എഴുതിയ നാലു ഗ്രന്ഥങ്ങളിൽ ഒന്നാണിത്. വേദപുസ്തക ത്തിൽ പ്രതിപാദിച്ചിട്ടുള്ള സ്ഥലങ്ങളെ അക്ഷരമാലക്രമത്തിൽ വിശദീകരിച്ചിരിക്കുകയാണ് അതിൽ. സങ്കീർത്തനങ്ങൾ, പ്രവാചക ഗ്രന്ഥങ്ങൾ, വി. ലൂക്കായുടെ സുവിശേഷം, കോരിന്ത്യർക്കെഴുതിയ പ്രഥമ ലേഖനം, ഹെബ്രാർക്ക് എഴുതിയ ലേഖനം മുതലായവയ്ക്ക് അദ്ദേഹം പണ്ഡിതോചിതമായ ഭാഷ്യങ്ങളെഴുതിയിട്ടുണ്ട്. വിശുദ്ധ ഗ്രന്ഥ വിജ്ഞാനിയത്തിന് അമൂല്യസംഭാവനകളാണ് ഇവ ഓരോന്നും.

വിജ്ഞാനപ്രദങ്ങളും ദൈവശാസ്ത്ര പ്രധാനങ്ങളുമായ നിരവധി പ്രസംഗങ്ങൾ എവുസേബിയൂസിന്റെ പേരിൽ അറിയ പ്പെടുന്നുണ്ട്. ഇതിൽ പലതും ഇന്നു ലഭ്യമല്ല. അനേകം പ്രഭാഷണങ്ങ ളുള്ളതിൽ, ടയറി (Tyre) ലെ ദേവാലയ പ്രതിഷ്ഠാവസരത്തിലും, നിഖ്യാ സൂനഹദോസിന്റെ ആരംഭത്തിലും ചെയ്ത പ്രസംഗങ്ങൾ,

www.malankaralibrary.com

രക്തസാക്ഷികളേയും ക്രിസ്തുവിന്റെ കബറിടത്തെയും ആസ്പദ മാക്കി ചെയ്ത പ്രഭാഷണങ്ങൾ, കോൺസ്റ്റന്റയിൻ ചക്രവർത്തിയെ പ്രശംസിച്ചുകൊണ്ടുള്ള പ്രസംഗം എന്നിവ പ്രത്യേകം പ്രാധാന്യ മർഹിക്കുന്നവയാണ്.

എവുസേബിയൂസിന്റെ സ്വഭാവവും ആശയധാരണകളും വെളിപ്പെടുത്തുന്ന ഒട്ടനവധി കത്തുകളുണ്ട്. ഇതര രചനകളെ ക്കുറിച്ച് പറഞ്ഞതുപോലെ എഴുത്തുകളും കുറെയൊക്കെ നാമാ വിശേഷമായിരിക്കുന്നു. അലക്സാൻഡ്രിയായിലെ അലക്സാണ്ടർ, എവുഫ്രിബിയോൺ, കോൺസ്റ്റൻസിയ രാജ്ഞി എന്നിവർക്കും, നിഖ്യാസൂനഹദോസിനുശേഷം കേസറിയായിലെ സഭയ്ക്കും അദ്ദേഹം അയച്ച കത്തുകൾ പ്രത്യേകം ശ്രദ്ധയർഹിക്കുന്നവയാണ്.

സഭയ്ക്കുവേണ്ടി എവുസേബിയൂസ് ചെയ്തിട്ടുള്ള സേവന ങ്ങൾ അവർണ്ണനീയമാണ്. ആദിമ നൂറ്റാണ്ടുകളിലെ ദൈവശാസ്ത്ര വികാസത്തിനും പിൽക്കാല ചരിത്രകാരന്മാർക്കും അദ്ദേഹത്തിന്റെ കൃതികൾ വളരെയേറെ ഉപകരിച്ചിട്ടുണ്ട്.

## 2. വി. അത്തനേഷ്യസ് (295–373)

'എക്യുമെനിക്കൽ ഡോക്ടർ' എന്ന ബഹുമതിക്കർഹനായ വി. അത്തനേഷ്യസ് 295–ൽ അലക്സാൺഡ്രിയായിൽ ജനിച്ചു. 'സഭയുടെ തൂണ്' (Pillar of the Church) എന്നാണ് വി. ഗ്രിഗറി അദ്ദേഹത്തെ വിശേഷിപ്പിക്കുക. അന്നത്തെ നിലയിൽ സാമാന്യം നല്ല വിദ്യാഭ്യാസം നൽകുന്നതിൽ അദ്ദേഹത്തിന്റെ മാതാപിതാക്കൾ അതീവ ശ്രദ്ധാലുക്കളായിരുന്നു. 319–ൽ ഒരു ഡീക്കൻ എന്ന നിലയിൽ അദ്ദേഹം ശുശ്രൂഷ ആരംഭിച്ചു. ഡീക്കനായിരിക്കുമ്പോൾ അലക്സാൺഡ്രിയായിലെ മെത്രാനായിരുന്ന അലക്സാണ്ടരുടെ ദൈവശാസ്ത്ര ഉപദേഷ്ടാവായി നിഖ്യാസൂനഹദോസിൽ അദ്ദേഹം പങ്കെടുത്തിരുന്നു. സൂനഹദോസിനുശേഷം പുണ്യപൂർണ്ണത പ്രാപി ക്കുക എന്ന ലക്ഷ്യത്തോടെ ആഫ്രിക്കൻ വനാന്തരങ്ങളിലേക്കു പോയി വി. അന്തോനീസുമൊത്ത് കുറേക്കാലം ജീവിച്ചു. 328–ൽ അലക്സാണ്ടർ മെത്രാന്റെ പിൻഗാമിയായി അദ്ദേഹം സ്ഥാനമേറ്റു. ഇതേ തുടർന്ന് ആരിയൻ പക്ഷക്കാർ തങ്ങളുടെ മുഖ്യശത്രുവായി കണ്ട് അത്തനേഷ്യസിനെതിരെ പ്രവർത്തിച്ചു തുടങ്ങി.

www.malankaralibrary.com

ആരിയൂസിനെ തിരികെയെടുക്കണമെന്ന് 335–ൽ കോൺസ്റ്റന്റ യിൻ ചക്രവർത്തി ആവശ്യപ്പെട്ടു. ചക്രവർത്തിയുടെ കല്പന നിരസിച്ചതുകൊണ്ട്, അദ്ദേഹം അത്തനേഷ്യസിനെ നാടുകടത്തി. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ മരണശേഷം, 337–ൽ അത്തനേ ഷ്യസ് തന്റെ രൂപതയിൽ തിരികെയെത്തി. എന്നാൽ കോൺസ്റ്റന്റ യിന്റെ പിൻഗാമികൾ ആര്യൻ പാഷണ്ഡതയുടെ വ്യക്താളായിരു ന്നതിനാൽ, ആര്യനിസം കൂടുതൽ ശക്തി പ്രാപിച്ചുകൊണ്ടിരുന്നു. ഈ സാഹചര്യത്തിൽ, നാലു പ്രാവശ്യം അദ്ദേഹം നാടുകടത്തപ്പെട്ടു. ആകെ പതിനേഴുവർഷം അദ്ദേഹം പരദേശവാസിയായി കഴിഞ്ഞു. എന്നാൽ, 366 മുതൽ തന്റെ ജീവിതാവസാനം വരെ സമാധാനപര മായി രൂപതാഭരണം നിർവ്വഹിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. 373 മെയ് മാസത്തിൽ അത്തനേഷ്യസ് ഭാഗ്യമരണം പ്രാപിച്ചു.

## പ്രധാന കൃതികൾ

സാഹിത്യപരമായ മേന്മകൾ അത്തനേഷ്യസിന്റെ കൃതികളിൽ കുറവാണെങ്കിലും, വ്യക്തവും സംക്ഷിപ്തവുമാണ് അദ്ദേഹത്തിന്റെ ശൈലി. യുക്തിയുക്തമായും തെളിവായും കാര്യങ്ങൾ അവതരിപ്പി ക്കുന്നതിൽ അത്തനേഷ്യസ് മുൻപന്തിയിൽ നിൽക്കുന്നു.

വേദപുസ്തകത്തിലെ ചില ഗ്രന്ഥങ്ങൾക്ക് അദ്ദേഹം വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്. 'സങ്കീർത്തനങ്ങളുടെ വ്യാഖ്യാന' മാണ് ഇവയിൽ പ്രധാനം. ഉല്പത്തി പുസ്തകത്തിനും, പാട്ടുകളുടെ പാട്ടിനും അദ്ദേഹം വ്യാഖ്യാനം എഴുതിയിട്ടുണ്ട്.

വിശ്വാസ സമർത്ഥനപരമായ രണ്ടു കൃതികളാണ്, 'പുറജാതി കൾക്കെതിരെ' (Against Gentiles) 'മനുഷ്യാവതാരത്തെപ്പറ്റി' (On Incarnation) എന്നിവ. പേഗൻ വിശ്വാസത്തേയും വിഗ്രഹാരാധന യേയും എതിർത്തു കൊണ്ടെഴുതിയ ആദ്യ ഗ്രന്ഥത്തിൽ നിന്നും അക്കാലത്തെ സാമൂഹ്യവും ധാർമ്മികവുമായ അവസ്ഥ എന്തെന്ന റിയാൻ സാധിക്കുന്നവയാണ്. അന്നത്തെ പല പ്രശ്നങ്ങൾക്കും നിദാനമായ വിഗ്രഹാരാധനയെ ശക്തിയായി ഈ കൃതിയിൽ എതിർ ക്കുന്നുണ്ട്. പ്രവചനങ്ങളുടെ പൂർത്തീകരണമായിട്ടാണ് ക്രിസ്തു മനുഷ്യാവതാരം ചെയ്തത് എന്നതിൽ നിന്നും ക്രിസ്തുമതത്തിന്റെ വാസ്തവികത തെളിയുന്നുവെന്ന് അദ്ദേഹം രണ്ടാമത്തെ ഗ്രന്ഥം വഴി പഠിപ്പിക്കുന്നു.

www.malankaralibrary.com

സൈദ്ധാന്തികപരമായ അത്തനേഷ്യസിന്റെ കൃതികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് 'ആര്യൻസിനെതിരായിട്ടുള്ള പ്രഭാഷണങ്ങൾ' (The Discourses against the Arians) എന്നത്. ഈ കൃതിയിൽ ആര്യന്മാർക്കെതിരെയുള്ള മൂന്നു പ്രധാന പ്രസംഗങ്ങൾ ഉൾക്കൊള്ളുന്നു. കൂടാതെ ഇവയിലൂടെ നിഖ്യാ വിശ്വാസമനുസരിക്കുവാനും അദ്ദേഹം ആഹ്വാനം ചെയ്യുന്നു.

ചരിത്രപരമായ കൃതികൾ മൂണ്ണെമുണ്ട്: 1. ആര്യന്മാരുടെ ചരിത്രം (The History of the Arians). അത്തനേഷ്യസ് തന്റെ വനവാസകാലത്ത് രചിച്ചതാണീ കൃതി. ആര്യൻ പാഷണ്ഡതയുടെ ആരംഭം മുതൽ 357 വരെയുള്ള അതിന്റെ ചരിത്രം ഇതിൽ അടങ്ങിയിരിക്കുന്നു. 2. വി. അന്തോനീസിന്റെ ജീവചരിത്രം (The Life of St. Antony). 357-നോടുകൂടി ഗ്രീക്കുഭാഷയിലാണ് ഈ കൃതി എഴുതപ്പെട്ടത്. വി. അന്തോനീസുമായുള്ള ചുരുങ്ങിയ കാലത്തെ വ്യക്തിപരമായ അനുഭവത്തെപ്പറ്റിയും അദ്ദേഹത്തിൽ വിളങ്ങിയിരുന്ന സുകൃതജീവിതത്തെക്കുറിച്ചും ഈജിപ്തിലെ സന്യാസികളോട് അത്തനേഷ്യസ് പ്രസംഗിച്ചിരുന്നു. അവയുടെ സമാഹാരമാണ് ഈ കൃതി. 3. നിഖ്യാ സൂനഹദോസ് പ്രമാണരേഖകൾ (Decrees of Nicean Creed). നിഖ്യാ സൂനഹദോസിന്റെ പഠനങ്ങൾ ശരിയാണെന്ന് അത്തനേഷ്യസ് പഠിപ്പിക്കുകയാണ് ഈ കൃതിയിൽ. കൂടാതെ, ഈ സൂനഹദോസിൽ ഉപയോഗിച്ചിരുന്ന ചില പദങ്ങൾ ഉപയോഗിക്കുവാനുണ്ടായ കാരണങ്ങളും അദ്ദേഹം വിശദമാക്കുന്നുണ്ട്. ഇവയ്ക്കു പുറമേ വളരെയധികം കത്തുകളും അദ്ദേഹം എഴുതിയിട്ടുണ്ട്.

### പ്രബോധനങ്ങൾ

#### ഏകദൈവ വിശ്വാസം

വസ്തുക്കളുടെ ക്രമീകരണത്തിൽ നിന്ന് ദൈവത്തിന്റെ അസ്തിത്വം തെളിയുന്നു എന്ന് അത്തനേഷ്യസ് വിശ്വസിച്ചുപോന്നു. യുക്തിയും വി.ഗ്രന്ഥവും ഒരേ സത്യം തന്നെയാണ് വെളിപ്പെടുത്തുക. ദൈവം ഒന്നേയുള്ളൂ എന്നും ആ ദൈവം പാപത്തിൽ നിന്നു രക്ഷിച്ചു എന്നും പേഗൻ ചിന്താഗതിക്കാരോട് അദ്ദേഹം പ്രസം ഗിച്ചു. പല ദേവന്മാർക്ക് ഒരേ സമയത്ത് ഒരേ പ്രപഞ്ചത്തിന്റെ

www.malankaralibrary.com

നിയന്താക്കളാവുക സാദ്ധ്യമല്ലല്ലോ. വിഗ്രഹാരാധന ഉപേക്ഷിച്ച് സത്യവിശ്വാസത്തിലേക്കു വരുവാൻ അദ്ദേഹം എല്ലാവരേയും ആഹ്വാനം ചെയ്തു.

**ദൈവപുത്രൻ**

പരി. ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ, പിതാവിനെപ്പോലെ നിത്യനും സൃഷ്ടിക്കപ്പെടാത്തവനും, പിതാവിനോടു കൂടെ ഏക സത്തയുമാണ്. ഇതുതന്നെയാണല്ലോ നിഖ്യാ വിശ്വാസപ്രമാണത്തിലും കാണുന്നത്.

അത്തനേഷ്യസിനെ സംബന്ധിച്ചിടത്തോളം വചനം (Word) ഒരു സൃഷ്ടവസ്തുവല്ല; പ്രത്യുത ആരാധനാവിഷയമായ നാദബ്രഹ്മ (Word of God) മാണ്. ക്രിസ്തു വെറുമൊരു മനുഷ്യനാണെങ്കിൽ മനുഷ്യരക്ഷ യഥാർത്ഥമോ നിത്യമോ ആവുകയില്ലായിരുന്നു.

**പരിശുദ്ധാത്മാവ്**

പിതാവിൽ നിന്നും പുത്രനിൽ നിന്നും കൂടിയാണ് പരിശുദ്ധാത്മാവ് പുറപ്പെടുക എന്നദ്ദേഹം പഠിപ്പിച്ചു. കൂടാതെ ത്രിത്വത്തിലെ മൂന്നാളുകൾക്കും ഒരേ സത്തയാണുള്ളത്, മൂന്നു പേർക്കും ദൈവികത്വമുണ്ട്. പുത്രൻ പിതാവിനോടുകൂടി ഏക സത്തയാണ് എന്ന, നിഖ്യാ സൂനഹദോസിന്റെ പ്രബോധനങ്ങളിൽ നിന്നാണ്, പരിശുദ്ധാരൂപിയും ദൈവികത്വമുള്ള ആളാണെന്ന് അത്തനേഷ്യസ് തെളിയിക്കുന്നത്.

**മനുഷ്യാവതാര ലക്ഷ്യം**

ദൈവപുത്രൻ മനുഷ്യസ്വഭാവം സ്വീകരിച്ചത് മനുഷ്യനെ ദൈവപുത്രനാക്കുവാനാണ്. പാപം മൂലം ദൈവത്തിൽ നിന്നും മനുഷ്യൻ അകന്നുമാറി. തന്മൂലം മർത്യനുണ്ടായ നഷ്ടം പരിഹരിച്ച് അവന്റെ മനുഷ്യസ്വഭാവത്തിന്റെ കുറവുകളെ പരിഹരിക്കുവാനത്രേ ത്രിത്വത്തിലെ രണ്ടാമാളായ ദൈവപുത്രൻ മനുഷ്യനായി അവതരിച്ചത്. മറ്റു വാക്കുകളിൽ, സ്വാതന്ത്ര്യം ലഭിച്ച മനുഷ്യൻ ആ സ്വാതന്ത്ര്യം ദുരുപയോഗിച്ച് തന്നിലുള്ള ദൈവിക ഛായയെ വികലമാക്കി. അതിനെ വീണ്ടെടുക്കുവാനാണ് ദൈവം മനുഷ്യനായത്.

www.malankaralibrary.com

വി.ഗ്രന്ഥം, കൂദാശങ്ങൾ മുതലായ വിഷയങ്ങളെക്കുറിച്ച് അത്തനേഷ്യസ് പരമ്പരാഗതമായ വിശ്വാസത്തെ അധികരിച്ച് പ്രബോധനങ്ങൾ നൽകിയിട്ടുണ്ട്. ചുരുക്കത്തിൽ, ആദിമ സഭാ ചരിത്രത്തിലെ അവിസ്മരണീയ വ്യക്തികളിൽ ഒരാളാണ് അലക്സാൺഡ്രിയായിലെ മെത്രാനായിരുന്ന വി. അത്തനേഷ്യസ്.

## 3. ജറുസലേമിലെ വി. സിറിൾ (313–386)

സിറിലിന്റെ യഥാർത്ഥമായ ജനനസ്ഥലവും കാലഘട്ടവും അജ്ഞാതമാണെങ്കിലും 313–ൽ ജറുസലേമിൽ ജനിച്ചുവെന്ന് പൊതുവേ കരുതപ്പെടുന്നു. ജറുസലേമിലെ മെത്രാനായ മക്കാരിയൂസ് ആണ് 325–ൽ ശെമ്മാശനായി അദ്ദേഹത്തെ ഉയർത്തിയത്. പിന്നീട് 342–ൽ മാക്സിയൂസ് മെത്രാനിൽ നിന്നും അദ്ദേഹം വൈദികപട്ടം സ്വീകരിച്ചു. മാക്സിയൂസിന്റെ നിര്യാണശേഷം 350–ൽ ജറുസലേമിലെ മെത്രാനായി സിറിൽ നിയുക്തനായി. ആര്യനിസത്തോട് അനുഭാവം പ്രകടിപ്പിച്ചിരുന്ന കേസറിയായിലെ മെത്രാപ്പോലീത്തായായിരുന്ന അക്കാസിയൂസ് (Acacius) ആണ് സിറിലിനെ മെത്രാനായി അഭിഷേകം ചെയ്തത്. അതിനാൽ സിറിലും ആര്യനിസത്തിന്റെ അനുഭാവിയാണെന്ന് പൊതുവേ സംശയിക്കപ്പെട്ടു. എന്നാൽ ചരിത്രവസ്തുതകളെല്ലാം ഇതിന് എതിരായിട്ടുള്ളതാണ്.

മെത്രാനായതിനുശേഷം സിറിലും അക്കാസിയൂസും ശത്രുക്കളായി മാറുകയും, ആര്യൻ പക്ഷക്കാർ സിറിലിനെ ആക്രമിക്കുകയും ചെയ്തു. അദ്ദേഹം നിഖ്യാ വിശ്വാസപ്രമാണത്തിന്റെ അനുഭാവിയായി വർത്തിച്ചു എന്നതുകൊണ്ട് മൂന്നു പ്രാവശ്യം സിറിലിന് സ്ഥാനത്യാഗം ചെയ്യേണ്ടിവന്നു. 357–ലെ ജറുസേലം സൂനഹദോസിന്റെ ഫലമായി അദ്ദേഹം നാടുകടത്തപ്പെടുകയും താർസൂസിൽ അഭയം പ്രാപിക്കുകയും ചെയ്തു. എന്നാൽ സെലൂഷ്യൻ കൗൺസിൽ സിറിലിനെ സ്വീകരിച്ചു. എങ്കിലും 360–ൽ അക്കാസിയൂസ് അദ്ദേഹത്തെ വീണ്ടും നാടുകടത്തി. അനുകൂലമായ സാഹചര്യത്തിൽ വീണ്ടും ഭരണമേറ്റ അദ്ദേഹത്തെ 367–ൽ വാലൻസ് ചക്രവർത്തി മൂന്നാം പ്രാവശ്യവും നാടുകടത്തി. 381–ൽ കോൺസ്റ്റാന്റിനോപ്പിളിൽ സമ്മേളിച്ച രണ്ടാം സാർവ്വത്രിക സൂനഹദോസിൽ അദ്ദേഹം പങ്കെടുക്കുകയും അവിടെവച്ച് നിഖ്യാ വിശ്വാസപ്രമാണം

www.malankaralibrary.com

സ്വീകരിക്കുകയും ചെയ്തു. 386 മാർച്ച് 18-ാം തീയതി അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

## പ്രധാന കൃതികൾ

പ്രസിദ്ധനായ എഴുത്തുകാരനെന്നതിനെക്കാൾ നലംതികഞ്ഞ ഒരു പ്രഭാഷകനായിട്ടാണ് സിറിൽ അറിയപ്പെടുന്നത്. ലേഖനങ്ങളും പ്രഭാഷണങ്ങളുമാണ് അദ്ദേഹത്തിന്റെ പ്രധാന സംഭാവനകൾ.

24 'മതബോധനപ്രസംഗങ്ങൾ' (Mystagogical Catecheses) ഉൾക്കൊള്ളുന്ന ഗ്രന്ഥമാണ് അദ്ദേഹത്തിന്റെ കൃതികളിൽ ഏറ്റവും പ്രധാനപ്പെട്ടത്. രണ്ടു ഭാഗങ്ങളായി ഇതിനെ തിരിച്ചിരിക്കുന്നു. ആദ്യത്തെതിൽ ആമുഖ പ്രസംഗങ്ങളും മാമോദീസാ സ്വീകരിക്കുന്നവർക്കുവേണ്ടിയുള്ള 18 പ്രസംഗങ്ങളും ഉൾപ്പെടുന്നു. ഇതിനെ പ്രോകാറ്റക്കേസിസ് (Procatechesis) എന്നു വിളിക്കുന്നു. രണ്ടാമത്തേതിൽ പുതുതായി മാമോദീസാ സ്വീകരിച്ചവർക്കുവേണ്ടിയുള്ള അഞ്ച് ഉപദേശങ്ങളാണ് അടങ്ങിയിരിക്കുന്നത്.

'പ്രഭാഷണങ്ങൾ' (Homilies) എന്ന പേരിൽ സിറിലിന്റേതായി ഒരു കൃതിയുണ്ട്. പ്രഭാഷണങ്ങളിൽ ഒന്നു മാത്രമേ ഇന്ന് അവശേഷിക്കുന്നുള്ളൂ. അദ്ദേഹം വൈദികനായിരിക്കുമ്പോൾ നടത്തിയ ഒരു പ്രഭാഷണമാണിതെന്ന് കരുതപ്പെടുന്നു. മറ്റു പ്രഭാഷണങ്ങളുടെ നാല് അവശിഷ്ടങ്ങൾ മാത്രമേ ഇന്നു കാണപ്പെടുന്നുള്ളൂ.

'കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിക്കെഴുതിയ കത്ത്' (Letter to the Emperor Constantius) സിറിലിന്റെ ചരിത്രപ്രാധാന്യമുള്ള ഒരു രേഖയാണ്. 351-ൽ, ജറുസലേമിൽ ആകാശത്തു പ്രത്യക്ഷമായ അത്ഭുത കുരിശിനെപ്പറ്റിയാണ് അതിൽ പ്രതിപാദിച്ചിരിക്കുന്നത്.

## പ്രബോധനങ്ങൾ

### മാമോദീസാക്രമം

സിറിലിന്റെ 'മതബോധന പ്രസംഗങ്ങളി'ൽ നിന്ന് അദ്ദേഹത്തിന്റെ കാലത്ത് മാമോദീസാ നൽകിയിരുന്ന വിധത്തെപ്പറ്റി നമുക്കു മനസ്സിലാക്കാം (MC 2, 4). മാമോദീസാകുളത്തിനടുത്ത് ജ്ഞാനസ്നാനാർത്ഥികൾ ചെന്നു പടിഞ്ഞാറോട്ടു തിരിഞ്ഞ് കൈകൾ

www.malankaralibrary.com

വിരിച്ചുപിടിച്ച് 'ഞങ്ങൾ പിശാചുക്കളെ ഉപേക്ഷിക്കുന്നു'വെന്ന് പറഞ്ഞിരുന്നു. അതിനുശേഷം അവർ കിഴക്കോട്ടു തിരിഞ്ഞ് വിശ്വാസപ്രമാണം ആഘോഷമായി ചൊല്ലിയിരുന്നു. പിന്നീട് തൈലം പൂശുകയും വൈദികൻ അർത്ഥിയെ കൈയ്ക്കു പിടിച്ച് കുളത്തിലിറക്കുകയും അവിടെവച്ച് അവർ ഒരിക്കൽകൂടി വിശ്വാസം ഏറ്റുപറയുകയും ചെയ്യുന്നു. തുടർന്ന് കാർമ്മികൻ അർത്ഥിയെ മൂന്നു പ്രാവശ്യം വെള്ളത്തിൽ മുക്കുന്നു. വെള്ളത്തിൽ നിന്നു കയറുന്ന അവർ വെള്ളവസ്ത്രം ധരിച്ച് കത്തിച്ച തിരികൾ പിടിച്ച് നിരനിരയായി ദേവാലയത്തിലേക്കു വരികയും അന്ന് അവിടെവച്ച് ആദ്യമായി കുർബ്ബാനയിലെ അനാഫൊറയിൽ പങ്കെടുക്കുകയും വി. കുർബ്ബാന സ്വീകരിക്കുകയും ചെയ്യുന്നു.

സിറിലിന്റെ വിശദീകരണപ്രകാരം മാമോദീസാവഴി ഒരുവൻ ക്രിസ്തുവിന്റെ മരണത്തിലും ഉയിർപ്പിലും പങ്കുപറ്റുന്നു (MC 2, 5f). മൂന്നു പ്രാവശ്യം അർത്ഥിയെ വെള്ളത്തിൽ മുക്കുന്നത് ക്രിസ്തുവിന്റെ മൂന്നു ദിവസത്തെ കല്ലറവാസത്തേയാണ് സൂചിപ്പിക്കുന്നത്. വെള്ളത്തിൽ നിന്നുള്ള കരേറ്റം പാപത്തിൽനിന്നും മരണത്തിൽ നിന്നും ഒരു പുതിയ ജീവിതത്തിലേക്ക് ക്രിസ്തുവിനോടുകൂടി ഉയിർക്കുന്നതിനെ ദ്യോതിപ്പിക്കുന്നു.

**കുർബ്ബാനക്രമം**

'മതബോധന പ്രസംഗ'ങ്ങളിൽ ഒരെണ്ണം പുതുതായി മാമോദീസാ സ്വീകരിക്കുന്നവർക്കുള്ള ഉപദേശമാണ്. പ്രസ്തുത ഉപദേശത്തിൽ ഇത്രയും നാൾ കുർബ്ബാനയിലെ ആദ്യഭാഗത്തു മാത്രം സംബന്ധിച്ചിരുന്നവർക്കായി അദ്ദേഹം കുർബ്ബാനയുടെ രണ്ടാം ഭാഗം വിശദീകരിച്ചുകൊടുക്കുകയാണ് (MC 5,8-10). അപ്പവും വീഞ്ഞും കർത്താവിന്റെ ശരീരരക്തങ്ങളായി രൂപാന്തരപ്പെടുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായിട്ടാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു (MC 5,7). റൂഹാക്ഷണപ്രാർത്ഥന (Epiclesis) യെക്കുറിച്ചു പരാമർശിക്കുന്ന ആദ്യത്തെ രേഖയാണിത്. അതുപോലെ, 'സ്വർഗ്ഗസ്ഥനായ പിതാവേ'... എന്ന പ്രാർത്ഥനയും മാമോദീസാ സ്വീകരിച്ചവർ ചൊല്ലുവാനായി വിശദീകരിച്ചുകൊടുക്കുന്നുണ്ട്. കൂടാതെ, അനാഫൊറയ്ക്കു മുമ്പ് വൈദികൻ കൈകഴുകിയിരുന്നുവെന്നും

www.malankaralibrary.com

കുർബ്ബാന സ്വീകരണ സമയത്ത് ജനങ്ങൾ ഗാനം ആലപിച്ചിരുന്നു വെന്നും അദ്ദേഹത്തിന്റെ ഉപദേശത്തിൽ നിന്നും വ്യക്തമാകുന്നു.

വി. കുർബ്ബാനയിലെ യഥാർത്ഥ സാന്നിദ്ധ്യത്തിൽ മറ്റു സഭാ പിതാക്കന്മാരേക്കാളും അടിയുറച്ചു വിശ്വസിക്കുകയും ആ വിശ്വാസം ജനങ്ങളെ പഠിപ്പിക്കുകയും ചെയ്ത സഭാപിതാവാണ് സിറിൽ. കാനായിൽ വച്ച് വെള്ളം വീഞ്ഞാക്കിയ ക്രിസ്തു വി. കുർബ്ബാനയിൽ അപ്പവും വീഞ്ഞും തന്റെ ശരീരവും രക്തവുമായി മാറ്റുന്നു. അപ്പത്തിനും വീഞ്ഞിനും സാരാംശത്തിൽ മാറ്റം വരികയാണു ചെയ്യുന്നതെന്ന് സിറിളാണ് ആദ്യം പഠിപ്പിച്ചത്. അതുപോലെ, കുർബ്ബാനയെ "ഭീതിജനകവും ഭക്തിജന്യവുമായ യാഥാർത്ഥ്യം" എന്നാണ് അദ്ദേഹം വിശേഷിപ്പിക്കുന്നത് (MC 1, 5; 5, 4; 5, 9). സിറിയൻ, ബൈസന്റൈൻ എന്നീ ആരാധനാക്രമങ്ങളിലും ജോൺ ക്രിസോസ്റ്റം, മെപ്സുവെസ്തായിലെ തിയഡോർ, നർസായ് എന്നിവരുടെ പ്രബോധനങ്ങളിലും സമാനമായ പദപ്രയോഗങ്ങൾ കാണാൻ കഴിയും.

## കപ്പദോസിയൻ പിതാക്കന്മാർ

മഹാനായ ബസ്സേലിയോസ്, അദ്ദേഹത്തിന്റെ സഹോദരനായ നീസ്സായിലെ ഗ്രിഗോറിയോസ്, സുഹൃത്തായ നസിയാൻസൂസിലെ ഗ്രിഗോറിയോസ് എന്നിവർ കപ്പദോസിയൻ പിതാക്കന്മാർ എന്ന പേരിൽ അറിയപ്പെടുന്നു. ഏഷ്യാമൈനറിലെ ഒരു ഭൂപ്രദേശമാണ് കപ്പദോസിയ. കപ്പദോസിയൻ സഭയുമായി അഭേദ്യബന്ധം പുലർത്തുകയും, പൊതുവായ ഒരു ലക്ഷ്യത്തെ മുൻനിർത്തി തങ്ങളുടെ കഴിവുകളെല്ലാം ഉപയോഗപ്പെടുത്തുകയും ചെയ്ത സഭാദ്ധ്യക്ഷന്മാരും ദൈവശാസ്ത്രജ്ഞന്മാരും ദാർശനികരും വാഗ്മികളും സാഹിത്യകാരന്മാരുമായ പിതാക്കന്മാരായിരുന്നു ഇവർ. അവരുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം നിഖ്യാ സൂനഹദോസിന്റെ പഠനങ്ങൾ അഭംഗുരം സംരക്ഷിക്കുകയും വിശ്വസ്തമായി പരിരക്ഷിക്കുകയുമായിരുന്നു. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഈ മൂന്നു പിതാക്കന്മാരുടെ പ്രവർത്തനഫലമായിട്ടാണ് ആരിയൻ പാഷണ്ഡത അപ്രത്യക്ഷമായി തീർന്നത്. പരിശുദ്ധ ത്രിത്വത്തെ സംബന്ധിച്ച് യഥാർത്ഥമായ ഒരു സിദ്ധാന്തം കെട്ടിപ്പടു

www.malankaralibrary.com

ത്തതും ഇവർ തന്നെ. ഇവർ ഒരോരുത്തരേയും കുറിച്ച് പ്രത്യേകം പ്രതിപാദിക്കുന്നു.

## 4. മഹാനായ വി. ബസ്സേലിയോസ് (329–379)

329–ൽ കപ്പദോസിയായിലെ കേസറിയാ എന്ന സ്ഥലത്താണ് ബസ്സേലിയോസ് ജനിച്ചത്. കുലീനവും സമ്പന്നവുമായ ഒരു ക്രൈസ്തവ കുടുംബമായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ സഹോദരനായ ഗ്രിഗോറിയോസ് നീസ്സായിലെയും മറ്റൊരു സഹോദരൻ പത്രോസ് സെബാസ്തേയിലെയും മെത്രാന്മാരായിരുന്നു. സഹോദരി മക്രീനാ ക്രിസ്തീയ പുണ്യങ്ങൾ തീവ്രമായി അനുഷ്ഠിച്ചു പോന്ന ഒരു തപസ്വിനി ആയിരുന്നു. ഗ്രീക്കു സാഹിത്യത്തിലും പ്രസംഗകലയിലും (Rhetoric) ഉന്നത വിദ്യാഭ്യാസം നേടുന്നതിനായി ആദ്യം കോൺസ്റ്റാന്റിനോപ്പിളിലേക്കും തുടർന്ന് ആഥൻസിലേക്കും അയയ്ക്കപ്പെട്ടു. ആഥൻസിലെ പഠനകാലത്താണ് തന്റെ ആജീവനാന്ത സുഹൃത്തായിരുന്ന നസിയാൻസുസിലെ ഗ്രിഗോറിയോസിനെ പരിചയപ്പെട്ടത്.

356–ൽ സ്വദേശത്തു മടങ്ങിയെത്തിയ ബസ്സേലിയോസ് കുറച്ചു നാളുകൾ സാഹിത്യ അദ്ധ്യാപകനായി ജോലി ചെയ്തു. തുടർന്ന് മാമോദീസാ സ്വീകരിക്കുകയും, ഒരു സന്യാസിയായി സ്വയം സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇതിനുവേണ്ടതായ അറിവും അനുഭവവും പരിചയവും ലഭിക്കുവാൻ അദ്ദേഹം പലസ്തീനാ, ഈജിപ്റ്റ്, സിറിയ, മെസപ്പൊട്ടോമിയാ എന്നിവിടങ്ങളിലെ സന്യാസ ഈറ്റില്ലങ്ങൾ സന്ദർശിച്ചു. ഇവിടങ്ങളിലെ യാത്രക്കുശേഷം മടങ്ങിയെത്തിയ ബസ്സേലിയോസ് തന്റെ വസ്തുക്കളെല്ലാം ദരിദ്രർക്കു കൊടുത്തശേഷം ഐറീസ് എന്ന സ്ഥലത്ത് ഏകാന്തവാസം തുടങ്ങി. ഈ സന്യാസജീവിതത്തിൽ പങ്കാളികളാകുവാൻ ധാരാളം പേർ അവിടെ ഓടിയെത്തി. 358–ൽ നസിയാൻസിലെ ഗ്രിഗോറിയോസ്, ബസ്സേലിയോസിനെ സന്ദർശിക്കുവാൻ അവിടെയെത്തി. അവർ രണ്ടുപേരും ചേർന്ന് ഒരിജന്റെ ആദ്ധ്യാത്മിക ചിന്തകൾ സമാഹരിച്ച്, 'ഫിലോക്കാലിയാ' എന്ന കൃതി പ്രസിദ്ധീകരിച്ചു.

കേസറിയായിലെ എവുസേബിയൂസിൽ നിന്നും 364–ൽ

www.malankaralibrary.com

ബസ്സേലിയോസ് വൈദിക പട്ടം സ്വീകരിച്ചു. എവുസേബിയോസിന്റെ മരണശേഷം അദ്ദേഹത്തിന്റെ പിൻഗാമിയായി 370-ൽ കേസറിയായിലെ മെത്രാനുമായി. ഏകാന്തപരമായി ആരംഭിച്ച സന്യാസജീവിതത്തിന്റെ പോരായ്മ മനസ്സിലാക്കിയ അദ്ദേഹം സമൂഹപരമായ സന്യാസജീവിതത്തിന് (Cenobetical life) പിന്നീട് നേതൃത്വം നൽകി. ജനങ്ങളുടെ പ്രീതി സമ്പാദിച്ച അദ്ദേഹം അനേകം ആശുപത്രികൾ, അനാഥാലയങ്ങൾ, സത്രങ്ങൾ എന്നിവ നിർമ്മിച്ചു. അങ്ങനെ അറിയപ്പെടുന്ന ഒരു സാമൂഹ്യ പരിഷ്ക്കർത്താവായിരുന്നു ബസ്സേലിയോസ്. നിഖ്യാ സൂനഹദോസിന്റെ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുവാനും ആര്യനിസം, സെബല്ലിയനിസം എന്നിവയെ എതിർക്കുവാനുമായിരുന്നു അദ്ദേഹത്തിന്റെ സഭാപരമായ പരിശ്രമം. വിജാതീയ സാഹിത്യത്തിലെ നല്ല അംശങ്ങൾ താല്പര്യപൂർവ്വം പഠിക്കുകയും ക്രൈസ്തവമേഖലയിലേക്ക് അവയെ സ്വാംശീകരിക്കുകയും ചെയ്ത സഭാപിതാവാണദ്ദേഹം. 'പൗരസ്ത്യ സന്യാസസഭകളുടെ പിതാവ്' എന്ന് അദ്ദേഹം അറിയപ്പെടുന്നു. ബഹുവിധങ്ങളും അമൂല്യങ്ങളുമായ നിരവധി ഗ്രന്ഥങ്ങൾ എഴുതിയശേഷം കേസറിയായിൽ വച്ച് 379-ൽ ബസ്സേലിയോസ് മരിച്ചു.

## മുഖ്യകൃതികൾ

1. ബസ്സേലിയോസിന്റെ ആദ്ധ്യാത്മിക ഗ്രന്ഥങ്ങളിൽ ഏറ്റവും പ്രസിദ്ധമായത്, അദ്ദേഹം സ്ഥാപിച്ച ആശ്രമത്തിലെ അന്തേവാസികൾക്കായി തയ്യാറാക്കിയ 'രണ്ടു സന്യാസ നിയമ'ങ്ങളാണ് (Two Monastic Rules: The Longer Rules and the Shorter Rules). ചോദ്യോത്തര രീതിയിലാണ് ഇത് എഴുതിയിട്ടുള്ളത്. ആദ്യത്തെ നിയമ സംഹിതയിൽ 55-ഉം രണ്ടാമത്തേതിൽ 313-ഉം നിയമങ്ങളുണ്ട്. സന്യാസ നിയമങ്ങളുടെ ക്രോഡീകരണം ആദ്യമായി നിർവ്വഹിച്ചത് ബസ്സേലിയോസത്രേ. മറ്റു സ്ഥലങ്ങളിലുള്ള സന്യാസസമൂഹങ്ങളും പ്രസ്തുത നിയമങ്ങൾ സ്വീകരിക്കുകയുണ്ടായി.

2. 'സന്മാർഗ്ഗം' (Moralia) : ഇത് 50 നിയമങ്ങളുടെ ഒരു സമാഹാരമാണ്. സന്യാസികൾ മാത്രമല്ല, എല്ലാ ക്രിസ്ത്യാനികളും നിർവ്വഹിക്കുവാനുള്ള കർത്തവ്യങ്ങളുടെ ഒരു സമാഹാരമാണ്.

www.malankaralibrary.com

3. 'യുവാക്കന്മാരോട്' (To Youths) എന്ന ഗ്രന്ഥത്തിൽ വിജാതീയ സാഹിത്യത്തിന്റെ പ്രാധാന്യവും അതിനോടുള്ള യഥാർത്ഥമായ ക്രിസ്തീയാഭിമുഖ്യവും അദ്ദേഹം വ്യക്തമാക്കുന്നു.

4. 'പരിശുദ്ധാത്മാവിനെക്കുറിച്ച്' (On the Holy Spirit): പുത്രനും പരിശുദ്ധാത്മാവും പിതാവിനോട് ഏകസത്തയാണെന്ന് ഈ കൃതി സമർത്ഥിക്കുന്നു.

5. 'ആറു ദിവസത്തെ സൃഷ്ടി' (Hexaemeron) എന്നറിയപ്പെടുന്ന ഗ്രന്ഥത്തിൽ ലോകസൃഷ്ടിയെക്കുറിച്ച് അദ്ദേഹം ചെയ്ത ഒൻപതു പ്രസംഗങ്ങളാണുള്ളത്. സൃഷ്ടിയുടെ വിവരണത്തെ വാച്യാർത്ഥത്തിലാണ് ബസ്സേലിയോസ് സ്വീകരിച്ചത്.

6. 'എവുനോമിയൂസിനെതിരെ' (Against Eunomius) എന്ന ഗ്രന്ഥവും വളരെ പ്രധാനപ്പെട്ടവയത്രേ. ഇതിലെ മൂന്നു ഭാഗങ്ങൾ മാത്രമേ യഥാർത്ഥത്തിൽ ബസ്സേലിയോസ് രചിച്ചിട്ടുള്ളൂ.

'കന്യാത്വം', 'മനുഷാവതാരം', 'ജ്ഞാനസ്നാനം', 'പറുദീസ' തുടങ്ങി നിരവധി ഗ്രന്ഥങ്ങൾ ബസ്സേലിയോസിന്റെ നാമത്തിൽ അറിയപ്പെടുന്നുണ്ടെങ്കിലും, വാസ്തവത്തിൽ അദ്ദേഹമല്ല അവയുടെയെല്ലാം കർത്താവ്. അതുപോലെ നൂറുകണക്കിന് കത്തുകൾ (Letters) ബസ്സേലിയോസിന്റെ കർതൃത്വം അവകാശപ്പെടുന്നുണ്ടെങ്കിലും ഏകദേശം 300 എണ്ണം മാത്രമേ അദ്ദേഹത്തിന്റേതായിട്ടുള്ളൂ

## മുഖ്യപ്രബോധനങ്ങൾ

### പരിശുദ്ധ ത്രിത്വം

പരിശുദ്ധ ത്രിത്വത്തിലെ അംഗങ്ങൾ തമ്മിലുള്ള വ്യതിരക്തത ബസ്സേലിയോസ് ഊന്നിപ്പറഞ്ഞു. വിശുദ്ധ ഗ്രന്ഥത്തിലധിഷ്ഠിതമായ ദൈവിക വെളിപാടായിരുന്നു അദ്ദേഹത്തിന്റെ ഏക ആശ്രയം. മനുഷ്യന്റെ പരിമിതമായ ബുദ്ധികൊണ്ട് ത്രിത്വൈകരഹസ്യത്തെക്കുറിച്ച് ഗ്രഹിക്കുക അസാദ്ധ്യമാണെന്ന് അദ്ദേഹം ഉറച്ചു വിശ്വസിക്കുകയും അക്കാര്യം തുറന്നു പറയുകയും ചെയ്തു. പരിശുദ്ധാത്മാവിന്റെ തനതായ പ്രവർത്തനത്തെ അടിസ്ഥാനമാക്കിയാണ് അവിടുത്തെ ദൈവത്വത്തെ അദ്ദേഹം സമർത്ഥിക്കുന്നത്. 'പിതാവിന്

www.malankaralibrary.com

പുത്രനിൽ പരിശുദ്ധാത്മാവിലൂടെ സ്തുതി' എന്ന പരമ്പരാഗത ദൈവസ്തുതിയോടൊപ്പം 'പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി' എന്നൊരു പുതിയ ദൈവസ്തുതി കൂടി ബസ്സേലിയോസ് ആരാധനാക്രമത്തിൽ കൂട്ടിച്ചേർത്തു (പരിശുദ്ധാത്മാവ് 29, 72).

**സഭാവിജ്ഞാനിയം**

സഭൈക്യത്തിനുവേണ്ടി നിലകൊണ്ട പിതാവാണ് ബസ്സേലിയോസ്. തെറ്റിപ്പിരിഞ്ഞു പോയവരെല്ലാം സത്യവിശ്വാസത്തിലേക്ക് തിരിച്ചു വരണമെന്ന് അദ്ദേഹം ആത്മാർത്ഥമായി ആഗ്രഹിക്കുകയും നിരന്തരമായി പ്രാർത്ഥിക്കുകയും അതിനായി അക്ഷീണം യത്നിക്കുകയും ചെയ്തു. ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗങ്ങളെപ്പോലെ എല്ലാവരും അനുരഞ്ജനത്തിൽ കഴിയണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. പ്രാദേശികസഭ, മെത്രാന്മാരുടെ സംഘാതാത്മകത്വം എന്നിവ സംബന്ധിച്ച അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ ക്രൈസ്തവ പാരമ്പര്യങ്ങളോട് നീതി പുലർത്തുന്നവയാണ്. സഭയുടെ സ്വാതന്ത്ര്യം അദ്ദേഹം എന്നും ഉറക്കെപ്പറഞ്ഞു.

ബസ്സേലിയോസിന്റെ സഭാവിജ്ഞാനിയം ആദ്ധ്യാത്മികതയുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. സർവ്വതും പരിത്യജിക്കുക എന്ന സുവിശേഷത്തിലെ ആഹ്വാനത്തെ യുക്തിസഹജവും ക്രിസ്തീയവുമായി അദ്ദേഹം മനസ്സിലാക്കി. തന്റെ പരിത്യാഗസിദ്ധാന്തത്തിന് (Doctrine of renunciation) ആസ്പദമാക്കി അദ്ദേഹം സ്വീകരിച്ചത് സുവിശേഷോപദേശങ്ങളെക്കാൾ, സുവിശേഷത്തിലെ രണ്ടു പ്രമാണങ്ങളെയാണ് (ദൈവസ്നേഹവും, പരസ്നേഹവും).

**ആരാധനക്രമം**

ആരാധനക്രമത്തെ പുഷ്ടിപ്പെടുത്തുവാൻ വേണ്ടി വളരെയധികം പരിശ്രമിച്ച സഭാപിതാവാണ് ബസ്സേലിയോസ്. പൗരസ്ത്യ പ്രാർത്ഥനാരീതികൾ സഭയിലെ പ്രാർത്ഥനകളിൽ അദ്ദേഹം സ്വീകരിച്ചു. സങ്കീർത്തനാലാപം സർവ്വസാധാരണമാക്കി. അദ്ദേഹം സ്വയം പ്രാർത്ഥനകൾ എഴുതിയുണ്ടാക്കിയെന്നും കരുതാൻ ന്യായങ്ങളുണ്ട്. അലക്സാൻഡ്രിയൻ-ബെസന്റയിൻ റീത്തുകളിൽ

www.malankaralibrary.com

ബസ്സേലിയോസിന്റെ നാമത്തിലുള്ള അനാഫൊറ ഉപയോഗത്തിലിരിക്കുന്നുവെന്നതും ശ്രദ്ധേയമത്രേ. അനുദിന ദിവ്യകാരണ സ്വീകരണത്തിന്റെയും കൂടെക്കൂടെ കുമ്പസാരിക്കേണ്ടതിന്റെയും ആവശ്യകത അദ്ദേഹം ഊന്നിപറഞ്ഞിട്ടുണ്ട്.

മരിക്കുമ്പോൾ ബസ്സേലിയോസിന് അൻപതു വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിന്റെ ദൈവശാസ്ത്രദർശനങ്ങളാണ് 381-ലെ കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസിന്റെ തീരുമാനങ്ങളുടെ അടിസ്ഥാനമായി നിലകൊള്ളുന്നത്. അജപാലകൻ, സ്നേഹത്തിന്റെ അപ്പസ്തോലൻ, സഭാനേതാവ്, ദൈവശാസ്ത്രജ്ഞൻ, സത്യവിശ്വാസത്തിന്റെ സംരക്ഷകൻ, സന്യാസത്തിന്റെ വക്താവ്, ആരാധനക്രമ നവോത്ഥാരകൻ എന്നീ നിലകളിൽ അദ്ദേഹം തന്റെ ജീവിതകാലത്ത് പ്രശോഭിച്ചു. അതുകൊണ്ടാണ് മരണശേഷം 'മഹാൻ' (Great) എന്ന പേരിൽ അദ്ദേഹം അറിയപ്പെട്ടു തുടങ്ങിയത്.

## 5. നസിയാൻസൂസിലെ വി. ഗ്രിഗോറിയോസ് (330–390)

പൗരസ്ത്യ (ഗ്രീക്ക്) സഭാപാരമ്പര്യത്തിലെ മൂന്നു സാർവ്വത്രിക പിതാക്കന്മാരിൽ രണ്ടാമത്തെയാളാണ് കപ്പദോസിയായിലെ നസിയാൻസൂസ് എന്ന സ്ഥലത്തെ മെത്രാനായിരുന്ന ഗ്രിഗോറിയോസ്. നസിയാൻസൂസിലെ മെത്രാനായിരുന്ന ഗ്രിഗോറിയോസിന്റെ മകനായി എ. ഡി. 330-ൽ അരിയാൻസൂസ് എന്ന ഗ്രാമത്തിൽ ജനിച്ചു. കപ്പദോസ്യായിലെ കേസറിയായിലും പലസ്തീനായിലെ കേസറിയായിലും ഈജിപ്റ്റിലെ അലക്സാൻഡ്രിയായിലും ഗ്രീസിലെ ആഥൻസിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി. 357-ൽ കപ്പദോസ്യായിൽ തിരിച്ചെത്തിയശേഷം തന്റെ ആത്മാർത്ഥ സുഹൃത്തായിരുന്ന ബസ്സേലിയോസിന്റെ കൂടെ രണ്ടു വർഷം പോന്തസിലെ ഐറീസ് വനാന്തരത്തിൽ സന്യാസ ജീവിതം നയിച്ചു. ഇക്കാലത്ത് ഫിലോക്കാലിയാ, സന്യാസ നിയമങ്ങൾ എന്നിവ ക്രോഡീകരിക്കുവാൻ ബസ്സേലിയോസിനെ സഹായിച്ചു. സന്യാസ ജീവിതം തുടരുവാൻ ആഗ്രഹിച്ച അദ്ദേഹം വയോധികനായ പിതാവിനെ രൂപതാശുശ്രൂഷയിൽ സഹായിക്കുവാൻ അദ്ദേഹത്തിന്റെ നിർബന്ധത്തിനു വഴങ്ങി 362-ൽ പുരോഹിതനായി. 371-ൽ

www.malankaralibrary.com

ബസേലിയോസ് ഗ്രിഗോറിയോസിനെ മെത്രാനായി വാഴിച്ചു. 374-ൽ അദ്ദേഹത്തിന്റെ പിതാവ് ഗ്രിഗോറിയോസ് മെത്രാന്റെ മരണശേഷം നസിയാൻസൂസ് രൂപതാഭരണം രണ്ടു വർഷം നിർവ്വഹിച്ചു. പിന്നീട് ആര്യൻ വിശ്വാസത്തിന്റെ അതിക്രമത്തെ ചെറുത്തു തോല്പിക്കുവാനായി അദ്ദേഹം വീണ്ടും രൂപതാഭരണം ഏറ്റെടുത്തു. 381-ലെ കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസിൽ അദ്ധ്യക്ഷത വഹിച്ച് ആര്യൻ പാഷണ്ഡതയെ പിഴുതെറിഞ്ഞശേഷം 384 വരെ നസിയാൻസൂസിലെ മെത്രാനായി തുടർന്നു. 384-ൽ എവുലാലിയൂസ് എന്ന ഒരു മെത്രാനെ രൂപതാഭരണം ഏല്പിച്ചശേഷം അരിയാൻസൂസിലെ കുടുംബവക തോട്ടത്തിൽ ഏകാന്ത സന്യാസ ജീവിതം നയിച്ച് 390-ൽ കാലംചെയ്തു.

## കൃതികൾ

ദൈവശാസ്ത്ര ഗ്രന്ഥങ്ങളോ വ്യാഖ്യാന കൃതികളോ ഗ്രിഗോറിയോസ് രചിച്ചിട്ടില്ല. എന്നാൽ ദൈവശാസ്ത്ര സിദ്ധാന്തങ്ങളും പ്രഭാഷണചാതുരിയും നിഴലിക്കുന്ന നാല്പതിലധികം പ്രസംഗങ്ങളാണ് അദ്ദേഹത്തെ പ്രസിദ്ധനാക്കിയത്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടവ കോൺസ്റ്റാന്റിനോപ്പിളിൽ വച്ചു നടത്തിയ 'അഞ്ചു ദൈവശാസ്ത്രപരമായ പ്രഭാഷണങ്ങൾ' (Five Theological Orations 27-31) ആണ്. യഥാർത്ഥമായ ക്രിസ്തീയ വിശ്വാസം, പരിശുദ്ധ ത്രിത്വം, പരിശുദ്ധാത്മാവിന്റെ ദൈവികത്വം, പരിശുദ്ധ ത്രിത്വത്തിലെ ഏകത്വം, ത്രിത്വൈക സിദ്ധാന്തം എന്നിവയാണ് പ്രസംഗവിഷയങ്ങൾ. ആര്യൻ-മാസിഡോണിയൻ പാഷണ്ഡതകൾക്കെതിരായ ആശയങ്ങൾ അവയിൽ തെളിഞ്ഞുകാണാം. വിവിധ തിരുനാളുകളോടനുബന്ധിച്ച് അദ്ദേഹം നടത്തിയ പ്രസംഗങ്ങളുടെ ഒരു സമാഹാരം 'തിരുനാൾ പ്രഭാഷണങ്ങൾ' (Panegyrics) എന്ന പേരിൽ അറിയപ്പെടുന്നു.

240-ൽ അധികം എഴുത്തുകൾ (Letters) ഗ്രിഗോറിയോസിന്റെ നാമത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. സ്വന്തം കത്തുകളുടെ ഒരു സമാഹാരം പ്രസിദ്ധീകരിച്ച ആദ്യത്തെ ഗ്രീക്കു സഭാപിതാവാണദ്ദേഹം. ലാളിത്യം, സ്പഷ്ടത, സുന്ദരമായ ശൈലി എന്നിവയാണ് ഒരു ഉത്തമ എഴുത്തിന്റെ അവശ്യഗുണങ്ങളെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു (Orations 42).

www.malankaralibrary.com

അനുഗൃഹീതനായ ഒരു കവിയായിരുന്നു നസിയാൻസൂസിലെ ഗ്രിഗോറിയോസ്. 400-ലധികം കവിതകൾ ഇപ്പോൾ തന്നെ ലഭ്യമാണ്. 381-നും 390-നും ഇടയ്ക്ക് അദ്ദേഹത്തിന്റെ ജീവിതാന്ത്യകാലത്താണ് കവിതകളിൽ ഏറിയ പങ്കും എഴുതപ്പെട്ടതെന്നാണ് പണ്ഡിതന്മാരുടെ നിഗമനം. ഏറ്റവും സുദീർഘമായ കവിത (1949 വരികൾ) 'ആത്മവൃത്താകഥനം' (De Vita Sua) എന്ന പേരിൽ അറിയപ്പെടുന്നവയാണ്. പരിശുദ്ധ ത്രിത്വം, ലോകസൃഷ്ടി, ദൈവ പരിപാലന, പാപം, മനുഷ്യാവതാരം മുതലായ സൈദ്ധാന്തിക വിഷയങ്ങളെക്കുറിച്ചുള്ള 38 കവിതകൾ, ധാർമ്മികോപദേശങ്ങളടങ്ങുന്ന 40 കവിതകൾ, ചരിത്രപരവും ജീവചരിത്രങ്ങൾ ഉൾക്കൊള്ളുന്നതുമായ 206 കവിതകൾ തുടങ്ങിയവയാണ് ഗ്രിഗോറിയോസ് രചിച്ചതിൽ പ്രധാനപ്പെട്ടവ. ഈ കവിതകളിൽ മിസ്റ്റിസിസം നിഴലിച്ചു കാണുന്നുവെന്നതാണ് പ്രത്യേകമായ സവിശേഷത. അതിനാൽ മിസ്റ്റിസിസത്തിന്റെ പിതാവെന്നും ചിലർ ഗ്രിഗോറിയോസിനെ വിളിക്കാറുണ്ട്.

## പ്രബോധനങ്ങൾ

### പരിശുദ്ധ ത്രിത്വം

പരിശുദ്ധ ത്രിത്വത്തെക്കുറിച്ച് നിലവിലുണ്ടായിരുന്ന പാഷണ്ഡതകളെ എതിർക്കുവാനും യഥാർത്ഥ ക്രിസ്തീയ വിശ്വാസം പ്രചരിപ്പിക്കുന്നതിനുമായി ഗ്രിഗോറിയോസ് വളരെയധികം എഴുതകയും പ്രസംഗിക്കുകയും ചെയ്തു. പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളും സത്തയിലും സ്വഭാവത്തിലും സമന്മാരാണെന്ന് അദ്ദേഹം വിശ്വസിച്ചുവെങ്കിലും ഒരോരുത്തർക്കും അവരവരുടെതായ സവിശേഷത അദ്ദേഹം ആരോപിക്കുന്നുണ്ട്. പഴയനിയമത്തിൽ പിതാവും പുതിയനിയമത്തിൽ പുത്രനും സഭയിൽ പരിശുദ്ധാത്മാവും യഥാക്രമം കൂടുതലായി വെളിപ്പെടുത്തപ്പെട്ടുവെന്ന് ഗ്രിഗോറിയോസ് പഠിപ്പിക്കുന്നു. പരിശുദ്ധ ത്രിത്വമെന്ന മഹാരഹസ്യത്തെ സൂചിപ്പിക്കുന്ന പദങ്ങൾക്ക് അവയുടെതായ പരിമിതികളുണ്ടെന്നും, ആകയാൽ അവയെക്കുറിച്ച് തർക്കിച്ചു സമയം കളയാതെ അവ അർത്ഥമാക്കുന്ന സത്യത്തെ സവിനയം സ്വീകരിക്കുകയാണു വേണ്ടതെന്നും അദ്ദേഹം ക്രൈസ്തവരെ ഉപദേശിച്ചതായി കാണുന്നു.

www.malankaralibrary.com

## ക്രിസ്തുവിജ്ഞാനിയം

എഫേസൂസ് (431), കാൽസിഡോൻ (451) എന്നീ സാർവ്വത്രിക സൂനഹദോസുകൾ ഗ്രിഗോറിയോസിന്റെ ക്രിസ്തു വിജ്ഞാനിയത്തെ സ്വീകരിക്കുകയും പ്രകീർത്തിക്കുകയും ചെയ്തിട്ടുണ്ട്. അപ്പൊള്ളിനാരിസിന്റെ അബദ്ധസിദ്ധാന്തം-ക്രിസ്തുവിന്റെ മനുഷ്യത്വം അപൂർണ്ണമാണെന്ന പ്രബോധനം-പ്രചരിച്ചിരുന്ന കാലമായിരുന്നു അത്. ഇതിനെതിരെ പൂർണ്ണമായ മനുഷ്യപ്രകൃതിയുടെ ഉടമയാണു ക്രിസ്തുവെന്ന് ഗ്രിഗോറിയോസ് പഠിപ്പിച്ചു. ക്രിസ്തുവിൽ ആത്മാവോ ശരീരമോ മാത്രമല്ല ഉണ്ടായിരുന്നത്, പിന്നയോ അവ രണ്ടുമുണ്ടായിരുന്നു. അതുപോലെ തന്നെ ക്രിസ്തുവിൽ ദൈവ സ്വഭാവവും മനുഷ്യസ്വഭാവവുമുണ്ടെന്നും എന്നാൽ വ്യക്തിത്വം ഒന്നു മാത്രമേ ഉള്ളുവെന്നും അദ്ദേഹം ഊന്നിപറഞ്ഞിട്ടുണ്ട് (Orations 37-38). ക്രിസ്തുവിന്റെ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും 'സാരാംശത്തിൽ ഐക്യപ്പെട്ടിരിക്കുന്നു' (United in Essence) എന്ന പ്രയോഗം ആദ്യം അവതരിപ്പിച്ചത് ഗ്രിഗോറിയോസാണ്.

## മരിയവിജ്ഞാനിയം

'ദൈവമാതാവ്' (Theotokos) എന്ന പദത്തിന്റെ ഉപജ്ഞാതാവാണ് നസിയാൻസൂസിലെ ഗ്രിഗോറിയോസ്. ഈ പദം സഭ ഔദ്യോഗികമായി അംഗീകരിച്ചത് 431-ലെ സാർവ്വത്രിക സൂനഹദോസിൽ വച്ചാണ്. എന്നാൽ അതിനുമുമ്പു തന്നെ ഗ്രിഗോറിയോസിന്റെ ശ്രമഫലമായി അതിന് പ്രചുരപ്രചാരം സിദ്ധിച്ചിരുന്നു. ക്രിസ്തുവിന്റെ രക്ഷാകരകർമ്മത്തിന്റെ കേന്ദ്രബിന്ദുവായി വർത്തിച്ച കന്യകാമറിയത്തിന് 'ദൈവമാതാവ്' എന്ന മോഹനവിശേഷണം നൽകിയ ഗ്രിഗോറിയോസ് അതുവഴി മരിയവിജ്ഞാനിയത്തിന്റെ ചരിത്രത്തിൽ ഒരു നൂതനാദ്ധ്യായം എഴുതിചേർക്കുകയായിരുന്നു. ക്രിസ്തുവിൽ രണ്ടു വ്യക്തികളുണ്ടെന്നും അതിൽ ക്രിസ്തുവെന്ന മനുഷ്യന്റെ മാത്രം അമ്മയാണു മറിയമെന്നും ആകയാൽ മറിയത്തെ 'ദൈവമാതാവ്' എന്നു വിളിക്കരുതെന്നും ശഠിച്ചിരുന്നവരെ തന്റെ വാഗ്‌വിലാസം കൊണ്ടും തൂലികാശക്തികൊണ്ടും അദ്ദേഹം നിർവീര്യമാക്കി.

പൗരസ്ത്യരും പാശ്ചാത്യരും ഒരുപോലെ ആദരിക്കുകയും

www.malankaralibrary.com

പഠനവിഷയമാക്കുകയും ചെയ്തിട്ടുള്ള സഭാപിതാക്കന്മാരിൽ ഒരുവനാണ് നസിയാൻസൂസിലെ വി.ഗ്രിഗോറിയോസ്. പൗരസ്ത്യരുടെ അഭിമാനസ്തംഭവും ധീരയോദ്ധാവും അഗ്രഗണ്യനുമായ ദൈവശാസ്ത്രജ്ഞനുമാണ് ഇദ്ദേഹം. 'ക്രൈസ്തവദെമോസ്തനസ്' (Christian Demosthenes) എന്ന വിശേഷണം ഗ്രിഗോറിയോസിന്റെ ഉജ്വല വാഗ്മിത്വത്തിന് അനിഷേധ്യ തെളിവാണ്. അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ പിൽക്കാലത്തെ ദൈവശാസ്ത്രജ്ഞന്മാരെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. പാശ്ചാത്യർ ഗ്രിഗോറിയോസിന്റെ മാഹത്മ്യത്തെക്കുറിച്ച് ബോധവാന്മാരായത് അദ്ദേഹത്തിന്റെ ശിഷ്യനായിരുന്ന വി. ജറോം 392-ൽ എഴുതിയ 'അഭിജ്ഞരായ മനുഷ്യരെക്കുറിച്ച്' (De Viris Illistribus) എന്ന ഗ്രന്ഥം മുഖേനയാണ്.

## 6. നീസ്സായിലെ വി. ഗ്രിഗോറിയോസ് (335-394)

ബസ്സേലിയോസിന്റെ ഇളയ സഹോദരനും കപ്പദോസ്യായിലെ നീസ്സാ എന്ന സ്ഥലത്തെ മെത്രാനുമായിരുന്ന ഗ്രിഗോറിയോസാണ് കപ്പദോസ്യൻ പിതാക്കന്മാരിൽ മൂന്നാമത്തെയാൾ. കേസറിയായിൽ 335-ലാണ് ഗ്രിഗോറിയോസ് ജനിച്ചത്. ബസ്സേലിയോസ് തന്നെയാണ് അദ്ദേഹത്തിന്റെ ആദ്യകാല ഗുരു. കോൺസ്റ്റാന്റിനോപ്പിളിലും ആഥൻസിലുമായി ഉന്നതപഠനം നടത്തി. പ്രഭാഷണകലയിലും തത്ത്വശാസ്ത്രത്തിലും പ്രാവീണ്യം നേടുകയായിരുന്നു ലക്ഷ്യം. ആഥൻസിൽ വച്ച് ഗണിതശാസ്ത്രം, സാഹിത്യം (Rhetoric) മുതലായവ പഠിച്ചു. തിരിച്ചെത്തിയ ഗ്രിഗോറിയോസ് സാഹിത്യ അദ്ധ്യാപകനായിട്ടാണ് തന്റെ പൊതുജീവിതം ആരംഭിച്ചത്. വിവാഹിതനായിരുന്ന അദ്ദേഹം, നസിയാൻസൂസിലെ ഗ്രിഗോറിയോസ്, സ്വസഹോദരി മക്രീനാ എന്നിവരുടെ ജീവിത മാതൃകയെ അനുകരിച്ച് ബസ്സേലിയോസിന്റെ സന്യാസാശ്രമത്തിൽ പ്രവേശിച്ചു. അവിടെവച്ച് അദ്ദേഹം പൗരോഹിത്യപദവിയിലേക്കുയർത്തപ്പെട്ടു. 371-ൽ ആശ്രമജീവിതത്തിൽ നിന്ന് സഹോദരനായ ബസ്സേലിയോസ് തിരികെ വിളിച്ച് ഹാലീസ് നദീതീരത്തുള്ള ഒരു കൊച്ചുപട്ടണമായ നീസ്സായുടെ മെത്രാനായി അഭിഷേകം ചെയ്തു. ഒരു ഭരണാധികാരി എന്ന നിലയിൽ അവിടെ ഖ്യാതിമുദ്ര പതിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നുമില്ല. അക്കാലത്ത് ആര്യൻ പക്ഷക്കാർ നീസ്സായിൽ ഒരു സിനഡു വിളിച്ചുകൂട്ടി ഗ്രിഗോറിയോസിനെ സ്ഥാനഭ്രഷ്ടനാക്കി.

www.malankaralibrary.com

ആരിയനിസത്തിന്റെ വക്താവായിരുന്ന വാലെൻസ് ചക്രവർത്തിയുടെ മരണത്തെ തുടർന്ന് 378-ൽ അദ്ദേഹം നീസ്സായിൽ തിരിച്ചെത്തി രൂപതാഭരണം ഏറ്റെടുത്തു. 379-ലെ അന്ത്യോക്യൻ സൂനഹദോസിലും 381-ലെ കോൺസ്റ്റാന്റിനോപ്പിൾ കൗൺസിലിലും അദ്ദേഹം പങ്കെടുത്തു. കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് 395-ൽ ഗ്രിഗോറിയോസ് മരണമടഞ്ഞുവെന്നാണ് പണ്ഡിതമതം.

## മുഖ്യ കൃതികൾ

സിദ്ധാന്തപരമായ ഗ്രന്ഥങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് 'മതബോധനപ്രസംഗം' (Great Catechesis) ആണ്. പരിശുദ്ധ ത്രിത്വം, വിശുദ്ധ കുർബ്ബാന തുടങ്ങിയ ക്രിസ്തീയ സിദ്ധാന്തങ്ങളുടെ ആകെത്തുകയായി ഇതിനെ കാണാം.

എവുനോമിയൂസ്, അപ്പൊള്ളിനാരിസ്, മാസിഡോണിയൂസ് എന്നിവരുടെ അബദ്ധ പ്രബോധനങ്ങൾ ഖണ്ഡിക്കുകയും പരിശുദ്ധാത്മാവിന്റെ ദൈവികത്വം ഊന്നിപ്പറയുകയും ചെയ്യുന്ന നാലു പ്രബന്ധങ്ങൾ ഗ്രിഗോറിയോസ് രചിച്ചിട്ടുണ്ട്. അപ്പൊള്ളിനാരിസത്തിനെതിരെ എഴുതപ്പെട്ടിട്ടുള്ളവയിൽ വച്ച് ഇന്നുള്ള ഏറ്റവും പ്രധാനപ്പെട്ട പുസ്തകം (Antirrheticus) അദ്ദേഹത്തിന്റെതത്രേ. പരിശുദ്ധാത്മാവിനേക്കുറിച്ചും പരിശുദ്ധ ത്രിത്വത്തെക്കുറിച്ചും പ്രത്യേകം പ്രത്യേകം കൃതികളും ഗ്രിഗോറിയോസ് രചിച്ചിട്ടുണ്ട്.

മരണാനന്തര ജീവിതം സംബന്ധിച്ച അദ്ദേഹത്തിന്റെ ആശയങ്ങൾ സ്വസഹോദരിയും മരണാസന്നയുമായ മക്രീനായുമായുള്ള ഒരു സംഭാഷണരൂപത്തിൽ ആവിഷ്ക്കരിച്ചിരിക്കുന്നു 'ആത്മാവും ഉത്ഥാനവും' (Soul and Resurrection) എന്ന ഗ്രന്ഥത്തിൽ.

വിശുദ്ധ ഗ്രന്ഥ വ്യാഖ്യാനത്തിനാണ് ഗ്രിഗോറിയോസ് തന്റെ സമയത്തിന്റെ ഏറിയഭാഗവും വിനിയോഗിച്ചത്. ലോകസൃഷ്ടിയെക്കുറിച്ചുള്ള വിശുദ്ധ ഗ്രന്ഥ വിവരണത്തെ ശാസ്ത്രീയമായും താത്വികമായും വിശകലനം ചെയ്യുന്ന കൃതികളാണ് 'ആറു ദിവസം കൊണ്ടുള്ള ലോകസൃഷ്ടിയുടെ വിശ്വാസസമർത്ഥനപരമായ വിശദീകരണം' (Explicatio Apologetica in Hexaemeron) 'മോശയുടെ ജീവചരിത്രം' (Life of Moses) 'പാട്ടുകളുടെ പാട്ട്' (Song of Songs)

www.malankaralibrary.com

'കർത്തൃപ്രാർത്ഥന' (Lord's Prayer) തുടങ്ങിയ വിശുദ്ധ ഗ്രന്ഥഭാഗങ്ങളെക്കുറിച്ചുള്ള വ്യാഖ്യാനങ്ങളും ഗ്രിഗോറിയോസിന്റെ വകയായിട്ടുണ്ട്.

'കന്യാത്വത്തെക്കുറിച്ച്' (On Virginity), 'വി. മക്രീനായുടെ ജീവിതം' (Life of St. Macrina) എന്നിവയാണ് ഗ്രിഗോറിയോസ് എഴുതിയ മറ്റു പ്രധാന കൃതികൾ. അദ്ദേഹം എഴുതിയ ആദ്യത്തെ ഗ്രന്ഥമാണ് 'കന്യാത്വത്തെക്കുറിച്ച്' എന്നത്. ഈ പുണ്യം ആത്മാവിനെ ക്രിസ്തുവിന്റെ മണവാട്ടിയാക്കിത്തീർക്കുന്നുവെന്ന് അദ്ദേഹം വ്യക്തമായി പഠിപ്പിക്കുന്നു. എല്ലാ പുണ്യങ്ങളുടെയും അടിസ്ഥാനമായാണ് അദ്ദേഹം കന്യത്വത്തെ കണക്കാക്കിയത്. അദ്ദേഹത്തിന്റെ വിവിധ പ്രസംഗങ്ങളുടെ ഒരു സമാഹാരവും എഴുത്തുകളുടെ ഒരു ശേഖരവും പ്രസിദ്ധങ്ങളാണ്.

### പ്രധാന പ്രബോധനങ്ങൾ

ബസ്സേലിയോസിന്റെ ഭരണപാടവമോ, നസിയാൻസൂസിലെ ഗ്രിഗോറിയോസിന്റെ പ്രഭാഷണചാതുരിയോ ഇല്ലായിരുന്നുവെങ്കിലും നീസ്സായിലെ ഗ്രിഗോറിയോസ് ഇവരേക്കാൾ ഉയർന്ന ചിന്തകനും മിസ്റ്റിക്കും ആയിരുന്നു. ദൈവവിജ്ഞാനീയത്തെ തത്വശാസ്ത്രത്തിന്റെ പരിവേഷണമണിയിക്കാനുള്ള വ്യഗ്രതയിൽ ചിലപ്പോഴെല്ലാം, പരമ്പരാഗത പഠനങ്ങളിൽ നിന്ന് അദ്ദേഹം വ്യതിചലിച്ചിട്ടുണ്ടെന്ന് വിമർശകർ ചൂണ്ടികാണിക്കുന്നു. വിവിധ പാഷണ്ഡതകളിൽ നിന്നും സഭാഗാത്രത്തെ സംരക്ഷിക്കുന്നതിന് അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ സഹായകമായി.

### ദൈവശാസ്ത്രവും തത്വശാസ്ത്രവും

വിശുദ്ധ ഗ്രന്ഥവ്യാഖ്യാനങ്ങൾ, തത്വശാസ്ത്രം, മിസ്റ്റിസിസം എന്നിവ ഗ്രിഗോറിയോസിന്റെ രചനകളിൽ വേർതിരിക്കുക സാദ്ധ്യമല്ല. ഇവയ്ക്കെല്ലാം അർഹമായ പ്രാധാന്യം അദ്ദേഹം നൽകി. മനുഷ്യന്റെ പരമാനന്ദം നേടിയെടുക്കുവാൻ അവനെ സഹായിക്കുകയാണ് ദൈവവിജ്ഞാനീയവും തത്വശാസ്ത്രവും. ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം എല്ലാറ്റിന്റെയും ആത്യന്തിക മാനദണ്ഡം വിശുദ്ധ ഗ്രന്ഥമാണ് എന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വിശുദ്ധ

www.malankaralibrary.com

ഗ്രന്ഥത്തെ മാനദണ്ഡമായി സ്വീകരിക്കുന്നതിന് വിഘ്നം സൃഷ്ടിക്കുന്ന തത്വശാസ്ത്രങ്ങൾ അവനു നിഷേധമാണെന്നു ഗ്രിഗോറിയോസ് വ്യക്തമാക്കി. സഭയിൽ മിസ്റ്റിക്കൽ ദൈവശാസ്ത്രത്തിന്റെ ഉപജ്ഞാതാവ് നീസ്സായിലെ ഗ്രിഗോറിയോസാണ്.

വിശുദ്ധ ഗ്രന്ഥത്തെ ആലങ്കാരിക പ്രധാനമായി വ്യാഖ്യാനിച്ചിരുന്ന അലക്സാൺഡ്രിയായിലെ മതാദ്ധ്യാപകനാലയത്തെ നഖശിഖാന്തം എതിർത്ത അന്ത്യോക്യായിലെ മതാദ്ധ്യാപനാലയത്തിന്റെ വക്താവായിരുന്നു ഗ്രിഗോറിയോസെങ്കിലും, ആലങ്കാരിക വ്യാഖ്യാനത്തിന്റെ ആവശ്യകത അദ്ദേഹം മനസ്സിലാക്കിയിരുന്നു. വാച്യാർത്ഥപരവും ചരിത്രപരവുമായ വ്യാഖ്യാനങ്ങൾകൊണ്ടു മാത്രം അദ്ദേഹം തൃപ്തനായില്ല.

മനുഷ്യബുദ്ധികൊണ്ട് ഒരു പരിധിവരെ ദൈവത്തെ അറിയുവാൻ കഴിയുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടെങ്കിലും, സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള നികത്താനാവാത്ത വിടവുമൂലം അവിടുത്തെ പൂർണ്ണമായി അറിയുക അസാദ്ധ്യമാണെന്ന് അദ്ദേഹം ആവർത്തിച്ചു പഠിപ്പിച്ചിട്ടുണ്ട്.

### പരിശുദ്ധ ത്രിത്വം

പരിശുദ്ധ ത്രിത്വത്തിലെ അംഗങ്ങളുടെ വ്യതിരക്തതയും ദൈവികതയും ഗ്രിഗോറിയോസ് ഏറ്റുപറയുകയും 'മൂന്നു ദൈവങ്ങളുണ്ട്' എന്ന വാദഗതി നിഷേധിക്കുകയും ചെയ്തു. പിതാവ് സകലത്തിന്റെയും സ്രോതസ്സാണെന്നും പുത്രൻ പിതാവിൽ നിന്നു ജനിച്ചുവെന്നും പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെട്ടുവെന്നുമുള്ള ബസ്സേലിയോസിന്റെ കാഴ്ചപ്പാട് അദ്ദേഹം സ്വീകരിച്ചു. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലൂടെ പ്രപഞ്ചം മുഴുവൻ പിതാവിനെ സ്തുതിക്കുവാൻ പര്യാപ്തമായി. അപ്പൊള്ളിനാരിസത്തിനെതിരെ ക്രിസ്തു ദൈവവും മനുഷ്യനുമാണെന്നും മറിയം 'ദൈവമാതാവ്' (Theotokos) ആണെന്നും അദ്ദേഹം പഠിപ്പിച്ചിട്ടുണ്ട്.

### മനുഷ്യന്റെ സ്ഥാനമഹിമ

പ്ലേറ്റോയുടെ 'ഫേദോ (Phaedo) എന്ന കൃതിയുടെ മാതൃകയിൽ

www.malankaralibrary.com

ഗ്രിഗോറിയോസ് എഴുതിയ കൃതി ('ലോകസൃഷ്ടിയുടെ വിശ്വാസ സമർത്ഥനപരമായ വിശദീകരണം') യിൽ മനുഷ്യസൃഷ്ടി, ജീവിത ലക്ഷ്യം, മരണാനന്തരാവസ്ഥ തുടങ്ങിയ വിഷയങ്ങൾ പ്രതിപാദിച്ചി ട്ടുണ്ട്. മനുഷ്യന്റെ മഹത്വം കുടികൊള്ളുന്നത് അവൻ ദൈവത്തിന്റെ ഛായയിലും (image) സാദൃശ്യത്തിലും (likeness) സൃഷ്ടിക്കപ്പെട്ടു വെന്നതിലാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. ഇതേ ആശയം ഗ്രിഗോറിയോസിന്റെ 'മനുഷ്യസൃഷ്ടിയെക്കുറിച്ച്' (On the Formation of Man) എന്ന കൃതിയിലും കാണാം. വിശുദ്ധ ഗ്രന്ഥത്തിലെ ഉല്പത്തിപുസ്തകവും പ്ലേറ്റോയുടെ തിമേവുസും (Timaeus) തമ്മിൽ പൊരുത്തപ്പെടുത്തിയാണ് മനുഷ്യവംശാരംഭം അദ്ദേഹം ചിത്രീകരി ച്ചിരിക്കുന്നത്.

ദൈവികഛായ മനുഷ്യനിൽ നിലനിൽക്കുന്നതുകൊണ്ട് പാപം നിമിത്തം നഷ്ടമായ ദൈവികസാദൃശ്യം (likeness) വീണ്ടെടുക്കു വാൻ അവനു കഴിയുമെന്ന് ഗ്രിഗോറിയോസ് പഠിപ്പിക്കുന്നു. അതു സാദ്ധ്യമാകണമെങ്കിൽ നിരന്തരമായ പരിശ്രമം ആവശ്യമാണ്. തിന്മയെ ഒഴിവാക്കി ആത്മാവിനെ നിരന്തരം വിശുദ്ധീകരിച്ചുകൊ ണ്ടാണ് ഈ ലക്ഷ്യം നേടേണ്ടത്. അവസാനം അവൻ സ്വർഗ്ഗസ്ഥ നായ പിതാവിനെപ്പോലെ പരിപൂർണ്ണനായി തീരുന്നു. ഈ അവസ്ഥ യിൽ എത്തിച്ചേരുമ്പോഴാണ് ദൈവികദർശനം യാഥാർത്ഥ്യമായി തീരുന്നത്. സ്വർഗ്ഗീയ ജീവിതത്തിന്റെ മുന്നാസ്വാദനമായിട്ടാണ് ഗ്രിഗോറിയോസ് അതിനെ അവതരിപ്പിക്കുന്നത്. ഇപ്രകാരം നഷ്ട മായ ദൈവികസാദൃശ്യം മനുഷ്യൻ വീണ്ടെടുക്കുന്നു.

ചുരുക്കത്തിൽ, താത്ത്വികദൈവശാസ്ത്രജ്ഞൻ, താത്ത്വിക ചിന്തകൻ, ആദ്ധ്യാത്മികചിന്തകൻ എന്നീ നിലകളിലെല്ലാം നിസ്സാ യിലെ ഗ്രിഗോറിയോസ് പ്രശോഭിക്കുന്നു. 787-ൽ നിഖ്യായിൽ കൂടിയ സാർവ്വത്രിക സൂനഹദോസ് (നിഖ്യാ II) 'പിതാക്കന്മാരുടെ പിതാവ്' എന്ന സംജ്ഞ അദ്ദേഹത്തിനു നൽകി.

## 7. അലക്സാൻഡ്രിയായിലെ വി. സിറിൾ (378–444)

അലക്സാൻഡ്രിയൻ വിദ്യാകേന്ദ്രത്തിന്റെ ക്രിസ്തുവിജ്ഞാ നിയത്തിന് അന്തിമരൂപം നൽകിയ ദൈവശാസ്ത്രജ്ഞനാണ് സിറിൾ. 378-ൽ ഈജിപ്റ്റിൽ ജനിച്ച സിറിൾ, അലക്സാൻഡ്രിയാ

www.malankaralibrary.com

യിലെ വിദ്യാപീഠത്തിലാണ് ദൈവശാസ്ത്രപരിശീലനം നേടിയത്. പ്ലേറ്റോയുടെയും അരിസ്റ്റോറ്റിലിന്റെയും തത്വചിന്തകളിലും അദ്ദേഹത്തിന് ആഴമായ അറിവുണ്ടായിരുന്നു. അലക്സാൻഡ്രിയായിലെ മെത്രാനായിരുന്ന തെയോഫിലസ് സിറിലിനു ദൈവികപട്ടം നൽകി. പുരോഹിതനായശേഷം കുറച്ചുനാൾ മരുഭൂമിയിൽ സന്യാസജീവിതം നയിച്ചതായി പറയപ്പെടുന്നു. തെയോഫിലോസിന്റെ കാലശേഷം 412-ൽ അദ്ദേഹത്തിന്റെ അനന്തരവനായ സിറിൾ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടു. ക്ലേശപൂർണ്ണമായിരുന്നു സിറിലിന്റെ ഭരണകാലം. യഹൂദന്മാരെ അലക്സാൻഡ്രിയായിൽ നിന്ന് അദ്ദേഹം ആട്ടിയോടിച്ചു. ഈ പ്രവൃത്തി ഈജിപ്റ്റിലെ പ്രീഫെക്ടായിരുന്ന ഒറെസ്തസി (Orestus) നെ രോഷാകുലനാക്കി. കൂടാതെ, സഭാപിതാക്കന്മാരുടെ പട്ടികയിൽ ജോൺ ക്രിസോസ്തോമിന്റെ പേരു ചേർക്കുവാൻ ആദ്യമൊന്നും സിറിൾ സമ്മതിച്ചിരുന്നില്ല. ഇതും അദ്ദേഹത്തിനു ശത്രുക്കളെ നേടിക്കൊടുത്തു. ഇതേ കാലയളവിൽ തന്നെയാണ് നെസ്തോറിയനിസവും പൊട്ടി പുറപ്പെട്ടത്.

427-ൽ നെസ്തോറിയുസ് കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസായി. നിഖ്യാവിശ്വാസപ്രമാണത്തിനു വിരുദ്ധമായ ചില പ്രബോധനങ്ങൾ അദ്ദേഹം പ്രചരിപ്പിച്ചു. ഈ പ്രബോധനങ്ങൾക്കെതിരായി സിറിൾ സ്വരമുയർത്തുകയും, സ്ഥിതിഗതികൾ അന്നത്തെ മാർപാപ്പ ആയിരുന്ന സെലസ്റ്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. 431-ൽ വിളിച്ചുകൂട്ടിയ എഫേസൂസ് സൂനഹദോസിൽ വച്ച് സിറിലിന്റെ അദ്ധ്യക്ഷതയിൽ നെസ്തോറിയുസിനെ സ്ഥാനഭ്രഷ്ടനാക്കുകയും അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളെ ശപിക്കുകയും ചെയ്തു. മാർപ്പാപ്പയുടെ പ്രതിനിധികളും ഈ തീരുമാനങ്ങൾ ശരിവയ്ക്കുകയുണ്ടായി. ഈ സമയത്താണ് അന്ത്യോക്യായിലെ ജോണും സഹപ്രവർത്തകരും രംഗത്തെത്തിയത്. ഇവർ ഒരു പ്രത്യേകം യോഗം ചേരുകയും സിറിലും എഫേസൂസിലെ മെത്രാനായിരുന്ന മെമ്നോനും (Memnon) പാഷണ്ഡകരാണെന്നു പ്രഖ്യാപിക്കുകയും അവരെ ശപിക്കുകയും ചെയ്തു. നിർണ്ണായകമായ ഈ ഘട്ടത്തിൽ തെയഡോസിയൂസ് ചക്രവർത്തി സിറിലിനെ തടങ്കലിലാക്കി. എന്നാൽ ഏറെ താമസിയാതെ സിറിലിനെ സഭാഭരണം തിരിച്ചേൽപ്പിക്കുകയുണ്ടായി. 32 വർഷത്തോളം സഭാസേവനം

www.malankaralibrary.com

നിർവ്വഹിച്ചശേഷം 444-ൽ അലക്സാൻഡ്രിയായിൽ വച്ച് സിറിൽ നിര്യാതനായി.

## പ്രധാന കൃതികൾ

428 വരെയുള്ള കാലഘട്ടത്തിൽ മുഖ്യമായും ആര്യനിസത്തിനെതിരെയും പിന്നീട് നെസ്തോറിയനിസത്തിനെതിരെയുമാണ് സിറിൾ തൂലിക ചലിപ്പിച്ചത്. അദ്ദേഹത്തിന്റെ കൃതികൾ സിറിലിന്റെ ജീവിതകാലത്തുതന്നെ ലത്തീൻ, സുറിയാനി മുതലായ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെടുകയുണ്ടായി. വിശുദ്ധ ഗ്രന്ഥ വ്യാഖ്യാനങ്ങളും സൈദ്ധാന്തികങ്ങളായ കൃതികളും അദ്ദേഹം രചിച്ചിട്ടുണ്ട്.

'ജൂലിയനെതിരായ വിശ്വാസസമർത്ഥനം' (Apology Against Julian) എന്ന പേരിൽ സിറിൾ രചിച്ച കൃതി വളരെ പ്രസിദ്ധമാണ്. ക്രിസ്ത്യാനികൾക്കെതിരെയുള്ള വിശ്വാസത്യാഗിയായ ജൂലിയന്റെ ശ്രമങ്ങളെ ഈ ഗ്രന്ഥത്തിൽ അപലപിക്കുന്നു. 'പരിശുദ്ധവും ഏക സാരാംശവുമായ ത്രിത്വത്തെക്കുറിച്ചുള്ള വിദ്യാകോശം' (Tresurus on Holy and Consubsantial Trinity) എന്ന കൃതിക്ക് 35 അധ്യായങ്ങളാണുള്ളത്. അബദ്ധ സിദ്ധാന്തങ്ങളെ എതിർക്കുകയും ശരിയായ വിശ്വാസസത്യങ്ങൾ പ്രചരിപ്പിക്കുകയുമാണ് സിറിൾ ഈ കൃതിയിലൂടെ നിർവ്വഹിച്ചിരിക്കുന്നത്. സിറിൾ എഴുതിയ വിശ്വാസ സമർത്ഥനപരവും സൈദ്ധാന്തികവുമായ ഇതര കൃതികളിൽ പ്രധാനപ്പെട്ടവ: 1. നെസ്തോറിയുസിന്റെ ദൈവദൂഷണങ്ങൾക്കെതിരെ അഞ്ച് ബൃഹദ് ഗ്രന്ഥങ്ങൾ' (Five Tomes Against the Blasphemies of Nestorius) 2. 'ക്രിസ്തുവിലുള്ള യഥാർത്ഥ വിശ്വാസത്തെക്കുറിച്ച്' (On the Correct Belief in Christ) 3. 'ചക്രവർത്തിക്കുള്ള വിശ്വാസസമർത്ഥനം' (Apology to the Emperor) 4. 'പരിശുദ്ധ കന്യകയെ ദൈവമാതാവായി അംഗീകരിക്കാത്തവർക്കെതിരെ' (Against those who refuse to Acknowledge the Holy Virgin as the Mother of God). അബദ്ധ സിദ്ധാന്തങ്ങൾക്കു പകരം ശരിയായ ക്രിസ്തീയ തത്വങ്ങൾ അവതരിപ്പിക്കുന്നതാണ് ഈ ഒരോ കൃതിയും.

പഴയനിയമത്തിൽ ചില ഭാഗങ്ങൾ തെരഞ്ഞെടുത്ത് അവയ്ക്കു നൽകിയിട്ടുള്ള വിശദീകരണങ്ങളാണ്, 'ആത്മാവിലും

www.malankaralibrary.com

സത്യത്തിലുമുള്ള ആരാധനയേയും വണക്കത്തെയും കുറിച്ച്' (On Adoration and Worship in Spirit and Truth) എന്ന കൃതിയുടെ ഉള്ളടക്കം. 17 ലഘുഗ്രന്ഥങ്ങളുടെ സമാഹാരമായ പ്രസ്തുത കൃതി സംഭാഷണശൈലിയിലാണ് എഴുതിയിട്ടുള്ളത്. പഞ്ചഗ്രന്ഥയിലെ ഏതാനും ഭാഗങ്ങളുടെ വിശദീകരണമാണ് സിറിലിന്റെ 'ഗ്ലഫീറ' (Glaphyra) എന്ന കൃതി. കൂടാതെ ഏശയ്യാ, ലഘുപ്രവാചകന്മാർ, സങ്കീർത്തനങ്ങൾ, രാജാക്കന്മാർ, സാമുവേൽ, സുഭാഷിതങ്ങൾ എന്നീ ഗ്രന്ഥങ്ങൾക്കെല്ലാം അദ്ദേഹം വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ട്. വി. മത്തായിയുടെ സുവിശേഷം, റോമാക്കാർ, കൊറന്തോസുകാർ, ഹെബ്രായർ എന്നീ പുതിയനിയമ ഗ്രന്ഥങ്ങൾക്കും സിറിൾ വ്യാഖ്യാനങ്ങൾ രചിക്കുകയുണ്ടായി. കൂടാതെ വിശുദ്ധ ലൂക്കായുടെ സുവിശേഷത്തെ ആസ്പദമാക്കി സിറിൾ 16 പ്രസംഗങ്ങളും രചിച്ചിട്ടുണ്ട്.

അനുഗൃഹീത വാഗ്മിയായിരുന്നു സിറിൾ. അദ്ദേഹത്തിന്റെ അനേക പ്രസംഗങ്ങളിൽ 22 എണ്ണം മാത്രമാണ് ഭാഗികമായിട്ടെങ്കിലും ഇന്നുള്ളത്. അദ്ദേഹം നിരവധി ഇടയലേഖനങ്ങളും എഴുതിയിട്ടുണ്ട്. സിറിൾ എഴുതിയ കത്തുകളിൽ 70 എണ്ണം ഇന്നും ലഭ്യമാണ്. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലും കത്തുകളിലും ഉന്നതമായ ദൈവശാസ്ത്രചിന്തകളും ക്രിസ്തീയ ജീവിതത്തെ സംബന്ധിച്ച പ്രായോഗനിർദ്ദേശങ്ങളും പ്രതിഫലിക്കുന്നതുകാണാം.

## മുഖ്യപ്രബോധനങ്ങൾ

സൃഷ്ടി, പാപം, സഭ, കൂദാശകൾ, യുഗാന്ത്യോന്മുഖത, വിശ്വാസം തുടങ്ങി ദൈവശാസ്ത്രത്തോടു ബന്ധപ്പെട്ട എല്ലാ വിഷയങ്ങളെക്കുറിച്ചും ആധികാരികമായ പ്രബോധനങ്ങൾ നൽകിയിട്ടുള്ള വ്യക്തിയാണ് അലക്സാൻഡ്രിയായിലെ സിറിൾ. എങ്കിലും പരിശുദ്ധ ത്രിത്വം, മനുഷ്യാവതാരം എന്നിവയെക്കുറിച്ചാണ് അദ്ദേഹത്തിന്റെ മിക്ക കൃതികളിലും പ്രതിപാദിക്കുന്നത്. സിറിലിന്റെ ദൈവശാസ്ത്രത്തിലെ പ്രധാന ആശയങ്ങൾ താഴെ ചേർക്കുന്നു.

### ക്രിസ്തുവിജ്ഞാനിയം

സിറിലിന്റെ ക്രിസ്തുവിജ്ഞാനിയം "വചനം മാംസമായി"

www.malankaralibrary.com

എന്ന സുവിശേഷവാക്യ (യോഹ. 1:14) ത്തെ കേന്ദ്രീകരിച്ചുള്ളതാണ്. ദൈവത്തിന്റെ 'നിത്യവചനം' മനുഷ്യശരീരം സ്വീകരിച്ച് അതിനെ സ്വകീയമാക്കിത്തീർത്തെന്നും വചനവും മനുഷ്യത്വവും തമ്മിലുള്ള ബന്ധം യഥാർത്ഥവും സത്താപരവും ആണെന്നും സിറിൾ പഠിപ്പിച്ചു. 'വചന'ത്തിൽ ദൈവത്വവും മനുഷ്യത്വവും അഭേദ്യമാംവിധം സംയോജിച്ചിരിക്കുന്നതിനാൽ അവിടുന്ന് ഏകവ്യക്തിത്വത്തിന്റെ ഉടമയാണെന്നും ആ വ്യക്തി തന്നെയാണ്, കന്യകാമറിയത്തിൽ നിന്നു പിറന്നതും പീഢകൾ സഹിച്ചു മരിച്ച് സംസ്ക്കരിക്കപ്പെട്ടതുമെന്നും അദ്ദേഹം വിശ്വസിച്ചു. ആയതിനാൽ മറിയം ദൈവമാതാവാണെന്ന് സിറിൾ ഊന്നിപ്പറയുകയുണ്ടായി. ഈ അർത്ഥത്തിൽ സിറിലിന്റെ മരിയ വിജ്ഞാനിയത്തിന്റെ അടിസ്ഥാനം അദ്ദേഹത്തിന്റെ ക്രിസ്തുവിജ്ഞാനിയമാണെന്നു പറയാവുന്നതാണ്.

**മനുഷ്യരക്ഷ**

ക്രിസ്തു പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമാകയാൽ മനുഷ്യർക്ക് ക്രിസ്തുവിനേയും അവിടന്നു വഴി പിതാവിനേയും പ്രാപിക്കുവാൻ സാധിക്കുമെന്നും സിറിൾ പഠിപ്പിച്ചു. ക്രിസ്തുവുമായി ഐക്യപ്പെടുന്നവൻ തദ്വാരാ ദൈവവുമായും ഐക്യപ്പെടുകയാണ്. ഇപ്രകാരം ക്രിസ്തു ദൈവ-മനുഷ്യബന്ധത്തിന്റെ മാദ്ധ്യമമായിത്തീരുകയും മനുഷ്യർ ദൈവപുത്രനിൽ ദൈവപുത്രരായി ഭവിക്കുകയും ചെയ്യുന്നു. മനുഷ്യന്റെ ദൈവികജീവനിലുള്ള ഭാഗഭാഗിത്വത്തിന്റെ അഥവാ ദൈവപുത്രത്വത്തിന്റെ ഏറ്റം ബാഹ്യ പ്രകടനമായാണ് വിശുദ്ധ കുർബ്ബാനയെ സിറിൾ പരിഗണിച്ചത്. ഇപ്രകാരം ക്രിസ്തുവിലൂടെയും ക്രിസ്തുവഴിയും മനുഷ്യരക്ഷ അഥവാ ദൈവവുമായുള്ള ഐക്യം സംജാതമാകുന്നുവെന്ന് അദ്ദേഹം പഠിപ്പിച്ചു.

**ആദ്ധ്യാത്മികത**

ക്രിസ്തു കേന്ദ്രീകൃതമാണ് സിറിലിന്റെ ആദ്ധ്യാത്മികത. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പിതാവായ ദൈവത്തിന്റെ പ്രതിഛായ തന്നെയായ ക്രിസ്തുവിനോട് ഉത്തരോത്തരം അനുരൂപപ്പെടുകയാണ് ആദ്ധ്യാത്മികജീവിതമെന്നതിന്റെ അർത്ഥം. ക്രിസ്തുവിനോട് അനുരൂപപ്പെടുന്നതുവഴി സ്വാഭാവികമായി

www.malankaralibrary.com

പിതാവായ ദൈവത്തോടും ക്രൈസ്തവർ അനുരൂപരാകും. ബുദ്ധി, സ്വാതന്ത്ര്യം, ആധിപത്യം, പരിശുദ്ധി, അക്ഷയത്വം, ദൈവപുത്രത്വം എന്നിവയോടുകൂടിയാണ് മനുഷ്യനെ ദൈവം സൃഷ്ടിച്ചതെന്നും പാപം ചെയ്യുകവഴി ഈ വിശിഷ്ട ദാനങ്ങളുടെ അളവിൽ കുറവു സംഭവിച്ചെന്നും മനുഷ്യൻ പീഡകൾക്കും നാശത്തിനും വിധേയനായെന്നും സിറിൾ പഠിപ്പിച്ചു. മനുഷ്യന് അവന്റെ ആദ്യസ്ഥിതിയിലുണ്ടായിരുന്ന മേല്പറഞ്ഞ ഗുണങ്ങൾ തിരിച്ചു നൽകുകയായിരുന്നു ക്രിസ്തുവിന്റെ മനുഷ്യാവതാരം, പീഡാസഹനം, മരണം, ഉത്ഥാനം എന്നിവയുടെ ലക്ഷ്യം. മാമോദീസായിൽ ക്രിസ്തുവിന്റെ തന്നെ ആത്മാവിനെ സ്വീകരിക്കുന്ന ക്രൈസ്തവർ ക്രിസ്തു നേടിയെടുത്ത രക്ഷ സ്വായത്തമാക്കുകയും ദൈവികജീവനിൽ വളരുകയും ചെയ്യണമെന്നും, അതിലാണ് വ്യക്തിപരമായ ആദ്ധ്യാത്മികത അടങ്ങിയിരിക്കുന്നതെന്നും സിറിൾ ഉപദേശിച്ചിട്ടുണ്ട്.

## 8. വിശുദ്ധ ജോൺ ഡമഷീൻ (c.675-c.749)

പൗരസ്ത്യ സഭാപിതാക്കന്മാരിൽ അവസാനത്തെ ആളായി ജോൺ ഡമഷീൻ പരിഗണിക്കപ്പെടുന്നു. ഡമാസ്ക്കസിലെ ഉന്നതവും കുലീനവുമായ മൻസൂർ (Mansur) കുടുംബത്തിൽ 675-ഓടുകൂടി ജോൺ ജനിച്ചു. ഇദ്ദേഹത്തിന്റെ പിതാവ് രാജാവിന്റെ പ്രധാനോപദേഷ്ടാവും ആദർശസമ്പന്നനുമായിരുന്നു. ചെറുപ്പത്തിൽ തന്നെ അനിതരസാധാരണമായ ധിഷണാവിലാസവും മതാനുഷ്ഠാനങ്ങളിൽ തീഷ്ണതയും ജോണിൽ വിളങ്ങി ശോഭിച്ചിരുന്നു. സ്വന്തം മകന്റെ ആദ്ധ്യാത്മികവും ബൗദ്ധികവുമായ ശിക്ഷണത്തിനുവേണ്ടി പിതാവ് സിസിലിയാക്കാരനായ കോസ്മസ് (Cosmas) എന്ന പുണ്യചരിതനും പണ്ഡിതനുമായ ഒരു സന്യാസിയെ ചുമതലപ്പെടുത്തി. ജോണിന്റെ ആദ്ധ്യാത്മിക, ബൗദ്ധിക വളർച്ചയ്ക്ക് ഈ പരിശീലനം വളരെ സഹായകമായി.

ജോണിന്റെ സുകൃത ജീവിതത്തിലും ബുദ്ധി സാമർത്ഥ്യത്തിലും സംപ്രീതനായ രാജാവ് അദ്ദേഹത്തെ ഡമാസ്ക്കസിലെ ഗവർണ്ണറായി നിയമിച്ചു. തന്നിൽ നിക്ഷിപ്തമായിരുന്ന ഔദ്യോഗിക ജോലികൾ സ്തുത്യർഹമായ വിധത്തിൽ അദ്ദേഹം നിർവ്വഹിച്ചു. എന്നാൽ പ്രശസ്തിയും പ്രതാപവുമെല്ലാം ഉപേക്ഷിച്ച് ഒരു

www.malankaralibrary.com

സന്യാസിയാകാനാണ് ദൈവം തന്നെ വിളിച്ചിരിക്കുന്നതെന്ന ബോദ്ധ്യത്തിൽ അദ്ദേഹം ജോലി രാജിവക്കുകയും ജറുസലേമിലുണ്ടായിരുന്ന വിശുദ്ധ സാബാസി (Saint Sabas) ന്റെ സന്യാസാശ്രമത്തിൽ 706-ൽ പ്രവേശിക്കുകയും ചെയ്തു. വിശുദ്ധിയിലും വിജ്ഞാനത്തിലും ഒരുപോലെ പുരോഗമിച്ചുകൊണ്ടിരുന്ന ജോണിനെ ജറുസലേമിലെ പാത്രിയർക്കീസായിരുന്ന ജോൺ അഞ്ചാമൻ 726-ൽ വൈദികനായി അഭിഷേകം ചെയ്തു.

വിഗ്രഹനിർമ്മാർജ്ജനം എന്ന പ്രസ്ഥാനം (Iconoclastic Movement) സഭയിൽ പൊട്ടിപുറപ്പെട്ടത് ഇക്കാലത്താണ്. തന്റെ സാമ്രാജ്യത്തിൽ അസ്വസ്ഥതകളും ചേരിതിരിവുകളും ഇവമൂലം ഉണ്ടാക്കുന്നുവെന്നു മനസ്സിലാക്കിയ ലെയോ മൂന്നാമൻ ചക്രവർത്തി വിഗ്രഹങ്ങളെല്ലാം നശിപ്പിക്കപ്പെടേണ്ടതാണെന്ന് 725-ൽ വിളംബരം ചെയ്തു. ഇതിനെ തുടർന്ന് ആശ്രമങ്ങളിലും ദേവാലയങ്ങളിലും ഉണ്ടായിരുന്ന അമൂല്യങ്ങളായ വിഗ്രഹങ്ങളെല്ലാം നശിപ്പിക്കപ്പെടുകയുണ്ടായി. വിശുദ്ധരോടുള്ള ബഹുമാനാദരവുകൾ സാരമായി കുറയുകയും വിശുദ്ധ സ്ഥലങ്ങൾ അശുദ്ധമാക്കപ്പെടുകയും ചെയ്യുന്നതുകണ്ട ജോൺ, തന്റെ തൂലികയും വാഗ്വിലാസവും വിഗ്രഹനിർമ്മാർജ്ജന പ്രസ്ഥാനത്തിനെതിരെ പ്രയോഗിച്ചു. പിന്നീട് അദ്ദേഹം പലസ്തീനായുടെ വിവിധ ഭാഗങ്ങളിലും കോൺസ്റ്റാന്റിനോപ്പിളിലും ചുറ്റിസഞ്ചരിച്ച് വിശ്വാസികളിൽ വിശുദ്ധരോടുള്ള ഭക്ത്യാദരവുകൾ അങ്കുരുപ്പിക്കുന്നതിനും ഉജ്ജ്വലമാക്കുന്നതിനും അക്ഷീണം പരിശ്രമിച്ചിട്ടുണ്ട്. 749-ടുകൂടി വി. സാബാസിന്റെ ആശ്രമത്തിൽ വച്ച് ഈ പുണ്യ പുരുഷൻ പരലോകപ്രാപ്തനായി.

## കൃതികൾ

ജോൺ രചിച്ച സൈദ്ധ്യാന്തികങ്ങളായ കൃതികളിൽ ഏറ്റവും വിഖ്യാതമായത് 'വിജ്ഞാനത്തിന്റെ ഉറവിടം' (Fount of Wisdom) എന്ന ഗ്രന്ഥമാണ്. പ്രസ്തുത കൃതിക്ക് മൂന്നു ഭാഗങ്ങളുണ്ട്. 68 അദ്ധ്യായങ്ങളുള്ള ഒന്നാം ഭാഗത്ത്, തത്വശാസ്ത്രസംബന്ധമായ വിഷയങ്ങളാണു കൈകാര്യം ചെയ്യുന്നത്. രണ്ടാം ഭാഗത്ത് വിവിധ പാഷണ്ഡതകളെക്കുറിച്ചു വിവരിക്കുന്നു (103 അദ്ധ്യായങ്ങൾ) 100

www.malankaralibrary.com

അദ്ധ്യായങ്ങളുള്ള മൂന്നാം ഭാഗത്ത്, സത്യവിശ്വാസത്തേക്കുറിച്ചു സമഗ്രമായി പ്രതിപാദിക്കുന്നു. ഗ്രീക്കു ദൈവശാസ്ത്ര ദർശനങ്ങ ളുടെ ഒരു സമാഹാരമാണീ കൃതി. 12-ാം നൂറ്റാണ്ടിൽ ഇത് ലത്തീനി ലേക്ക് വിവർത്തനം ചെയ്തു.

വിശ്വാസ സമർത്ഥനപരമായ നിരവധി ഗ്രന്ഥങ്ങളും ജോൺ രചിച്ചിട്ടുണ്ട്. 'സത്യവിശ്വാസസംബന്ധമായ ഒരു ലഘുഗ്രന്ഥം' (A Small Book on the Orthodox Faith), 'വിശ്വാസസത്യത്തിന് ആമുഖം' (An Introduction to Dogmas), 'പരിശുദ്ധ ത്രിത്വത്തെക്കുറിച്ച്' (On the Holy Trinity), 'നെസ്തോറിയൻ പാഷണ്ഡതയ്ക്കെതിരെ' (Against the heresy of Nestorians), 'ഏകസ്വഭാവ വാദങ്ങൾക്കെതിരെ' (Against the Monophysites), 'ക്രിസ്തുവിലുള്ള രണ്ടു മനസ്സുകളെക്കുറിച്ച്' (On the Two wills in Christ) തുടങ്ങിയവയാണ് ഈ ഗണത്തിൽപ്പെട്ട പ്രധാന കൃതികൾ. ഇവ ഒരോന്നിലും യഥാർത്ഥ ക്രിസ്തീയ വിശ്വാസത്തെ ഉയർത്തിപ്പിടിക്കുന്നതിനും അബദ്ധസിദ്ധാന്തങ്ങളെ എതിർക്കുന്നതിനുമാണ് ജോൺ പരിശ്രമിച്ചിരിക്കുന്നത്.

ധാർമ്മികവും ആദ്ധ്യാത്മികവുമായ വിഷയങ്ങളെ ആസ്പദ മാക്കിയും ജോൺ കൃതികൾ എഴുതിയിട്ടുണ്ട്. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് 'പരിശുദ്ധ സമാന്തരങ്ങൾ' (Sacred Parellels) എന്ന കൃതിയാണ്. വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും സഭാപിതാക്കന്മാരുടെ കൃതികളിൽ നിന്നുമുള്ള ധാരാളം സമാന്തര ഉദ്ധരണികൾ ഉൾ ക്കൊള്ളുന്ന ഈ കൃതി യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കേണ്ട തെങ്ങനെയാണ് വിശദീകരിക്കുന്നു.

'വി. പൗലോസിന്റെ ലേഖന വ്യാഖ്യാനങ്ങൾ' എന്ന പേരിൽ ജോൺ രചിച്ച കൃതി, വിശുദ്ധ ഗ്രന്ഥവ്യാഖ്യാനത്തെ സംബന്ധിച്ചിട ത്തോളം വളരെ പ്രാധാന്യമേറിയതാണ്. ക്രിസ്തുവിന്റെ തിരുനാ ളുകൾ, മറിയത്തിന്റെ മരണവും സ്വർഗ്ഗാരോപണവും തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ഏതാനും പ്രസംഗങ്ങളും ജോണിന്റേ തായിട്ടുണ്ട്. കൂടാതെ, പൗരസ്ത്യ ആരാധനാ ക്രമ ങ്ങളിൽ ജോൺ രചിച്ചിട്ടുള്ള പല കീർത്തനങ്ങളും കാണാം. ക്രിസ്തുവിന്റെയും മറിയത്തിന്റെയും ജീവിതത്തിലെ സുപ്രധാന സംഭവങ്ങളാണ് മുഖ്യമായും പ്രസ്തുത കീർത്തനങ്ങളിലെ പ്രതിപാദ്യവിഷയം.

www.malankaralibrary.com

## പ്രബോധനങ്ങൾ

തന്റെ കൃതികളിലൂടെയും പ്രസംഗങ്ങളിലൂടെയും സനാധന ങ്ങളായ ഒട്ടനേകം പ്രബോധനങ്ങൾ ലോകത്തിനു സംഭാവന ചെയ്തിട്ടുള്ള മഹാനാണ് വി. ജോൺ ഡമഷീൻ. അലക്സാണ്ഡ്രി യായിലെ വി. സിറിൾ, വി. ജോൺ ക്രിസോസ്റ്റം, വി. ഗ്രിഗറി നസ്യാൻസൻ തുടങ്ങിയ സഭാപിതാക്കന്മാരുടെ സ്വാധീനം അദ്ദേഹ ത്തിന്റെ പ്രബോധനങ്ങളിൽ പ്രകടമായി കാണാം.

### പരിശുദ്ധ ത്രിത്വം

പരിശുദ്ധ ത്രിത്വത്തിലെ മൂന്ന് ആളുകളും പരസ്പരം ഭിന്നിത രല്ലെന്നും അതിനാൽ അവരെ വേർതിരിക്കുക അസാദ്ധ്യമാണെന്നും ജോൺ വിശ്വസിച്ചു. 'പിതാവ്', 'പുത്രൻ', 'പരിശുദ്ധാത്മാവ്' എന്നീ സംഞ്ജകൾ ഒരോരുത്തരുടെയും വ്യത്യസ്തമായ അന്തഃസത്ത യെയല്ല അവർ തമ്മിലുള്ള ബന്ധത്തെയത്രെ വെളിവാക്കുന്നത്. പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുത്രനിലൂടെയും പുറപ്പെടു ന്നുവെന്നും അദ്ദേഹം സമർത്ഥിച്ചിട്ടുണ്ട്.

### ക്രിസ്തുവിജ്ഞാനിയം

അവതാരം ചെയ്ത ദൈവവചനം പൂർണ്ണമനുഷ്യനും പൂർണ്ണ ദൈവവുമാണെന്ന് ജോൺ പഠിപ്പിച്ചു. നെസ്തോറിയനിസം, ഏകസ്വഭാവവാദം, ഏകമാനസവാദം തുടങ്ങിയ അബദ്ധസിദ്ധാന്ത ങ്ങളെ അദ്ദേഹം ഖണ്ഡിക്കുകയുണ്ടായി. മനുഷ്യാവതാരത്തിനു ശേഷം ക്രിസ്തുവിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും കൂടിച്ചേർന്ന സമ്മിശ്രസ്വഭാവമാണുള്ളതെന്ന അബദ്ധപ്രബോധന ത്തെ ജോൺ നിഷേധിച്ചു. ക്രിസ്തുവിന്റെ 'സ്വഭാവവും' 'വ്യക്തിത്വ വും' ഒന്നുതന്നെയെന്നുള്ള തെറ്റിദ്ധാരണയിൽ നിന്നാണ് പാഷണ്ഡ തകൾ ഉടലെടുത്തതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുകയും, മേല്പറഞ്ഞ പദങ്ങളെ ശരിയായ വിധത്തിൽ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ക്രിസ്തുവിൽ മനുഷ്യസ്വഭാവവും ദൈവസ്വഭാവവും സംയോജി ച്ചിട്ടുണ്ടെന്ന് ജോൺ വിശ്വസിച്ചു. എന്നാൽ പാഷണ്ഡികൾ പഠിപ്പി ക്കുന്നതുപോലെ ഈ ഐക്യം, 'കൂട്ടിക്കലർത്തൽ വഴിയോ' (Mixing), 'സമ്മിശ്രമാക്കൽ വഴിയോ' (Mingling), 'സങ്കലനം വഴിയോ'

www.malankaralibrary.com

(Blending) ഉള്ളതല്ല. പിന്നയോ, ഏക വ്യക്തിത്വത്തിലുള്ള ഐക്യം (Hypostatic Union) വഴിയാണെന്നും ഈ ഐക്യത്തിൽ യാതൊരു വ്യത്യാസമോ (Change), കൂട്ടിച്ചേർക്കലോ (Mixing), വ്യതിയാനമോ (Alteration), വിഭജനമോ (Division), വേർപെടുത്തലോ (Separation) ഉണ്ടായിട്ടില്ലെന്നും അദ്ദേഹം ഊന്നിപ്പറയുകയുണ്ടായി. ക്രിസ്തുവിലെ ദൈവ-മനുഷ്യസ്വഭാവങ്ങളുടെ ഒന്നുചേരൽ ഒരോ സ്വഭാവത്തിന്റെയും സത്താപരമായ വ്യത്യാസങ്ങൾക്ക് യാതൊരു ഭംഗവും സംഭവിക്കാതെ കാത്തുസൂക്ഷിച്ചിട്ടുണ്ട്; ക്രിസ്തുജീവിതകാലം മുഴുവനും പൂർണ്ണ മനുഷ്യനും പൂർണ്ണദൈവവുമായിരുന്നുവെന്ന് ജോൺ ഡമഷീൻ സമർത്ഥിക്കുന്നു.

### മരിയ വിജ്ഞാനിയം

അനാദിമുതൽ പിതാവിനോടുകൂടി ആയിരുന്ന ദൈവവചനത്തിന് ജനനംകൊടുത്ത മറിയം ദൈവമാതാവ് (Theotokos) ആണെന്ന് ജോൺ സംശയലേശമെന്യേ പഠിപ്പിച്ചു. ദൈവപുത്രൻ തന്റെ മനുഷ്യശരീരം സ്വർഗ്ഗത്തിൽ നിന്നു കൊണ്ടുവന്നതല്ല എന്നും മറിയത്തിൽ നിന്നും സ്വീകരിച്ചതാണെന്നും മറിയത്തിന്റെ ഉദരത്തിൽ കുറച്ചുനാൾ വസിച്ചതുകൊണ്ട് ദൈവവചനത്തിന്റെ ദൈവികത നഷ്ടപ്പെടുത്തിയില്ലെന്നുമാണ് അദ്ദേഹത്തിന്റെ സിദ്ധാന്തം. നിത്യവചനം മറിയത്തിന്റെ ഉദരത്തിൽ മനുഷ്യനായി ജന്മമെടുത്തപ്പോൾ മാതാവിന്റെ കന്യാത്വം കാത്തുസൂക്ഷിച്ചതുപോലെ അവിടുത്തെ ജനനത്തിലും ആ കന്യാത്വം കാത്തുസൂക്ഷിക്കുകയുണ്ടായി. ചുരുക്കത്തിൽ, ജോൺ ഡമഷീന്റെ പ്രബോധനമനുസരിച്ച് മറിയം ദൈവമാതാവും നിത്യകന്യകയുമാണ്. ക്രൈസ്തവർ പുരാതനകാലം മുതൽതന്നെ മാതാവിന്റെ ശരീരത്തോടുകൂടിയ സ്വർഗ്ഗാരോപണത്തിൽ ഉറച്ചു വിശ്വസിച്ചിരുന്നുവെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

### ആദ്ധ്യാത്മികോപദേശങ്ങൾ

പുണ്യപരിപൂർണ്ണതയ്ക്കായി യത്നിക്കുകയും തത്ഫലമായി ആദ്ധ്യാത്മിക ജീവിതത്തെക്കുറിച്ച് ആധികാരികമായി ഉപദേശിക്കുവാൻ യോഗ്യത സമ്പാദിക്കുകയും ചെയ്ത ഒരു ആത്മീയഗുരുവാണ് ജോൺ ഡമഷീൻ. അദ്ദേഹം എപ്പോഴും ഊന്നിപ്പറഞ്ഞിരുന്ന ഒരു കാര്യമാണ് സന്തോഷാനുഭവത്തിൽ മിതത്വം പാലിക്കയെന്നത്.

www.malankaralibrary.com

സന്തോഷത്തെ ആത്മാവിന്റേതെന്നും ശരീരത്തിന്റേതെന്നും രണ്ടായി തരംതിരിച്ചിട്ടുണ്ട്. ധ്യാനം, പഠനം, പ്രാർത്ഥന മുതലായവയിൽ ആത്മാവു സന്തോഷം കണ്ടെത്തുമ്പോൾ ഭക്ഷണപാനീയങ്ങൾ, ജഡികപ്രവൃത്തികൾ എന്നിവയിലാണ് ശരീരം സന്തോഷം കണ്ടെത്തുക. ശാരീരിക സന്തോഷങ്ങളെ പ്രകൃത്യ ഉള്ളതും അത്യാവശ്യമായവയെന്നും രണ്ടായി ജോൺ വിഭജിച്ചിട്ടുണ്ട്. ഭക്ഷിക്കുന്നതിലും വസ്ത്രം ധരിക്കുന്നതിലുമുള്ള സന്തോഷം പ്രകൃത്യാ ഉള്ളതും മനുഷ്യന് അവശ്യമായതുമാണ്; മദ്യപാനം, ധനാസക്തി, ദുരാശകളുടെ പൂർത്തീകരണം തുടങ്ങിയവയിലുള്ള സന്തോഷം പ്രകൃത്യായുള്ളതാണെങ്കിലും ആവശ്യമില്ലാത്തതാണ്. യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കുന്ന വ്യക്തി പ്രകൃത്യാ ഉള്ളതും ആവശ്യമില്ലാത്തതുമായ സന്തോഷങ്ങൾ പരിവർജ്ജിച്ച് മരണാനന്തരമുള്ള നിത്യമായ ജീവിതത്തെ ലക്ഷ്യമാക്കി ജീവിക്കേണ്ടതാണെന്ന് ജോൺ ഉപദേശിച്ചിരിക്കുന്നു. ലൗകിക സ്ഥാനമാനങ്ങളും പദവികളും വലിച്ചെറിഞ്ഞു സന്യാസിയായി ജീവിച്ച ജോൺ ഡമഷീൻ ഈ ഉപദേശത്തിന്റെ ഉത്തമദൃഷ്ടാന്തമത്രേ.

പുണ്യസമ്പാദനത്തിന് അനുപേക്ഷണീയമായി ജോൺ നിർദ്ദേശിക്കുന്ന മറ്റൊരു പ്രധാന സുകൃതം എളിമയാണ്. ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ വിധേയത്വപൂർണ്ണമായ ഒരു ജീവിതം ക്രൈസ്തവൻ നയിക്കണമെന്ന് അദ്ദേഹം അനുശാസിക്കുന്നുണ്ട്. പ്രസംഗങ്ങൾ വഴിയും കൃതികൾ മൂലവും എന്നതിനേക്കാൾ സ്വന്തം ജീവിത മാതൃക വഴിയാണ് ജോൺ ഈ സുകൃതാഭ്യാസത്തെക്കുറിച്ചു ഉപദേശിക്കുക.

***

www.malankaralibrary.com

അദ്ധ്യായം 8

# സുറിയാനി സഭാപിതാക്കന്മാർ

മറ്റ് സഭാപിതാക്കന്മാർക്ക് അവകാശപ്പെടുവാൻ കഴിയാത്ത ചില സവിശേഷതകൾക്ക് ഉടമകളാണ് സുറിയാനി സഭാപിതാക്കന്മാർ. ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്കും പ്രവർത്തനങ്ങൾക്കും സാക്ഷ്യം വഹിച്ച ഭൂവിഭാഗങ്ങൾ തന്നെയായിരുന്നു സുറിയാനി സഭാപിതാക്കന്മാരുടെയും പ്രവർത്തനമണ്ഡലങ്ങൾ. ക്രിസ്തുനാഥൻ ഉപയോഗിച്ച അറമായ ഭാഷയിൽനിന്നും ഉരുത്തിരിഞ്ഞതാണ് സുറിയാനി. മിക്ക പഴയനിയമ ഗ്രന്ഥങ്ങളും വിരിചിതമായ ഹെബ്രായ ഭാഷയോടും സുറിയാനി ഭാഷക്ക് അഭേദ്യമായ ബന്ധമുണ്ട്. ഈ സുറിയാനി ഭാഷയുടെ ആവിർഭാവത്തിനും അഭിവൃദ്ധിക്കും കാരണഭൂതരായി വർത്തിച്ചത് ഈ പിതാക്കന്മാരാണ് എന്നതാണ് സത്യം.

അബദ്ധസിദ്ധാന്തങ്ങൾ പ്രബലപ്പെട്ടപ്പോൾ ദൈവികവും ധാർമ്മികവുമായ കാര്യങ്ങൾ പാരമ്പര്യത്തിനനുസരിച്ച് വിവരിക്കുന്നതിനും അങ്ങനെ സുറിയാനി സഭയുടെ ഔന്നത്യം ഉയർത്തിക്കാട്ടുന്നതിനും ഈ സഭാപിതാക്കന്മാർക്കു കഴിഞ്ഞിട്ടുണ്ട്. ഇവരുടെ നിസ്വാർത്ഥവും നിരന്തരവുമായ സേവനങ്ങൾ സഭയേയും ദൈവശാസ്ത്രത്തേയും സഹായിച്ചതോടൊപ്പം സുറിയാനിഭാഷയേയും പാലൂട്ടി വളർത്തി. ഇവർ രചിച്ച കവിതകളും വിശുദ്ധ ഗ്രന്ഥ വ്യാഖ്യാനങ്ങളും സുറിയാനി ഭാഷയിലെ അമൂല്യനിധികളായി പരിഗണിക്കപ്പെടുന്നു.

www.malankaralibrary.com

ആരാധനക്രമത്തെ ധന്യമാക്കുന്നതിനും സുറിയാനി സഭയിലെ സന്യാസജീവിതത്തിന് ആശയും ആവേശവും പകരുന്നതിനും ഈ പിതാക്കന്മാർ ഉത്സുകരായിരുന്നു. എദേസായിലെ മതാദ്ധ്യാപനാലയത്തെ കേന്ദ്രീകരിച്ചാണ് ഇവരിൽ ഏറിയ പങ്കും പ്രവർത്തിച്ചത്. സുറിയാനി സഭാപിതാക്കന്മാരിൽ പ്രമുഖരായ വ്യക്തികളെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്.

## 1. അഫ്റാത്തസ് (275–345)

സുറിയാനി സഭാപിതാക്കന്മാരുടെ ഗണത്തിലെ ആദ്യത്തെ പ്രമുഖ സഭാപിതാവാണ് 'പേർഷ്യൻ മുനി' (Persian sage) എന്ന അപരനാമത്തിൽ അറിയപ്പെടുന്ന അഫ്രാത്തസ്. വിശുദ്ധ ഗ്രന്ഥത്തിലും യഹൂദപാരമ്പര്യങ്ങളിലും മെസപ്പൊട്ടോമിയൻ സംസ്ക്കാരത്തിലും അതിഷ്ഠിതമായ ഒരു ദൈവശാസ്ത്രദർശനം അദ്ദേഹം രൂപപ്പെടുത്തി. പൂർണ്ണമായും സെമിറ്റിക് സാംസ്ക്കാരിക പശ്ചാത്തലത്തിലാണ് അദ്ദേഹം ജീവിച്ചത്. ഗ്രീക്കു തത്വചിന്തകളോ, സംസ്ക്കാരമോ അദ്ദേഹത്തിന്റെ ചിന്തകളെ ഒട്ടും തന്നെ സ്വാധീനിച്ചിട്ടില്ല. അഞ്ചും ആറും നൂറ്റാണ്ടുകളിൽ, 'പേർഷ്യയിലെ മുനി', 'പേർഷ്യയിലെ മുനിയായ മാർ യാക്കോബ്' എന്നീ പേരുകളിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. പിൽക്കാലത്ത് യാക്കോബ് എന്ന നാമം വിസ്മരിക്കപ്പെടുകയും അഫ്രാത്താസ് എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു.

ഏ.ഡി.275-ടുകൂടി അഫ്രാത്തസ് പേർഷ്യൻ സാമ്രാജ്യത്തിലെ നിനിവെ-മോസൂൾ പ്രദേശത്ത് ജനിച്ചു. അദ്ദേഹം വിജാതിയ മതാചാരങ്ങൾ പാലിച്ചുപോന്ന ഒരാളായിരുന്നുവെന്നും പിന്നീടാണ് ക്രൈസ്തവവിശ്വാസം സ്വീകരിച്ചതെന്നും പറയപ്പെടുന്നു. അഫ്രാത്തസ് പിൽക്കാലത്ത് സഭയെ ആശ്ലേഷിച്ച് സന്യാസജീവിതം നയിച്ചുപോന്നു. അദ്ദേഹം മെസപ്പൊട്ടോമിയായിലെ 'മാർ മത്തായി' യുടെ നാമത്തിലുള്ള ആശ്രമത്തിന്റെ അധിപനായിരുന്നു. എ.ഡി. 345-ൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

### പ്രധാന കൃതി

ഏറ്റവും പ്രധാന കൃതി 'പ്രദ്യോതനം' (Demonstrations) എന്ന

www.malankaralibrary.com

പേരിൽ അറിയപ്പെടുന്നു. എ.ഡി.337-നും 345-നും ഇടയ്ക്കാണ് പ്രസ്തുത കൃതി എഴുതപ്പെട്ടത്. ധാർമ്മികവും വിവാദപരവുമായ വിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന 23 പ്രസംഗങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു. ഇവയിൽ 22 എണ്ണവും സുറിയാനി അക്ഷരമാല ക്രമത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. പ്രധാനമായും മതപരമായ കാര്യങ്ങളെക്കുറിച്ചാണ് ഈ പ്രസംഗങ്ങളിൽ ഉൾക്കൊള്ളുന്നത്. വിശ്വാസം, ഉപവി, പ്രായശ്ചിത്തം, പ്രാർത്ഥന, വർജ്ജന, ഭിക്ഷാ ദാനം, കന്യാകത്വം തുടങ്ങിയ വിഷയങ്ങൾ ഇതിൽ പ്രതിപാദി ക്കുന്നു. വിവാഹം ഒഴികെയുള്ള എല്ലാ കൂദാശകളെയും, കുമ്പസാര രഹസ്യത്തേയും, വിശുദ്ധ കുർബ്ബാനയുടെ സത്താമാറ്റത്തേയും എല്ലാം ഇതിൽ പ്രതിപാദിക്കുന്നുണ്ട്. അതുപോലെ ഇവയിൽ യുഗാന്ത്യത്തെപ്പറ്റിയും മതപീഡനങ്ങളെക്കുറിച്ചും വിവരിക്കുന്നുണ്ട്. വിശ്വാസത്തെ അദ്ദേഹം ഒരു കെട്ടിടത്തോടാണ് ഉപമിച്ചിരിക്കുന്നത്. പ്രസ്തുത കെട്ടിടം ക്രിസ്തുവാകുന്ന മൂലക്കല്ലിലാണ് പണിതീർത്തിരിക്കുന്നതെന്നാണ് അദ്ദേഹം സമർത്ഥിക്കുന്നത്.

### പ്രബോധനങ്ങൾ

അഫ്രോത്താസിന്റെ പ്രബോധനങ്ങൾ വേദപുസ്തകാതിഷ്ഠിതമാണ്. വിശുദ്ധ ഗ്രന്ഥമാണ് അദ്ദേഹത്തിന്റെ ദൈവശാസ്ത്ര ചിന്തകളുടെ മുഴുവൻ അടിസ്ഥാനം. കുർബ്ബാനയിൽ ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യം, പരിശുദ്ധ കന്യകാമറിയത്തിന്റെ ദൈവ മാതൃത്വം, നിത്യകന്യാത്വം തുടങ്ങിയവ അദ്ദേഹം പൂർണ്ണമായി വിശ്വസിക്കുന്നതായി കാണാം. സുറിയാനി സഭയിലെ ആശ്രമജീവിത നവീകരണം, ആരാധനക്രമസംവിധാനം തുടങ്ങിയവയിൽ അഫ്റാത്തസ് വഹിച്ച പങ്ക് വിലയേറിയതാണ്.

പഴയനിയമത്തിലെ വിവിധ സംഭവങ്ങളെയും വ്യക്തികളെയും അടിസ്ഥാനമാക്കിയാണ് മിശിഹായെ അദ്ദേഹം അവതരിപ്പിക്കുന്നത്. പഴയനിയമത്തിൽ മിശിഹാ എന്ന വ്യക്തി മറഞ്ഞിരിക്കുന്നുവെന്നും, പഴയനിയമത്തിലെ വ്യക്തികളും സംഭവങ്ങളും പുതിയ നിയമത്തിന്റെ പ്രതീകങ്ങളാണെന്നും (Type) അദ്ദേഹം പഠിപ്പിക്കുന്നു. ഉദാഹരണമായി, പഴയനിയമത്തിലെ യാക്കോബിന്റെ ദർശനം മിശിഹായിലൂടെ കൈവന്ന രക്ഷയുടെയും, പഴയനിയമ പെസഹാ

www.malankaralibrary.com

ക്കുഞ്ഞാട് മിശിഹായുടെ രക്ഷാകരപ്രവർത്തനങ്ങളുടെയും മുൻകൂട്ടിയുള്ള വെളിപ്പെടുത്തലാണ്. യൗസേപ്പ്, മോശ, ജോഷ്വാ, ദാവീദ്, ഏലിയ, ഏലീശാ, ജോസിയ, ദാനിയേൽ എന്നിവരെ ഈശോമിശിഹായുടെ പ്രതീകങ്ങളായിട്ടാണ് അദ്ദേഹം അവതരിപ്പിക്കുന്നത്.

പ്രാർത്ഥനയെക്കുറിച്ച് അഫ്രാത്തസ് തന്റെ കൃതിയിൽ പ്രതിപാദിക്കുന്നുണ്ട്. ആത്മീയബലി എന്നാണ് പ്രാർത്ഥനയെ അദ്ദേഹം വിശേഷിപ്പിക്കുന്നത്. പ്രാർത്ഥന ദൈവതിരുമുമ്പിൽ സ്വീകാര്യമാകുന്നതിനു ഹൃദയവിശുദ്ധി ആവശ്യമാണ്. ഉപവാസം അദ്ദേഹത്തിന്റെ മറ്റൊരു പ്രധാന ചിന്താവിഷയമാണ്. ശാരീരികമായ ഉപവാസം മാനസികവും ആത്മീയവുമായ ഉപവാസത്തെ പരിപോഷിപ്പിക്കുന്നുവെന്ന് ഉപവാസത്തേക്കുറിച്ചുള്ള വിവരണത്തിൽ വ്യക്തമാക്കുന്നു. ക്രിസ്തുശിഷ്യന് ഏറ്റവും ഉപകാരപ്രദമായ ഒരു സുകൃതമായിട്ടാണ് എളിമയെ അദ്ദേഹം അവതരിപ്പിക്കുന്നത്.

ഒരോ മനുഷ്യനും മൃഗീയാത്മാവും (Animal Soul) സ്വർഗ്ഗീയാത്മവും (Celestial Soul) ഉണ്ടെന്നും മരണശേഷം പൊതുവായ ഉയിർപ്പ് ഉണ്ടാകുന്നതുവരെ മൃഗീയാത്മാവ് ഉറക്കത്തിൽ കഴിയുകയും സ്വർഗ്ഗീയാത്മാവ് ക്രിസ്തുവിലേക്ക് തിരികെപ്പോവുകയും ചെയ്യുന്നുവെന്ന് അഫ്റാത്തസ് പഠിപ്പിച്ചു. പൊതുവിധിയിൽ നന്മ ചെയ്യുന്നവർക്ക് നിത്യസമ്മാനവും തിന്മ ചെയ്തവർക്ക് നിത്യശിക്ഷയും ഉണ്ടാകും. പ്രവാചകന്മാരാൽ പ്രവചിക്കപ്പെട്ട മൂലക്കല്ലായ ക്രിസ്തു എല്ലാവരിലും ഉണ്ടെന്നും, എല്ലാ പുണ്യങ്ങളും വിശ്വാസത്തിൽ അധിഷ്ഠിതമാണെന്നും അഫ്രാത്തസ് പഠിപ്പിച്ചു.

## 2. മാർ അപ്രേം (306–373)

'സുറിയാനിക്കാരുടെ സൂര്യൻ' (Sun of Syrians) 'സഭയുടെ സ്തംഭം' (Column of the Church) 'പരിശുദ്ധാത്മാവിന്റെ വീണ' (The Harp of the Holy Spirit) എന്നീ അപരനാമങ്ങളാൽ അറിയപ്പെടുന്ന സുറിയാനി പിതാക്കന്മാരിൽ അഗ്രഗണ്യനാണ് മാർ അപ്രേം. തന്റെ സ്വതസിദ്ധമായ കഴിവുകളാൽ സഭയ്ക്കും സമുദായത്തിനും സേവനം ചെയ്യുകയും, പൗരസ്ത്യസഭയുടെ പ്രത്യേകിച്ചും സുറിയാനി സഭയിൽ നിലനിന്നിരുന്ന പാരമ്പര്യവും, ആദ്ധ്യാത്മികതയും,

www.malankaralibrary.com

ദൈവശാസ്ത്രവും എല്ലാം സ്വന്തം ജീവിതത്തിലൂടെയും കവിതകളിലൂടെയും ഗ്രന്ഥങ്ങളിലൂടെയും പ്രകടമാക്കുകയും ചെയ്ത സഭാപിതാവാണ് മാർ അപ്രേം. ആരാധനക്രമത്തിൽ ഗാനങ്ങൾ ആകാം എന്നു കാണിച്ചുതന്നത് വി. അപ്രേമാണ്.

ഏ.ഡി. 306-ൽ റോമൻ സാമ്രാജ്യത്തിന്റെ കിഴക്കൻ പ്രോവിൻസിലെ നിസിബിസിലാണ് അപ്രേം ജനിച്ചത്. പിതാവ് ഒരു പേഗൻ വൈദികനായിരുന്നു എന്നും, അല്ല, ക്രിസ്തീയ മാതാപിതാക്കളിൽ നിന്നുമാണ് അദ്ദേഹം ജനിച്ചത് എന്നും രണ്ടഭിപ്രായമുണ്ട്. നിസിബിസിലെ വി.യാക്കോബാണ് ക്രിസ്തീയ വിശ്വാസത്തിലേക്ക് അദ്ദേഹത്തെ നയിച്ചത്. 18-ാമത്തെ വയസ്സിൽ അപ്രേം മാമോദീസാ സ്വീകരിച്ചു. അപ്രേമിന്റെ ബുദ്ധിശക്തിയിലും സ്വഭാവഗുണത്തിലും സംപ്രീതനായ യാക്കോബു മെത്രാൻ അദ്ദേഹത്തിന് വൈദികപട്ടം നൽകുവാൻ ആഗ്രഹിച്ചു. എങ്കിലും അപ്രേമിന്റെ വിനയാധിക്യം അതിനു സമ്മതിച്ചില്ല. തന്മൂലം യാക്കോബു മെത്രാൻ അദ്ദേഹത്തിനു ഡീക്കൻ പട്ടം നൽകുകയും മതാദ്ധ്യാപകനായും തന്റെ സെക്രട്ടറിയായും നിയമിക്കുകയും ചെയ്തു. 325-ലെ നിഖ്യാ സൂനഹദോസിൽ മാർ യാക്കോബിനോടൊപ്പം അദ്ദേഹം സംബന്ധിച്ചിരിക്കാനാണ് സാദ്ധ്യത. സൂനഹദോസു കഴിഞ്ഞു തിരിച്ചുവന്ന യാക്കോബു മെത്രാൻ നിസിബിസിലെ മതാദ്ധ്യാപനാലയത്തിന്റെ ചുമതല അപ്രേമിനെ ഏല്പിച്ചു.

എ.ഡി. 338, 346, 350 എന്നീ വർഷങ്ങളിൽ പേർഷ്യൻ ചക്രവർത്തിയായ സാപ്പോർ രണ്ടാമന്റെ കാലത്ത് നിസീബിസ് പേർഷ്യൻ ആക്രമണത്തിനു വിധേയമായി. അതിനുകാരണം പേർഷ്യാക്കാരും റോമാക്കാരും തമ്മിലുള്ള ശത്രുതയായിരുന്നു. റോമൻ പ്രവിശ്യയിൽപ്പെട്ട സ്ഥലമായിരുന്നു നിസീബിസ്; അതിനാൽ നിസീബിസിനെ നശിപ്പിക്കുവാൻ പേർഷ്യാക്കാർ എപ്പോഴും ആഗ്രഹിച്ചിരുന്നു. 363-ൽ അന്നത്തെ റോമൻ ചക്രവർത്തിയായ ജോവിയൻ പേർഷ്യയുമായി ഒരു സമാധാന ഉടമ്പടി ഉണ്ടാക്കുകയും നിസീബിസ് പേർഷ്യാക്കാർക്ക് വിട്ടു കൊടുക്കുകയും ചെയ്തു. അന്ധവിശ്വാസികളായ പേർഷ്യാക്കാരുടെ മേൽക്കോയ്മ നിസീബിസിൽ ക്രിസ്തീയ ജീവിതം അസാദ്ധ്യമാക്കി. തന്മൂലം അപ്രേമും ഒരു നല്ല

www.malankaralibrary.com

സംഘം ക്രിസ്ത്യാനികളും റോമൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന എദേസായിലേക്ക് കുടിയേറിപ്പാർത്തു. നിസീബിസിലെ പോലെ എദേസായിലും അപ്രേമിന്റെ നേതൃത്വത്തിൽ ഒരു മതാദ്ധ്യാപനാലയം ഉയർന്നുവന്നു. അപ്രേമിന് പല അബദ്ധസിദ്ധാന്തങ്ങളുമായി ഈ കാലയളവിൽ എതിരിടേണ്ടി വന്നു. അദ്ദേഹത്തിന്റെ പല പ്രസംഗങ്ങളും പാട്ടുകളും, വ്യാഖ്യാനങ്ങളും ഇക്കാലത്തെഴുതിയതാണ്. അങ്ങനെ പത്തുവർഷക്കാലം എദേസായിൽ സമാധാനപരമായ ജീവിതം നയിച്ചശേഷം 373 ജൂൺ 9-ാം തീയതി അപ്രേം മരണം വരിച്ചു.

## പ്രധാന കൃതികൾ

വിശുദ്ധ ഗ്രന്ഥ വ്യാഖ്യാനങ്ങൾ, പദ്യരൂപത്തിലുള്ള പ്രഭാഷണങ്ങൾ (മെമ്രാ), പദ്യകൃതികൾ (മദ്‌രാശാ) എന്നിങ്ങനെ മൂന്നു വിഭാഗങ്ങളായി അപ്രേമിന്റെ കൃതികളെ തരംതിരിക്കാം. ഉല്പത്തി, പുറപ്പാട് എന്നീ പുസ്തകങ്ങൾക്കു നൽകിയിരിക്കുന്ന വ്യാഖ്യാനം ദൈവശാസ്ത്രപരമായി വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അദ്ദേഹത്തിന്റെ ഭാഷ്യകൃതികളിൽ വച്ച് ഏറ്റവും പ്രധാനപ്പെട്ടത് 'ദിയാതെസ്സറോണിന്റെ' (സുവിശേഷസംഗ്രഹം) വ്യാഖ്യാനമാണ്. 'ബർദൈസാനെതിരെയുള്ള പ്രഭാഷണങ്ങൾ' 'മെമ്രാ' എന്ന വിഭാഗത്തിലാണുൾപ്പെടുന്നത്.

അപ്രേമിന്റെ കൂടുതൽ കൃതികളും 'മദ്‌രാശാ'കളാണ്. അദ്ദേഹത്തിന്റെ കവിതകൾക്ക് ഒരോ വരിയിലും ഏഴു സിലബിളുകൾ വീതമാണുള്ളത്. വിശ്വാസ ഗീതങ്ങൾ (Hymns on Faith), നിസിബിയൻ ഗീതങ്ങൾ (Nisibian hymns), കന്യാത്വഗീതങ്ങൾ (Hymns on Virginity), മനുഷ്യാതാരഗീതങ്ങൾ (Hymns on Nativity), പറുദീസാ ഗീതങ്ങൾ (Hymns on Paradise), ഉപവാസ ഗീതങ്ങൾ (Hymns on Fasting), ജൂലിയനെതിരെ (Against Julian), തിരുസഭാഗീതങ്ങൾ (Hymns on the Church), പെസഹാഗീതങ്ങൾ (Hymns on unleavened Bread) എന്നിവയാണ് പ്രധാനപ്പെട്ട പദ്യകൃതികൾ (മദ്‌രാശാ). അവയിൽ ഏറ്റവും വലുത് 82 കീർത്തനങ്ങളുടെ സമാഹാരമായ 'വിശ്വാസഗീത'ങ്ങളാണ്. 77 കീർത്തനങ്ങളുള്ള 'നിസിബിയൻ ഗീത'ങ്ങളെ രണ്ടായി തരംതിരിക്കാം. ഒന്നാം ഭാഗത്ത് (1-34),

www.malankaralibrary.com

നിസിബിസ് പട്ടണത്തെക്കുറിച്ചും അവിടുത്തെ മെത്രാനെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്. രണ്ടാം ഭാഗത്ത് (35-77), മിശിഹായുടെ പാതാള പ്രവേശനത്തെക്കുറിച്ചാണ് വിവരിക്കുന്നത്. 'പറുദീസാഗീത'ങ്ങളിൽ (15 ഗീതങ്ങൾ) സൃഷ്ടിയുടെ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന പറുദീസായുടെ ആന്തരികാർത്ഥം വിശദീകരിക്കുന്നു. പ്രതീകാത്മകമായ വിശദീകരണങ്ങളാണ് അതിൽ കൊടുത്തിരിക്കുന്നത്. ഉത്ഥാനത്തോടുകൂടി മനുഷ്യന്റെ ആത്മാവും ശരീരവും പറുദീസായിൽ പ്രവേശിക്കുന്നുവെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. 'പെസഹാഗീത'ങ്ങളിൽ പഴയനിയമ പെസഹാചരണത്തെക്കുറിച്ചും അതിന്റെ പൂർത്തീകരണമായ ക്രിസ്തുസംഭവത്തെക്കുറിച്ചും പ്രതിപാദിക്കുന്നു.

## പ്രബോധനങ്ങൾ

ജ്ഞാനവാദം, മാനിക്കേയിസം, മാർസിയന്റെ പ്രബോധനങ്ങൾ, ബർദൈസാന്റെ പ്രബോധനങ്ങൾ, ആരിയൻ പാഷണ്ഡത, ആര്യനിസത്തിന്റെ വക്താവായിരുന്ന എവുണോമിയൂസിന്റെ പഠനങ്ങൾ, മറ്റൊരു ആരിയൻ വിഭാഗമായ അനോമെയൻസ് എന്നിവയ്ക്കെതിരെ അപ്രേം നിലകൊണ്ടു. ഈ പാഷണ്ഡതകളുടെ പശ്ചാത്തലത്തിലാണ് അദ്ദേഹം തന്റെ ദൈവശാസ്ത്ര ചിന്തകൾ രൂപപ്പെടുത്തിയത്. ഈ വിഭാഗങ്ങളെല്ലാം അക്കാലത്ത് എദേസ്സായിൽ പ്രബലമായിരുന്നു. വിശുദ്ധ ഗ്രന്ഥത്തിലും സെമിറ്റിക് സംസ്ക്കാരത്തിലും അധിഷ്ഠിതമായ ഒരു ദൈവശാസ്ത്രദർശനം അദ്ദേഹം വികസിപ്പിച്ചെടുത്തു.

പ്രതീകങ്ങളിലൂടെയാണ് അപ്രേം തന്റെ ശ്രോതാക്കൾക്ക് ക്രൈസ്തവവിശ്വാസം വിശദീകരിച്ചുകൊടുത്തിരുന്നത്. അതുകൊണ്ട്, പ്രതീകങ്ങളുടെ ദൈവശാസ്ത്രം (Theology of imagries) എന്ന പേരിലാണ് അപ്രേമിന്റെ ദൈവശാസ്ത്രം അറിയപ്പെടുന്നത്. പ്രതീകങ്ങളെ സൂചിപ്പിക്കുവാൻ 'രഹസ്യം' (Mystery) 'പ്രതിരൂപം (Type) എന്നീ ബൈബിൾ പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. പ്രതീകങ്ങൾ എന്തിനെ സൂചിപ്പിക്കുന്നുവോ, ആ യാഥാർത്ഥ്യങ്ങളെ മുഴുവൻ അവ ഉൾക്കൊള്ളുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. പ്രപഞ്ചം മുഴുവനിലും വി.ഗ്രന്ഥത്തിലും (പഴയനിയമം) മിശിഹാ

www.malankaralibrary.com

യുടെ പ്രതീകങ്ങൾ അദ്ദേഹം ദർശിക്കുന്നു. പ്രപഞ്ചത്തിലും വി. ഗ്രന്ഥത്തിലും നിഗൂഢമായിരിക്കുന്ന വസ്തുതകൾ വെളിപ്പെടുത്തപ്പെട്ടത് ദൈവപുത്രന്റെ മനുഷ്യാവതാരത്തോടെയാണ്. വെളിപാടുകളുടെ മുഴുവൻ മകുടമായി മനുഷ്യാവതാരത്തെ അദ്ദേഹം അവതരിപ്പിക്കുന്നു. പ്രതീകങ്ങൾക്ക് അർത്ഥം കൈവന്നത് ക്രിസ്തുസംഭവത്തിലൂടെയാണ്. അതുകൊണ്ട് 'പ്രതീകങ്ങളുടെ നാഥൻ' എന്നാണ് അപ്രേം മിശിഹായെ വിളിക്കുന്നത്. ആകയാൽ മിശിഹായിലുള്ള വിശ്വാസത്തെ അടിസ്ഥാനമാക്കിയാണ് പ്രതീകങ്ങളെ വ്യാഖ്യാനിക്കേണ്ടത്.

മനുഷ്യന്റെ ജീവിത സാഹചര്യങ്ങളിൽ നിന്നും വിവിധ നാമങ്ങൾ സ്വീകരിച്ച് ദൈവം സ്വയം വെളിപ്പെടുത്തുന്നുവെന്ന് അപ്രേം ഉദ്ബോധിപ്പിക്കുന്നു. അതായത്, മനുഷ്യനു മനസ്സിലാകുന്ന ഭാഷയിലാണ് ദൈവം അവനോടു സംസാരിക്കുന്നത്. മനുഷ്യന്റെ തലത്തിലേക്കുള്ള ദൈവത്തിന്റെ ഇറങ്ങിവരവായിട്ടാണ് അദ്ദേഹം ഇതിനെ അവതരിപ്പിക്കുന്നത്. 'നാമങ്ങളുടെ ദൈവശാസ്ത്രം' എന്നു പണ്ഡിതന്മാർ ഇതിനെ വിശേഷിപ്പിക്കുന്നു.

**മനുഷ്യസൃഷ്ടിയും സമുദ്ധാരണവും**

ദൈവം മനുഷ്യനെ സൃഷ്ടിച്ചത് തന്റെ ഛായയിലും സാദൃശ്യത്തിലുമാണ് (ഉല്പ. 1:26). അതിനാൽ മറ്റു സൃഷ്ടവസ്തുക്കളെക്കാൾ എല്ലാം ശ്രേഷ്ഠനാണ് മനുഷ്യൻ. സൃഷ്ടാവിന്റെ ശക്തി എല്ലാ വസ്തുക്കളിലും ഉള്ളതുപോലെ അതേ ഛായയിലും സാദൃശ്യത്തിലുമുള്ള മനുഷ്യന്റെ ശക്തിയും മറ്റു വസ്തുക്കളിലുണ്ട്. കൂടാതെ അപ്രേം പറയുന്നു, മനുഷ്യൻ സ്വീകരിച്ചിരിക്കുന്നത് ദൈവിക ദാനങ്ങൾകൊണ്ട് നിറഞ്ഞ ഒരാത്മാവിനെയാണ്. ഇതിനും പുറമേ മനുഷ്യന് അവൻ ഇച്ഛിക്കുന്നതു പ്രവർത്തിക്കുവാനും അതുപോലെ സ്വയം നിയന്ത്രിക്കാനും കഴിയും.

ഇത്ര സമുന്നതസ്ഥാനം അലങ്കരിക്കുന്ന മനുഷ്യൻ പാപം മൂലം അധഃപതിച്ചു. നിയമ ലംഘനംമൂലം ആദം പാപത്തെ ലോകത്തിൽ വ്യാപിപ്പിച്ചുവെങ്കിൽ ക്രിസ്തു തന്റെ രക്ഷാകരപ്രവർത്തനങ്ങളായ സഹനവും കുരിശുമരണവും ഉയിർപ്പും വഴി സമുദ്ധാരണം സാധിച്ചുവെന്ന് അപ്രേം ദൃഢമായി വിശ്വസിച്ചുപോന്നു.

www.malankaralibrary.com

**മാമോദീസാ**

യോർദ്ദാനിലെ മാമോദീസായെ അടിസ്ഥാനമാക്കിയാണ് ക്രൈസ്തവ മാമോദീസായുടെ അർത്ഥം അപ്രേം വിവരിക്കുന്നത്. യോർദ്ദാൻ നദിയിൽവച്ച് ഈശോയുടെ മേൽ ആവസിച്ച പരിശുദ്ധാത്മാവ് മാമോദീസായിലൂടെ തന്റെ പ്രവർത്തനങ്ങൾ തുടരുന്നു. മാമോദീസാ ജലത്തിൽ പരിശുദ്ധാത്മാവ് പ്രവർത്തനനിരതമാണെന്നതിന്റെ തെളിവായിട്ടാണ് യോർദ്ദാനിലെ മാമോദീസായെ അവതരിപ്പിക്കുന്നത്. മാമോദീസാതൊട്ടിയിൽ അഗ്നിയിലും പരിശുദ്ധാത്മാവും അധിവസിക്കുന്നുവെന്ന് അദ്ദേഹം ആവർത്തിച്ചു. മാമോദീസായിലൂടെ നടക്കുന്ന ആത്മാവിന്റെ വിശുദ്ധീകരണ പ്രക്രിയയാണ് ഇതു സൂചിപ്പിക്കുന്നത്.

ജലത്താലും അരൂപിയാലും 'മഹത്വത്തിന്റെ വസ്ത്രം' (Robe of glory) നമ്മൾ ധരിക്കുന്നുവെന്നും മാമോദീസായെക്കുറിച്ചുള്ള വിവരണത്തിൽ അപ്രേം വ്യക്തമാക്കുന്നു. മാമോദീസായിലൂടെ നൽകപ്പെടുന്ന മഹത്വത്തിന്റെ വസ്ത്രം മിശിഹായെയാണ് സൂചിപ്പിക്കുന്നത്. ആദ്യമനുഷ്യൻ നഷ്ടമാക്കിയ മഹത്വത്തിന്റെ വസ്ത്രം മാമോദീസായിലൂടെ നമുക്കു തിരികെ ലഭിക്കുന്നു. ഉത്ഥാനത്തിലൂടെ എല്ലാ നീതിമാന്മാരും മഹത്വത്തിന്റെ വസ്ത്രം വീണ്ടും ധരിച്ചു മണവറയിലേക്കു കയറും എന്ന് തുടർന്നു വ്യക്തമാക്കുന്നു.

**വിശുദ്ധ കുർബ്ബാന**

മിശിഹായുടെ വിലാവിൽ നിന്നു പുറപ്പെട്ട രക്തം (യോഹ. 19:34) കുർബ്ബാനയുടെയും മാമോദീസായുടെയും പ്രതീകങ്ങളാണെന്ന് അപ്രേം പഠിപ്പിക്കുന്നു. കുർബ്ബാനയെക്കുറിച്ചു പഠിപ്പിക്കുമ്പോൾ മറ്റു പല പ്രതീകങ്ങളും അദ്ദേഹം ഉപയോഗിക്കുന്നുണ്ട്. ഉദാഹരണമായി, ജീവന്റെ വൃക്ഷത്തിന്റെ ഫലമായും, ജീവൻ നൽകുന്ന ഔഷധമായും (Medicine of life), മുത്തായും (Pearl) കുർബ്ബാനയെ അവതരിപ്പിക്കുന്നു. മനുഷ്യാവതാരത്തിന്റെ ഫലങ്ങൾ ഇന്നു കുർബ്ബാനയിലൂടെയാണു നമുക്കു ലഭിക്കുന്നത്. അതുകൊണ്ട്, വി. കുർബ്ബാനയെ 'രക്ഷയുടെ കാസ' എന്നാണ് അപ്രേം വിളിക്കുന്നത്. മിശിഹായുടെ മനുഷ്യത്വം ദൈവത്വത്തെ സംവഹിച്ചതുപോലെ, അപ്പവും വീഞ്ഞും അവിടുത്തെ ദൈവത്വത്തെ സംവഹിക്കുന്നു.

www.malankaralibrary.com

ഈശോയെ നിത്യപെസഹാക്കുഞ്ഞാടായും വി. കുർബ്ബാനയെ പുതിയനിയമ പെസഹായായും അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്. അന്ത്യത്താഴം, കുരിശിലെ ബലി, കുർബ്ബാന എന്നീ കാര്യങ്ങൾ പരസ്പരം ബന്ധപ്പെടുത്തിയാണ് അവതരിപ്പിച്ചിരിക്കുന്നത്.

ഏശയ്യാ പ്രവാചകനെ വിശുദ്ധീകരിച്ച 'തീക്കനൽ' (ഏശയ്യാ 6:6) കുർബ്ബാനയുടെ പ്രതീകമാണെന്ന് ആദ്യമായി പഠിപ്പിച്ചത് അപ്രേമാണ്. പിന്നീട്, പൗരസ്ത്യ ആരാധനക്രമങ്ങളിൽ അത് ഒരു പ്രതീകമായി ഉപയോഗിച്ചുതുടങ്ങി (ഉദാഹരണമായി മലങ്കര കുർബ്ബാനക്രമം). കുർബ്ബാനയാകുന്ന തീക്കനലിനെ ഒരു മഹാ അത്ഭുതമായിട്ടാണ് അദ്ദേഹം കണക്കാക്കുന്നത്. കുർബ്ബാനയുടെ മാത്രമല്ല, മിശിഹായുടെ തന്നെ പ്രതീകമാണ് തീക്കനലെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പരിശുദ്ധാത്മാവിന്റെ കുർബ്ബാനയിലുള്ള സാന്നിദ്ധ്യം പ്രകടമാക്കുവാനാണ് 'തീക്കനൽ' എന്ന പ്രതീകം ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. മനുഷ്യാവതാര ത്തിലും (ലൂക്കാ 1:35) യോർദ്ദാനിലെ മാമോദീസായിലും പ്രവർത്തന നിരതമായിരുന്ന പരിശുദ്ധാത്മാവ് ഇന്ന് മാമോദീസായിലൂടെയും കുർബ്ബാനയി ലൂടെയും തന്റെ പ്രവർത്തനങ്ങൾ തുടരുന്നു.

## 3. എദേസായിലെ റാബുള (350–436)

എ.ഡി. 350-ൽ കെറോസറിൽ വിഗ്രഹാരാധകരായ മാതാപിതാക്കളിൽ നിന്ന് റാബുളാ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം അദ്ദേഹം സിവിൽ സർവ്വീസിൽ ചേർന്നു. 400-ൽ റാബുളാ യോർദ്ദാൻ നദിയിൽവച്ച് മാമോദീസാ സ്വീകരിച്ചു. പിന്നീട് അദ്ദേഹം സന്യാസജീവിതം തെരഞ്ഞെടുത്തു. 412-ൽ ഡയോജനിസിന്റെ (Diogenes) പിൻഗാമിയായി എദേസായിലെ മെത്രാനായി. മെത്രാനെന്ന നിലയിൽ യഹൂദരെ ശിഷ്യപ്പെടുത്തുന്നതിനും അതുപോലെ സഭാശുത്രുക്കൾക്കെതിരായി പടപൊരുതുന്നതിനും അദ്ദേഹം വളരെ യത്നിച്ചു. വൈദികരുടെയും സന്യാസികളുടെയും ആദ്ധ്യാത്മിക പുനരുദ്ധാരണത്തിലായിരുന്നു അദ്ദേഹത്തിന്റെ മുഖ്യശ്രദ്ധ. തന്റെ തന്നെ വൈദികരിൽ നിന്നും റാബുളാക്ക് എതിർപ്പുകളുണ്ടായി. എഫേസൂസ് (431) സൂനഹദോസിൽ അദ്ദേഹം സിറിളിന്റെ പക്ഷത്തായിരുന്നു. റാബുളായുടെ ജീവിത സായാഹ്നത്തിൽ (412–435)

www.malankaralibrary.com

ആണ് നെസ്തോറിയനിസത്തെ റാബുളാ ശക്തിയായി അപലപിക്കുന്നത്. അദ്ദേഹം വി. അപ്രേമിന്റെ സഹപ്രവർത്തകനായിരുന്നു. 436-ൽ റാബുളാ നിര്യാതനായി.

### കൃതികൾ

രണ്ടു നിയമസംഹിതകൾ (Rules of Life for Clergy and Monks) പുരോഹിതർക്കായും സന്യാസികൾക്കായും യഥാക്രമം എഴുതി. അതുപോലെ പട്ടാഭിഷേകക്രമവും. ഇവയെല്ലാം സുറിയാനിഭാഷയിലാണ് എഴുതിയിരുന്നത്. അദ്ദേഹത്തിന്റെ ക്രിസ്തുവിജ്ഞാനിയ പ്രസംഗങ്ങളും ചരമപ്രസംഗങ്ങളും പ്രസിദ്ധങ്ങളാണ്. നെസ്തോറിയൻ പാഷണ്ഡതക്കെതിരായി ഒരു പ്രസംഗസമാഹാരവും അദ്ദേഹം എഴുതിയിട്ടുണ്ട്. അലക്സാൻഡ്രിയായിലെ വിശുദ്ധ സിറിലിന്റെ 'ശരിയായ വിശ്വാസത്തെക്കുറിച്ച്' (On the Right Faith) എന്ന കൃതി റാബുളാ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. റാബുളാ എഴുതിയതാണെന്ന് കരുതപ്പെടുന്ന 40 കത്തുകളും ഏതാനും ചില കീർത്തനങ്ങളും ഭാഗികമായി കണ്ടുകിട്ടിയിട്ടുണ്ട്.

## 4. മാർ ബാലായ് (4-5 നൂറ്റാണ്ട്)

നാലാം നൂറ്റാണ്ടിന്റെ രണ്ടാം ഘട്ടത്തിലാണ് ബാലായ് ജനിച്ചത്. ആലെപ്പോയിൽ നിന്നുള്ള ഒരു കോർ-എപ്പിസ്ക്കോപ്പായായിരുന്നുദ്ദേഹം. അതുപോലെ മാർ അപ്രേമിന്റെ ശിഷ്യനായിരുന്നു ബാലായ്. ഇദ്ദേഹം എഴുതിയ സുറിയാനി കീർത്തനങ്ങൾ അന്ത്യോക്യൻ ആരാധനാക്രമത്തിൽ ഇന്നും കാണുന്നുണ്ട്. വിശുദ്ധ കുർബ്ബാനയിലുള്ള ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തിന് സാക്ഷിയാണ് ബാലായ്. അതുപോലെ, സഭാസ്നേഹിയുമായിരുന്നു അദ്ദേഹം. ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടെന്നു വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു.

### കൃതികൾ

കവിതകൾ വഴിയാണ് ബാലായ് തന്റെ ആശയങ്ങൾ ആവിഷ്ക്കരിച്ചത്. സാദൃശ്യങ്ങളും ഉപമകളും ഈ കവിതകളിൽ ധാരാളമായി ഉപയോഗിച്ചിരുന്നു. 'ഹെൻ ലെഗാട്ടായേ' (Haen Lehattayae) എന്ന കവിതയിൽ യൗസേപ്പിന്റെ ചരിത്രം വിവരിക്കുന്നു.

www.malankaralibrary.com

'മോശയ്ക്കും അഹറോനും വിട' (Farewell of Mosses and Aron) ആണ് മറ്റൊരു പ്രധാന കൃതി.

## 5. നിസിബിസിലെ നർസായി (399–502)

'കിഴക്കിന്റെ സഭ' എന്ന പേരിലറിയപ്പെടുന്ന പേർഷ്യൻ സാമ്രാജ്യത്തിലെ സഭയുടെ ചരിത്രത്തിലെ പ്രമുഖ ചിന്തകരിലൊരാളാണ് നർസായി. ഈ സഭയുടെ ദൈവശാസ്ത്രദർശനങ്ങൾക്ക് ശാശ്വതമായ അടിത്തറ പാകിയ പ്രബോധകരിലൊരാളാണ് അദ്ദേഹം. സുറിയാനി എഴുത്തുകാരിൽ നർസായിയേക്കാൾ മുൻപന്തിയിൽ നിൽക്കുന്നത് അഫ്രേം മാത്രമേയുള്ളൂ എന്നത് ഒരു വസ്തുതയാണ്. 'പൗരസ്ത്യദിക്കിന്റെ ജിഹ്വാ' (The Tongue of the East), 'ക്രൈസ്തവമതത്തിന്റെ കവി'(The Poet of the Christian Religion), 'പരിശുദ്ധാത്മാവിന്റെ വീണ' (The Harp of the Holy Spirit) എന്നിങ്ങനെ നർസായി പിൽക്കാലങ്ങളിൽ വിശേഷിപ്പിക്കപ്പെട്ടിരുന്നു.

ഉദ്ദേശം 399-ൽ നർസായ് കുർദ് മലകളുടെ പ്രാന്തപ്രദേശത്തുള്ള 'ഐൻദുൽബ' എന്ന സ്ഥലത്ത് ജനിച്ചു. എദേസായിലെ മതാദ്ധ്യാപനാലയത്തിൽ നിന്നാണ് അദ്ദേഹം ശിക്ഷണം സ്വീകരിച്ചത്. 437-ൽ നർസായി തന്നെ ആ വിദ്യാകേന്ദ്രത്തിന്റെ അദ്ധ്യക്ഷനായി എന്നു കാണുമ്പോൾ, അദ്ദേഹത്തിന്റെ മഹത്വം എത്ര ഉന്നതമായിരുന്നുവെന്ന് നമുക്ക് ഊഹിക്കാമല്ലോ. അദ്ദേഹം മൊപ്സുവെസ്ത്യായിലെ തെയദോറിന്റെ ഒരു മികച്ച ആരാധകനും ശിഷ്യനുമായിരുന്നു. 457-ൽ എദേസാ വിട്ട് നിസീബിസിലെത്തിയ നർസായ്, ബാർസൗമ (Barsauma) എന്ന മെത്രാന്റെ നിർദ്ദേശപ്രകാരം അവിടെ മതാദ്ധ്യാപനാലയം തുടങ്ങി. 103-ാമത്തെ വയസ്സിൽ (502), നർസായി മരിക്കുന്നതുവരെ 40 വർഷക്കാലം ഈ വിദ്യാപീഠം അദ്ദേഹം നയിച്ചു.

### കൃതികൾ

ഗദ്യത്തിലും പദ്യത്തിലുമായി കൃതികൾ രചിച്ച പണ്ഡിതനായ ഒരു എഴുത്തുകാരനായിരുന്നു നർസായ്. അദ്ദേഹം വേദപുസ്തകപരവും, ദൈവശാസ്ത്രപരവും, ആരാധനാക്രമപരവും, സന്മാർഗ്ഗപരവുമായ വിഷയങ്ങൾ പ്രതിപാദനവിഷയങ്ങളാക്കി.

www.malankaralibrary.com

അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്യകൃതി 12 വാല്യങ്ങളിലായി എഴുതിയിട്ടുള്ള 360 പ്രഭാഷണങ്ങളാണ്. ബൈബിൾ വ്യാഖ്യാനങ്ങൾ, മാമോദീസാ വി. കുർബാന എന്നിവയെപ്പറ്റിയുള്ള പഠനങ്ങൾ, അദ്ദേഹം തന്നെ രൂപംകൊടുത്ത ഒരു കുർബ്ബാന ടെക്സ്റ്റ് എന്നിവയെല്ലാം പ്രധാനപ്പെട്ട കൃതികളാണ്. കൂടാതെ പൗരസ്ത്യ സുറിയാനിയിൽ ഏതാനും പ്രാർത്ഥനകളും ഒരു ശവസംസ്ക്കാര ക്രമവും നർസായ് രചിക്കുകയുണ്ടായി.

ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങൾ ഉണ്ടെന്നും ഇവ സ്നേഹം മൂലം ഒരു വ്യക്തിയിൽ യോജിച്ചിരിക്കുന്നുവെന്നും നർസായ് വിശ്വസിച്ചിരുന്നു. ഈ ഏക സത്ത ഒരു വിഭജനത്തിനും വേർപെടുത്താവുന്നതല്ല. ക്രിസ്തു ഒരേ സമയം ദൈവവും മനുഷ്യനുമാണ്.

## 6. സാറൂഗിലെ വി. യാക്കോബ് (451–521)

പാശ്ചാത്യസുറിയാനി സഭാപാരമ്പര്യത്തിലെ പ്രമുഖ ദൈവശാസ്ത്ര ചിന്തകരിലൊരാളാണ് സിറിയായിലെ സാറൂഗ് പ്രവിശ്യയിൽപ്പെട്ട ബത്നാൽ എന്ന സ്ഥലത്തെ മെത്രാനായിരുന്ന യാക്കോബ്. യൂഫ്രട്ടീസ് തീരത്തുള്ള കുർത്താമിൽ (Curtam) ഏ.ഡി.451–ൽ അദ്ദേഹം ജനിച്ചു. ഒരു പേഗൻ വൈദികനായിരുന്നു യാക്കോബിന്റെ പിതാവ്. പ്രസിദ്ധമായ എദേസൻ മതാദ്ധ്യാപനാലയത്തിൽ നിന്നാണ് അദ്ദേഹത്തിന് ശിക്ഷണം ലഭിച്ചത്. ഇരുപത്തിരണ്ടാമത്തെ വയസ്സിൽ 5 മെത്രാന്മാരുടെ സാന്നിദ്ധ്യത്തിൽ വച്ച് അദ്ദേഹത്തിന്റെ വിശ്വാസം പരീക്ഷിക്കപ്പെട്ടതായി പറയുന്നു. പിൽക്കാലത്ത് അദ്ദേഹം ഒരു സന്യാസിയായിത്തീർന്നു. 502–ൽ അദ്ദേഹം കോറെപ്പിസ്കോപ്പായായി ഉയർത്തപ്പെട്ടു. 519–ൽ 68–ാമത്തെ വയസ്സിൽ ബത്നാനിലെ മെത്രാനായി വാഴിക്കപ്പെട്ടു. 521–ൽ മാർ യാക്കോബ് കാലം ചെയ്തു.

### കൃതികൾ

ഗദ്യത്തിലും പദ്യത്തിലുമായി ധാരാളം സാഹിത്യകൃതികൾ യാക്കോബ് രചിച്ചിട്ടുണ്ട്. 22–ാമത്തെ വയസ്സിൽ അദ്ദേഹം ദൈവശാസ്ത്രഗ്രന്ഥങ്ങൾ രചിച്ചുതുടങ്ങി. യാക്കോബിന്റേതായി 195 പ്രസംഗങ്ങൾ കണ്ടു കിട്ടിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടത്,

www.malankaralibrary.com

ക്രിസ്തുവിന്റെ പീഡാനുഭവം, വിശ്വാസവും സൗഭാഗ്യങ്ങളും, ശുദ്ധീകരണസ്ഥലം, ശവസംസ്ക്കാരകർമ്മം എന്നിവയെക്കുറിച്ചുള്ളവയാണ്.

എവാഗ്രിയൂസ് പൊന്തിക്കൂസിന്റെ 'ആറു നൂറ്റാണ്ടുകൾ' (Six centuries) എന്ന കൃതി അദ്ദേഹം വിവർത്തനം ചെയ്തിട്ടുണ്ട്.

പുതിയനിയമ-പഴയനിയമ വ്യാഖ്യാനങ്ങൾ, കൂദാശകൾ, മരിച്ചവരുടെ ഓർമ്മ എന്നീ ഗദ്യലിഖിതങ്ങളിൽ യാക്കോബിന്റെ മനഃശാസ്ത്രപരമായ ജ്ഞാനവും അതുപോലെ അഗാധമായ വികാരവായ്പും വ്യക്തമായി പ്രതിഫലിക്കുന്നു. ആദ്യകാല മരിയ ശാസ്ത്രത്തിന്റെ വികാസത്തിന് അദ്ദേഹത്തിന്റെ പഠനങ്ങൾ വളരെ വിലപ്പെട്ടതാണ്.

മാറോനീത്താ റീത്തിൽ വി. യാക്കോബിന്റെ അനാഫൊറ ഉപയോഗിച്ചുവരുന്നു. വി. കുർബ്ബാന, മാമോദീസാ, സ്ഥൈര്യലേപനം എന്നിവയുടെ ക്രമങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. മാർ യാക്കോബ് രചിച്ച ഗീതങ്ങൾ പാശ്ചാത്യ സുറിയാനി സഭയിൽ ഇന്നും ഉപയോഗത്തിലുണ്ട്.

**യുഗാന്ത്യവീക്ഷണം**

മരണശേഷം ആത്മാവ് ഷിയോളിൽ (Sheol) അന്തിമ ഉയിർപ്പുവരെ ഉറങ്ങുകയാണെന്ന് യാക്കോബ് പഠിപ്പിച്ചു. മരണംവഴി നിശബ്ദരാക്കപ്പെടുന്നതുവരെ ഒരോ മനുഷ്യനും ദൈവത്തെ പാടി സ്തുതിക്കുവാൻ ബാദ്ധ്യസ്ഥനാണെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചിട്ടുണ്ട്. മരണശേഷം ആത്മാവിന്റെ ദൈവത്തിങ്കലേക്കുള്ള യാത്ര തീക്കടലിന്റെ മുകളിൽ കൂടിയാണെന്നും അപകടം നിറഞ്ഞ ഈ യാത്രയിൽ മാലാഖമാരുടെയും മാമോദീസാ, കുർബ്ബാന എന്നീ കൂദാശകളുടെയും സദ്പ്രവൃത്തികളുടെയും സഹായം ആത്മാവിനു ഉപകാരമായി ഭവിക്കുമെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു.

മരണസമയത്തു തന്നെ നല്ലവനു സമ്മാനവും ദുഷ്ടനു ശിക്ഷയും ലഭിക്കും. തിന്മകൾ ചെയ്തവർ മരിക്കുമ്പോൾ വലുതും ഭയാനകവുമായ കുഴിയിലേക്കു നിപതിക്കും - സത്പ്രവൃത്തികൾ ചെയ്തവർ ദൈവത്തോടു ചേരുകയും സ്വർഗ്ഗഭാഗ്യം അനുഭവിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

## 7. മാബൂഗിലെ ഫീലേക്സീനൂസ് (435–523)

435–ൽ പേർഷ്യൻ പ്രവിശ്യമായ താഹാലിൽ അദ്ദേഹം ജനിച്ചു. എദേസായിലാണ് ഫീലേക്സീനൂസ് വിദ്യ അഭ്യസിച്ചത്. അവിടെ വച്ചു തന്നെ അദ്ദേഹം നെസ്തോറിയനിസത്തോട് എതിർപ്പുള്ളവ നായി. 485–ൽ ഫീലേക്സീനൂസ് മാബൂഗിലെ മെത്രാനായി. 498 മുതൽ 512 വരെ അന്ത്യോക്യായിലെ പാത്രിയർക്കീസായിരുന്ന ഫ്ളാവിയനുമായി ദൈവശാസ്ത്രപരമായ വിയോജിപ്പുണ്ടായിരുന്നു അദ്ദേഹത്തിന്. ജസ്റ്റിൻ ഒന്നാമൻ ചക്രവർത്തി ഏകസ്വഭാവവാദി കളായ മെത്രാന്മാരോടൊപ്പം 518–ൽ ഫീലേക്സിനുസിനേയും നാടുകടത്തി. ഗാങ്റായിൽ വച്ച് (Gangra) 423–ൽ അദ്ദേഹം വധിക്ക പ്പെട്ടു.

### കൃതികൾ

ഒരു പ്രസിദ്ധ വേദപുസ്തക വ്യാഖ്യാതാവാണ് ഫീലേക്സീ നുസ്. അദ്ദേഹമെഴുതിയ മത്തായിയുടെയും ലൂക്കായുടെയും യോഹന്നാന്റെയും വ്യാഖ്യാനങ്ങൾ ഇന്നു നിലവിലുണ്ട്. ഗ്രീക്ക് സെപ്ത്വജിന്റ് ബൈബിൾ അദ്ദേഹം സുറിയാനിയിലേക്ക് വിവർ ത്തനം ചെയ്യുകയുണ്ടായി. പഴയനിയമത്തിലെയും പുതിയനിയമ ത്തിലേയും വിവർത്തനം ചെയ്ത ചില ഭാഗങ്ങൾ ഇന്നു ലഭ്യമാണ്.

ത്രിത്വത്തെ സംബന്ധിക്കുന്ന ഫീലേക്സിനുസിന്റെ മൂന്നു കൃതികൾ, മനുഷ്യാവതാരത്തെ സംബന്ധിക്കുന്ന കൃതികൾ, ധാർമ്മികവും ആദ്ധ്യാത്മിക വീക്ഷണം ഉൾക്കൊള്ളുന്നതുമായ ചില കത്തുകൾ ഇവ വിലപ്പെട്ടതുതന്നെ. കൂടാതെ ക്രിസ്തീയ ജീവിത ത്തെ സംബന്ധിച്ച് (On Christian LIfe) 13 പ്രസംഗങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്.

### പ്രബോധനങ്ങൾ

കൃതികളിലൂടെയും പ്രസംഗങ്ങളിലൂടെയും അദ്ദേഹത്തിന്റെ ആശയങ്ങൾ തെളിഞ്ഞുകാണാം.

ഒരു തികഞ്ഞ ദൈവശാസ്ത്രജ്ഞനായിരുന്നു ഫീലേക്സി നുസ്. ബുദ്ധിക്ക് (Reason) ദൈവശാസ്ത്രത്തിൽ അമിത പ്രാധാന്യം കൊടുക്കുന്നതിനോട് അദ്ദേഹം എതിരായിരുന്നു. ക്രിസ്തുവിജ്ഞാ

www.malankaralibrary.com

നീയമായിരുന്നു അദ്ദേഹത്തിന്റെ കാതലായ സംഭാവന. ഏറ്റവും കൂടുതൽ പ്രബോധനങ്ങൾ നൽകിയതും ഈ വിഷയത്തിൽ തന്നെയാണ്. വചനം മാംസമായി തീർന്നു എന്ന മഹാരഹസ്യത്തെക്കുറിച്ച് അദ്ദേഹം ആഴമായി ചിന്തിക്കുകയും പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ക്രിസ്തുവിനും പരിശുദ്ധ ത്രിത്വത്തിനും ഒരേ വാക്കുകൾ ഉപയോഗിച്ചാണ് ഫിലേക്സിനുസ് വിവരിക്കുക. അദ്ദേഹം മറിയത്തെ ദൈവമാതാവായാണ് കണക്കാക്കിയിരുന്നത്.

## 8. നിനിവെയിലെ ഇസഹാക്ക് (7-ാം നൂറ്റാണ്ട്)

ഏഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന നിനിവെയിലെ ഇസഹാക്ക് സുറിയാനി സഭാപാരമ്പര്യത്തിലെ പ്രമുഖ ആദ്ധ്യാത്മിക ചിന്തകനാണ്. ഇസഹാക്ക് ഖത്തറിൽ ജനിച്ചു. ഗീവർഗ്ഗീസ് കാതോലിക്കോസ് (661-680/1) അദ്ദേഹത്തെ 676-ൽ കുർദിസ്ഥാനിലെ ബേത്-ആബേ ആശ്രമത്തിൽവച്ച് നിനവെ മെത്രാനായി വാഴിച്ചു. അഞ്ചു മാസങ്ങൾക്കുശേഷം മെത്രാൻ സ്ഥാനം രാജിവച്ച് ഖുസിസ്ഥാൻ മലകളിൽ ഏകാന്തവാസം നയിച്ചു. പ്രായമായപ്പോൾ റമ്പാൻ ഷപ്പൂറിന്റെ ആശ്രമത്തിലേക്ക് താമസം മാറ്റി. കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ട് അവിടെവച്ച് മരിച്ചു.

### കൃതികൾ

പൗരസ്ത്യ സുറിയാനി സഭയിൽപ്പെട്ട ആളായിരുന്നെങ്കിലും ഇസഹാക്കിന്റെ കൃതികൾ എല്ലാ സുറിയാനിക്കാരുടെയും ഇടയിൽ പ്രചരിച്ചു. സുറിയാനിയിൽ നിന്ന് ഗ്രീക്ക്, അറബി, ജോർജിയൻ, എത്യോപ്യൻ, സ്ലാവിക് ഭാഷകളിലേക്ക് അവ വിവർത്തനം ചെയ്യപ്പെട്ടു. എവാഗ്രിയസ്, മക്കാരിയുസ് എന്നിവരിൽനിന്ന് ഇസഹാക്ക് സ്വാധീനം സ്വീകരിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ കൃതികൾ മരണശേഷം രണ്ടു ഭാഗങ്ങളായി ക്രോഡീകരിച്ചിട്ടുണ്ട്. ഒന്നാം ഭാഗമാണ് പരക്കെ പ്രചരിച്ചിരിക്കുന്നത്. 82 പ്രസംഗങ്ങളുടെ സമാഹാരമാണ് ഒന്നാം ഭാഗം. ഒൻപതാം നൂറ്റാണ്ടിൽ ഇത് ഗ്രീക്കിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. വി. സാബാസിന്റെ ലൗറായിലെ രണ്ടു സന്യാസികളായ പത്രിക്കിയോസ്, അബ്രാമിയോസ് എന്നിവരാണ് ഈ വിവർത്തനം നടത്തിയത്. വി.

www.malankaralibrary.com

തെയോഫാൻ റഷ്യൻ ഭാഷയിലുള്ള തന്റെ ഫിലോക്കാലിയായിൽ ഇതിൽ നിന്നുളള ചില ഭാഗങ്ങൾ ചേർത്തിട്ടുണ്ട്. രണ്ടാം ഭാഗം 1983-ൽ കണ്ടുപിടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ 41 അദ്ധ്യായ ങ്ങളുണ്ട്. മൂന്നാം അദ്ധ്യായത്തിന് നാലു സെഞ്ചുറികളുണ്ട്. ഇതിനും പുറമേ 'കൃപയുടെ ഗ്രന്ഥം' എന്നൊരു കൃതിയും ഇസഹാക്കിന്റെ തായി അറിയപ്പെടുന്നു. കൂടാതെ അദ്ദേഹം ആദ്ധ്യാത്മിക ജീവിതം, വി.കൂദാശകൾ, ന്യായവിധി, ദൈവപരിപാലന എന്നിവയെക്കുറിച്ച് ഏഴു വാല്യങ്ങളെഴുതിയെന്ന് നിനിവെയിലെ അബ്ദീശോ അഭിപ്രായപ്പെടുന്നു.

### പ്രബോധനങ്ങൾ

അനുതാപത്തിന്റെ ആവശ്യകതയെക്കുറിച്ച് ഇസഹാക്ക് ഉദ്ബോധിപ്പിക്കുന്നു. രണ്ടാമത്തെ ജനനം എന്നാണ് അദ്ദേഹം അനുതാപത്തെ വിശേഷിപ്പിക്കുന്നത്. അനുതാപമാകുന്ന കവാടത്തി ലൂടെയാണ് ഒരുവൻ ദൈവസന്നിധിയിൽ പ്രവേശിക്കുന്നത്. മനുഷ്യമനസ്സിൽ അനുഭവവേദ്യമാകുന്ന അനന്തശാന്തതയെക്കുറിച്ച് അദ്ദേഹം വിവരിക്കുന്നുണ്ട്. ഈ അവസ്ഥയിൽ ഒരുവൻ എത്തി ച്ചേരുമ്പോൾ, എല്ലാ ഭൗതിക ചിന്തകൾക്കും അവൻ അതീതനായി ത്തീരുന്നു.

തന്റെ കൃതികളിലുടനീളം ദൈവസ്നേഹത്തിന്റെ പ്രാധാന്യം ഇസഹാക്ക് ഉയർത്തിക്കാട്ടിയിട്ടുണ്ട്. ക്രിസ്തുവിന്റെ മനുഷ്യാവതാര ത്തെയും ക്രൂശുമരണത്തേയും, മനുഷ്യവംശത്തോടുള്ള സ്നേഹ ത്തിന്റെ പ്രകാശനമായി അദ്ദേഹം അവതരിപ്പിക്കുന്നു. നമ്മൾ പ്രാർത്ഥനയിലൂടെയാണ് ദൈവസ്നേഹം സ്വായത്തമാക്കുന്നത്. സ്നേഹം കണ്ടെത്തുന്നവൻ മിശിഹായെ തന്നെ ഭക്ഷിക്കുന്നു. അതിലൂടെ മനുഷ്യൻ അമർത്യനായിത്തീരുന്നു. ദൈവസ്നേഹ മാകുന്ന തുറമുഖത്ത് എത്തിച്ചേരുവാൻ ദൈവഭയം നമ്മേ സഹായിക്കുന്നു. സ്നേഹം സ്വായത്തമാക്കുമ്പോഴാണ് ഒരുവൻ ദൈവത്തെ പ്രാപിക്കുന്നത്.

ദൈവസ്നേഹം, എളിമ എന്നീ പുണ്യങ്ങളെ പരസ്പരം കോർ ത്തിണക്കിയാണ് ഇസഹാക്ക് അവതരിപ്പിക്കുന്നത്. എളിമ എല്ലാ പുണ്യങ്ങളേയും ഉൾക്കൊള്ളുന്നു. യഥാർത്ഥ എളിമയേയും കപട

www.malankaralibrary.com

എളിമയേയും അദ്ദേഹം വേർതിരിക്കുന്നുണ്ട്. ആത്മാവിൽനിന്നും നിർഗളിക്കുന്ന എളിമയാണ് യഥാർത്ഥ എളിമ.

ശരിയായ തീരുമാനങ്ങളെടുക്കുവാൻ ദൈവസഹായം ആവശ്യമാണെന്ന് ഇസഹാക്ക് പഠിപ്പിക്കുന്നു. നിരന്തരമായ പ്രാർത്ഥനയുടെ ആവശ്യകത, അതുകൊണ്ട് അദ്ദേഹം ഊന്നിപ്പറയുന്നു. ദൈവേഷ്ടമനുസരിച്ചു പ്രവർത്തിക്കുവാൻ പ്രാർത്ഥനയിലൂടെ മാത്രമേ മനുഷ്യനു കഴിയുകയുള്ളൂ. ധ്യാനാത്മകമായ വി.ഗ്രന്ഥപാരായണവും പ്രാർത്ഥനയ്ക്കൊപ്പം അദ്ദേഹം നിർദ്ദേശിക്കുന്നുണ്ട്. അപ്പോഴാണ് പ്രാർത്ഥന കൂടുതൽ ഫലവത്തായിത്തീരുന്നത്. മാത്രമല്ല, പ്രാർത്ഥനയിലൂടെ മനസ്സ് കൂടുതൽ പ്രകാശിതമായിത്തീരുന്നു. പ്രാർത്ഥനയിലൂടെ ആത്മീയ ഉൾക്കാഴ്ചയുടെ വാതിൽ തുറക്കപ്പെടുന്നുവെന്ന് ഇസഹാക്ക് പഠിപ്പിക്കുന്നു.

***

www.malankaralibrary.com

# സഹായക ഗ്രന്ഥങ്ങൾ


1. കുഴുപ്പിൽ തോമസ്, *സഭാപിതാക്കന്മാർ,* കണ്ണൂർ, 2016.
2. കൂടപ്പുഴ സേവ്യർ, *തിരുസഭാചരിത്രം*, കോട്ടയം, 1996.
3. ചേടിയത്ത് ജി., *സഭാപിതാക്കന്മാർ,* കോട്ടയം, 1980.
4. ചേടിയത്ത് ജി., *സഭാപിതാക്കന്മാർ I,* കോട്ടയം, 1987.
5. ചേടിയത്ത് ജി., *ലത്തീൻ സഭാപിതാക്കന്മാർ,* കോട്ടയം, 1992.
6. ചേടിയത്ത് ജി., *പട്രോളജി Vol. III,* കോട്ടയം, 2008.
7. മാത്യൂസ് മാർ സേവേറിയോസ്, *പൗരസ്ത്യ വേദശാസ്ത്ര ദർശനങ്ങൾ*, കോട്ടയം, 2000.
8. മൂലവീട്ടിൽ ലൂയിസ് (എഡി.), *പൗരസ്ത്യസഭാപിതാക്കന്മാർ*, കോട്ടയം, 1980.
9. മൂത്തേടൻ തോമസ്, *അനുദിന വിശുദ്ധർ*, തിരുവനന്തപുരം, 1978.
10. A. Butler, *The Lives of Saints,* Vol. 5, London, 1968.
11. Aloys Dirksen, *Elementary Patrology,* Newyork, 1959.
12. Brock, S. P., *A Brief Outline of Syriac Literature*, Kottayam, 1997.
13. Coulson John (Ed.), *The Saints, A Concise Biographical Dictionary*, New york, 1958.
14. Hilda C. Graff (Trs.), *Patrology,* Freiburg, 1960.
15. H. Howilt, *Mannual of Patrology and History of Theology*, Vol. II, Belgium, 1940.

www.malankaralibrary.com

16. J. Tixeront, *A Handbook of Patrology,* (Trs. by S. A. Raemers), London, 1947.
17. Kanjramukalil Thomas, *The Liturgical Theology of the West Syrian Holy Qurbono* Rome, 2000.
18. Kanjiramukalil Sylvester, “Church and Eucharist in St. Ephrem” in *Christian Orient,* Vol. 8, No. 3, 1987.
19. Patric J. Hamel, *Introduction to Patrology,* Cork, 1968.
20. Robert Payne, *The Holy Fire,* London, 1958.
21. Thekkedath Joseph, *Patrology, Banglore, 2008.*
22. Quasten Johannes, *Patrology,* Vol. I - IV (New Edition), Washinton DC, 1986.

www.malankaralibrary.com

# ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിലിന്റെ കൃതികൾ

1. പുനരൈക്യരേഖകൾ - നാലു പതിപ്പുകൾ
2. സീറോ-മലങ്കരസഭ (വിവ.) - രണ്ടു പതിപ്പുകൾ
3. മലങ്കര കത്തോലിക്കാസഭയുടെ വ്യക്തിത്വം - രണ്ടു പതിപ്പുകൾ
4. പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യത്തിന്റെ മൗലിക വശങ്ങൾ - രണ്ടു പതിപ്പുകൾ
5. മലങ്കര കത്തോലിക്കാസഭ - മൂന്നു പതിപ്പുകൾ
6. ദൈവശാസ്ത്ര പഠനങ്ങൾ (എഡി.)
7. Ecclesial Identity of the Malankara Catholic Church
8. സഭാവിജ്ഞാനിയ പഠനങ്ങൾ
9. സ്മരണാഞ്ജ്‌ലി - മൂന്നു പതിപ്പുകൾ
10. കേരള സഭാചരിത്രം
11. ദർശനതീർത്ഥം (എഡി.)
12. History of the St. Thomas Christians in India
13. സഭാപിതാക്കന്മാർ

www.malankaralibrary.com

# സഭാപിതാക്കന്മാർ

**സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഒ.ഐ.സി.**



"ലോകരക്ഷകനായ യേശുക്രിസ്തുവിൽ പൂർത്തിയായ രക്ഷാകര ദൗത്യം, ആദ്യ എട്ട് ശതകങ്ങളിൽ ക്രൈസ്തവർ എങ്ങനെ മനസിലാക്കുകയും അതിനു സാക്ഷികളാവുകയും ചെയ്തുവെന്ന യാഥാർത്ഥ്യം പരിചയപ്പെടുത്തുന്ന ഗ്രന്ഥമാണ് ആദരണീയനായ ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഒ.ഐ.സി. തയ്യാറാക്കിയിരിക്കുന്ന *സഭാപിതാക്കന്മാർ* എന്ന ഗ്രന്ഥം...നാല് അപ്പസ്തോലിക രേഖകളെക്കുറിച്ചും, നാൽപ്പത്തിയഞ്ച് പ്രമുഖരായ സഭാപിതാക്കന്മാരുടെ ഹൃസ്വചരിത്രം, മുഖ്യകൃതികൾ, പ്രധാന പ്രബോധനങ്ങൾ എന്നിവയെക്കുറിച്ചും ഉൾക്കൊള്ളുന്നവയാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ദൈവശാസ്ത്ര വിഷയങ്ങൾ ആഴമായി പഠിക്കുന്നതിന് സാഹചര്യം ലഭിക്കാത്തവർക്ക്, ദൈവശാസ്ത്രവും ക്രൈസ്തവ ആദ്ധ്യാത്മികതയും വിപുലീകരിക്കപ്പെട്ട വഴികൾ മനസ്സിലാക്കുന്നതിന് ഈ ഗ്രന്ഥം സഹായകമാണ്."

**+മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**

മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ്പ് - കാതോലിക്കാബാവാ

"സഭാപിതാക്കന്മാരെയും അവരുടെ പ്രബോധനങ്ങളെയും കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ അറിയുന്നതിന് സഹായകമായ വിധത്തിൽ സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ അച്ചൻ തയ്യാറാക്കിയ *സഭാപിതാക്കന്മാർ* എന്ന കൈപുസ്തകം ഏറെ പ്രസക്തമാണ്. സഭാപിതാക്കന്മാരെ സംബന്ധിച്ച് ഏതാനും നല്ല കൃതികൾ മലയാളത്തിലുണ്ടെങ്കിലും, സഭാപിതാക്കന്മാരുടെ വിശ്വാസപാരമ്പര്യത്തിന്റെയും ഭാഷയുടെയും അടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തിയിട്ടുള്ള ഈ ഗ്രന്ഥം സാധാരണക്കാരുടെ വിശ്വാസപഠനത്തിന് ഏറെ സഹായകമാണ്.

**ഫാ. മത്തായി കടവിൽ ഒ.ഐ.സി.**

സുപ്പീര്യർ ജനറൽ, ബഥനി സന്യാസി സമൂഹം

**ബഥനി പബ്ലിക്കേഷൻസ്**
കോട്ടയം 686 010
2021